www.malankaralibrary.com

# സ്വർഗ്ഗത്തിന്റെ വാതിൽ

Malankara Seminary Publications
Nalanchira, Trivandrum

www.malankaralibrary.com

*Title* : **Swargathinte Vaathil**
(Malayalam)

*Contributors* : Puthenpurayil Joseph
Elavinal Mathew
Vilangara Sam Varghese
Vilayil Benjamine
Valliparambil Abraham

*Published by* : **Malankara Seminary Publications**
St. Mary's Malankara Major Seminary
Nalanchira, Thiruvananthapuram - 695 015

*Printed at* : St. Mary's Press
Pattom, Thiruvananthapuram - 695004

*Copyright to* : The Publisher

*Published on* : 26 December 2022

*Copies* : 500

*Price* : 150 /-

---

© *All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without prior written permission of the Publisher.*

www.malankaralibrary.com

**THE SYRO-MALANKARA CATHOLIC CHURCH**
**THE SYRO-MALANKARA CATHOLIC CHURCH**

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS OF
THE SYRO-MALANKARA CATHOLIC CHURCH &
MAJOR ARCHBISHOP OF TRIVANDRUM

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM - 695 004
KERALA, INDIA

22-12-2022

# അനുഗ്രഹാശംസ

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തിരുവനന്തപുരം മേജർ അതിദ്രാസനത്തിനു വേണ്ടി 2022 ഡിസംബർ 26-ന് വൈദികപട്ടം സ്വീകരിക്കുന്ന ബഹുമാനപ്പെട്ട ശെമ്മാശന്മാർ തങ്ങളുടെ പൗരോഹിത്യ സ്വീകരണത്തിന്റെ ഓർമ്മയ്ക്കായി 'സ്വർഗ്ഗത്തിന്റെ വാതിൽ' എന്ന പേരിൽ പരിശുദ്ധ ദൈവമാതാ വിനെക്കുറിച്ച് ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നുവെന്നതിൽ ഏറെ സന്തോഷിക്കുന്നു. ബഹുമാനപ്പെട്ട ശെമ്മാശന്മാരെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. അവരെ ദൈവശാസ്ത്രം പഠിപ്പിച്ച മലങ്കര മേജർ സെമിനാരിയിലെ ബഹുമാനപ്പെട്ട വൈദികരെ അഭിനന്ദിക്കുകയും അവർക്ക് കൃതജ്ഞത അർപ്പിക്കുകയും ചെയ്യുന്നു.

സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണ്. രണ്ടാം സ്വർഗ്ഗമെന്നത് ദൈവം മനുഷ്യനായി ജനിക്കുന്നതിന് തെരഞ്ഞെടുത്ത പരിശുദ്ധ ദൈവമാതാവിനെയാണ്. അന്ത്യോക്യൻ സുറിയാനി പാരമ്പര്യ ത്തിലും പ്രത്യേകിച്ച് മലങ്കര ആരാധനക്രമത്തിലും ദൈവമാതാവിന് ശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ട്. 'തമ്പുരാനെ പെറ്റ അമ്മച്ചി' എന്ന് ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ഏറെ ഹൃദയസ്പർശി യായി പരിശുദ്ധ ദൈവമാതാവിനെ വിളിച്ച് പ്രാർത്ഥിച്ചിരുന്നതായി അനേകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മിശിഹാ തമ്പുരാന്റെ മാതാവ് എന്റേയും മാതാവ്! ഇതാ നിന്റെ മകൻ, ഇതാ നിന്റെ അമ്മ എന്നു പറഞ്ഞുകൊണ്ട് ദൈവപുത്രൻ ഈ ബന്ധം ഹൃദയസ്പർശിയായി നമ്മിലേക്ക് എടുത്തുവയ്ക്കുകയാണ്. ദൈവം തന്നത് ദൈവത്തിങ്ക ലേക്ക് ഉയരാൻ ഉള്ളതാണ്.

www.malankaralibrary.com

"ഇതാ നിന്റെ അമ്മ" എന്ന് യോഹന്നാനോട് നമ്മുടെ കർത്താവ് കൽപ്പിച്ചതും അമ്മയെ നൽകിയതും വാതിൽ തുറന്ന് നൽകലാണ്; സ്വർഗ്ഗത്തിന്റെ വാതിൽ നമുക്കായി തുറന്നു തരുന്നു! ദൈവകൽപ്പന കളെ ഹൃദയപൂർവ്വം അനുസരിക്കുന്നതിലും ദൈവനിയോഗത്തിന്റെ പൂർത്തീകരണം ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന വേദനകൾ ഹൃദയ ത്തിൽ സംഗ്രഹിക്കുകയും എന്നാൽ വേദനിക്കുന്നവർക്ക്, വിളിച്ച പേക്ഷിക്കുന്നവർക്ക് പ്രത്യാശ പകരുകയും ചെയ്യുന്ന ശ്രേഷ്ഠ മദ്ധ്യസ്ഥയായി കന്യകാമറിയത്തെ സ്വർഗ്ഗം ഉയർത്തി എന്നത് ദൈവമാതാവിനെ സ്വർഗ്ഗവാതിലായി നമുക്ക് നൽകി എന്നതിന്റെ അടയാളമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ പൂർണ്ണദൗത്യം തിരിച്ചറിഞ്ഞ പരിശുദ്ധ അമ്മ പറയുന്നു: "അവൻ പറയുന്നതു പോലെ ചെയ്യുവിൻ". സൂചനാപരവും അർത്ഥമേറിയതുമായ ഓർമ്മപ്പെടുത്തലാണത്.

പരിശുദ്ധ ദൈവമാതാവിനെ 'വൈദികരുടെ രാജ്ഞി'യായി സ്വീകരിക്കുന്ന വൈദികരുടെ നിരയിലേക്ക് അഭിഷിക്തരാകുന്ന തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹുമാനപ്പെട്ട നവ വൈദികർക്ക് പ്രത്യേക അഭിനന്ദനങ്ങൾ ഞാൻ നേരുന്നു. വായനക്കാർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഏവരെയും ദൈവം അനുഗ്രഹിക്കട്ടെ!



**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസ യുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

www.malankaralibrary.com

# മുഖമൊഴി

"ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ" ഈ തിരുമൊഴിയിലൂടെ വിനയാന്വിതയായ പരിശുദ്ധ കന്യകമറിയം ദൈവിക പദ്ധതിക്ക് തന്നെ സമർപ്പിക്കുകയും അതുവഴി ദൈവത്തിനു മുമ്പിൽ കൂടുതൽ പ്രീതി നിറഞ്ഞവളായി തീരുകയും ചെയ്തു.

കാലിത്തൊഴുത്തിൽ ഉണ്ണി പിറന്നതിൽ സന്തോഷിക്കുന്ന അമ്മയെ നമുക്ക് കാണുവാൻ സാധിക്കും. പക്ഷേ ആ സന്തോഷങ്ങൾക്കിടയിലും കാൽവരി അധികം അകലെയല്ല എന്ന ബോധ്യം അമ്മയുടെ നെഞ്ചിൽ ഉണ്ടായിരുന്നു. എങ്കിലും ദൈവഹിതത്തിനു മുമ്പിൽ മൗനിയായി മുട്ടുകുത്തുന്നു അമ്മ മറിയം. ഇങ്ങനെയൊരു അമ്മയെ ആരാണ് തന്റെ ജീവിതത്തിൽ ഒപ്പം കൂട്ടുവാൻ ആഗ്രഹിക്കാത്തത്.

ലോകരക്ഷകനെ ഉദരത്തിൽ വഹിച്ച കന്യകാമറിയത്തെ തന്റെ ജീവിത വിശുദ്ധികൊണ്ടും കൂടിയാണല്ലോ സ്വർഗ്ഗം ത്രിലോക രാജ്ഞിയായി ഉയർത്തിയത്. ആദ്യ മാതാവായ ഹവ്വാ തന്റെ അനുസരണക്കേട് മൂലം മാനവരാശിക്ക് ശാപവും മരണവും വിതച്ചപ്പോൾ രണ്ടാം ഹവ്വയായ പരിശുദ്ധ മറിയത്തിന്റെ എളിമയും അനുസരണവും മൂലം മാനവകുലത്തിന് മുഴുവൻ രക്ഷനേടിത്തന്നു.

മറ്റൊരു കുരിശിന്റെ വഴിയായ നമ്മുടെ ജീവിതയാത്രയിൽ അമ്മ നമ്മോട് ആവശ്യപ്പെടുന്ന ഒരേ ഒരു കാര്യം ഇതാണ്: 'അവൻ പറയുന്നതു പോലെ ചെയ്യുവിൻ' കാനായിൽ വലിയ പ്രതിസന്ധിയിൽ ആ കുടുംബം ആകുലപ്പെടുമ്പോൾ അമ്മയുടെ മറുപടി ഇതായിരുന്നു. നാമും ജീവിതയാത്രയുടെ നാൽക്കവലയിൽ അകപ്പെട്ടുപോയ മനുഷ്യനെപ്പോലെ ആകുലപ്പെടുമ്പോൾ അമ്മ നമ്മോട് പറയുന്നു അവന് കാതുകൊടുത്ത് അവൻ പറയുന്നതുപോലെ ചെയ്യുവിനെന്നാണ്.

വിശുദ്ധ അംബ്രോസ് പറയുന്നു: അമ്മ സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ് അതായത് സ്വർഗ്ഗത്തിൽ നിന്ന് രക്ഷകൻ ഇറങ്ങി

www.malankaralibrary.com

വന്നതും ഭൂമിയിൽനിന്ന് നാം സ്വർഗ്ഗത്തിലേക്ക് കയറി പോകുന്നതും ഈ അമ്മ വഴിയാണ്. സ്വർഗ്ഗം സ്വന്തമാക്കാനുള്ള കുറുക്കുവഴിയാണ് അമ്മ. സുവിശേഷത്തിൽ നാം കാണുന്നു വയലിൽ ഒളിച്ചുവെച്ച നിധി സ്വന്തമാക്കാൻ വയൽ വാങ്ങുന്ന മനുഷ്യനെക്കുറിച്ച്. അതുപോലെ യേശുവാകുന്ന നിധി സ്വന്തമാക്കാൻ എളുപ്പം, നിധി മറഞ്ഞിരിക്കുന്ന വയൽ വാങ്ങുക എന്നതാണ്, എന്നുപറഞ്ഞാൽ അമ്മയെ സ്വന്തമാക്കുന്നവൻ സ്വർഗ്ഗം കൂടി സ്വന്തമാക്കുന്നു. പുത്രനായ ദൈവം ഭൂമിയിലേക്ക് നരനായി ജന്മം എടുത്തത് മറിയമെന്ന വാതിലിലൂടെയാണ്. അതുപോലെ തന്നെ മനുഷ്യരായി നാം സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുന്നത്, അഥവാ രക്ഷ സ്വീകരിക്കുന്നത്, പരിശുദ്ധ മറിയം ആദ്യമായി സ്വീകരിച്ച രക്ഷയുടെ അനുഭവത്തിലൂടെയാണ്.

കൃപനിറഞ്ഞ മറിയമേ.....എന്ന പ്രാർത്ഥനയുടെ അവസാന ഭാഗം ഇപ്രകാരമാണ് നാം പ്രാർത്ഥിക്കുന്നത് "തമ്പുരാന്റെ അമ്മേ പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ" നമ്മുടെ മരണസമയത്തും, മരിച്ചുകഴിഞ്ഞും നമ്മെ സ്വർഗ്ഗത്തിലെത്തിക്കാൻ അമ്മ നിത്യം പ്രാർത്ഥിക്കുന്നു. അതാണ് നാം ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുന്നത്. സ്വർഗ്ഗത്തിന്റെ വാതിലായി നിന്നുകൊണ്ട് നമ്മെ അമ്മ സ്വർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നു. പരിശുദ്ധ കന്യകമറിയാമിന്റെ ഓർമ്മ തിരുനാളുകളിൽ നാം പാടാറുണ്ട് "സ്വർഗ്ഗത്തിന്റെ വാതിൽക്കൽ...." സ്വർഗ്ഗത്തിന്റെ വാതിലിൽ സ്ലീബാ ഏന്തിയ പുത്രനോട് മറിയം നമ്മുടെ രക്ഷയ്ക്കായി, സഭയുടെ കാവലിനായി, അപേക്ഷിക്കുമെന്നാണ് നാം അതിലുടനീളം പ്രാർത്ഥിക്കുക. അങ്ങനെ സ്വർഗ്ഗത്തിന്റെ വാതിലായ മാനവകുലത്തിനു വേണ്ടി ഇടവിടാതെ പ്രാർത്ഥിക്കുകയാണ് അമ്മ മാതാവ്. അതുകൊണ്ടാണ് സഭ അവളെ "സ്വർഗ്ഗത്തിന്റെ വാതിൽ" എന്ന് വിശേഷിപ്പിക്കുക.

'സ്വർഗ്ഗത്തിന്റെ വാതിൽ' എന്ന ഈ ഗ്രന്ഥം നിങ്ങൾക്ക് മുമ്പിൽ അനാവരണം ചെയ്യുമ്പോൾ സ്വർഗ്ഗീയ തമ്പുരാന്റെ മുമ്പിൽ താഴ്മയോടെ ഞങ്ങൾ ശിരസ്സുനമിക്കുന്നു. ഞങ്ങളുടെ പൗരോഹിത്യ സ്വീകരണത്തോടനുബന്ധിച്ച് ഈ പുസ്തകം പ്രകാശനം ചെയ്യാൻ സാധിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ ഗ്രന്ഥ നിർമ്മിതിയിൽ ഞങ്ങളെ സഹായിച്ച ഏവരെയും ഈ അവസരത്തിൽ നന്ദിയോടെ

www.malankaralibrary.com

ഓർക്കുന്നു. പ്രത്യേകിച്ച്, ഈ ഗ്രന്ഥത്തിന്റെ രചനയിൽ ആദ്യാവസാനം ഞങ്ങളെ പ്രചോദിപ്പിക്കുകയും, ദിശാബോധം നൽകി ഞങ്ങൾക്ക് പിൻതുണ നൽകുകയും ചെയ്ത മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവും, തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയെ നന്ദിയോടെ ഓർക്കുകയാണ്. ഈ ഗ്രന്ഥ രചനയിൽ നിർദ്ദേശങ്ങളും തിരുത്തലുകളും നൽകി ഞങ്ങളെ സഹായിച്ച ഞങ്ങളുടെ പ്രിയപ്പെട്ട അധ്യാപകനായ ബഹുമാനപ്പെട്ട ജോസഫ് പൂവത്തുംതറയിലച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. മലങ്കര മേജർ സെമിനാരിയിലെ ഞങ്ങളുടെ അധ്യാപകർക്കും സഹപാഠികൾക്കും ഹൃദയം നിറഞ്ഞ നന്ദി... ഈ പുസ്തകത്തിന്റെ കവർ പേജ് തയ്യാറാക്കിത്തന്ന ബ്രദർ മണലുശ്ശേരിൽ സാമിനോടും, ശ്രീകാന്തിനോടുമുള്ള നന്ദി അറിയിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം ഏറ്റെടുത്ത എം. എസ്. പബ്ലിക്കേഷനും, മുദ്രണം നിർവ്വഹിച്ച പട്ടം സെന്റ് മേരീസ് പ്രസ്സിലെ ബഹുമാനപ്പെട്ട അച്ചനോടും ജീവനക്കാരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

വായിക്കുന്നവരുടെ ആദ്ധ്യാത്മികമായ വളർച്ചയ്ക്ക് ഈ ഗ്രന്ഥം കാരണമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്,

ഗ്രന്ഥകർത്താക്കൾ

www.malankaralibrary.com

www.malankaralibrary.com

# ഉള്ളടക്കം

**അനുഗ്രഹാശംസ: കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ**

**മുഖമൊഴി**

| | | |
|---|---|---|
| അദ്ധ്യായം 1 | : **പരിശുദ്ധ മറിയം: സുറിയാനി പാരമ്പര്യങ്ങളിൽ** | **11** |
| അദ്ധ്യായം 2 | : **പരിശുദ്ധ മറിയം: അന്ത്യോക്യൻ സുറിയാനിആരാധനാക്രമത്തിൽ** | **32** |
| അദ്ധ്യായം 3 | : **പരിശുദ്ധ മറിയത്തിന്റെ പ്രതിരൂപങ്ങൾ** | 43 |
| 3.1 | വാഗ്ദാന പേടകം | 43 |
| 3.2 | സ്വർഗ്ഗീയ രഥം | 49 |
| 3.3 | ഏലീഷായുടെ പുതിയ കുടം | 53 |
| 3.4 | ദാഹാർത്തയായ ഭൂമി | 55 |
| 3.5 | നിധിവഹിക്കുന്ന കപ്പൽ | 58 |
| 3.6 | മേഘം, രണ്ടാം സ്വർഗ്ഗം | 61 |
| 3.7 | തിളങ്ങുന്ന കോട്ട | 63 |
| 3.8 | പുതിയ കിണർ | 65 |
| 3.9 | ശക്തമായ നഗരം | 68 |
| 3.10 | അടഞ്ഞവാതിൽ | 72 |
| 3.11 | ഉഴുതുമറിക്കപ്പെടാത്ത നിലം | 76 |
| 3.12 | രാജകൊട്ടാരം | 80 |
| 3.13 | മാനവികതയുടെ പ്രതീക്ഷയായ മറിയം | 83 |
| 3.14 | രണ്ടാം ഹവ്വ | 86 |
| അദ്ധ്യായം 4 | : **ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മരിയൻ ദർശനങ്ങൾ** | **96** |
| അദ്ധ്യായം 5 | : **മരിയൻ ക്വിസ്** | **120** |
| | **ഗ്രന്ഥസൂചിക** | **139** |

www.malankaralibrary.com

www.malankaralibrary.com

# 1. പരിശുദ്ധ മറിയം : സുറിയാനി പാരമ്പര്യങ്ങളിൽ

സുറിയാനി സഭകൾക്ക് പരി. മറിയത്തോടുള്ള മനോഭാവം പ്രകൃത്യാ വചനാധിഷ്ഠിതവും, ഭക്തിനിറഞ്ഞതും, ആരാധനാപരവുമാണ്. ദൈവപുത്രന്റെ മാതാവ് എന്ന നിലയിലാണ് മറിയത്തെ സുറിയാനി സഭകൾ കാണുന്നത്. തത്ഫലമായി പരി. മറിയത്തെ തങ്ങളുടെ മാതാവായി സ്വീകരിക്കുകയും അംഗീകരിക്കുകയും അഗാധമായ ഭക്തിയും സ്നേഹവും ആരാധനയിൽ പ്രകടമാക്കുകയും ചെയ്യുന്നു. അപ്പോക്രിഫൽ ഗ്രന്ഥങ്ങളിലും സഭാപിതാക്കന്മാരുടെ രചനകളിലും ആദിമ ക്രിസ്ത്യാനികളുടെ ആരാധനാപൈതൃകത്തിലും മറിയത്തോടുള്ള ആരാധനയുടെയും ഭക്തിയുടെയും വ്യക്തമായ തെളിവുകൾ ഉണ്ട്. സുറിയാനി സഭകളുടെ ആരാധനാ ഗ്രന്ഥങ്ങളും സുറിയാനി പിതാക്കന്മാരുടെ രചനകളും സുറിയാനി സഭകളിൽ പരി. മറിയത്തിനു നൽകിയിരുന്ന പ്രാധാന്യം മനസ്സിലാക്കാൻ നമ്മെ സഹായിക്കും. സുറിയാനി ഗ്രന്ഥകാരന്മാർ മറിയത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വ്യക്തമാക്കിയിരുന്നത് കവിതകളിലൂടെയാണ്. കാവ്യാത്മകമായ അവതരണം ഗ്രന്ഥകാരനെയും വായനക്കാരനെയും ആത്മീയമായ ഒരു അനുഭൂതിയിൽ എത്തിക്കുന്നു.

മാർ അപ്രേമിന്റെയും സെറൂഗിലെ യാക്കോബിന്റെയും രചനകളിൽ ഇത്തരത്തിലുള്ള കാവ്യാത്മക അവതരണം സമൃദ്ധമായി കാണാവുന്നതാണ്. ഇത്തരം കാവ്യ സമാഹാരങ്ങൾ ഒരു ദൈവിക യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തെളിവുകൾ സമാഹരിച്ചു

www.malankaralibrary.com

നൽകുന്നതിലുപരിയായി ആ ദൈവിക യാഥാർത്ഥ്യത്തിലേക്കെത്താനുള്ള ഒരു വാതിലായി നിലകൊള്ളുന്നു.

പരിശുദ്ധ ദൈവമാതാവിനെക്കുറിച്ചുള്ള പ്രബോധനങ്ങളും വിശ്വാസ സത്യങ്ങളും ശാസ്ത്രീയമായ പരീക്ഷണങ്ങളിലൂടെയും മറ്റ് വിശകലനങ്ങളിലൂടെയും നിർണ്ണയിക്കുവാനാവുന്നതല്ല. പിന്നയോ വിശ്വാസത്തിന്റെ കണ്ണുകൊണ്ട് അവയെ കാണുവാൻ ശ്രമിക്കണം. അതുകൊണ്ടുതന്നെ സുറിയാനി സഭാപിതാക്കന്മാർ ദൈവശാസ്ത്ര വിശകലനങ്ങളേക്കാൾ പ്രതീകാത്മകവും കാവ്യാത്മകവുമായ ശൈലിയിലൂടെ പരി. ദൈവമാതാവിന്റെ വിശ്വാസ സത്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചത്.

ഇങ്ങനെയുള്ള, പ്രതീകാത്മകവും കാവ്യാത്മകവുമായ ഒരു അവതരണത്തിന്റെ ലക്ഷ്യം ഒരിക്കലും പരിശുദ്ധ മറയത്തെക്കറിച്ചുള്ള ദൈവശാസ്ത്രവിശകലനങ്ങളല്ല പിന്നെയോ പരിശുദ്ധ അമ്മയിലൂടെ നിവർത്തിക്കപ്പെട്ട രക്ഷണീയ രഹസ്യങ്ങളെക്കുറിച്ചുള്ള അത്ഭുതവും ആശ്ചര്യവുമാണ്. അവ പഴയനിയമത്തിൽ ആരംഭിച്ച് പുതിയ നിയമത്തിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെയും രക്ഷാകര പ്രവർത്തിയിലൂടെയും പൂർണ്ണമാക്കപ്പെട്ട രക്ഷാകര രഹസ്യങ്ങളാണ്. സുറിയാനി പിതാക്കന്മാരുടെ പരി. മറിയത്തെക്കുറിച്ചുള്ള പ്രബോധനങ്ങളിൽ കൂടുതലായും അവർ മറിയത്തെ അവതരിപ്പിക്കുന്നത് ഇത്തരത്തിലുള്ള പ്രതീകാത്മകവും കാവ്യാത്മകവുമായ രീതികളിലൂടെയാണ്.

**1.1 മറിയത്തോടുള്ള അറിയിപ്പ് :** സുറിയാനി പിതാക്കന്മാരുടെ പ്രബോധനങ്ങളിൽ വളരെ പ്രബലമായി കാണുന്ന ഒരു പ്രമേയമാണ് പരി. അമ്മയോടുള്ള വചനിപ്പ് (ലൂക്ക 1:26–38). ഗബ്രിയേൽ ദൂതന്റെ മുമ്പിൽ നിൽക്കുന്ന മറിയം സുറിയാനി പിതാക്കന്മാരുടെ ഭാഷയിൽ മനുഷ്യന്റെ യഥാർത്ഥ ചിത്രമാണ്. മറിയത്തിന്റെ സമ്മതം, മനുഷ്യകുലത്തിന്റെ പാപത്തിൽ നിന്നുള്ള രക്ഷയുടെ ആരംഭമാണ്. പരി. അമ്മയോടുള്ള അറിയിപ്പിനെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നതിലാണ് പിതാക്കന്മാർ ശ്രദ്ധിച്ചത്. മാർ എഫ്രേം ഈ

www.malankaralibrary.com

രക്ഷാകര സംഭവത്തെ അത്ഭുതമായിട്ടാണ് കാണുന്നത്. പഴയ നിയമ സംഭവങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുന്നതാണ് മാർ അപ്രേമിന്റെ ശൈലി. മറിയത്തിന്റെ കന്യകാത്വം നഷ്ടപ്പെടാതെയുള്ള ഗർഭധാരണം പഴയ നിയമത്തിൽ മോശ കണ്ട എരിയുന്ന മുൾപടർപ്പിനോട് മാർ അപ്രേം ഉപമിക്കുന്നു (പുറ.3:2-3). എരിയുന്ന മുൾപ്പടർപ്പ്, മാർ അപ്രേമിന്റെ കാഴ്ചപ്പാടിൽ മറിയത്തിന്റെ കന്യകാത്വത്തിന്റെ പ്രതീകമാണ്. ഇത് മനുഷ്യകുലത്തിന് ഒരു മുന്നറിയിപ്പെന്നോണം, സമയത്തിന്റെ പൂർണ്ണതയിൽ വരാനിരിക്കുന്ന ജീവാഗ്നിയെ വെളിപ്പെടുത്താനും, അത് മുൾപ്പടർപ്പിനെ എപ്രകാരം ആവരണം ചെയ്തുവോ അതുപോലെ ഒരു കന്യകയുടെ ഉദരത്തെയും ജ്വലിപ്പിച്ചതാക്കിതീർക്കുന്നു' എന്ന് വെളിപ്പെടുത്തുന്നു.

സുറിയാനി പിതാക്കന്മാരുടെ ഭാഷയിൽ ബൗദ്ധികമായ വിശകലനങ്ങളും നിഗമനങ്ങളും വിശ്വാസത്തിന്റെ ലക്ഷണമല്ല മറിച്ച് കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ വിശ്വാസത്തിന്റെ ലക്ഷണങ്ങൾ. വചനിപ്പ് സമയത്ത് മറിയത്തിന്റെ മനോഭാവം ഇപ്രകാരമുള്ളതായിരുന്നു. കൂടുതൽ അന്വേഷണങ്ങൾക്ക് തുനിയാതെ അവൾ ദൈവസ്വരം കേട്ടു, അത് ഉൾക്കൊണ്ടു. ഈ അർത്ഥത്തിൽ വിശ്വാസത്തിന്റെ യഥാർത്ഥ അടയാളമായി മറിയത്തെ മാർ എഫ്രേം അവതരിപ്പിക്കുന്നു.

സെറൂഗിലെ മാർ യാക്കോബ് മനുഷ്യാവതാരത്തെ അവതരിപ്പിക്കുന്നത് പഴയനിയമത്തിലെ വാഗ്ദാനങ്ങളുടെ പൂർത്തീകരണമായിട്ടാണ്. പ്രവാചകന്മാർ മുൻകൂട്ടി സൂചിപ്പിച്ച ദൈവപുത്രത്തിന്റെ ഭാഗ്യപ്പെട്ട അമ്മയായിട്ടുമാണ്. മനുഷ്യകുലത്തെ പിതാവായ ദൈവത്തിന്റെ പക്കലേക്ക് തിരികെ കൊണ്ടുവരുന്ന രക്ഷാകരമായ പദ്ധതിയിലെ മറിയത്തിന്റെ പ്രത്യേകമായ പങ്കിനെ അദ്ദേഹം പ്രശംസിക്കുന്നു.

'ആരിലൂടെ ഈ ഭൂമിയുടെ മേൽ നിലകൊ-
ണ്ടിരുന്ന ശാപം തുടച്ചുമാറ്റപ്പെട്ടുവോ
ആരിലൂടെ ഈ ഭൂമിയുടെമേലുണ്ടായിരുന്ന

www.malankaralibrary.com

ശിക്ഷ നീക്കപ്പെട്ടുവോ അവൾ ഏറ്റവും
ഏറ്റവും അനുഗ്രഹിക്കപ്പെട്ടവൾ'.

ഗബ്രിയേലിലൂടെ ലഭിച്ച സന്ദേശത്തിന്റെ നിഷ്ക്രിയയായ ഒരു സ്വീകർത്താവ് ആയിരുന്നില്ല പരി. മറിയം. പിന്നയോ, തികച്ചും സകർമ്മകയായ സ്വീകർത്താവായിരുന്നു അവൾ. ദൈവദൂത് ഉത്സാഹത്തോടെ ഉൾക്കൊള്ളുകയും പ്രത്യുത്തരിക്കുകയും ചെയ്ത വ്യക്തിയായിരുന്ന പരി. മറിയം. ദൈവ വചനത്തോടുള്ള മറിയത്തിന്റെ പ്രത്യുത്തരത്തെ പരിഗണിച്ച് പരി. മറിയത്തെ മാർ യാക്കോബ് വിളിക്കുന്നത് 'സഭയുടെ വായ്' എന്നാണ്. അധഃപതിച്ച മനുഷ്യകുലത്തിന്റെ രക്ഷയ്ക്ക് തന്റെ പങ്കാളിത്തം അനിവാര്യമാണെന്ന് മനസ്സിലാക്കിയ പരി. മറിയം ഗബ്രിയേൽ ദൂതനോട് തന്റെ സമ്മതം അറിയിച്ചു.

ചുരുക്കത്തിൽ, സുറിയാനി പിതാക്കന്മാരുടെ ഭാഷയിൽ മറിയത്തോടുള്ള വചനിപ്പ് മനുഷ്യകുലത്തിന്റെ രക്ഷയുടെ ആരംഭമാണ്. മംഗളവാർത്തയുടെ പ്രാധാന്യം മനസ്സിലാക്കി ആഗോള കത്തോലിക്കാസഭ വചനിപ്പുതിരുനാൾ മാർച്ച് മാസം 25-ാം തീയതി അതായത് ഈശോയുടെ ജനനത്തിന്റെ ഒൻപത് മാസങ്ങൾക്ക് മുമ്പ്, വചനിപ്പുതിരുനാളായി ആഘോഷിക്കുന്നു. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ഈ തിരുനാളിന് അതിയായ പ്രാധാന്യം കൽപ്പിക്കപ്പെടുന്നു.

ഈ തിരുനാളിനെക്കുറിച്ച് 1689-ൽ വടക്കേ ഇറാക്കിൽ തയ്യാറാക്കിയ സിറിയൻ ഓർത്തഡോക്സ് സഭാ പഞ്ചാംഗത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ആണ്ടുവട്ടത്തിലെ ആചരണത്തിൽ ആഴ്ചയിലെ ഏത് ദിവസം 25-ാം തീയതി വന്നാലും, അത് ദുഃഖവെള്ളിയാഴ്ച ആണെങ്കിൽപ്പോലും സഭ വളരെ ആഘോഷപൂർവ്വം, എല്ലാ ആരാധനാ രീതികളോടുംകൂടെ വചനിപ്പ് തിരുനാൾ ആഘോഷിക്കുന്നു. മറ്റെല്ലാം തിരുനാളുകളുടെയും ആരംഭവും ഉറവിടവുമാണ് വചനിപ്പ് തിരുനാൾ. പരിശുദ്ധ മറിയം ശുദ്ധവും നിർമ്മലവുമായ ഒരു ജീവിതം നയിച്ചിരുന്നുവെന്നും അതാണ് ദൈവ

www.malankaralibrary.com

പുത്രന്റെ അമ്മയാകാനുള്ള യോഗ്യതയായി ദൈവപിതാവ് പരിഗണിച്ചതെന്നും സഭാപിതാക്കന്മാർ തങ്ങളുടെ രചനകളിലൂടെ വ്യക്തമാക്കാൻ ശ്രമിച്ചിരുന്നു.

**1. 2 മറിയത്തിന്റെ ദൈവമാതൃത്വം:** മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി ഭൂമിയിലേക്ക് ഇറങ്ങിവന്ന ദൈവപുത്രനായ ഈശോ മിശിഹായെ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്തതുവഴി ഭാഗ്യവതിയായ പരിശുദ്ധ കന്യകമറിയത്തെ സുറിയാനി സഭകൾ അത്യധികം ബഹുമാനിച്ചിരുന്നു. ആദ്യമായി മറിയത്തിന്റെ ദൈവ മാതൃത്വത്തെ അംഗീകരിക്കുകയും ആ വിശ്വാസം പ്രഖ്യാപിക്കു കയും ചെയ്തത് സ്നാപയോഹന്നാന്റെ മാതാവായ എലിസബ ത്താണ്. ‘എന്റെ കർത്താവിന്റെ അമ്മ’ (ലൂക്കാ. 1: 43) എന്നാണ് മറിയത്തെ അവൾ അഭിസംബോധന ചെയ്തത്. സുറിയാനി പിതാ ക്കന്മാർ പറയുന്നത് മറിയം ആദ്യം ഈ ദൈവപുത്രനെ തന്റെ ഹൃദ യത്തിൽ സ്വീകരിച്ചു, തുടർന്നാണ് അവൾ തന്റെ ഉദരത്തിൽ ആ കുഞ്ഞിനെ വഹിച്ചത്. മറിയം ദൈവമാതാവ് എന്ന ദൈവീകരഹ സ്യത്തെ വർണ്ണിക്കുക പ്രയാസമാണ് എന്ന് പിതാക്കന്മാർ അംഗീ കരിക്കുന്നു. കാരണം, ഒരേ സമയം കന്യകയും അമ്മയും ആയി രിക്കുക എന്നത് മനുഷ്യഭാഷയിൽ വൈരുദ്ധ്യമാണ്. അതുകൊ ണ്ടാണ് നമ്മുടെ യാമനമസ്ക്കാരത്തിൽ നാം പ്രാർത്ഥിയ്ക്കുന്നത്.

“ദാവീദിൻ സുതയേ നിന്നെ എങ്ങനെ വിളി ചെയ്വേൻ
എന്തൊരു നാമം നൽകീടും ചൊൽവാനുമശക്തൻ
കന്യകയെങ്കിൽ പാൽ നുകരും സൂനു!
മാതാവെന്നോ? കന്യകയല്ലോ നീ
അതിനാൽ ദൈവാംബികയെന്നായ് നിന്നെ വിളിചെയ്വേൻ
താർക്കികരും വിജ്ഞാനികളും ലജ്ജിച്ചീടട്ടെ
ഹാലേല്ലൂയ്യ ശപ്തൻ ശോധിപ്പോൻ.”

(ശ്ഹീമ്മോ, മെൻഓലം, തിങ്കൾ രാത്രി)

എഫേസോസ് കൗൺസിലിലേക്ക് നയിച്ച ഒരു ചരിത്ര പശ്ചാത്തലം ഉണ്ടായിരുന്നു.കോൺസ്റ്റാന്റിനോപ്പിൾ പാത്രിയാർ ക്കീസ് ആയിരുന്നു നെസ്തോറിയസ്. അദ്ദേഹം പൗരസ്ത്യ

www.malankaralibrary.com

സുറിയാനി ദൈവശാസ്ത്രദർശനത്തിൽ രൂപപ്പെട്ട ആളായിരുന്നു. നെസ്തോറിയസിന്റെ അഭിപ്രായത്തിൽ പരി. കന്യകമറിയം ക്രിസ്തോതോക്കോസ് (Christotokos) എന്ന് വിളിക്കപ്പെടണം. ദൈവമാതാവ് എന്ന വിശേഷണം തെറ്റായ നിഗമനത്തിലേക്ക് നയിക്കാൻ സാധ്യതയുണ്ട്. 'ദൈവം' എന്ന എന്ന പദം ത്രിത്വത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നതാണ്. ഈ അർത്ഥത്തിൽ ദൈവമാതാവ് എന്ന വിശേഷണം ത്രിത്വത്തിന്റെ മാതാവ് എന്ന അർത്ഥത്തിൽ മനസ്സിലാക്കാൻ ഇടയുണ്ട്. അതുകൊണ്ട് ക്രിസ്തോതോക്കോസ് എന്ന് പരി. കന്യകമറിയം അഭിസംബോധന ചെയ്യപ്പെടണം. ഈ വിശേഷണം ക്രിസ്തുവിന്റെ മനുഷ്യാവതാര രഹസ്യത്തെയും, പരി. കന്യകമറിയാമിൽ നിന്ന് ജനിച്ച മനുഷ്യനായ ക്രിസ്തുവിനെയും സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ദൈവസ്വഭാവത്തിന് ഒട്ടുംതന്നെ കന്യകമറിയം സംഭാവന ചെയ്തിട്ടില്ല. എന്നാൽ അലക്സാണ്ട്രിയൻ സ്കൂളിന്റെ ദൈവശാസ്ത്ര ചിന്താധാരയിൽ പരിശീലനം സിദ്ധിച്ച അലക്സാണ്ട്രിയായിലെ വി. സിറിൽ നെസ്തോറിയസിന്റെ ഈ അഭിപ്രായത്തെ ശക്തമായി ഖണ്ഡിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നെസ്തോറിയോസിന്റെ ഈ പ്രബോധനം ക്രിസ്തുവിനെ രണ്ട് വ്യക്തികളായി വിഭജിക്കുന്നു: കന്യകമറിയത്തിൽ നിന്ന് ജനിച്ച മനുഷ്യനായ യേശുവും ദൈവമായ യേശുവും. മനുഷ്യത്വവും ദൈവത്വവും യേശുവെന്ന വ്യക്തിയെ വേർതിരിക്കാനാവാതെ, കലർപ്പില്ലാതെ സംയോജിച്ചിരിക്കുന്നുവെന്ന സത്യവിശ്വാസത്തിന് എതിരാണ് നെസ്തോറിയസിന്റെ പ്രബോധനം എന്ന് സിറിൽ വാദിച്ചു. ഈ തർക്കത്തിന്റെ പശ്ചാത്തലത്തിലാണ് എഫേസോസ് കൗൺസിൽ എ.ഡി. 431 ൽ വിളിച്ചുകൂട്ടപ്പെട്ടത്. കൗൺസിൽ നെസ്തോറിയസിന്റെ പ്രബോധനത്തെ തള്ളിപ്പറയുകയും മറിയം 'ദൈവമാതാവ്' എന്ന വിശ്വാസസത്യം അസന്നിഗ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു. "ക്രിസ്തു യഥാർത്ഥത്തിൽ ദൈവമാണെന്നും അക്കാരണത്താൽ മാംസമായ വചനത്തിന് ജന്മം നൽകിയ പരി. കന്യക ദൈവമാതാവാണെന്നും ഏറ്റുപറയാത്തവർ സഭയ്ക്ക് പുറത്താണ്." അങ്ങനെ മറിയം ദൈവ

www.malankaralibrary.com

മാതാവെന്ന എക്കാലത്തെയും സഭയുടെ വിശ്വാസം എഫേസോസ് കൗൺസിലിൽ ശക്തമായി ഉറപ്പിച്ച് പ്രഖ്യാപിച്ചു. അന്ത്യോക്യൻ ആരാധനാ ക്രമം പരി. കന്യകമറിയം ദൈവമാതാവാണ് എന്ന വിശ്വാസത്തെ ആവർത്തിച്ച് പ്രഖ്യാപിക്കുന്നുണ്ട്: വി. കുർബാനയിൽ ഒരുക്ക ശുശ്രൂഷയുടെ സമയത്ത് പൊതുവായ അനുസ്മരണം നിർവ്വഹിക്കുമ്പോൾ കാർമ്മികൻ ഇപ്രകാരം ചൊല്ലും. "ഞങ്ങളുടെ പിതാവായ ആദാമിനെയും മാതാവായ ഹവ്വായെയും ദൈവമാതാവായ പരി. മറിയാമിനെയും ഞങ്ങൾ ഓർക്കുന്നു..." (തക്സാ 2015, പേജ് നമ്പർ 14). ഒരുക്ക ശുശ്രൂഷയിൽ രണ്ടാം ഭാഗമായ അഹറോന്റെ ക്രമത്തിൽ ദിവ്യരഹസ്യങ്ങളുടെമേൽ ധൂപം അർപ്പിക്കുമ്പോൾ കാർമ്മികൻ ചൊല്ലുന്നു: "നീതിമാന്മാരെ നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. സുഗന്ധധൂപാർപ്പണത്തോടുകൂടെ ദൈവമാതാവായ കന്യകമറിയം അനുസ്മരിക്കപ്പെടട്ടെ. (തക്സാ, 2015 പേജ് നമ്പർ 20). ശ്ഹീമ്മോ നമസ്ക്കാരത്തിൽ തിങ്കൾ രാത്രി പ്രാർത്ഥനയിൽ ഒന്നാം കൗമായിൽ ഇങ്ങനെ പ്രാർത്ഥിക്കുന്നു

"കബറീന്നെന്നസ്ഥികളാർക്കും
കന്യക ദൈവത്തെ പെറ്റാൾ
സന്ദേഹിച്ചീടിൽ
സത്യമതീന്നന്യൻ
ചിന്തയതിൽ സംശയമേറിൽ
ദുഷ്ടൻപോൽ നരകം പൂകും"

(ശ്ഹീമ്മോ, തിങ്കൾ രാത്രി - പേജ് നമ്പർ 58)

പൗരസ്ത്യ ആരാധനാക്രമവും സുറിയാനി പിതാക്കന്മാരും ദൈവപുത്രന്റെ രണ്ടുവിധത്തിലുള്ള ജനനത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഒന്ന്, ആദിയിൽ പിതാവിൽ നിന്നുള്ള ജനനം. രണ്ട്, കാലത്തികവിൽ മറിയാമിൽ നിന്നുള്ള മനുഷ്യാവതാരം. സുറിയാനി പിതാക്കന്മാരുടെ ഭാഷയിൽ ക്രിസ്തുവിന്റെ മനുഷ്യാവതാരം മറിയത്തിന്റെ വസ്ത്രം ധരിക്കുന്നതാണ്. എന്താണ് കന്യകമറിയം ക്രിസ്തുവിന് നൽകിയ വസ്ത്രം? ക്രിസ്തുവിന്റെ മനുഷ്യസ്വഭാവമാണ് ഈ വസ്ത്രം. ക്രിസ്തു ധരിച്ച വസ്ത്രം പരി. കന്യകമറിയം നൽകിയ മനുഷ്യസ്വഭാവമാണ്.

www.malankaralibrary.com

എന്താണ് മറിയത്തിന്റെ ദൈവമാതൃത്വം എന്ന സ്ഥാനം അർത്ഥമാക്കുന്നത്? ദൈവപുത്രൻ മനുഷ്യനായി അവതരിച്ചപ്പോൾ മറിയത്തിന്റെ ഉദരത്തെ തന്റെ താമസസ്ഥലമാക്കുകയും ആവസിക്കുകയും അവളുടെ മനുഷ്യസ്വഭാവം സ്വീകരിക്കുകയും, അവളുടെ മകനായി വളർത്തപ്പെടുകയും ചെയ്തുവെന്നാണ് അർത്ഥമാക്കുന്നത്. 'വാഗ്ദാനപേടകം', 'രണ്ടാം സ്വർഗ്ഗം', 'പരിശുദ്ധ ദൈവാലയം', 'തിളങ്ങുന്ന കോട്ട', 'അഗ്നിരഥം', 'പുതിയ കിണർ', 'സീനായ് മലയെ മൂടിയ മേഘാവരണം' എന്നിങ്ങനെ നിരവധി അടയാളങ്ങളും പ്രതീകങ്ങളും മറിയത്തിന്റെ ദൈവമാതാവെന്ന സ്ഥാനത്തെ വർണ്ണിക്കാൻ ഉപയോഗിക്കുന്നു.

'വാഗ്ദാന പേടകം' എന്ന വിശേഷണം സ്ഫുടം ചെയ്തെടുക്കപ്പെട്ട സ്വർണ്ണത്തെപ്പോലെയുള്ള മറിയത്തിന്റെ പരിശുദ്ധിയെ സൂചിപ്പിക്കുന്നു. മനുഷ്യകുലത്തിൽ തന്നെ ഏറ്റം അത്യുത്തമയായ സ്ത്രീയായിരുന്നു മറിയം. ആയതിനാലാണ് ദൈവപുത്രൻ അവളുടെ ഉള്ളിൽ വസിച്ചത്.

വാഗ്ദാന പേടകം നിർമ്മിക്കാൻ ഉപയോഗിച്ച വസ്തുക്കളും മറിയവും തമ്മിൽ ബന്ധമുണ്ട്. വാഗ്ദാനപേടകം നിർമ്മിക്കാൻ ഉപയോഗിച്ചിരിക്കുന്ന അക്കേഷിയ മരം ഏത് പ്രതികൂല സാഹചര്യത്തെയും തരണംചെയ്ത് വളരാൻ കഴിവുള്ളതാണ്; മരുഭൂമിയിൽപോലും വളരുന്ന വൃക്ഷമാണിത്. ഇതുപോലെ, ദൈവത്തോടുള്ള ബന്ധത്തിൽ ഉറച്ചുനിന്ന മറിയത്തിന് ധാരാളം പ്രതിസന്ധികളെയും വേദനകളെയും അതിജീവിക്കേണ്ടതായി വന്നു. ദൈവകല്പന പ്രകാരം നിർമ്മിച്ച വാഗ്ദാന പേടകത്തിൽ ദൈവം സന്നിഹിതനായിരുന്നു. അതുപോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട പരി. കന്യകയിൽ ദൈവം വസിച്ചു. വാഗ്ദാനപേടകം ഇസ്രായേൽ ജനതയുടെ മധ്യത്തിൽ ആയിരുന്നതുപോലെ പരി. മറിയവും മനുഷ്യകുലത്തിന്റെ മധ്യത്തിലാണ്.

മനുഷ്യാവതാരസമയത്താണ് മറിയം ദൈവത്തിന് അനുയോജ്യമായ ഉത്തമവാസസ്ഥലമായി മാറുന്നത്. അവളുടെ

www.malankaralibrary.com

എളിമയും വിശ്വസ്തതയുംമൂലം അവൾ തന്നെത്തന്നെ ദൈവത്തിന് പെട്ടകമാക്കുകയും അങ്ങനെ ദൈവത്തിന്റെ വാസസ്ഥലമായിരിക്കു കയും ചെയ്തു. സ്വർഗ്ഗാരോപണത്തിരുനാൾ ദിവസം ചൊല്ലുന്ന സെദറാ പ്രാർത്ഥനയിൽ ഇപ്രകാരം ചൊല്ലുന്നു: ''ഞങ്ങൾ ദീർഘ ദർശിമാരുടെ സംഘങ്ങളോട് ചേർന്ന് അട്ടഹസിക്കുന്നു. നീ ദൈവ ത്തിന്റെ വാസസ്ഥലമാകുന്നു. നീ ബലമുള്ള പട്ടണവും ആദ്ധ്യാ ത്മിക സീനായ് മലയും വാഴ്ത്തപ്പെട്ട മാതാവുമാകുന്നു'' (പെങ്കീസാ നമസ്ക്കാരം, പ്രുമിയോൻ – സെദറാ, 2002, പേജ് നമ്പർ 189).

മനുഷ്യാ വതാരത്തിലൂടെ, ദൈവം മനുഷ്യനായി മറിയ ത്തിന്റെ ഉദരത്തിൽ ഉരുവായപ്പോൾ, എലിസബത്തിന്റെ ഉദരത്തി ലായിരുന്ന യോഹന്നാൻ ആനന്ദത്താൽ കുതിച്ചുചാടി (ലൂക്കാ. 1: 41). ദാവീദ് രാജാവ് കർത്താവിന്റെ സന്നിധിയിൽ ആനന്ദനൃത്തം ചെയ്തതുപോലെ (2 സാമു. 6: 1–23) വാഗ്ദാന പേടകത്തിന്റെ മുമ്പിൽ ദാവീദ് രാജാവ് ആനന്ദനൃത്തം ചെയ്തതും, മറിയത്തിന്റെ മുമ്പിൽ എലിസബത്തിന്റെ ഉദരത്തിലായിരുന്ന യോഹന്നാൻ കുതി ച്ചുചാടിയതും ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞപ്പോഴാണ്. അന്ത്യോക്യൻ ആരാധനാക്രമത്തിൽ മറിയത്തെ വാഗ്ദാനപേടക മായി ചിത്രീകരിക്കുന്ന ധാരാളം പ്രാർത്ഥനകൾ കാണാൻ സാധി ക്കും. ബുധനാഴ്ച മദ്ധ്യാഹ്നപ്രാർത്ഥനയുടെ കോലോയിൽ ഇപ്ര കാരം കാണുന്നു.

''മൂശാനിബിയാൽ
സ്ഥാപിതപേടകമേ,
മറിയാമേ, സ്വസ്തി...''

(ശ്ഹീമ്മോ, ശുബ്ഹോ, ബുധൻ 6–ാം മണി, പേജ് നമ്പർ 149)

മറിയത്തിന്റെ ദൈവമാതൃത്വം വ്യക്തമാക്കാൻ ഉപയോഗി ക്കുന്ന മറ്റൊരു പ്രതീകമാണ് 'രണ്ടാം സ്വർഗ്ഗം'. അല്ലെങ്കിൽ 'പുതിയ സ്വർഗ്ഗം' എന്നത്. സ്വർഗ്ഗത്തിനുപോലും ഉൾക്കൊള്ളാൻ സാധി ക്കാത്ത മഹോന്നതനായ ദൈവം മറിയത്തിന്റെ ചെറിയ ഗർഭ പാത്രത്തിൽ വസിക്കാൻ തയ്യാറായി എന്നതിലൂടെ മറിയത്തിന്റെ

www.malankaralibrary.com

മഹത്വം മനസ്സിലാക്കുവാൻ സാധിക്കും. യൽദാ പെരുന്നാളിലെ സന്ധ്യാപ്രാർത്ഥനയുടെ പ്രുമിയോനിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: ''സ്വർഗ്ഗീയമായ നിത്യതയുടെ മഹാവിശുദ്ധ സ്ഥലത്ത് പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ കാദീശ് പാടി സ്തുതിക്കപ്പെടുന്ന പരിശുദ്ധനായ കർത്താവിന് സ്തുതി. തിരുവിഷ്ടപ്രകാരം അവൻ കന്യകയുടെ ഉദരത്തെ ശുദ്ധീകരിച്ച് അതിലിറങ്ങി വസിക്കുകയും, യഹൂദയായിലെ ബേദ്‌ലഹേമിൽ എളിയവനായി ജനിക്കുകയും ചെയ്തു. (പെരുന്നാളുകൾ, 2019 പേജ് നമ്പർ 9). യൽദാ പെരുന്നാളിൽ തീ ഉഴലിച്ച ശുശ്രൂഷയുടെ സെദറാ പ്രാർത്ഥനയിൽ ഇപ്രകാരം കാണുന്നു ''ഉയരത്തിൽ അഗ്നിരഥം നിന്റെ ബഹുമാന്യതയെ വഹിക്കുകയും നിന്റെ ആംഗ്യം അധികാരപൂർവ്വം സൃഷ്ടികളെ സംവഹിക്കുകയും ചെയ്യവേ കന്യക നിന്നെ കരങ്ങളിൽ ഏന്തിയതിനാൽ നീ അത്ഭുതമാകുന്നു... ദൈവമായി സ്ഫടികസിംഹാസനത്തിന്മേൽ ആഘോഷിക്കപ്പെടുന്നവനായിരിക്കെ ശിശുവിനെപ്പോലെ സ്നേഹപൂർവ്വം കാൽമുട്ടുകളിൽ ലാളിക്കപ്പെട്ടതിനാൽ നീ അത്ഭുതമാകുന്നു.'' (പെരുന്നാളുകൾ, 2019, പേജ് നമ്പർ 69). അപ്രകാരം ദൈവപുത്രൻ മറിയത്തിൽ വസിച്ചതുകൊണ്ട് അത്യുന്നതന്റെ അതിവിശുദ്ധ സ്ഥലമായി അവൾ മാറി. അതുകൊണ്ടാണ് രണ്ടാംസ്വർഗ്ഗം എന്നവൾ അറിയപ്പെടുന്നത്. ശ്ഹീമ്മോ നമസ്ക്കാരത്തിൽ തിങ്കൾ രാത്രി പ്രാർത്ഥനയിലെ ഒന്നാം കൗമായുടെ ബോവൂസായിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു:

''രണ്ടാം സ്വർഗ്ഗമതാംമവളുദരേ നാഥൻ വാണു
ഭൂവീന്നിരുളിനെ നീക്കാനവളീന്നുദയം ചെയ്തു.''

(ശ്ഹീമ്മോ, ശുബഹോ, തിങ്കൾ രാത്രി, പേജ് നമ്പർ 60)

ശ്ഹീമ്മോ നമസ്ക്കാരത്തിൽ ശനിയാഴ്ച മധ്യാഹ്നപ്രാർത്ഥനയിൽ സഭ ഇപ്രകാരം പ്രഘോഷിക്കുന്നു:

''പുതിയൊരു സ്വർഗ്ഗം ഭൂമിയതിൽ
ദൃശ്യമതായി കന്യകമറിയം
ലോകങ്ങൾക്ക് പുരാതനനാം
നീതി ദിവാകരനവളീന്നും
ഉദയം ചെയ്തിരുളിനെ നീക്കി.''

(ശ്ഹീമ്മോ, ശുബ്ഹോ, ശനി ആറാംമണി, പേജ് നമ്പർ 247)

www.malankaralibrary.com

മറിയത്തെ മനോഹരമായി സ്വർഗ്ഗത്തോടു ഉപമിക്കുമ്പോഴും ക്രിസ്തുവുമായുള്ള അവളുടെ ബന്ധം സ്വർഗ്ഗത്തിന്റേതിൽ നിന്നും വ്യത്യസ്തമാണ്. അവൾ സ്വർഗ്ഗത്തേക്കാൾ ഉന്നതയാണ്. സാറൂഗിലെ മാർ യാക്കോബിന്റെ വാക്കുകളിൽ: "സ്വർഗ്ഗമാണ് അവന്റെ സിംഹാസനവും മറിയം അവന്റെ മാതാവുമാണ്. എന്നാൽ ഇവ രണ്ടും തുല്യമല്ല. എന്തെന്നാൽ, സിംഹാസനം ഒരു കാരണത്താലും മാതാവിന് തുല്യമാവുകയില്ല. കാരണം 'മാതാവ്', എത്രയോ ഉന്നതയാണ്. സ്വർഗ്ഗവും മറിയവും, അവിടുന്നു തിരഞ്ഞെടുത്ത വാസസ്ഥലങ്ങളാണ്. ഒന്ന് സിംഹാസനമായും മറ്റൊന്ന് തന്റെ അമ്മയായും..."

മാർ അപ്രേമിന്റെ വാക്കുകളിൽ: "സ്വർഗ്ഗം ദൈവത്തിന്റെ സിംഹാസനമാണ്. മറിയം സ്വർഗ്ഗത്തേക്കാൾ ഉന്നതയായത് കാരണം അവൾ അവന്റെ മാതാവാണ്. മറിയത്തെ മാർ അപ്രേം വിശേഷിപ്പിക്കുന്നത് പുതിയ സ്വർഗ്ഗം എന്നാണ്. മറിയത്തെ മാർ അപ്രേം വിശേഷിപ്പിക്കുന്നത് പുതിയ സ്വർഗ്ഗം എന്നാണ്. ഭൂമി അവന് പുതിയ സ്വർഗ്ഗമായി മാറി. അതിൽ മാലാഖമാർ അവരോഹണം ചെയ്യുകയും സ്തുതിക്കുകയും ചെയ്യുന്നു. കാരണം രാജാവിന്റെ പുത്രൻ അതിൽ വസിക്കുന്നു. അവന്റെ ഭൂമിയിലെ വാസസ്ഥലം മാലാഖമാരുടെ സാന്നിധ്യംമൂലം സ്വർഗ്ഗമായി മാറി.

പരിശുദ്ധ കന്യകമറിയത്തിന്റെ ദൈവമാതൃത്വത്തെ സൂചിപ്പിക്കാൻ മാർ യാക്കോബ് ഉപയോഗിക്കുന്ന മറ്റൊരു പ്രതീകമാണ് 'സ്വർഗ്ഗീയരഥം'. "സ്വർഗ്ഗീയരഥം പോലെയായിത്തീർന്ന കന്യക സൃഷ്ടിയെ മുഴുവൻ വഹിക്കുന്ന അത്യുന്നതനെ ഉദരത്തിൽ വഹിച്ചു." ദൈവം എസെക്കിയേൽ പ്രവാചകന് പ്രത്യക്ഷപ്പെട്ടപ്പോൾ പോലും പ്രവാചകന്റെ ഗ്രഹണശക്തിക്കതീതമായി ദൈവം നിലകൊണ്ടു. സമാനമായിത്തന്നെ, മറിയം നിയമപരമായി ജോസഫിന്റെ ഭാര്യയായിരിക്കെ അവർ ഒരിക്കൽപോലും വിവാഹബന്ധത്തിൽ ഏർപ്പെട്ടില്ല. ഇരുവരും തങ്ങളുടെ പവിത്രത കാത്തുസൂക്ഷിച്ചു.

ജീവജലമായ ക്രിസ്തുവിനെ ലോകത്തിന് നൽകാൻ നിർണ്ണായകമായ പങ്കുവഹിച്ച പരി. കന്യകമറിയത്തെ സൂചിപ്പി

www.malankaralibrary.com

ക്കാൻ മാർ യാക്കോബ് ഉപയോഗിക്കുന്ന മറ്റൊരു പ്രതീകമാണ് 'പുതിയ ഉറവ'. മനുഷ്യരാശിക്കുമുഴുവൻ പാപമോചനം നൽകി രക്ഷിച്ച ദൈവപുത്രനെ പ്രസവിച്ചതുവഴി മനുഷ്യവംശത്തിന് കൃപയുടെ നീർച്ചാൽ ഒഴുക്കിത്തന്നവളാണ് മറിയം.

ദൈവത്തിന്റെ വാസസ്ഥലമെന്ന നിലയിൽ പുതിയ നിയമത്തിലെ സമാഗമകൂടാരമാണ് മറിയം. കാനാൻ നാട്ടിലേക്കുള്ള ഇസ്രായേൽജനത്തിന്റെ യാത്രയിൽ ദൈവം തന്റെ സാന്നിധ്യം ജനങ്ങൾക്ക് നൽകുന്നത് ഈ സമാഗമകൂടാരത്തിലൂടെയാണ്. ഈ സമാഗമകൂടാരത്തെ മോശ അഭിഷേകം ചെയ്യുന്നു. അതുപൊലെ ദൈവപുത്രന്റെ വാസസ്ഥലമായ പുതിയനിയമ സമാഗമകൂടാരമായ മറിയത്തെ പരിശുദ്ധാത്മാവ് അഭിഷേകം ചെയ്യുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു. സ്വർഗ്ഗാരോപണ തിരുന്നാളിന്റെ പ്രാർത്ഥനയിൽ ഇപ്രകാരം മറിയത്തെ വിശേഷിപ്പിക്കുന്നുണ്ട്. "യാക്കോബിന്റെ ദൈവത്തിന്റെ സമാഗമകൂടാരമായ നീ ഇന്ന് മറ്റ് പരേതരേപ്പോലെ ഭൂമിയുടെ അഗാധങ്ങളിൽ അടക്കപ്പെട്ടു." സമാഗമകൂടാരത്തിന് മുകളിലായി ദൈവസാന്നിധ്യത്തിന്റെ അടയാളമായി മേഘം നിലനിന്നിരുന്നു. എന്നാൽ മറിയത്തിലാകട്ടെ ദൈവം മനുഷ്യരൂപത്തിൽ കാണപ്പെട്ടു.

**1.3 മറിയത്തിന്റെ ശാശ്വത കന്യകാത്വം :** 'കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും' (ഏശയ്യ 7:14) എന്ന ഏശയ്യ പ്രവാചകന്റെ പ്രവചനം മംഗളവാർത്തയിൽ പൂർത്തിയാവുകയാണ്. ദൈവപുത്രന്റെ ജനനം ഒരു അത്ഭുതമായിട്ടാണ് ദൈവശാസ്ത്രജ്ഞന്മാർ അവതരിപ്പിക്കുന്നത്. എന്തെന്നാൽ ദൈവപുത്രനെ സംവഹിക്കുമ്പോഴും ജനനം നൽകുമ്പോഴും മറിയം കന്യകയായി തന്നെ നിലകൊണ്ടു. എസെക്കിയേലിന്റെ ദർശനത്തിലെ 'അടയ്ക്കപ്പെട്ട വാതിൽ' (എസെ. 44: 1-3) എന്ന പ്രതീകത്തെ അടിസ്ഥാനമാക്കി ക്രിസ്തുവിന്റെ ജനനത്തിനുശേഷം മറിയം കന്യകയായിരുന്നുവെന്ന് സഭാപിതാക്കന്മാർ പഠിപ്പിച്ചു. ദൈവത്തിന്റെ ആലയമായിരുന്നതിനാൽ അവൾ എന്നും പരിശുദ്ധയായിത്തന്നെ

www.malankaralibrary.com

നിലകൊണ്ടുവെന്നും, യാതൊരു വിവാഹബന്ധവും അവൾക്കുണ്ടായിരുന്നില്ല എന്നും സഭാപിതാക്കന്മാർ പഠിപ്പിച്ചു. ആയതിനാൽ മറിയം നിത്യകന്യകയാണ്. ആരാധനാ ഗീതങ്ങളിൽ കൂടുതലായും മറിയത്തെ നിത്യകന്യക എന്നാണ് വിശേഷിപ്പിക്കുന്നത്. ശ്ഹീമ്മോ നമസ്ക്കാരത്തിൽ വ്യാഴാഴ്ച പ്രഭാതപ്രാർത്ഥനയുടെ കോലോയിൽ നാം ഇപ്രകാരം ചൊല്ലുന്നു:

"ആരിവൾ കന്യാവ്രതഹാനിഭവിക്കാതുദരെ
ശിശുവെ പേറിയവൾ
കന്യക ഗർഭിണിയായി പ്രസവിച്ചീടുമത്ഭുതനാം
ശിശുവിനെ എന്നേശായ നിബി മുന്നറിയിച്ച
സ്ത്രീമറിയാമല്ലോ."

(ശ്ഹീമ്മോ, മെൻഓലപ്പം, വ്യാഴം, പ്രഭാതം, പേജ് നമ്പർ 377)

യൽദാ പെരുന്നാളിന്റെ സന്ധ്യാപ്രാർത്ഥനയിലെ സെദറായിൽ സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "വിശുദ്ധ കന്യകയുടെ ഉദരത്തിൽ വസിച്ചിട്ടും അവളുടെ കന്യാവ്രതത്തിന് ഭംഗം വരാതിരുന്ന ദിവ്യ അഗ്നിയായ ഈ മഹനീയ ശിശുവിനെ, മുൾപ്പടർപ്പിൽ ഇറങ്ങി ജ്വലിച്ചിട്ടും അതിനെ ദഹിപ്പിക്കാതിരുന്ന അഗ്നിയിൽ മോശ ദർശിച്ചു." (പെരുന്നാളുകൾ, 2019, പേജ് നമ്പർ 10)

സുറിയാനി പാരമ്പര്യത്തിൽ മറിയത്തെ 'ഏമോ ബസലൂതോ' എന്നും ക്രിസ്തുവിനെ 'ബ്രോ ദ് ബസലൂതോ' എന്നുമാണ് വിശേഷിപ്പിക്കുന്നത്. സുറിയാനി പിതാക്കന്മാരുടെ അഭിപ്രായത്തിൽ ക്രിസ്തുവിന്റെ നിത്യപൗരോഹിത്യത്തെ മനസ്സിലാക്കുന്നതിനുള്ള അത്യാവശ്യഘടകമാണ് മറിയത്തിന്റെ കന്യകാഗർഭധാരണം. ക്രിസ്തുവിന്റെ പൗരോഹിത്യം ശാരീരിക ജനനക്രമം അനുസരിച്ചല്ല. പ്രത്യുത, അക്ഷയമായ ജീവന്റെ ശക്തിനിമിത്തമാണ് (ഹെബ്രാ. 7:15–16). മംഗളവാർത്തയിൽ വെളിപ്പെടുത്തിയതുപോലെ മറിയം ഉന്നതങ്ങളിൽ നിന്നുള്ള ശക്തി സ്വീകരിച്ചുകൊണ്ട് തന്റെ പുത്രനെ ഗർഭം ധരിച്ചത്. അത്യുന്നതന്റെ ശക്തിയാലാണ് അവൾ ഗർഭവതിയായി കാണപ്പെട്ടു എന്നത് ക്രിസ്തുവിന്റെ ജനനം അക്ഷയമായ ജീവന്റെ ശക്തിയാലാണ് എന്നതിന് തെളിവാണ്. മാർ യാക്കോബ്

www.malankaralibrary.com

അത് വിശദീകരിക്കുന്നത് ഇപ്രകാരമാണ് : "പുത്രന് ജന്മം നൽകുന്ന സമയത്തും മറിയം കന്യകയായി നിലകൊണ്ടുവെന്ന് ഒരുവൻ അംഗീകരിക്കുന്നത് അവളുടെ പുത്രൻ ദൈവപുത്രനാണ് എന്ന അവന്റെ ബോധ്യത്തിന്റെ അടയാളമാണ്." പൗരസ്ത്യസഭകൾ മറിയത്തിന്റെ നിത്യകന്യകാത്വത്തെ സൂചിപ്പിക്കാൻ വിവിധ പ്രതീകങ്ങൾ ഉപയോഗിക്കാറുണ്ട്: 'അടഞ്ഞ വാതിൽ', 'മുദ്രിതമായ കത്ത്', 'ഉഴുതുമറിക്കാത്ത ഭൂമി', 'വെട്ടിയൊരുക്കപ്പെടാത്ത മുന്തിരി', 'ദാഹാർത്തയായ ഭൂമി', 'ഗിദയോന്റെ കമ്പിളി' ഇങ്ങനെ അനേകം പ്രതീകങ്ങളാൽ പരി. കന്യകമറിയത്തിന്റെ നിത്യകന്യാത്വത്തെ വിവരിക്കുന്നു.

**1.4 മറിയം : മനുഷ്യരാശിയുടെ പ്രത്യാശ:** ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെയും മനുഷ്യ രക്ഷയുടെയും പശ്ചാത്തലത്തിൽ വീക്ഷിക്കുമ്പോൾ മനുഷ്യരാശിയുടെ പ്രത്യാശയാണ് മറിയം.

മനുഷ്യരാശിയുടെ പുനഃരുദ്ധാരണം നിറവേറുന്നത് മറിയത്തിലൂടെയാണ്. രക്ഷാകരചരിത്രം എന്നത് തിരഞ്ഞെടുക്കപ്പെട്ട ജനതയുടെ വീഴ്ചയുടെയും ഉയർത്തെഴുന്നേൽപ്പിന്റെയും ചരിത്രമാണ്. വംശാവലിയിലെ നാൽപത്തിരണ്ടാമത്തെ കണ്ണിയായിട്ടാണ് ലോകരക്ഷകനായ ക്രിസ്തു മനുഷ്യനായി പിറന്നത്. മനുഷ്യരാശിക്ക് പ്രത്യാശ നൽകുന്നതിൽ മറിയം വഹിച്ച പങ്കിനെപ്പറ്റി സംസാരിക്കുമ്പോൾ മാലാഖയുടെ അറിയിപ്പിനോടുള്ള അവളുടെ പ്രത്യുത്തരത്തെക്കുറിച്ചും രക്ഷാകര പദ്ധതിയിലുള്ള അവളുടെ സഹകരണത്തെക്കുറിച്ചും സെറൂഗിലെ മാർ യാക്കോബ് അത്ഭുതപ്പെടുകയും ആ അത്ഭുതം വിവിധ പ്രതീകങ്ങളിലൂട അവതരിപ്പിക്കുകയും ചെയ്യുന്നു. 'ശക്തമായ നഗരം', 'രണ്ടാം ഹവ്വാ', 'നിധി പേടകം', 'ഏലീശായുടെ പുതിയ കുടം' എന്നിവയാണ് ഈ ആശയങ്ങൾ വ്യക്തമാക്കുന്നതിന് അദ്ദേഹം ഉപയോഗിക്കുന്ന പ്രതീകങ്ങൾ.

ശക്തമായ നഗരം എന്ന് മറിയത്തെ വിളിക്കുന്നതിലൂടെ അവളെ ഉടമ്പടിയുടെ ഏറ്റവും വിശ്വസ്തയായ പങ്കാളിയായി

www.malankaralibrary.com

അവതരിപ്പിക്കുകയാണ്. കന്യകയായ ഇസ്രായേൽ എന്ന ദൈവത്തിന്റെ പദ്ധതി കന്യകമറിയത്തിൽ പൂർത്തീകരിക്കപ്പെട്ടു. 'എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വിളിക്കും' എന്ന മറിയത്തിന്റെ വാക്കുകൾ അർത്ഥമാക്കുന്നത് അവളിൽ മനുഷ്യരാശിയുടെ എല്ലാ പ്രത്യാശയും പ്രതീക്ഷയും നിറവേറി എന്നതാണ്. ദൈവഹിതത്തോടുള്ള അവളുടെ നല്ല പ്രതികരണംമൂലം ഇസ്രായേൽ ജനത മുഴുവൻ അവളിൽ വ്യക്തിവൽക്കരിക്കപ്പെട്ടു. ദൈവത്തിന്റെ വിധി പ്രസ്താവിക്കപ്പെട്ട രക്തരൂക്ഷിതമായ ഒരു നഗരത്തെയല്ല (എസെ. 22:1–3) മറിയം പ്രതിനിധാനം ചെയ്യുന്നത്. മറിച്ച്, ഭൂമിയുടെ സന്തോഷം മുഴുവൻ കുടികൊള്ളുന്ന ദൈവത്തിന്റെ നഗരത്തെയാണ് (സങ്കീ. 48:2).

'രണ്ടാം ഹവ്വാ' എന്ന് പ്രതീകം മനുഷ്യകുലത്തിന്റെ പുനഃരുദ്ധാരണം എന്ന ആശയത്തെ വ്യക്തമാക്കുന്നു. ഹവ്വയും സർപ്പവുമായുള്ള ഇടപെടലും, മറിയവും മാലാഖയുമായുള്ള ഇടപെടലും താരതമ്യം ചെയ്തു പരിശോധിച്ച് മാർ യാക്കോബ് ഹവ്വായെ അവതരിപ്പിക്കുന്നത് നിന്ദ്യയും വിഡ്ഢിയുമായാണ്. എന്നാൽ മറിയമാകട്ടെ മഹത്വമുള്ളവളും ജ്ഞാനിയും, ഹവ്വാ വരുത്തിവച്ച കടം വീട്ടിയവളുമാണ്. ഹവ്വാ അനുസരണക്കേട്മൂലം മനുഷ്യരാശിയുടെ പതനത്തിനു കാരണമായെങ്കിൽ നമ്മുടെ വംശത്തിന്റെ ഉയിർത്തെഴുന്നേൽപ്പിനുള്ള വഴി തുറന്നവളാണ് മറിയം. മാർ യാക്കോബ് ഇപ്രകാരം പറയുന്നു, ജീവനുള്ളവരുടെയെല്ലാം മാതാവ് എന്ന് ആദം ഹവ്വായെ വിളിക്കുമ്പോൾ യഥാർത്ഥത്തിൽ യഥാർത്ഥ ജീവനായ ക്രിസ്തുവിന് ജന്മം നൽകാനിരുന്ന മറിയത്തെക്കുറിച്ച് പ്രവചിക്കുകയായിരുന്നു. ചുരുക്കത്തിൽ മാർ യാക്കോബിന്റെ അഭിപ്രായത്തിൽ മംഗളവാർത്തയുടെ സമയത്തുള്ള മറിയത്തിന്റെ സമ്മതമാണ് വീണുപോയ മനുഷ്യരാശിയുടെ ഉയർത്തെഴുന്നേൽപ്പിന് കാരണമായത്.

'ഏലിഷായുടെ പുതിയ കുടം' (2രാജാ. 2: 9–21) എന്ന പ്രതീകത്തിലൂടെ മറിയത്തെ പാത്രമായും ക്രിസ്തുവിനെ വെള്ളത്തിന്

www.malankaralibrary.com

രുചിയേകുന്ന ഉപ്പായും ഉപമിക്കുന്നു. ഈ പ്രതീകം ഏലിഷായുടെ പ്രവാചക ജീവിതവുമായി ബന്ധപ്പെട്ടതാണ്. പാത്രത്തിൽ കരുതിയിരുന്ന ഉപ്പ് പ്രവാചകൻ മലിനജലം നിറഞ്ഞ ഉറവയിലേക്ക് നിക്ഷേപിച്ചപ്പോൾ അത് നല്ല വെള്ളമാവുകയും ആ ഭൂമി ഫലഭൂയിഷ്ഠമാവുകയും ചെയ്തു. ഇതുപോലെ, രക്ഷാകരപ്രക്രിയയിൽ ക്രിസ്തുവാകുന്ന ഉപ്പ് കരുതിയിരുന്ന "പുതിയ കുടം" മറിയമാണ്. ഈ ഉപ്പാണ് പിന്നീട് മനുഷ്യരാശിക്കുമുഴുവൻ സ്വാദ് നൽകിയത്.

**1.5 മറിയം - സർവ്വപരിശുദ്ധ :** സുറിയാനി സഭകളുടെ കാഴ്ചപ്പാടിൽ ആദത്തിന്റെയും ഹവ്വായുടെയും വീഴ്ചയുടെ സമയം തന്നെ മറിയം ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഉൾപ്പെട്ടു. സുറിയാനിസഭകളുടെ ആരാധനാക്രമം വിവിധ ബൈബിൾ പ്രതീകങ്ങളിലൂടെ ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്നുണ്ട്. ഉദാഹരണത്തിന്, "മോശ കണ്ട കത്തുന്ന മുൾപ്പടർപ്പ്" നിത്യകന്യകയായ മറിയത്തിന്റെ മുൻരൂപമാണ്. ദൈവപുത്രന് ജന്മം നൽകുകയും എന്നാൽ, കന്യകയായി തുടരുകയും ചെയ്ത പരിശുദ്ധ കന്യകമറിയത്തെ ഇത് സൂചിപ്പിക്കുന്നു. അവൾ പാപത്തിന്റെ കറ പുരളാത്ത സർവ്വ പരിശുദ്ധയാണ്. 'കറയില്ലാത്ത കുറ്റമറ്റ മുത്ത്' എന്ന പ്രതീകത്തിലൂടെ ഈ ആശയം കൂടുതൽ വ്യക്തമാകുന്നു. ശ്ഹീമ്മോ നമസ്ക്കാരത്തിൽ തിങ്കളാഴ്ച പ്രഭാതത്തിലെ കോലോയിൽ നാം ഇപ്രകാരം ചൊല്ലുന്നു:

"ദൈവാംബിക കന്യകമറിയം
രാജകിരീടമതിൽ പതിയും
കറയില്ലാത്തൊരു മാണിക്യംപോൽ ശോഭിക്കുന്നു"

(ശ്ഹീമ്മോ, മെൻഓലം, പ്രഭാതം, പേജ്-275)

ലൂക്കായുടെ സുവിശേഷം അനുസരിച്ച് ഗബ്രിയേൽ ദൂതൻ മറിയത്തെ അഭിസംബോധന ചെയ്യുന്നത് 'ദൈവകൃപ നിറഞ്ഞവളേ സ്വസ്തി' എന്നാണ് (ലൂക്ക. 1: 28). മറിയത്തിന്റെ പവിത്രതയും, വിശുദ്ധിയും സുറിയാനി ആരാധനാക്രമത്തിൽ ആവർത്തിച്ച് പരാമർശിക്കപ്പെടുന്ന ഒന്നാണ്.

www.malankaralibrary.com

മറിയത്തിന്റെ പരിശുദ്ധിയെ പരാമർശിക്കുന്ന നിരവധി വിശേഷണങ്ങൾ സുറിയാനി പിതാക്കന്മാർ ഉപയോഗിക്കുന്നുണ്ട്. ആദത്തിന്റെ പുത്രിമാരിൽ ഏറ്റം പരിശുദ്ധി നിറഞ്ഞവളായി മറിയത്തെ ദൈവം കണ്ടതുകൊണ്ടാണ് തന്റെ പുത്രന്റെ മാതാവാകുവാൻ അവളെ തെരഞ്ഞെടുത്തത്. ദൈവപുത്രൻ തന്റെ വാസസ്ഥലമാക്കിയ പരി. കന്യകമറിയം മനുഷ്യരിൽ ഏറ്റം സൗന്ദര്യവതിയും, കുലീനയും, പരിശുദ്ധയുമാണ്. മാർ അപ്രേം ക്രിസ്തുവിനെ പ്രകീർത്തിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "ക്രിസ്തുവേ നീയും മറിയം നിന്റെ മാതാവും എല്ലാ അർത്ഥത്തിലും സുന്ദരരാണ്. കാരണം കർത്താവെ നിന്നിൽ കളങ്കമില്ല. നിന്റെ അമ്മയിൽ യാതൊരുവിധ കളങ്കവുമില്ല" (മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ). മറിയം പാപത്തിൽ നിന്ന് അകന്നവളാണ് എന്ന സഭയുടെ വിശ്വാസത്തിൽ അവളുടെ ജനനസമയത്തുപോലും പാപമാലിന്യമേശാത്തവളാണ് എന്ന വിശ്വാസസത്യവും പ്രകടമായി കാണുന്നുണ്ട്. ഇതാണ് 1854 ൽ പ്രഖ്യാപിച്ച അമലോത്ഭവ എന്ന വിശ്വാസസത്യത്തിൽ പ്രകടമാകുന്നത്.

**1.6 രക്ഷാപദ്ധതിയിൽ മറിയത്തിന്റെ സാന്നിധ്യം :** ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ നിർണ്ണായകമായ പങ്ക് വഹിച്ചവളാണ് പരി. കന്യകമറിയം. പരി. മറിയത്തിന്റെ ജനനത്തിരുന്നാളിലെ സന്ധ്യാപ്രാർത്ഥനയിലെ സെദറായിൽ സഭ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "ഈ ദിവസം മനുഷ്യവർഗ്ഗം ആദ്യസന്തോഷത്തിലേക്ക് തിരിച്ച് വന്നിരിക്കുന്നു. ഞങ്ങളുടെ മാതാവായ ഹവ്വാ ഞങ്ങൾക്ക് വീഴ്ച വരുത്തിയെങ്കിലും, പുറംതള്ളപ്പെട്ട പറുദീസായിലേക്ക് രണ്ടാം ഹവ്വായായ മറിയം ഞങ്ങൾക്ക് വഴിയുണ്ടാക്കി." (പെങ്കീസാ നമസ്ക്കാരം, പ്രുമിയോൻ - സെദറാ 2022, പേജ് നമ്പർ 192).

ക്രിസ്തുവിന്റെ അവരോഹണത്തിന്റെയും ആരോഹണത്തിന്റെയും അടിസ്ഥാനത്തിൽ മാർ യാക്കോബ് രക്ഷയെ അവതരിക്കുന്നു. മനുഷ്യന്റെ അടുക്കലേക്കുള്ള തന്റെ അവരോഹണം വഴി ക്രിസ്തു മാറിപ്പോയ മനുഷ്യനെ ദൈവവുമായി രമ്യതയിലാക്കി.

www.malankaralibrary.com

ദൈവത്തിന്റെ അടുക്കലേക്കുള്ള അവന്റെ ആരോഹണംവഴി സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യാൻ മനുഷ്യകുലത്തിന് വഴിതുറന്നു. പൈതങ്ങളേ അമ്മമാരുടെ ഉദരങ്ങളിൽ രൂപകല്പന ചെയ്യുന്നവനായ ക്രിസ്തു മനുഷ്യരെ രക്ഷിക്കാനായി തനിക്കായി ഒരു ശരീരം രൂപകല്പന ചെയ്തു.

ക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങളിലുള്ള മറിയത്തിന്റെ പങ്കിനെപ്പറ്റി സംസാരിക്കുമ്പോൾ, മനുഷ്യാവതാരത്തിലുള്ള അവളുടെ സ്വമേധയായുള്ള സഹകരണമാണ് സുറിയാനി സഭാപിതാക്കന്മാർ എടുത്തുകാണിക്കുന്നത്. വചനമായ ദൈവത്തിന്റെ മനുഷ്യാവതാരത്തിനുള്ള അവരുടെ പങ്ക് മനുഷ്യരക്ഷയിൽ നിർണ്ണായകമായ ഒന്നാണ്. പഴയ ഉടമ്പടി ആരംഭിച്ച അബ്രഹാത്തെപ്പോലെ, വിശ്വാസത്തിൽ ഉറച്ച് മറിയവും ദൈവഹിതത്തിന് വിധേയയായി ഉത്തരം കൊടുത്തു. അങ്ങനെ പുതിയ ഇസ്രായേലിന്റെ അനുഗ്രഹമായി മാറി. മറിയം എലിസബത്തിനെ സന്ദർശിച്ച സംഭവത്തെപ്പറ്റി വിവരിക്കുമ്പോൾ സെറൂഗിലെ മാർ യാക്കോബ് പരിശുദ്ധാത്മാവിനെ മറ്റുള്ളവർക്ക് നൽകുന്നവളായി പരി. മറിയത്തെ അവതരിപ്പിക്കുന്നു.

സ്വന്തം പ്രതിബദ്ധതയോട് അവൾ നീതിപൂർവ്വം വിശ്വസ്തതയോടെ പെരുമാറി. കുരിശിന്റെ വേദനകൾ സഹിച്ച് മരിച്ച ക്രിസ്തുവിന്റെ സഹനങ്ങളിൽ ക്രിസ്തുവിനോടൊപ്പം അവളും പങ്കാളിയായി. മനുഷ്യാവതാരത്തിൽ എപ്രകാരം നിറസാന്നിധ്യമായി നിന്നുവോ അപ്രകാരം അവൾ കർത്താവിന്റെ രക്ഷിക്കുന്ന കുരിശുമരണത്തിലും കൂട്ടാളിയായി കുരിശുമരത്തിന്റെ ചാരത്തുനിന്നു.

മനുഷ്യരാശിയുടെ അനുരഞ്ജനത്തിന്റെയും വിശുദ്ധീകരണത്തിന്റെയും പ്രക്രിയയിൽ കൂട്ടായി നിന്നു എന്നതിനാൽത്തന്നെ മറിയത്തിന്റെ ദൈവീകമാതൃത്വം എത്രയോ വിശിഷ്ടമാകുന്നു. മറിയത്തിന്റെ മഹത്വീകരണം മനുഷ്യരാശിക്കു ലഭിക്കാനിരിക്കുന്ന മഹത്വീകരണത്തിന്റെ മുന്നൊരുക്കമാണ്. എല്ലാ ക്രിസ്ത്യാനികളുടെയും അമ്മയാണ് മറിയം. ആയതിനാൽ തന്നെ അവളുടെ മദ്ധ്യസ്ഥം വിളിച്ചപേക്ഷിക്കാൻ നാം കൂടുതൽ പ്രേരിതരാകുന്നു.

www.malankaralibrary.com

**1.7 മറിയം– സ്വർഗ്ഗാരോപിത :** അഞ്ചാം നൂറ്റാണ്ട് മുതൽ സുറിയാനി സഭകൾ മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കാൻ തുടങ്ങി. 'മറിയത്തിന്റെ ഉറക്കം', 'ശൂനോയോ' എന്നീ വിവിധ പേരുകളിൽ ഈ തിരുനാൾ അറിയപ്പെടുന്നു. 'ശൂനോയോ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'മാറ്റം' എന്നാണ്; അതായത് മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. അത്യുന്നതന്റെ വാസസ്ഥലമായിരുന്നു അവൾ. ദൈവവചനത്തെ അവൾ വിശ്വാസത്തിൽ സ്വീകരിക്കുകയും കാത്തു സൂക്ഷിക്കുകയും ചെയ്തു. ആയതിനാൽ മരണശേഷം അവൾ സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു. സ്വർഗ്ഗത്തിലെ അവളുടെ മഹത്വീകരണം, സഭയ്ക്കും സൃഷ്ടജാലങ്ങൾക്കും ലഭിക്കാനിരിക്കുന്ന മഹത്വത്തെ വെളിപ്പെടുത്തുന്നു. മറിയത്തിന്റെ മഹത്വത്തോടുകൂടിയുള്ള സ്വർഗ്ഗപ്രവേശനത്തെക്കുറിച്ച് സംസാരിക്കുന്ന പാശ്ചാത്യ സുറിയാനി സഭയിലെ ആദ്യസഭാപിതാവ് എന്ന നിലയിൽ സെറൂഗിലെ മാർ യാക്കോബാണ് ആഗസ്റ്റ് 15–ാം തീയതി മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളായി ആചരിക്കുന്നതിന് പച്ചക്കൊടി കാട്ടിയത്.

പരിശുദ്ധ പിതാവ് 12–ാം പീയൂസ് മാർപാപ്പയാണ് 1950 നവംബർ 1–ാം തീയതിമറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കുന്നത്. സ്വർഗ്ഗാരോഹണ തിരുന്നാളിലെ സന്ധ്യാപ്രാർത്ഥനയിലെ സെദറായിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: നിന്റെ സ്വർഗ്ഗീയ യാത്രയുടെ ഈ വലിയ ദിവസത്തിൽ ഞങ്ങൾക്കുവേണ്ടി നിന്നിലുദിച്ച ഏകജാതനോട് പ്രാർത്ഥിക്കണമേ. ഈ ലോകത്തിൽ നിന്ന് ഞങ്ങളും സമാധാനപൂർവ്വം യാത്ര ചെയ്യട്ടെ. (പെങ്കീസാ നമസ്ക്കാരം, പ്രുമിയോൻ–സെദറാ, പേജ് നമ്പർ 189).

**1.8 മറിയത്തിന്റെ മാദ്ധ്യസ്ഥം :** ദൈവത്തിനും മനുഷ്യനുമിടയിലെ ഏക മദ്ധ്യസ്ഥൻ ദൈവപുത്രനായ ക്രിസ്തുവാണ്. ക്രിസ്തുവിന്റെ അനന്യതയ്ക്ക് എതിരല്ല മറിയത്തിന്റെ മാദ്ധ്യസ്ഥം. പരസ്യ

www.malankaralibrary.com

ജീവിതകാലത്ത് അമ്മയുടെ മാദ്ധ്യസ്ഥം കർത്താവ് അംഗീകരിക്കുന്നുണ്ട്. കാനായിലെ കല്ല്യാണവീട്ടിലെ വീഞ്ഞിന്റെ കുറവിനെക്കുറിച്ച് കർത്താവിനോട് അവതരിപ്പിച്ചത് അമ്മയാണ്. അങ്ങനെയാണ് ആദ്യത്തെ അത്ഭുതം നടക്കുന്നത്. കുരിശുമരണത്തിന്റെ വേളയിൽ കർത്താവ് തന്റെ അമ്മയെ യോഹന്നാന് അമ്മയായി നൽകി. യോഹന്നാൻ തന്നിൽ വിശ്വസിക്കുന്ന ഏതൊരുവന്റെയും പ്രതിനിധിയാണ്. അങ്ങനെ മറിയം സഭയുടെ മാതാവായി തീർന്നു. അന്നുമുതൽ സഭാമക്കളെ തങ്ങളുടെ ഭൗമിക തീർത്ഥാടനത്തിൽ അവൾ നിരന്തരം സഹായിച്ചുകൊണ്ടിരുന്നു. മറിയത്തിന്റെ പ്രാർത്ഥനയും മാദ്ധ്യ സ്ഥവുമാണ് നമ്മുടെ ആശ്രയം. മനുഷ്യരാശിക്കു മുഴുവനുംവേണ്ടി അവൾ മാദ്ധ്യസ്ഥം വഹിക്കുന്നു. ലോകസമാധാനത്തിനുവേണ്ടിയും, സഭയുടെ സംരക്ഷണത്തിനുവേണ്ടിയും, സാത്താന്റെ കുതന്ത്രങ്ങളിൽ നിന്നു രക്ഷനേടാനുള്ള കൃപ ലഭിക്കുന്നതിനുവേണ്ടിയും മറിയം പ്രാർത്ഥിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി നിരന്തരം കർത്തൃസന്നിധിയിൽ പ്രാർത്ഥിക്കുന്നവളാണ് മറിയം. മഹാസമുദ്രത്തിൽ ഗതി നഷ്ടപ്പെട്ട കപ്പൽ തുറമുഖം കാണുന്നതുപോലെയാണ് മനുഷ്യരാശിക്ക് മുഴുവൻ മറിയം ആശ്രയകേന്ദ്രമാണ് മറിയം.

പാശ്ചാത്യ സുറിയാനി സഭ, മറിയത്തോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥനകൾക്ക് ഏറെ പ്രാധാന്യം നൽകുന്നുണ്ട്. പ്രത്യേകമായും പരിശുദ്ധ ദൈവമാതാവിനോടുള്ള കുക്കിലിയോന്റെ എക്ബോയിൽ ഇപ്രകാരം നാം പ്രാർത്ഥിക്കുന്നു:

“മോറാനീശോ കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളേയും നിൻ കോപത്തിൻ
വടികളേയും മായ്ച്ചീടേണം”,

‘നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിനാലും, മറിയത്തിന്റെ പ്രാർത്ഥനയാലും, പിതാവായ ദൈവം നമ്മുടെ പാപങ്ങൾ പൊറുക്കുകയും, നമ്മളോട് കരുണ കാണിക്കുകയും ചെയ്യും’.

www.malankaralibrary.com

**ഉപസംഹാരം**

സുറിയാനി പാരമ്പര്യത്തിൽ മറിയത്തിന്റെ തിരുനാളുകളും പ്രാർത്ഥനകളും ദൈവിക പദ്ധതിയോടുള്ള അവളുടെ സഹകരണത്തെ ആശ്ചര്യത്തോടെ വീക്ഷിക്കുന്നവയാണ്. മറിയത്തിന് ദൈവവുമായുള്ള ബന്ധവും, രക്ഷാകരപദ്ധതിയിലുള്ള പങ്കാളിത്തവും തികച്ചും വ്യത്യസ്തമാണ്. ഒരു മനുഷ്യന് എത്താവുന്ന പൂർണ്ണത പ്രാപിച്ചവളാണ് മറിയം എന്നാണ് സുറിയാനി പാരമ്പര്യം വ്യക്തമാക്കുന്നത്. ബൈബിൾ അധിഷ്ഠിത പ്രതീകങ്ങളിലൂടെയും കാവ്യാത്മക ശൈലിയിലൂടെയും മറിയത്തെ അവതരിപ്പിക്കുന്നത് സുറിയാനിക്കാരുടെ മനസ്സിലെ തീക്ഷ്ണമായ മരിയഭക്തി കവിഞ്ഞൊഴുകുന്നതുകൊണ്ടാണ്. ഇത്തരം തീക്ഷ്ണമായ ഭക്തി, വെറും മാതൃഭക്തിയിൽ ഒതുങ്ങി നിൽക്കാതെ ഒരുവനെ ക്രിസ്തുവിലേക്ക് അടുപ്പിക്കുകയാണ്.

www.malankaralibrary.com

# 2. പരിശുദ്ധ മറിയം : അന്ത്യേക്യൻ സുറിയാനി ആരാധനാക്രമത്തിൽ

മലങ്കര കത്തോലിക്കാ സഭയിൽ പരിശുദ്ധ മറിയത്തെ വിശുദ്ധരുടെ ഇടയിൽ ആദരവോടെ വണങ്ങുകയും ഓർക്കുകയും ചെയ്യുന്നു. ചില ക്രിസ്ത്യാനികൾ അവകാശപ്പെടുന്നതുപോലെ മറിയത്തെ ഒരിക്കലും ആരാധിക്കുന്നില്ല. മലങ്കര കത്തോലിക്കാ സുറിയാനി ആരാധനാക്രമം രക്ഷാകരചരിത്രത്തിന്റെ അനാവരണമാണ്. അതുകൊണ്ടുതന്നെ രക്ഷാകരകർമ്മങ്ങൾ ആരാധനയിലൂടെ സജീവമായ ഒരു അനുഭവമായി മാറുന്നു. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനവത്സരം ക്രിസ്തുവിന്റെ മുഴുവൻ വീണ്ടെടുപ്പുജീവിതം ഫലപ്രദമായി അനുസ്മരിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. മലങ്കര ആരാധനാക്രമത്തിന്റെ അടിത്തറയാണ് വി. ബൈബിൾ. പൗരസ്ത്യ ആരാധനാക്രമത്തിന്റെ ഏറ്റവും അടിസ്ഥാനപരമായവശം അതിന്റെ വേദഗ്രന്ഥപരമായ അടിത്തറത്തന്നെയാണ്. കിഴക്കിന്റെ ആദരണീയമായ പാരമ്പര്യമനുസരിച്ച് മലങ്കര സഭ അവളുടെ ആരാധനാക്രമത്തിൽ ദൈവവചനത്തിന് മതിയായ സ്ഥാനം നൽകുന്നു. മലങ്കര കത്തോലിക്കാ സഭയുടെ സഭാജീവിതവും, ആത്മീയതയും ആരാധനാക്രമത്തിൽ കേന്ദ്രീകൃതമാണ്. മലങ്കര സഭ, ആരാധനാക്രമവുമായി ഗാഢമായ ബന്ധം പുലർത്തുകയും അതുവഴി ക്രിസ്തുവിന്റെ രക്ഷാകര ചരിത്രവുമായി അടുത്ത ബന്ധം പുലർത്തുകയും ചെയ്യുന്നത് ഒരു ആത്മീയതയാണ് വളർത്തുന്നത്. അതുപോലെ ആരാധനാക്രമത്തിന്റെ ആഘോഷം വളരെ

www.malankaralibrary.com

രഹസ്യാത്മകത നിറഞ്ഞതും ആഴമേറിയതുമാണ്. മലങ്കര കത്തോലിക്കാസഭ അതിന്റെ മരിയൻ വിശ്വാസം, അനുഭവം, ഭക്തി എന്നിവ മുഖ്യമായും ശ്രേഷ്ഠമായും ആരാധനാക്രമത്തിലും മറ്റു ആരാധനാക്രമപരമായ ശുശ്രൂഷകളിലും സുറിയാനി പാരമ്പര്യം ഭാഷയിലും ശൈലിയിലും ആഘോഷിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പള്ളികൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ ഏറ്റവും പ്രിയപ്പെട്ട സ്വർഗ്ഗീയ മദ്ധ്യസ്ഥയാണ് പരിശുദ്ധ മറിയം. മലങ്കര സഭയിലെ മരിയോളജിയുടെ ഉറവിടങ്ങൾ ആരാധനാഗ്രന്ഥങ്ങളാണ്; അതായത് വി. കുർബാന ക്രമം, കൂദാശകൾ, അനുദിന പ്രാർത്ഥനകൾ, മാതാവിന്റെ തിരുനാളുകൾ, നമ്മുടെ കർത്താവിന്റെ മഹത്വത്തിന്റെ തിരുനാൾ.

### 2.1 ബുധനാഴ്ച, പരിശുദ്ധ മറിയത്തിന് പൂർണമായി സമർപ്പിക്കപ്പെട്ട ഒരു ദിവസം

മലങ്കര പാരമ്പര്യത്തിൽ ബുധനാഴ്ച പരിശുദ്ധ മറിയത്തിന്റെ ദിവസമാണ്. ഈ ദിവസം എല്ലാ ആരാധനാ സമയത്തും ദൈവമാതാവായ മറിയത്തെ സ്തുതിക്കുന്നു. ശ്ഹീമോ നമസ്കാരത്തിൽ ബുധനാഴ്ച സന്ധ്യയിലെ എക്ബോയിൽ നാം പ്രാർത്ഥിക്കുന്നു. “ദൈവമാതാവേ, ഈ അടിയാർക്കുവേണ്ടി രാജാക്കന്മാരുടെ രാജാവിന്റെ സവിധത്തിൽ പ്രാർത്ഥിക്കേണമേ, അവന്റെ ഐക്യവും ശാന്തിയും ഈ ഭൂമിയിലെങ്ങും വാഴാൻ. അവന്റെ കാരുണ്യത്താൽ ക്രോധത്തിന്റെ ശിക്ഷകൾ ഭൂവാസികളിൽ നിന്ന് അകന്നുപോകാൻ” (ശ്ഹീമോ,2009, പേജ് 115). ബുധനാഴ്ച ദിവസം, പ്രത്യേകം മറിയത്തെ അനുസ്മരിക്കുകയാണ്. അവളോടുള്ള പ്രാർത്ഥനകൾ നമ്മുടെ ആത്മാക്കൾക്ക് കോട്ടയാണ്. യാമപ്രാർത്ഥനകളിൽ മറിയത്തെ വർണ്ണിക്കുന്നതിന് ഉപയോഗിക്കുന്ന ധാരാളം പ്രാർത്ഥനകൾ ഉണ്ട്, പുതിയ ഹവ്വാ, യാക്കോബിന്റെ ഗോവണി, നിധിപേറുന്ന കപ്പൽ, തുടങ്ങിയ അനേകം പ്രതീകങ്ങൾ പരിശുദ്ധ മറിയം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളും, യേശുവിന്റെ രക്ഷാകരകർമ്മത്തിൽ പങ്കാളിയായവളുമാണ് എന്ന് വ്യക്തമാക്കുന്നു.

www.malankaralibrary.com

ദൈവമാതാവായ കന്യകമറിയത്തിന്റെ സ്മരണയിൽ സൃഷ്ടി സന്തോഷിക്കുകയും ദൈവപുത്രനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. കൂടാതെ അവൾ ജന്മം നൽകിയ ദൈവപുത്രൻവഴി നാം ശാപത്തിൽ നിന്ന് രക്ഷിക്കപ്പെടുകയും അന്ത്യവിധിയിൽ നിന്ന് ആദാമിനെയും മക്കളെയും സ്വർഗ്ഗത്തിലേക്ക് പുനഃസ്ഥാപിക്കുകയും ചെയ്തു.

അവസാനമായി നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്ന ഒരു കാര്യം ദൈവമാതാവായ പരിശുദ്ധ മറിയത്തെ അനുദിന ആരാധനാക്രമത്തിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയില്ല. മലങ്കര കത്തോലിക്കാ സഭയുടെ ദൈനംദിന ആത്മീയ ജീവിതം നമ്മുടെ കർത്താവിന്റെ രക്ഷാകരകർമ്മത്തിന്റെ ശ്രേഷ്ഠ നിമിഷങ്ങളിലൂടെയുള്ള യാത്രയാണ്. അതുകൊണ്ടുതന്നെ ഈ ആത്മീയ യാത്രയിൽ പരിശുദ്ധ മറിയത്തിന്റെ സഹവാസവും മദ്ധ്യസ്ഥതയും അവളോട് വിശ്വാസികൾ യാചിക്കുന്നു.

**2.2 ആരാധനാവർഷം :** രക്ഷാകരചരിത്രത്തിന്റെ ആഘോഷമാണ് ആരാധനാവർഷം. പശ്ചാത്യ സുറിയാനിയിലെ ആരാധനാവർഷം രൂപീകരിച്ചിരിക്കുന്നത് ഹീബ്രു കലണ്ടറിന്റെ മാതൃകയിലാണ്. ഹീബ്രു കലണ്ടർ ആരംഭിക്കുന്നത് പാപപരിഹാരോൽസവത്തോടെയാണ്. പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ആരാധനാവർഷം കേന്ദ്രികരിച്ചിരിക്കുന്നത് ഉത്ഥാനപെരുന്നാളിലാണ്. മലങ്കര സഭയുടെ ആരാധനാക്രമവർഷം ആരംഭിക്കുന്നത് 'കൂദോശ് ഈത്തോ' (സഭയുടെ വിശുദ്ധീകരണം) ഞായറാഴ്ചയോടെയാണ്.

**2.2.1 മലങ്കര സഭയിലെ പരി. മാതാവിന്റെ പെരുന്നാളുകൾ :** ദൈവമാതാവിന്റെ സ്വർഗ്ഗാരോപണം, ദൈവമാതാവിന്റെ അമലോത്ഭവ തിരുനാൾ. വചനിപ്പ് തിരുനാൾ, വിത്തുകളെ പ്രതിയുള്ള (Mary of Harvest) മാതാവിന്റെ ഓർമ്മ എന്നിവയാൽ തന്നെ മലങ്കര സഭ വളരെ സമ്പന്നമാണ്. ആരാധനാക്രമവർഷത്തിലെ തുടർച്ചയായുള്ള പരിശുദ്ധ അമ്മയുടെ തിരുനാളുകൾ നമുക്ക് പുതിയ

www.malankaralibrary.com

വെളിച്ചം സന്തോഷവും നൽകുന്നു. ദൈവമാതാവിന്റെ വളരെ പ്രാധാന്യമുള്ള തിരുനാളുകൾ ആഘോഷിക്കുവാൻ സഭ പ്രത്യേകം ശ്രദ്ധ പുലർത്തുന്നുണ്ട്.

**2.2.1.1 ശൂനോയോ (പരി. ദൈവമാതാവിന്റെ സ്വർഗാരോപണം - ആഗസ്റ്റ് 15) :** ഈ തിരുനാൾ "വാങ്ങിപ്പ്" അഥവാ "ശൂനോയോ", എന്ന് അറിയപ്പെടുന്നു. പരിശുദ്ധ കന്യകമറിയത്തിന്റെ ആത്മാവിന്റെ വേർപാട് എന്ന് 'ശൂനോയോ' എന്ന വാക്ക് അർത്ഥമാക്കുന്നു. പരിശുദ്ധാത്മാവിനാൽ പരിശുദ്ധ കന്യകമറിയം വിശുദ്ധീകരിക്കപ്പെടുകയും പാപത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെടുകയും ചെയ്തു. മരണത്തിന് അവളുടെമേൽ ആധിപത്യം പുലർത്താനും സാധിച്ചില്ല. "ഹാനോക്കിനെയും (ഉൽപത്തി 5:24), ഏലിയാ പ്രവാചകനെയും (2 രാജാ. 2:11) ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് ദൈവം എടുത്തു, അതുപോലെ പരി. ദൈവമാതാവിന്റെ ശരീരവും സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു. സ്വർഗ്ഗത്തിലേക്ക് സംഭവിക്കപ്പെട്ടതുവഴി അവളെ ബഹുമാനിക്കുന്നതിൽ ദൈവം സന്തുഷ്ടനായിരുന്നു. കത്തോലിക്കാ സഭ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം പഠിപ്പിച്ചു: "ജനം പാപത്തിന്റെ എല്ലാ കറകളിൽ നിന്നും വിശുദ്ധീകരിക്കപ്പെട്ട അമലോത്ഭവ കന്യക അവളുടെ ഇഹലോക ജീവിതം അവസാനിപ്പിച്ചപ്പോൾ അവളുടെ ശരീരത്തോടും ആത്മാവോടും കൂടെ സ്വർഗ്ഗീയ മഹത്വത്തിലേക്ക് എടുക്കപ്പെടുകയും, എല്ലാത്തിന്റെയും മേൽ രാജ്ഞിയായി ഉയർത്തപ്പെടുകയും ചെയ്തു. അങ്ങനെ കർത്താധി കർത്താവും, മരണത്തെയും പാപത്തെയും കീഴടക്കിയതുമായ അവളുടെ പുത്രനോട് അവൾ കൂടുതൽ അനുരൂപപ്പെട്ടു" (CCC, 966). ഈ തിരുനാളിന് ഒരുക്കമായി പതിനഞ്ച് ദിവസത്തെ നോമ്പ് ആഗസ്റ്റ് ഒന്ന് മുതൽ ആഗസ്റ്റ് പതിനഞ്ച് വരെ സഭ ആചരിക്കുന്നു. പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണദിവസം പ്രത്യേകം ദൈവമാതാവിനെ പ്രകീർത്തിക്കുകയും മദ്ധ്യസ്ഥം യാചിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

**2.2.1.2 ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ (സെപ്റ്റംബർ 8) :** ദൈവമാതാവായ മറിയത്തിന്റെ ജന്മദിനം അല്ലെങ്കിൽ ജനനം പ്രത്യേക പ്രാർത്ഥനയോടെയാണ് സഭ ആചരിക്കുന്നത്. കാരണം, മുഴുവൻ മനുഷ്യരാശിയുടെയും രക്ഷകൻ അവളിൽ നിന്നാണ് ജനിച്ചത്. മറിയത്തിന്റെ ജനന തിരുനാളിന് ഒരുക്കമായിട്ടാണ് കേരളത്തിലെ പൗരസ്ത്യ സഭകൾ സെപ്റ്റംബർ 1 മുതൽ 8 വരെ എട്ട് ദിവസത്തെ നോമ്പ് ആചരിക്കുന്നത്. മാതാപിതാക്കളായ ജോവാക്കിമിന്റെയും ഹന്നയുടെയും മകളായിരുന്നു മറിയം. മറിയത്തിന്റെ ജനനത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചും വിവരിക്കുന്ന അപ്പോക്രിഫൽ ഗ്രന്ഥമാണ് Proto evangelium of James. ഈ ഗ്രന്ഥമനുസരിച്ച് അവളുടെ ജനനവർഷം ബിസി.17 ആയി കണക്കാക്കാം. നമ്മുടെ ആരാധനാക്രമത്തിലും ഈ പാരമ്പര്യത്തിന്റെ സ്വാധീനം കാണാം. ജോവാക്കിമിന്റെയും ഹന്നയുടെയും പ്രാർത്ഥനകളും വഴിപാടുകളും ദൈവം സ്വീകരിച്ചത് അവരുടെ നീതിപൂർണ്ണമായ പ്രവർത്തനങ്ങൾ വഴിയാണ്.

**2.2.1.3 പരിശുദ്ധ ദൈവമാതാവിനോടുള്ള വചനിപ്പ് (മാർച്ച് 25) :** ഈ തിരുനാൾ ആഘോഷിച്ചിരുന്നത് 6-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി മുതൽ പ്രധാന ദൂതനായ ഗബ്രിയേൽ യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള സന്തോഷവാർത്തയുടെ പ്രഖ്യാപനത്തോടെയാണ്. പിന്നീട് മുതൽ ഈ തിരുനാൾ മാർച്ച് 25-ന് ആചരിക്കുവാൻ തുടങ്ങി. ഈ തിരുനാൾ പ്രത്യേകം നിശ്ചിയിച്ചിരിക്കുന്നതിനാൽ വർഷംതോറും ഈ തീയതി മാറുന്നില്ല. ഈ തിരുനാൾ ഒരു ദുഃഖവെള്ളിയാഴ്ചയിലാണ് വരുന്നതെങ്കിലും വി. കുർബാന ആഘോഷിക്കണം. തിരുനാളുകളിൽ ഒന്നായി വചനിപ്പ് തിരുനാൾ സഭ ആഘോഷിച്ചത് ക്രിസ്തുവിന്റെയും അവന്റെ വാഴ്ത്തപ്പെട്ട അമ്മയുടെയും ഒരേ രഹസ്യത്തിന്റെ സാക്ഷാത്കാരത്തിനാലാണ്. ഈ രഹസ്യം മനുഷ്യരാശിയുടെ വീണ്ടെടുപ്പിന്റെ മുഴുവൻ പ്രവർത്തനത്തിന്റെയും ആരംഭബിന്ദുവായി കണക്കാക്കപ്പെടുന്നു. അവളുടെ ജനനത്തിന് മുമ്പ്, പിതാവായ ദൈവം മറിയത്തെ തന്റെ മകളായി തിരഞ്ഞെടുത്തു. ദൈവപുത്രന്റെ അമ്മയാക്കി, പരിശുദ്ധാത്മാവിലൂടെ ശുദ്ധീകരിച്ച് അവളെ തന്റെ മണവാട്ടിയാക്കി.

www.malankaralibrary.com

പരി. മറിയത്തിന്റെ അമലോത്ഭവം കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. ഒൻപതാം പീയൂസ് മാർപാപ്പായാണ് വിശ്വാസസത്യമായി പ്രഖ്യാപിച്ചത്.

**2.2.1.4 വിത്തുകളെ പ്രതിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ ഓർമ്മ (ജനുവരി 15) :** മലങ്കര ആരാധനാക്രമത്തിൽ ദൈവമാതാവിനെ വിത്തുകളുടെ മാതാവ് എന്ന് വിളിക്കുന്നു. ഈ തിരുനാൾ വിത്തുകളുടെ അനുഗ്രഹത്തിന്റെ പെരുന്നാൾ എന്നാണ് അറിയപ്പെടുന്നത്. കർഷകർ വിതച്ച വിത്തുകൾക്ക് ആരോഗ്യപരമായ ഒരു വിളയായി വളരാനും സമൃദ്ധമായ വിളവ് നൽകാനുള്ള അനുഗ്രഹത്തിന് വേണ്ടി ക്രിസ്തുവിനോട് മാധ്യസ്ഥം വഹിക്കാൻ പരി. കന്യകമറിയത്തോട് യാചിക്കുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികൾ ഭൂരിഭാഗവും കർഷകരാണ്. കൃഷിയുമായി ബന്ധപ്പെട്ട മുഴുവൻ പ്രയത്നങ്ങളും ദൈവമാതാവായ കന്യകാമറിയാമിന്റെയും വിശുദ്ധരുടെയും അപ്പസ്തോലരുടെയും സംരക്ഷണത്തിന് സമർപ്പിക്കുന്ന ഒരു കാലമുണ്ടായിരുന്നു. നമ്മുടെ പൂർവ്വികർ അറയിൽ നിന്ന് വിത്ത് എടുക്കുന്നത് പ്രാർത്ഥനകൾക്കും മധ്യസ്ഥ പ്രാർത്ഥനകൾക്കും ശേഷമാണ്. പ്രകൃതിക്ഷോഭങ്ങളിൽ നിന്നുള്ള സംരക്ഷണവും വിളവുകളുടെ സമൃദ്ധിക്കും വിളവുകളുടെ സംരക്ഷണത്തിനും പരിശുദ്ധ മറിയത്തോട് പ്രാർത്ഥിക്കുന്നു.

"എന്റെ ദൈവമേ, എന്റെ മാതാവേ" എന്ന് നമ്മുടെ പൂർവ്വികർ ഓരോ തവണയും മന്ത്രിച്ചുകൊണ്ടിരുന്നു. അവരുടെ വിശ്വാസം വളരെ ദൃഢമായിരുന്നു. വിളവെടുപ്പ് കാലത്ത്, വിളയുടെ ആദ്യത്തേയും മികച്ചതുമായ ഫലങ്ങൾ ഇടവക പള്ളിയിൽ സമർപ്പിക്കുന്നതിനായി പ്രത്യേകം സൂക്ഷിക്കുമായിരുന്നു. വിത്തുകളെ പ്രതിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ തിരുനാൾ ദിവസം, കർഷകർ അവരുടെ വിത്തുകളുമായി പരി. അമ്മയുടെ അനുഗ്രഹത്തിനായി വി. കുർബാനയിൽ ഭക്തിയോടെ സംബന്ധിക്കുമായിരുന്നു. സൃഷ്ടിയുടെ മേൽ ദൈവത്തിനുള്ള ശക്തി തിരിച്ചറിയാനും അടുത്ത വർഷത്തെ വളർച്ചാകാലയളവിനെ ദൈവസന്നിധിയിൽ ഏൽപ്പിക്കാനുമുള്ള ഒരു മാർഗമായിരുന്നു ഈ തിരുനാൾ. അവസാനം,

www.malankaralibrary.com

എല്ലാ അനുഗ്രഹങ്ങളും പ്രവഹിക്കുന്ന ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കാനും പരിശുദ്ധ കന്യകമറിയത്തിന്റെ മാതൃപരിചരണത്തിലൂടെയും, മധ്യസ്ഥതയിലൂടെയും സഹായവും സംരക്ഷണവും ആവശ്യപ്പെടാനുള്ള ഒരു മാർഗംകൂടിയായിരുന്നു ഈ തിരുനാൾ. ദൈവം നമ്മെ നിരീക്ഷിക്കുകയും സ്നേഹവാനായ പിതാവെന്ന നിലയിൽ നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുകയും ചെയ്യുന്നു. നമ്മുടെ എല്ലാവിത്തുകളെയും ഫലങ്ങളെയും സൃഷ്ടികളുടെ കർത്താവിന് ഭരമേൽപ്പിക്കാനുള്ള ഒരു മാർഗമാണിത്. മലങ്കര കുർബാനയുടെ ഒരുക്ക ശുശ്രൂഷയിൽ, മറിയം എന്നത് ഒരു നിലമായും അവളിൽ നിന്ന് ഉരുവായ ചെടി യേശുവായും അവതരിപ്പിക്കുന്നു. 'അനുഗ്രഹീതമായ മൊട്ടാൽ മറിയത്തിന്റെ ഉണങ്ങിയ നിലത്തു തളിർത്ത് ഉയർന്നുവന്ന് സൃഷ്ടിയെ മുഴുവൻ മധുരം കൊണ്ട് നിറച്ചതു നിന്റെ സൗന്ദര്യത്തിന്റെ ഗന്ധമാണ്". ഇതേ ആശയം വിശുദ്ധ അപ്രേമിന്റെ സ്തുതിഗീതങ്ങളിൽ കാണുന്നുണ്ട്. "നസ്രത്തിലെ ദാഹാർത്ത നിലമായ മറിയം നമ്മുടെ കർത്താവിനെ അവളുടെ ചെവിയിൽ ഗർഭം ധരിച്ചു. മറിയം അവനെ പുൽത്തൊട്ടിയിൽ നട്ടു, പക്ഷേ നിങ്ങൾ അവന്റെ ശ്രോതാക്കളുടെ ചെവിയിലും". ജനുവരി 15-ന് പരി. മറിയത്തെ വിത്തുകളെ പ്രതിയുള്ള മാതാവിന്റെ തിരുനാളായി ആഘോഷിക്കുകയും ഓർമ്മിക്കുകയും ചെയ്യുന്നു. ലോകത്തിലെ ഏറ്റവും മികച്ച സന്തതിയായ ക്രിസ്തുവിനെപ്പോലെയാകാൻ നമ്മെ സഹായിക്കുന്നതിന് ഈ ദിവസം മറിയത്തിന്റെ മധ്യസ്ഥതയിൽ നാം സ്വയം യാചിക്കുന്നു.

**2.2.1.5 കതിരുകളെപ്രതിയുള്ള പരിശുദ്ധ ദൈവമാതാവിന്റെ ഓർമ്മ :** ഈ തിരുനാൾ കാർഷികാധിഷ്ഠിതമാണ്. നല്ലതും സമൃദ്ധവുമായ വിളവെടുപ്പിനുള്ള അനുഗ്രഹത്തിനായി ക്രിസ്തുവിനോട് മധ്യസ്ഥം വഹിക്കാൻ പരിശുദ്ധ കന്യകാമറിയത്തോട് പ്രത്യേക പ്രാർത്ഥനകൾ അർപ്പിക്കുന്നു. ഫലഭൂവിഷ്ഠമായ വിളവെടുപ്പിന് ദൈവസഹായം തേടാനുള്ള ഒരു കാർഷിക തിരുനാളാണിത്. കർഷകർക്ക് മഴയും അനുകൂലമായ കാലാവസ്ഥയും വിളവിന്റെ സമൃദ്ധിക്ക് ആവശ്യമായിരുന്നു. തൽഫലമായി, അവർ

www.malankaralibrary.com

ദൈവത്തിന്റെ സഹായം തേടുകയും തങ്ങളുടെ വിളകൾക്കായി മറിയത്തിന്റെ മധ്യ സ്ഥം യാചിക്കുകയും ചെയ്തു. പരിശുദ്ധ കന്യകമറിയം ഈ ലോകത്തിന് സമ്മാനിച്ച നല്ല വിളയാണ് യേശുക്രിസ്തു. കർത്താവിന്റെ വയലിൽ നട്ട മുന്തിരിവള്ളിയായും മറിയത്തെ കാണുന്നുണ്ട്. വി. അപ്രേം മറിയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ഇപ്രകാരം പറയുന്നു, മറിയത്തിന്റെ ഗർഭപാത്രമാകുന്ന വയലിൽ സ്വീകരിച്ച ഗോതമ്പായ ക്രിസ്തു ലോകത്തിന് നിത്യജീവൻ നൽകുന്നു." വിളവെടുപ്പിലൂടെ നമുക്ക് അപ്പത്തിന്റെയും വീഞ്ഞിന്റെയും സമ്മാനങ്ങൾ ലഭിക്കുന്നു. അത് കുർബാനയിൽ ക്രിസ്തുവിന്റെ ശരീരവും രക്തവുമായി മാറുന്നു.

## 2.3 കുർബാനയിൽ പരിശുദ്ധ മറിയത്തിന്റെ സ്ഥാനം

മലങ്കര ആരാധന ക്രമത്തിന്റെ കേന്ദ്രബിന്ദുവാണ് വി. കുർബാന. മലങ്കര കുരബാനയിൽ രക്ഷാകരചരിത്രം മുഴുവൻ അവതരിപ്പിച്ചിരിക്കുന്നു. ഈ രക്ഷാകരചരിത്രത്തിൽ പരിശുദ്ധ അമ്മ പ്രധാനമായ ഒരു പങ്ക് വഹിക്കുന്നുണ്ട്. മലങ്കര കുർബാനയിൽ പ്രധാനമായും രണ്ട് ഭാഗങ്ങളാണ് ഉള്ളത്. ഒരുക്ക ശുശ്രൂഷയും പരസ്യ ശുശ്രൂഷയും. ഈ രണ്ട് ശുശ്രൂഷകളിലും പരിശുദ്ധ ദൈവമാതാവിനെ നാം അനുസ്മരിക്കുന്നുണ്ട്.

**2.3.1 ഒരുക്ക ശുശ്രൂഷ :** ദൈവശാസ്ത്രപരമായി, ദൈവം പൂർണ്ണമായി വെളിപ്പെട്ടിട്ടില്ലാത്ത പശ്ചാത്തലത്തിലാണ്, ഒരുക്ക ശുശ്രൂഷയെ പഴയനിയമ വെളിപാടായി കാണുന്നത്. ഇവിടെ നമുക്ക് രണ്ട് ക്രമങ്ങൾ ഉണ്ട്. ഒന്ന് മൽക്കിസെദേക്കിന്റെ ക്രമവും രണ്ട് അഹോറന്റെ ക്രമവും. മൽക്കിസെദേക്കിന്റെ ക്രമത്തിൽ പരി. ദൈവമാതാവിനെപ്പറ്റി പരാമർശിച്ചിട്ടില്ല. എന്നാൽ ഒരുക്ക ശുശ്രൂഷയുടെ രണ്ടാം ഭാഗത്തിൽ പരി. ദൈവമാതാവിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. "കർത്താവേ, ദൈവമാതാവായ വിശുദ്ധ മറിയാമിന്റെ ബഹുമതിക്കായി ഞങ്ങൾ അർപ്പിക്കുന്ന ഈ കുർബാനയിൽ അവളെ ഞങ്ങൾ പ്രത്യേകമായി സ്മരിക്കുന്നു. അവളുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചിരിക്കുന്ന നിന്റെ ദാസനു/ദാസിക്കുവേണ്ടി അവൾ

www.malankaralibrary.com

നിന്നോടു പ്രാർത്ഥിക്കു മാറാകണമെ. അതെ പ്രാർത്ഥനയിൽ പരിശുദ്ധ അമ്മയോടുള്ള ബഹുമാനാർത്ഥം കുർബാന അർപ്പിച്ചു കൊണ്ട് പുരോഹിതൻ പറയുന്നു: "ഉത്തമനും കാരുണ്യവാനുമായ ദൈവമേ, അവളുടെ കേൾക്കപ്പെട്ട പ്രാർത്ഥനകളാലും അംഗീകരിക്കപ്പെട്ട അഭ്യർത്ഥനകളാലും അവളുടെ ഓർമ്മയെ പ്രത്യേകമായി ബഹുമാനിച്ചിട്ടുള്ള ഇവന്റെ/ഇവളുടെ അപേക്ഷകൾക്ക് കരുണാപൂർവം മറുപടി അരുളണമേ. ഇവനിൽ/ഇവളിൽനിന്ന് പരീക്ഷകളും ശിക്ഷകളും ദണ്ഡനങ്ങളും നീക്കിക്കളയണമേ." പ്രുമിയോൻ സെദറായിലും പരി. ദൈവമാതാവിനെക്കുറിച്ച് പറയുന്നു : "കന്യകയുടെ ഉദരത്തിൽ നിന്നുത്ഭവിച്ച് ആ മാതാവിന്റെ സ്മരണയെ മഹത്ത്വപ്പെടുത്തി ആഘോഷിച്ച മോഹനീയ ഫലവും വിശുദ്ധരുടെ പെരുന്നാളു കളെയും അവയുടെ സന്തോഷത്തെയും ഭൂമിയിൽ മഹിമ യുള്ളതാക്കിത്തീർത്ത വന്ദ്യനാഥനും ഇമ്പകരമായ ശബ്ദത്താൽ മരിച്ചവരെ ജീവിപ്പിച്ച് ആനന്ദകരമായ മഹത്ത്വത്തിൽ തന്നോടു കൂടെ ആമോദിപ്പിക്കുന്ന ജീവനുള്ളവനും ജീവൻ നൽകുന്നവനു മായ കർത്താവിനു സ്തുതി. അവന് സ്തോത്രബലി അർപ്പിക്കപ്പെടുന്ന ഈ സമയത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും നേരങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ് ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും ആരാധനയും യോഗ്യമാകുന്നു.", "ഞങ്ങളുടെ പിതാവായ ആദാമിന്റെയും മാതാവായ ഹവ്വായുടെയും ദൈവജനനിയായ വിശുദ്ധ മറിയാമിന്റെയും ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും വിശ്വാസസാക്ഷികളുടെയും...." സെദറാ പൂർത്തിയാകുമ്പോൾ പുരോഹിതൻ കാസായിലും പീലാസയിലും ധൂപം അർപ്പിച്ചിട്ട് കിഴക്കോട്ട് നിന്നുകൊണ്ട് പറയുന്നു. "നീതിമാന്മാരേ, നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ; സുഗന്ധധൂപാർപ്പണത്തോടുകൂടെ ദൈവമാതാവായ കന്യകമറിയം അനുസ്മരിക്കപ്പെടട്ടെ!' പിന്നീട് പുരോഹിതൻ ധൂപക്കുറ്റി വീശുമ്പോൾ ഇങ്ങനെ പ്രാർത്ഥിക്കുന്നു: ഒരുക്ക ശുശ്രൂഷയിലെ ഹൂത്തോമയിൽ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥം യാചിക്കുന്നുണ്ട്: "കർത്താവേ, നീതിമാന്മാരും പുണ്യവാന്മാരും ദീർഘദർശി

www.malankaralibrary.com

മാരും ശ്ലീഹന്മാരും രക്തസാക്ഷികളും വിശ്വാസസാക്ഷികളും ദൈവമാതാവായ വിശുദ്ധ മറിയാമും എല്ലാ തലമുറകളിലും നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ള സകല വിശുദ്ധരും ഞങ്ങൾക്കെല്ലാവർക്കുംവേണ്ടി നിന്നോട് അഭ്യർത്ഥിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.”.

**2.3.4 പരസ്യ ശുശ്രൂ1ഷ :** യേശുക്രിസ്തുവിനെ ലോകത്തിന് വെളിപ്പെടുത്തിയ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളായ പരി. മറിയത്തിന്റെയും യോഹന്നാന്റെയും മാദ്ധ്യസ്ഥം യാചിച്ചുകൊണ്ടാണ് പരസ്യ ശുശ്രൂഷ ആരംഭിക്കുന്നത്. “കർത്താവേ, നിന്നെ പ്രസവിച്ച മറിയാമും നിനക്ക്മാമോദീസാ നല്കിയ യോഹന്നാനും ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും; ഞങ്ങളോട് കരുണ ചെയ്യണമേ.”. ഈ പ്രാർത്ഥനയ്ക്കുള്ള മറുപടിയിൽ പരിശുദ്ധയായവൾ, മഹത്വമുള്ളവൾ, ശുദ്ധിയുള്ളവൾ തുടങ്ങിയ വിശേഷണങ്ങളിലാണ് പരി. മറിയത്തെ ഓർമ്മിക്കുന്നത്. പരിശുദ്ധ മറിയം അവളുടെ ദിവ്യമായ മാതൃത്വത്തെ കാണിക്കുകയും പരിശുദ്ധാത്മാവിനോട് സഹകരിക്കുകയും ചെയ്തത് വഴി മഹത്വത്തിന്റെ അവസ്ഥ ലഭിക്കുകയും, മറിയം അവളുടെ കന്യകാത്വത്തിന്റെ പ്രതീകമായി തീരുകയും ചെയ്തു. ദൈവവചനത്തിന്റെ ആരാധനാക്രമത്തിൽ, ദൈവവചനം മാംസമായി പരി. മറിയത്തിൽ നിന്ന് ഉരുവായിയെന്ന് പരാമർശിക്കുന്നുണ്ട്. അനാഫോറയ്ക്കു മുമ്പുള്ള പ്രുമിയോനിലും സെദറായിലും പരിശുദ്ധ മറിയത്തെ വീണ്ടും അനുസ്മരിക്കുന്നുണ്ട്. അതിനുശേഷം നിഖ്യാ വിശ്വാസപ്രമാണത്തിലും പരിശുദ്ധ കന്യകമറിയമായ ദൈവമാതാവ് എന്ന് പരാമർശിക്കുന്നുണ്ട്. മദ്ധ്യസ്ഥപ്രാർത്ഥനയിലെ ആറ് എണ്ണത്തിൽ നാലാമത്തേത് പരി. മറിയത്തെക്കുറിച്ചുള്ളതാണ്. “ലോകാരംഭം മുതൽ അങ്ങയെ പ്രസാദിപ്പിച്ച എല്ലാവരെയും, പ്രത്യേകിച്ച് കന്യകമറിയത്തെ കർത്താവ് ഓർക്കണമെ”. പരി. മറിയത്തെ അനുസ്മരിക്കുന്ന അടുത്ത പ്രാർത്ഥനകളാണ് കുക്കിലിയോനും ഹൂത്തോമയും. ആദ്യത്തെ കുക്കിലിയോനിൽ വിശ്വാസികൾ പരി. മറിയത്തിന്റെ മാദ്ധ്യസ്ഥം യാചിച്ചു പ്രാർത്ഥിക്കുന്നു. യാത്ര അയപ്പിനുശേഷമുള്ള പാപമോചന പ്രാർത്ഥനയിലും പരിശുദ്ധ മറിയത്തിന്റെ പരാമർശമുണ്ട്.

www.malankaralibrary.com

## ഉപസംഹാരം

സുറിയാനി പാരമ്പര്യം പൗരസ്ത്യ ക്രിസ്ത്യാനികളെക്കുറിച്ചുള്ള ഒരു പ്രത്യേക ശാഖയെയാണ് പ്രതിനിധീകരിക്കുന്നത്. അതിന്റെ രൂപീകരണവും ദൈവശാസ്ത്ര രചനകളും പുരാതന ആരാധനാക്രമങ്ങളും ക്ലാസിക്കൽ സുറിയാനി ഭാഷയിലാണ് പ്രകടിപ്പിക്കുന്നത്. സുറിയാനി ക്രൈസ്തവമതത്തിൽ രണ്ട് ആരാധനാപരമായ പാരമ്പര്യമാണുള്ളത്. പൗരസ്ത്യ സുറിയാനി രീതിയും പാശ്ചാത്യസുറിയാനി രീതിയും. ഈ പാരമ്പര്യങ്ങളിലെല്ലാം പരി. മറിയത്തിന് വളരെ വലിയ പങ്കുണ്ട്. സഭയിലെ എല്ലാ വിശുദ്ധരുടെയും ഇടയിൽ പരിശുദ്ധ മറിയത്തിന് വളരെ പ്രധാനമായ ഒരു പങ്ക് ലഭിക്കുന്നുണ്ട്. ഈ പ്രാധാന്യം എന്നത് എഫേസോസിലെ എക്യുമെനിക്കൽ കൗൺസിൽ (എഡി 431) അടിവരയിടുകയും അത് സഭയുടെ ആത്മീയതയിൽ ഉറച്ചുനിൽക്കുകയും ചെയ്തത് 'ദൈവമാതാവ്'(തിയോതോക്കോസ്) എന്ന പദവിയുടെ അനന്തര ഫലമാണ്. അങ്ങനെ ദൈവപുത്രനെ വഹിക്കാൻ ഇഷ്ടപ്പെട്ട വ്യക്തിയായി മാത്രമല്ല. ദൈവിക വാഗ്ദാനത്തോടുള്ള അവളുടെ സമ്മതം നിമിത്തം, രക്ഷാകര പുരോഗതിക്കായി മനുഷ്യർ ദൈവവുമായി സഹകരിക്കുന്ന പ്രക്രിയയായ സമന്വയത്തിന്റെ പരകോടിയേയും അവൾ പ്രതിനിധീകരിക്കുന്നു. അങ്ങനെ അവൾ ഏദൻ തോട്ടത്തിലെ ഹവ്വായുടെ മാരകമായ പതനത്തിന്റെ വിപരീതത്തെ പ്രതിനിധീകരിക്കുന്നു. അതിനാൽ 'രണ്ടാം ഹവ്വാ' എന്ന പദവിയും നൽകപ്പെടുന്നു. പാശ്ചാത്യ സുറിയാനി ആരാധനാക്രമത്തിൽ പരി. മറിയത്തിന്റെ ആശയവും പങ്കും അതിന്റെ ക്രിസ്റ്റോളജിയും സഭാശാസ്ത്രവുമായി ബന്ധപ്പെടുത്തി മാത്രമേ വിലമതിക്കാൻ കഴിയൂ. മലങ്കര കത്തോലിക്കാ സഭയുടെ ആരാധനാക്രമത്താൽ പരി. മറിയത്തിന് അഗാധമായ ഒരു പ്രാധാന്യമുണ്ട്. മലങ്കര ആരാധനാക്രമത്തിൽ പരി. മറിയത്തെക്കുറിച്ചുള്ള ധാരാളം ഉദ്ധരണികൾ കാണാം. മലങ്കര ആരാധനാക്രമത്തിൽ സഭാപിതാക്കന്മാർ പങ്കുചേരുന്നു എന്നാണ് പരിശുദ്ധ അമ്മയുടെ വ്യത്യസ്തങ്ങളായ തിരുനാളുകളും ഓർമ്മപ്പെരുന്നാളുകളും സൂചിപ്പിക്കുന്നത്.

www.malankaralibrary.com

# 3
# പരിശുദ്ധ മറിയത്തിന്റെ പ്രതിരൂപങ്ങൾ

## 3.1 വാഗ്ദാന പേടകം

പാവന മാതാതൻ രൂപം നിയമങ്ങളിലും
പ്രവചനമതിലും കാട്ടിയൊരിൽ ശ്രേഷ്ഠൻ നിബി മൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ,
ക്ദുശ്ക്കുദിശീനിൽ തളിരിട്ടോരഹറോൻ വടിയാലും
ഏലിശാ തൻ നവ കുംഭത്താൽ
ഏശായാ വേഗമെഴും മുകിലാൽ
ഗിദയോൻ മഞ്ഞുപതിഞ്ഞൊരു രോമക്കെട്ടാലും കാട്ടി.
***(ശ്ഹീമ്മോ ശുബ്ഹോ, ബുധൻ, കോലോ പേജ്-120)***

മറിയത്തിന്റെ ദൈവമാതൃത്വം എന്ന രഹസ്യത്തെ വർണ്ണിക്കുവാൻ 'ഉടമ്പടിയുടെ പേടകം' അഥവാ 'വാഗ്ദാന പേടകം' എന്ന പ്രതീകം സഭാപിതാക്കന്മാർ ഉപയോഗിക്കുന്നു. മറിയം എലിസബത്തിനെ സന്ദർശിക്കുന്ന വേളയിൽ എലിസബത്ത് ഈ ദൈവിക രഹസ്യത്തെ തിരിച്ചറിയുന്നുണ്ട്. എലിസബത്ത് മറിയത്തെ നിഗൂഢതകളുടെ പേടകമായിട്ടാണ് കണ്ടത്. "കന്യക നിഗൂഢതകൾ നിറഞ്ഞ പേടകം പോലെ വസിക്കുന്നു; പുരോഹിതന്റെ ഭവനം സന്തോഷിക്കുന്നു, അവർ അവളെ ബഹുമാനിക്കുന്നു". പഴയനിയമത്തിൽ പേടകം ദൈവത്തിന്റെ മഹത്വത്താൽ നിറഞ്ഞതുപോലെ മറിയം ദൈവിക സാന്നിധ്യത്താൽ നിറയപ്പെട്ടു. ഇത് വിശദീകരിക്കാൻ പരിശുദ്ധ മറിയത്തെയും വാഗ്ദാന പേടകത്തെയും തമ്മിൽ സെരൂഗിലെ മാർ യാക്കോബ് താരതമ്യപ്പെടുത്തുന്നു.

www.malankaralibrary.com

**3.1.1 എലിസബത്ത് മറിയത്തിലെ ദൈവസാന്നിധ്യം തിരിച്ചറിയുന്നു:** “മറിയമേ, എല്ലാ ഉദരങ്ങളിലും ശിശുക്കളെ രൂപപ്പെടുത്തുന്നവൻ നിന്നിൽ വസിക്കുന്നു”. പഴയനിയമത്തിൽ ഉസിയാ പേടകം പിടിക്കാൻ കൈ നീട്ടിയപ്പോൾ ദൈവം അവനെ അടിക്കുകയും ഉടമ്പടി പേടകത്തിനരികിൽ വച്ച് മരിക്കുകയും ചെയ്ത സംഭവമുണ്ട്. ഇത് കണ്ടു ദാവീദ് യഹോവയെ ഭയപ്പെട്ടു, “കർത്താവിന്റെ പേടകം എന്റെയടുക്കൽ എങ്ങനെ വരും?” (2 സാമു. 6:6-9). ദൈവം പെട്ടകത്തിൽ വസിക്കുന്നു എന്ന് ദാവീദ് വിശ്വസിച്ചു. മറിയത്തിൽ ദൈവസാന്നിധ്യം അനുഭവിക്കുന്നതും സമാനമായ രീതിയിലായിരുന്നു. എലിസബത്ത് ചോദിക്കുന്നു: “നീ എന്റെ അടുക്കൽ വരാൻ എനിക്ക് എങ്ങനെ ഭാഗ്യം കൈവന്നു?”.

**3.1.2 മറിയം എലിസബത്തിന്റെ ഭവനത്തിൽ വസിച്ചു:** പേടകം മൂന്ന് മാസം ഓബദ് ഏദോമിന്റെ വീട്ടിലുണ്ടായിരുന്നു. മറിയം മൂന്ന് മാസം സഖറിയായുടെ വീട്ടിൽ താമസിച്ചു. മൂന്നു മാസം മറിയംമൂലം പുരോഹിതന്റെ ഭവനത്തിൽ ദൈവിക സാന്നിധ്യം നിറഞ്ഞു നിന്നു.

**3.1.3 മറിയം എലിസബത്തിന്റെ ഭവനത്തിൽ അനുഗ്രഹം നൽകി:** മറിയം എലിസബത്തിനെ സന്ദർശിക്കുന്ന സംഭവത്തിലും വാഗ്ദാന പേടകം ദാവീദിന്റെ നേതൃത്വത്തിൽ പിടിച്ചെടുക്കുന്ന സംഭവത്തിലും ദുഃഖകരമായ സംഭവങ്ങളും അദ്ദേഹത്തിന്റെ സന്തോഷത്തിന്റെ സംഭവങ്ങളും ഉണ്ട്. സങ്കടകരമായ സംഭവങ്ങൾ ഊസ്സിയായുടെ മരണവും (2 സാമു. 6:7) സഖറിയായുടെ ശാപവും (ലൂക്കാ.1:20). അതുപോലെ ദൈവാനുഗ്രഹത്തിന്റെ സന്ദർഭങ്ങളുമാണ്. “കർത്താവിന്റെ പേടകം ഹിത്യനായ ഓബദ് ഏദോമിന്റെ വീട്ടിൽ മൂന്നുമാസം ഉണ്ടായിരുന്നു; കർത്താവ് ഓബദ് ഏദോമിനെയും അവന്റെ കുടുംബത്തേയും അനുഗ്രഹിച്ചു” (2 സാമു. 6:11). സഖറിയായുടെ കുടുംബത്തെ മറിയം സന്ദർശിച്ചത് കാരണം ദൈവം അവരെ അനുഗ്രഹിച്ചു. മാർ ജേക്കബ് ഇത് അവതരിപ്പിക്കുന്നു.

www.malankaralibrary.com

“ദൈവപുത്രൻ തന്റെ സത്തയിൽ നിന്ന് ആത്മാവിനെ അയച്ചു, ശിശു അമ്മയുടെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ പരിശുദ്ധാത്മാവിനാൽ സ്നാനം ഏറ്റു”.

നിഗൂഢതകൾ നിറഞ്ഞവളും, തിരുവെഴുത്തുകളുടെ പൂർത്തീകരണവുമാണ് മറിയം. മറിയത്തിലെ അഗ്നി, പാപത്തിന്റെ മുള്ളുകളെ ദഹിപ്പിക്കുന്ന അഗ്നിയുടെയും ലോകത്തിന്റെ അന്ധകാരത്തെ അകറ്റുന്ന പ്രകാശത്തിന്റെ ഉറവിടമായ അഗ്നിയുടെയും പ്രതീകമാണ്.

പഴയനിയമത്തിലുടനീളം പെട്ടകം എന്നത് കർത്താവിന്റെ സാന്നിധ്യത്തെ സൂചിപ്പിക്കുന്ന ഒരു പ്രധാന പ്രതീകമായിരുന്നു. മറിയത്തിന്റെ രഹസ്യത്തെ വിശദീകരിക്കാൻ മനുഷ്യഭാഷ അപര്യാപ്തമായതിനാൽ ദൈവത്തിന്റെ പെട്ടകത്തോട് അവളെ ഉപമിച്ചു. ദൈവത്തിന്റെ പേടകം വാഗ്ദത്ത ദേശത്തേക്കുള്ള യാത്രയിൽ വഹിച്ച പുരോഹിതനെപ്പോലെ, മനുഷ്യരാശിയെ രക്ഷിക്കാൻ വന്ന ദൈവത്തെ മറിയം ഉദരത്തിൽ വഹിച്ചു.

### 3.1.4 **അഗ്നി നിറഞ്ഞ പേടകം**

മറിയം എന്ന പേടകത്തിന് മൂന്ന് പ്രധാന വശങ്ങളുണ്ട്.

1. മറിയം : ദൈവത്തിന്റെ സാന്നിധ്യത്തിന്റെ പ്രതീകമായിരുന്നു.
2. മറിയം : അഗ്നി വസിച്ച പേടകമാണ്.
3. മറിയം : തിരുവെഴുത്തുകളുടെ പൂർത്തീകരണം നടക്കുന്ന പേടകമാണ്.

പേടകത്തിൽ ദൈവം വസിക്കുന്നു എന്ന് ഇസ്രായേൽ ജനങ്ങൾ വിശ്വസിച്ചിരുന്നു. പേടകം ഒരു മാധ്യമമായി മാറുന്നത് ദൈവം അതിലൂടെ മനുഷ്യരുടെ ഇടയിൽ വസിച്ചതുകൊണ്ടാണ്. മാർ യാക്കോബ് മറിയത്തെ ദൈവത്തിന്റെ ശിരസ്സ് എന്നാണ് വിളിക്കുന്നത്. ഉടമ്പടിയുടെ പേടകത്തിൽ അടയാളപ്പെടുത്തിയതിന്റെ നിവൃത്തിയായാണ് മാർ ജേക്കബ് മറിയത്തെ അവതരിപ്പിക്കുന്നത്. പേടകം ആളുകളുടെ നടുവിലുണ്ടായിരുന്നതുപോലെ

www.malankaralibrary.com

ദൈവപുത്രനെയും വഹിച്ചുകൊണ്ട് മനുഷ്യരാശിയുടെ നടുവിലാണ് മറിയം നിൽക്കുന്നത്. ഇസ്രായേലിന്റെ ചരിത്രത്തിൽ സംഭവിച്ചത് മറിയത്തിൽ യാഥാർത്ഥ്യമായി. ദൈവപുത്രൻ കന്യകാമറിയത്തിൽ പൂർണ്ണ ദൈവമായും പരിപൂർണ്ണ മനുഷ്യനായും വസിച്ചു. മറിയം ബഹുമാനിക്കപ്പെടുന്നതിനുകാരണം അവതരിച്ച ദൈവം അവളിൽ വസിക്കുകയും അവളിലൂടെ വളരുകയും ചെയ്തതുകൊണ്ടാണ്. പഴയനിയമത്തിൽ മറഞ്ഞിരിക്കുന്ന ദൈവസാന്നിധ്യം സദ്വാർത്ത യിലൂടെ പ്രത്യക്ഷമായി. മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ സഖറിയായുടെ വീട്ടിൽ ഈ സാന്നിധ്യം ആഘോഷിക്കപ്പെട്ടു. പഴയ നിയമത്തിൽ നിഴലിലായിരുന്ന കാര്യം മറിയത്തിന്റെ ഗർഭധാരണ ത്തിൽ യാഥാർത്ഥ്യമായി. മറിയത്തെ അഗ്നി നിറഞ്ഞ പേടകം എന്ന് വിളിക്കുന്നതിലൂടെ മറിയത്തിന്റെ പുത്രനെ ലോകത്തെ അകൃത്യ ങ്ങളിൽ നിന്ന് എരിച്ചു നീക്കുന്ന അഗ്നിയായും ലോകത്തെ ശുദ്ധീ കരിക്കുന്ന അഗ്നിയായും വിശേഷിപ്പിക്കുന്നു.

മറിയത്തിന്റെ മഹത്വം ദൈവത്തിന്റെ പേടകത്തിന്റെ മഹത്വത്തേക്കാൾ വലുതാണ്. കാരണം പേടകത്തിന്റെ പ്രതീക ത്തിൽ തന്റെ സാന്നിദ്ധ്യമായി ദൈവം വെളിപ്പെടുത്തിയപ്പോൾ മറി യത്തിൽ തന്നെത്തന്നെ യാഥാർത്ഥമായി അവതരിപ്പിച്ചു. എലിസ ബത്തിന്റെ ഗർഭപാത്രത്തിൽ കുഞ്ഞ് സന്തോഷത്തോടെ കുതിച്ചു. ദാവീദ് പേടകത്തിനു മുന്നിൽ നൃത്തം ചെയ്തു. ദൈവത്തിന്റെ പേടകം ഉള്ളതിനാൽ, കർത്താവ് ഓബദ് ഏദോമിന്റെ കുടുംബത്തെ അനുഗ്രഹിച്ചു. ദാവീദ് ഇതു കേട്ടപ്പോൾ ദൈവത്തിന്റെ പേടകം തന്റെ നഗരത്തിലേക്ക് കൊണ്ടുവന്നു. അവൻ കർത്താവിന്റെ സന്നി ധിയിൽ നൃത്തം ചെയ്തു. അവന്റെ കൊമ്പിന്റെ ശബ്ദത്താൽ ആർപ്പുവിളിച്ചു (2 സമു.6:1-23). ഇവിടെ ദാവീദ് തന്റെ രാജകീയക്രമം മറക്കുന്നു. ദാവീദിന്റെ ഈ ആഹ്ലാദം ദൈവത്തിന്റെ മുമ്പിൽ യോഹ ന്നാന്റെ ആഹ്ലാദത്തിന്റെ മുൻരൂപമായിരുന്നു. നിഗൂഢതകളുടെ കർത്താവ് മറിയത്തിൽ വസിച്ചതിനാൽ മറിയത്തിന് പൂർണ്ണ രഹ സ്യങ്ങളുടെ പെട്ടകത്തേക്കാൾ വലിയ ബഹുമാനം നൽകി വരുന്നു.

www.malankaralibrary.com

"മറിയം പെട്ടകത്തിന്റെ ജീവനുള്ള പ്രതീകമായി മാറുന്നു. മറിയം പേടകമായത് അവളുടെ താഴ്മയും സത്ഗുണങ്ങളും ദൈവത്തോടുള്ള വിശ്വസ്തതയും കൊണ്ടാണ്."

**3.1.5 ബൈബിളിലെ ഉടമ്പടിയുടെ പേടകം :** ബൈബിളിലെ പേടകത്തിന്റെ ആദ്യവിവരണം പുറ.25:21–ലാണ്. ദൈവം മോശയെ കാണാൻ വരുന്ന പേടകത്തിൽ സാക്ഷ്യം വഹിക്കാൻ ദൈവം മോശയോട് കൽപ്പിച്ചു. പഴയനിയമത്തിൽ ഉടമ്പടിയുടെ പലകകൾക്കുള്ള പാത്രമായിരുന്നു പേടകം. ദൈവത്തിന്റെ വചനം പേടകത്തിൽ സ്ഥാപിച്ചു. അത് തന്റെ ജനവുമായുള്ള ദൈവത്തിന്റെ കൂടിക്കാഴ്ചയുടെ ഫലമായ് മാറി. പുറ.37:1–15–ൽ പേടകം എങ്ങനെ നിർമ്മിക്കണമെന്ന് നാം കാണുന്നു. ദൈവം നൽകിയ അളവുകളും പദ്ധതിയും അനുസരിച്ച് ബസാലേൽ ആണ് പേടകം നിർമ്മിച്ചത്. പേടകം ഖദിരമരംകൊണ്ട് ഉണ്ടാക്കിയതും സ്വർണ്ണംകൊണ്ട് പൊതിഞ്ഞതുമായിരിക്കണം (പുറ.25:10–11). അവർ സ്വർണ്ണംകൊണ്ട് ഒരു കൃപാസനമുണ്ടാക്കി പേടകത്തിന്റെ മുകളിൽ സ്ഥാപിക്കുകയും സാക്ഷ്യം പേടകത്തിൽ നിക്ഷേപിക്കുകയും ചെയ്യണമായിരുന്നു. രണ്ടു കെരൂബുകൾ ഉണ്ടാക്കി കൃപാസനത്തിനുനേരെ പ്രതിഷ്ഠിക്കണം. കെരൂബുകൾ കൃപാസനത്തെ മറച്ചുകൊണ്ട് മുകളിൽ ചിറകു വിടർത്തും.

പേടകത്തിന്റെ നിർമ്മാണത്തിനായി പ്രധാനമായും ഉപയോഗിക്കുന്ന രണ്ട് വസ്തുക്കൾ അക്കേഷ്യമരവും തങ്കവും ആയിരുന്നു. അക്കേഷ്യമരം ദ്രവിക്കുന്നില്ല. മരുഭൂമിയിൽപോലും വളരുന്ന മരമാണിത്. ശുദ്ധമായ സ്വർണ്ണം ഏഴുപ്രാവശ്യം അഗ്നിയിൽ ശുദ്ധീകരിക്കപ്പെടുന്നു. അങ്ങനെ അത് കറയില്ലാതാകുന്നു. അതിനാൽ പേടകത്തിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്ന വസ്തുക്കൾ പരിശുദ്ധിചെയത് എടുത്തതുപോലെ ദൈവപുത്രനെ വഹിക്കേണ്ട പേടകമായി മറിയത്തെയും ദൈവം വിശുദ്ധീകരിച്ചു. ഉദരത്തിൽ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനെ പരിശുദ്ധയായ അവൾ വഹിക്കുന്നു. ഇവിടെ നിഗൂഢതകൾ എന്ന പദം മറിയത്തിന്റെ

www.malankaralibrary.com

ഗർഭപാത്രത്തിൽ യേശുക്രിസ്തു രൂപംകൊണ്ട സംഭവത്തെ സൂചിപ്പിക്കുന്നു. മറിയം അഗ്നിനിറഞ്ഞ പേടകമാണ്. പഴയനിയമത്തിലെ ഒരു പ്രതീകമാണ് അഗ്നി. അഗ്നി ദൈവത്തിന്റെ പ്രതീകമാണ്. അഗ്നിയായ് പ്രത്യക്ഷപ്പെട്ട കർത്താവ് മറിയത്തിൽ വസിച്ചതിനാൽ മറിയത്തെ അഗ്നി നിറഞ്ഞ പേടകം എന്ന് വിളിക്കുന്നു. "അവൻ അവളെ ദൈവത്തിന്റെ വാസസ്ഥലമായി കണ്ടു. അവർ അവളെ അഗ്നി നിറഞ്ഞ പേടകമായി കണക്കാക്കി".

വിശുദ്ധ ഗ്രന്ഥം ദൈവത്തിന്റെ തിരുവെഴുത്താണ്. മറിയം ഈ തിരുവെഴുത്തുകളുടെ പേടകവും. ഈ ദൈവവചനം (ഉടമ്പടിപ്പത്രിക) പേടകത്തിൽ സൂക്ഷിച്ചിരുന്നതുപേലെ ദൈവവചനം മറിയത്തിൽ മനുഷ്യരൂപം സ്വീകരിച്ചു. അതിനാൽ, പഴയനിയമ പേടകത്തിനുപകരം മറിയം ക്രിസ്തുവിനെ ഗർഭം ധരിച്ചുകൊണ്ട് ദൈവവചനത്തിന് ഭൂമിയിൽ വസിക്കാനുള്ള പുതിയ പേടകമായി മാറി.

പഴയനിയമത്തിലേക്ക് വീണ്ടും കണ്ണോടിക്കുമ്പോൾ രണ്ട് കാരണങ്ങളാൽ പേടകത്തിന്റെ സാന്നിധ്യം ഇസ്രായേല്യരുടെ ജീവിതത്തിൽ പ്രധാനമായിരുന്നു. "അത് അവരെ അനുഗ്രഹിച്ചു" എന്നതാണ് ഒന്നാമത്തെ കാരണം. ഇസ്രായേൽ ജോർദാൻ നദി മുറിച്ചു കടക്കുമ്പോൾ ഉടമ്പടിയുടെ പേടകം വഹിച്ചിരുന്ന പുരോഹിതന്മാരുടെ പാദങ്ങൾ വെള്ളത്തിന്റെ വക്കിൽ മുക്കി. വെള്ളം ഒഴുകുന്നത് നിന്നു. ആളുകൾ ജോർദാൻ നദി കടന്നുപോയി (ജോഷ്വാ 3:14-17). രണ്ടാമത്തെ കാരണം പേടകം ദൈവവുമായി താരതമ്യപ്പെടുത്തിയിരുന്നു. കർത്താവിന്റെ മുമ്പാകെ അല്ലെങ്കിൽ ദൈവത്തിന്റെ മുമ്പാകെ എന്ന പദപ്രയോഗം പേടകത്തിന് മുമ്പിൽ എന്നതിന്റെ പര്യായമായി ഉപയോഗിച്ചിരുന്നു.

www.malankaralibrary.com

# 3.2 സ്വർഗ്ഗീയ രഥം

ദാവീദിൻ വംശത്തിൽ നിന്നൊരു കന്യകമറിയാം
പാരിൻവാഹകനെപ്പേറും രഥമായിത്തീർന്നാൾ
ഹസ്കീയേൽതാൻ ദർശിച്ചുള്ളോരാ
രഥമതിലധികം ശ്രേഷ്ഠതയുള്ളവൾ താൻ
വാചാലതയുള്ളൊരു മുഖചക്രങ്ങളതിന്നുണ്ടായ്
നാഥാ നിൻ സ്തുതിപാടും മറിയാമ്മിന്റെ വായ്ശ്രേഷ്ഠം
ഹാലേലുയ്യാ അവൾ പ്രാർത്ഥനയഭയം.
***(ശുബഹോ, തിങ്കൾ രാത്രി, കോലോ, പേജ്-59)***

**3.2.1 സ്വർഗ്ഗീയ രഥം :** മറിയത്തിനുലഭിച്ച സ്വർഗ്ഗീയ ദാനത്തിൽ അത്ഭുതപ്പെട്ടാണ് സഭാപിതാക്കന്മാർ വചനാധിഷ്ഠിത പദങ്ങളാൽ അവളെ വിശേഷിപ്പിക്കുന്നത്. മറിയം ജോസഫിന്റെ ഭാര്യയായിരിക്കെ അവളിൽ നിന്നും ദൈവപുത്രൻ മനുഷ്യരൂപം പ്രാപിക്കുന്നു. ഉപമാലങ്കാരത്തിലൂടെയല്ലാതെ ഇത്തരം ഒരു അത്ഭുതം വർണ്ണിക്കാൻ വളരെ പ്രയാസമാണ്. അതിനാൽ പഴയനിയമ പ്രതീകങ്ങൾ ഉപയോഗിച്ചുമാത്രമേ മറിയത്തെ വിശേഷിപ്പിക്കാൻ സാധിക്കൂ. പഴയനിയമത്തിൽ ദൈവസാന്നിധ്യം നിറഞ്ഞുനിന്ന, ഇസ്രായേൽ ചരിത്രത്തിലെ അനേകം പ്രതീകങ്ങൾ ഇതിനു ഉപയോഗിക്കുന്നു.

**3.2.2 ബൈബിളിലെ അടിസ്ഥാനം :** പഴയനിയമത്തിൽ 'രഥ'ത്തിനെ സംബന്ധിച്ചുള്ള ധാരാളം സൂചനകൾ ഉണ്ട്. ഒന്നാമതായി ഉൽപത്തി പുസ്തകത്തിൽ യാക്കോബിനെ ഫറവോ ഈജിപ്തിന്റെ മുഴുവൻ ചുമതല ഏൽപ്പിച്ചതിനുശേഷം അവനു സഞ്ചരിക്കാൻ തന്റെ രണ്ടാം രഥം നൽകുന്നു. അവനു മുന്നിൽ ജനം കുനിഞ്ഞ് മുട്ടുകുത്തുന്നു (ഉൽപ. 41:1-43). ഇവിടെ രഥം എന്നത് ഒരു രാജകീയ വാഹനമാണ്. രണ്ടാമത്തെ സൂചന സങ്കീർത്തന പുസ്തകത്തിൽ നിന്നാണ്. "അങ്ങു വാനമേഘങ്ങളെ രഥമാക്കി കാറ്റിൻെറ ചിറകുകളിൽ സഞ്ചരിക്കുന്നു" (സങ്കീ. 104:3). "അങ്ങയുടെ

www.malankaralibrary.com

രഥത്തിന്റെ ചാലുകൾപുഷ്ടി പൊഴിക്കുന്നു" (സങ്കീ. 65:11). ഈ വാക്യത്തിൽ 'രഥം' എന്നത് ദൈവാനുഗ്രഹത്തിന്റെ ഉറവിടമായി കാണുന്നു.

മൂന്നാമത്തെ സൂചന കാണുന്നത് എസെക്കിയേലിന്റെ പ്രവാചക ദർശനത്തിലാണ്. കൊടുങ്കാറ്റിലും വലിയ മേഘങ്ങളിലും ദൈവം എസെക്കിയേലിനു പ്രത്യക്ഷനാകുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വലിയ മഹത്വമാണ് എസെക്കിയേൽ കാണുന്നത്. ചിറകുകളുള്ള, സഞ്ചരിക്കാവുന്ന കെരൂബുകളോട് പ്രവാചകൻ അത് സാദൃശ്യപ്പെടുത്തുന്നു. കെരൂബുകളുടെ വിശിഷ്ഠതകൾ പ്രകൃത്യാതീതമാണ്. കാരണം അവർ മനുഷ്യരെപ്പോലെയോ, മൃഗങ്ങളെപ്പോലെയോ അല്ല. ദൈവസാന്നിധ്യത്തിന്റെ പ്രതീകങ്ങളാണ് അവ. ഒരു വ്യക്തിയോടുള്ള ദൈവത്തിന്റെ വെളിപ്പെടുത്തൽ എന്നപോലെയാണ് എസെക്കിയേലിന്റെ ദർശനം കണക്കാക്കപ്പെടുന്നത്.

നാലാമത്തെ സൂചന ലഭിക്കുന്നത് മക്കബായരുടെ പുസ്തകത്തിൽ നിന്നാണ്. ദൈവാലയ നിർമ്മാണത്തെക്കുറിച്ച് ദാവീദ് സോളമനു നൽകുന്ന നിർദ്ദേശങ്ങളിൽ, ദൈവവുമായുള്ള ഉടമ്പടിയുടെ പേടകം പൊതിഞ്ഞു ചിറകുകൾ വിരിച്ചു നിൽക്കുന്ന കെരൂബുകളുടെ സ്വർണ്ണരഥം നിർമ്മിക്കാൻ ആവശ്യപ്പെടുന്നുണ്ട് (1 മക്ക.28:18). ഇവിടെ രഥം എന്നത് മനുഷ്യന്റെ മധ്യേയുള്ള ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ്. അവസാനമായി രാജാക്കന്മാരുടെ പുസ്തകത്തിൽ കാണുന്ന ഒരു സൂചനയുണ്ട്. ഏലിയ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ ഒരു അഗ്നിരഥം ഏലിയായെ ഏലിഷായിൽ നിന്നും അകറ്റി മാറ്റി നിർത്തുന്നു (2 രാജാ. 2:11).

ഈ സൂചനകൾ എല്ലാ രഥത്തെക്കുറിച്ച് പ്രതീകാത്മകമായി അവതരിപ്പിക്കുന്ന ചില കാര്യങ്ങൾ വ്യക്തമാക്കുന്നു. 1. രാജകീയ വാഹനം, 2. ദൈവാനുഗ്രഹത്തിന്റെ ഉറവിടം, 3. ദൈവത്വത്തെക്കുറിച്ചുള്ള വെളിപാട്, 4. മനുഷ്യമധ്യേയുള്ള ദൈവസാന്നിധ്യം.

www.malankaralibrary.com

**3.2.3 സുറിയാനി പാരമ്പര്യങ്ങളിൽ :** 'രഥം' എന്ന പദം പ്രതീകമായി എസെക്കിയേൽ പ്രവചനത്തിൽ ഉപയോഗിക്കുന്നില്ല എങ്കിലും, ദൈവമഹത്വം ദർശിച്ച എസെക്കിയേലിന്റെ സ്വപ്നവും ദൈവത്തെക്കുറിച്ചുള്ള അപരിമേയത്വവും വിശദമാക്കാൻ 'രഥം' എന്ന പദമാണ് സുറിയാനി പാരമ്പര്യങ്ങളിൽ ഉപയോഗിക്കുന്നത്. കെരൂബുകളുടെ തലയ്ക്കുമുകളിലായി കണ്ട സിംഹാസനത്തിന്റെ സാദൃശ്യത്തിൽ ഇന്ദ്രനീലക്കല്ലുപോലെ എന്തോ കണ്ടതായി പ്രവാചകൻ പറയുന്നു. ചണവസ്ത്രധാരിയായ മനുഷ്യൻ കെരൂബുകളുടെ ചക്രങ്ങൾക്കിടയിലേക്കുപോയി കൈനിറയെ ജ്വലിക്കുന്ന തീക്കനൽ എടുത്തു നഗരത്തിനുമീതെ വിതറാൻ ആജ്ഞാപിക്കപ്പെടുന്നു (എസെ. 10:1–2). സുറിയാനി പാരമ്പര്യത്തിൽ മറിയത്തെ ഈ രഥത്തോടാണ് ഉപമിക്കുന്നത്. അത്തരം സാദൃശ്യങ്ങൾ ആരാധനാക്രമത്തിൽ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ശീഹ്മ്മോ നമസ്കാരത്തിൽ പ്രാർത്ഥിക്കുന്നുണ്ട്. 'മറിയത്തിന്റെ മുട്ടുകൾ രഥമായും, അവളുടെ കൈകൾ അതിന്റെ ചക്രങ്ങളുമായി മറിയത്തിന്റെ വായ്കൾ ദൈവപുത്രന്റെ മഹത്വത്തെ സ്തുതിക്കുന്നു.' ആയതിനാൽ എസെക്കിയേൽ കണ്ട രഥത്തിന്റെ സൗന്ദര്യത്തെ അതിലംഘിക്കുന്നതാണ് അവളുടെ സൗന്ദര്യം. മറിയത്തെക്കുറിച്ചുള്ള സാദൃശ്യം അതിൽ മറഞ്ഞിരിക്കുന്നതായിരുന്നു. അത് വെളിപ്പെട്ടപ്പോൾ രഥം എന്ന വെളിപാട് അപ്രസക്തമായി മാറി.

പരിശുദ്ധ കന്യകാ മറിയത്തിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ദൈവാലയങ്ങളിൽ അവളുടെ തിരുന്നാൾ ദിവസം വിശുദ്ധ കുരിശിനെ വണങ്ങുന്ന ആരാധനാ പാരമ്പര്യമുണ്ട്. ലോകരക്ഷകനെ വഹിച്ച രഥമായി മറിയം താരതമ്യം ചെയ്യപ്പെടുന്നു എന്നതാണ്. എന്നാൽ ഒരു രഥത്തെക്കാൾ അവൾ എത്രയോ ഔന്നത്യം നിറഞ്ഞവളാണ്. ഒരു രഥത്തിന് അനുഭവസാദൃശ്യമായ മുഖങ്ങളും ചക്രങ്ങളുമുണ്ട്. എന്നാൽ മറിയത്തിന് ഒരു അധരമുണ്ട്. അത് പാടുന്നത്, 'കർത്താവേ, അങ്ങേയ്ക്ക് സ്തുതി' എന്നാണ്. 1 മക്കബായർ 2:18 ൽ കാണുന്ന ദൈവസാന്നിധ്യത്തെ ഈ രഥവുമായി

www.malankaralibrary.com

ഉപമിക്കാവുന്നതാണ്. മറിയത്തെക്കുറിച്ചുള്ള ഒരു സ്തുതിഗീതം ഇപ്രകാരമാണ്. 'മറിയം നീ മാംസത്തെ വഹിച്ച രഥമാണ്. അഗ്നിയായവനെ ഉദരത്തിൽ സ്വീകരിച്ച് അവനുപിന്നാലെ പുറപ്പെടാൻ നീ നിന്നെതന്നെ ഒരുക്കി'. ഇതിന്റെ തുടർച്ച ഇങ്ങനെയാണ്. 'സ്വർഗ്ഗത്തിൽ അസൂയ ഉണ്ടായിട്ടുണ്ടോ? എങ്കിൽ എസെക്കിയേൽ കണ്ട രഥം മനുഷ്യപുത്രിയെ കണ്ട് അസൂയപ്പെട്ടിട്ടുണ്ടാകും. ഇവിടെ ആ രഥം സർവ്വശക്തന്റെ മഹത്വത്തിന് സദൃശ്യമാകുമ്പോൾ മറിയം അവന്റെ രാജകീയതയെ ദ്യോതിപ്പിക്കുന്നു.

**3.2.4 ദൈവശാസ്ത്രം :** 'സ്വർഗ്ഗീയ രഥം' എന്ന ചിന്തയ്ക്ക് പ്രധാനമായി രണ്ടു വ്യാഖ്യാനങ്ങളാണുള്ളത്. ഒന്നാമതായി അത് മറിയത്തിന്റെ മാതൃത്വത്തിന്റെ അടയാളമാണ്. രണ്ടാമതായി മറിയത്തിന്റെ കന്യത്വത്തിന്റെ തെളിവാണ്. നിയമപരമായി മറിയം ജോസഫിന്റെ വധുവാണ്. എന്നാൽ, ദൈവപുത്രന്റെ മാതാവും വളർത്തച്ഛനുമാകാൻ ദൗത്യം ഏൽപ്പിക്കപ്പെട്ട ഇരുവരും വൈവാഹിക ബന്ധം ഇല്ലാതെ ജീവിച്ചു. ജോസഫ് മറിയത്തെ ആദരിക്കുന്നത് എസെക്കിയേൽ കണ്ട സ്വർഗ്ഗീയ രഥത്തോട് തുലനം ചെയ്താണ്. മാർ യാക്കോബിന്റെ ധ്യാന ചിന്തകളിൽ, എസെക്കിയേൽ കണ്ട മഹത്വരമായ ദർശനത്തേക്കാൾ എത്രയോ രഹസ്യാത്മകവും ഔന്നത്യം നിറഞ്ഞതുമാണ് ദൈവപദ്ധതിയോടുള്ള മറിയത്തിന്റെ തുറവിയും സഹകരണവും. ഇത്തരം ഉപമയിലൂടെ പരസ്യമാക്കപ്പെടുന്നതും മറിയം എപ്രകാരം ദൈവത്തിന്റെ വാസസ്ഥലമായി മാറി എന്ന മഹനീയ വെളിപ്പെടുത്തലാണ്.

www.malankaralibrary.com

# 3.3. ഏലിഷായുടെ പുതിയ കുടം

പാവന മാതാതൻ രൂപം നിയമങ്ങളിലും
പ്രവചനമതിലും കാട്ടിയൊരിൽ ശ്രേഷ്ഠൻ നിബി മൂശ
നിയമപ്പേടകമതിനാലും മന്നാച്ചെപ്പാൽ,
ക്ദുശ്ക്കുദിശീനിൽ തളിരിട്ടോരഹറോൻ വടിയാലും
ഏലിശാ തൻ നവ കുംഭത്താൽ
ഏശായാ വേഗമെഴും മുകിലാൽ
ഗിദയോൻ മഞ്ഞുപതിഞ്ഞൊരു രോമക്കെട്ടാലും കാട്ടി.

***(ശ്ഹീമ്മോ ശുബ്ഹോ, ബുധൻ, കോലോ പേജ്-120)***

മനുഷ്യരാശിയുടെ പ്രത്യാശയായി മറിയത്തെ അവതരിപ്പിക്കുന്നതിന് നൽകുന്ന മറ്റൊരു അടയാളമാണ് മറിയത്തെ ഏലീഷായുടെ പുതിയ കുടത്തോട് ഉപമിക്കുന്നത്.

**3.3.1 ബൈബിൾ പശ്ചാത്തലം :** ഏലിഷായുടെ പ്രവാചക കാലഘട്ടത്തിലെക്കാണ് ഈ അടയാളം വിരൽ ചൂണ്ടുന്നത്. ഏലിയായുടെ ആത്മാവിന്റെ ഇരട്ടിപങ്ക് ലഭിക്കാൻ ഏലിഷാ അതിയായി ആഗ്രഹിച്ചിരുന്നു. ഏലിയായ്ക്കുശേഷം ഏലിഷാ ധാരാളം അത്ഭുതങ്ങൾ ചെയ്യുന്നു. അതിൽ ഒരു ഉറവയിൽ നിന്നുള്ള വെള്ളം ശുദ്ധീകരിക്കുന്ന അത്ഭുതത്തിലൂടെ ഏലിഷാ തന്റെ പിൻതുടർച്ച ഉറപ്പിക്കുന്നു. നഗരത്തിലെ ജനങ്ങൾ അവരുടെ ബുദ്ധിമുട്ടുകൾ ഏലിഷായെ അറിയിക്കുന്നു. “അങ്ങ് കാണുന്നില്ലേ? ഈ പട്ടണം ജീവിക്കാൻ പറ്റിയതാണ്. എന്നാൽ വെള്ളം മലിനവും നാടു ഫലശൂന്യവുമാണ്” ( 2 രാജ. 2:19). ഏലിയായുടെ ആത്മാവിന്റെ ഇരട്ടിപങ്ക് ലഭിച്ച ഏലിഷാ, ഒരു കുഭം നിറയെ ഉപ്പുമായി ആ ഉറവയുടെ അടുക്കൽ എത്തി അതിൽ നിക്ഷേപിക്കുന്നു. ഏലിഷാ പറഞ്ഞു: “കർത്താവ് അരുളിച്ചെയ്യുന്നു. ഞാൻ ഈ വെള്ളം ശുദ്ധീകരിച്ചിരിക്കുന്നു. ഇനി ഇത് മരണത്തിനോ ഫലശൂന്യതയ്ക്കോ കാരണമാവുകയില്ല” (2 രാജ. 2:21). ഏലിഷായുടെ വചനമനുസരിച്ച് ആ വെള്ളം ശുദ്ധമായി.

www.malankaralibrary.com

**3.3.2 ദൈവശാസ്ത്രം :** 'മറിയം മനുഷ്യവംശത്തിന്റെ പ്രത്യാശ' എന്ന ആശയം അവതരിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു പ്രതീകമാണ് 'ഏലിഷായുടെ പുതിയ കുംഭം' എന്നത്. ജലത്തിന്റെ അപര്യാപ്തതയും മണ്ണിന്റെ ഫലപുഷ്ടിക്കുറവുമാണ് അവിടെ അത്ഭുതം ചെയ്യുവാൻ ഏലിഷായെ പ്രേരിപ്പിക്കുന്നത്. അത് മനുഷ്യന്റെ പാപാവസ്ഥയെ സൂചിപ്പിക്കുന്നതാണ്. പുതിയ കുംഭത്തിലെ ഉപ്പ് മനുഷ്യാവസ്ഥയെ മാറ്റിമറിക്കുന്നു. ഈ സംഭവം കർത്താവ് മനുഷ്യവംശത്തിനുവേണ്ടി ചെയ്ത രക്ഷയുടെ മുന്നാസ്വാദനമാണ്. ഈ അടയാളം മറിയത്തിന്റെ പങ്കിലേക്കാണ് വിരൽ ചൂണ്ടുന്നത്. സാറൂഗിലെ യാക്കോബ് ഏലിയായുടെ പുതിയ കുടത്തെ പരിശുദ്ധ കന്യകാമറിയമായും അതിൽ സൂക്ഷിച്ചിരിക്കുന്ന ഉപ്പ് യേശുക്രിസ്തുവായും അവതരിപ്പിക്കുന്നു. ഏലിഷാ ഉപ്പ് ഉപയോഗിച്ച് മലിനജലത്തെ ഇല്ലാതാക്കുകയും അത് വഴി ഭൂമി ഫലഭൂയിഷ്ഠമാകുകയും ചെയ്തതുപോലെ പരിശുദ്ധ കന്യകയിൽ നിന്ന് പിറന്ന ദൈവപുത്രനായ ഈശോ ഈ ലോകത്തെ വിശുദ്ധീകരിച്ച് ഫലഭൂയിഷ്ഠമാക്കി. വി. ബൈബിളിൽ പറയുന്നതുപോലെ, "ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല" (അപ്പ. പ്രവ. 4:12). മറിയത്തിന്റെ ദൈവ മാതൃത്വത്തോടൊപ്പം, ഈ പ്രതീകം ക്രിസ്തുവിലൂടെയാണ് മനുഷ്യാവതാരത്തിന്റെയും, രക്ഷാകരകൃത്യത്തിന്റെയും രഹസ്യാത്മകത വെളിപ്പെടുത്തുന്നതാണ്.

www.malankaralibrary.com

# 3.4 ദാഹാർത്തയായ ഭൂമി

ബേതലഹേമിൽ-കല്ലിൻ ഗുഹതന്നിൽ-
ലോകത്തിൻ പതിയെ
പെറ്റവളേ ഗുണവിളനിലമേ,
ശാശ്വതകന്യേ, ഭാഗ്യവതി
ഉടലോടംബരമാർന്നവളേ,
എൻ മാതാവെ മറിയാമേ
മംഗളമായ് തീരണമീ പെരുന്നാൾ.

**(*കുർബാനക്രമം, റാസഗാനങ്ങൾ, പേജ്-259*)**

പരിശുദ്ധ മറിയത്തിന്റെ കന്യക ഗർഭധാരണത്തെ സൂചിപ്പിക്കുവാൻ സുറിയാനി സഭാ പിതാക്കന്മാർ ഉപയോഗിക്കുന്ന മറ്റൊരു പ്രതീകമാണ് ദാഹിക്കുന്ന വരണ്ട ഭൂമി. ആ ഭൂമിയിൽ നിന്ന് മുളച്ച ചെടിയാണ് യേശുക്രിസ്തു. വരണ്ട ഭൂമി ഉൽപാദന ശേഷിയില്ലാത്ത ഒരു സാഹചര്യത്തെ സൂചിപ്പിക്കുന്നത്. കൂടാതെ പ്രകൃതിയിൽ വരൾച്ച, വന്ധ്യത, ഫലശൂന്യത എന്നതിനെയും ഇത് സൂചിപ്പിക്കുന്നു. യഹൂദ പാരമ്പര്യത്തിൽ വന്ധ്യതയെന്നത് ഒരു ശാപമായി കാണക്കാക്കുന്നു (ലൂക്ക 1:25). അതുപോലെതന്നെ കന്യകാത്വവും ഒരു അനുഗ്രഹമായും കരുതിയിരുന്നില്ല. എന്നാൽ മറിയത്തിന്റെ ജീവിതത്തിൽ കന്യകാത്വം ഒരു ശാപമായി മാറുകയല്ല മറിച്ച് മറിയത്തിന്റെ കന്യകാത്വം ദൈവം തന്റെ രക്ഷാകരമായ പദ്ധതി നടപ്പിലാക്കുന്ന ഒരു സാഹചര്യമായി മാറ്റുന്നു.

പരിശുദ്ധ കന്യക മറിയം ദൈവത്തെ കാണുവാൻ അഭിവാഞ്ചയോടെ കാത്തിരിക്കുന്ന വിശ്വാസിയെ പ്രതിനിധീകരിക്കുന്നതിനാൽ സഭാപിതാക്കന്മാർ മറിയത്തെ ദാഹിക്കുന്ന വരണ്ട ഭൂമി എന്ന് വിളിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ നിത്യകന്യകത്വത്തെ വ്യക്തമാക്കാനാണ് ഈ പ്രതീകം ഉപയോഗിക്കുന്നത്. ഇതിന്റെ

www.malankaralibrary.com

അടിസ്ഥാനമായി നൽകുന്ന രണ്ട് പഴയനിയമ പ്രവചനങ്ങളുണ്ട്. ഒന്നാമത്തേത്. "യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും (ഏശയ്യാ 7:14). രണ്ടാമത്തേത് വരണ്ട ഭൂമിയിൽ ജലവും ഉണങ്ങിയ നിലത്ത് അരുവികളും ഞാൻ ഒഴുക്കും (ഏശയ്യാ 41:18). ദാഹിക്കുന്ന ഭൂമി എന്ന ഈ പ്രതീകം മറിയത്തിന്റെ പര്യായമായി മാറുന്നു. കാരണം, കന്യകയായ അവളിൽ നിന്ന് വിത്ത് വിതയ്ക്കാതെ ജലാംശമില്ലാതെ ഒരു ചെടി മുളച്ച് പൊങ്ങുന്നു. നൂറ്റാണ്ടുകളായി മനുഷ്യർ ആഗ്രഹിച്ചിരുന്ന രക്ഷകനെ മറിയം ഗർഭം ധരിച്ചപ്പോൾ അത് പ്രവചനത്തിന്റെ പൂർത്തീകരണമാണ്.

**3.4.1 ബൈബിളിൽ ദാഹിക്കുന്ന ഭൂമിയുടെ പ്രാധാന്യം :** ബൈബിളിൽ ദാഹിക്കുന്ന ഭൂമിയുടെ പ്രതീകം ദൈവത്തിന്റെ ഇടപെടലിനായി കാത്തിരിക്കുന്ന മനുഷ്യന്റെ ദീർഘകാല പ്രതീക്ഷയുടെ അടയാളമായിട്ടാണ് കാണുന്നത്. സങ്കീർത്തന പുസ്തകം ഒരു വ്യക്തിയുടെ ദൈവത്തിനായുള്ള ദാഹത്തെ വളരെ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. "എന്റെ ആത്മാവ് അങ്ങേയ്ക്കായി ദാഹിക്കുന്നു. ഉണങ്ങി വരണ്ട ഭൂമിയെന്നപോലെ എന്റെ ശരീരം അങ്ങയെ കാണാതെ തളരുന്നു" (സങ്കീ 63:1) മനുഷ്യന് ദൈവത്തോടുള്ള അഗാധമായ ആഗ്രഹം കാണിക്കുവാൻ സങ്കീർത്തകൻ ഉപയോഗിക്കുന്ന മറ്റൊരു പ്രയോഗമാണ് "നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ, എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ആത്മാവ് ദൈവത്തിനായി ദാഹിക്കുന്നു" (സങ്കീ42:1). ഇതുപോലെ മറ്റൊരു പ്രയോഗം എസെക്കിയേലിന്റെ പുസ്തകത്തിലും കാണുവാൻ സാധിക്കും. "അതിനെ ഇപ്പോൾ മരുഭൂമിയിൽ, ഉണങ്ങി വരണ്ട മണ്ണിൽ നട്ടിരിക്കുന്നു" (എസെ19:13).

**3.4.2 ദാഹിക്കുന്ന ഭൂമി : ദൈവത്തിനായുള്ള ആഗ്രഹത്തിന്റെ പ്രതീകം :** ദൈവത്തിനായുള്ള മനുഷ്യന്റെ കാത്തിരിപ്പിന് വിരാമമിട്ടത് ക്രിസ്തുവിന്റെ ജനനത്തോടെയാണ്. ദൈവ

www.malankaralibrary.com

പുത്രന്റെ അവതാരത്തിൽ മറിയത്തിന്റെ പങ്ക് വളരെ ക്രിയാത്മകവും സജീവവുമാണ്. ദാഹിച്ച ഭൂമിയിൽ നിന്ന് ഉത്ഭവിച്ച ചെടിയുടെ പ്രതീകാത്മകത മറിയത്തിന്റെ 'കന്യക' സങ്കല്പത്തെ വെളിപ്പെടുത്തുന്നു. കർത്താവ് മറിയത്തിന്റെ ഉദരത്തിൽ ഉത്ഭവമെടുത്തതു വഴിയായി ദൈവത്തിനായുള്ള അവളുടെ ആത്മാവിന്റെ ദാഹം ശമിപ്പിച്ചു. നിരാശയായിരുന്ന മനുഷ്യരാശിയുടെ പ്രത്യാശയും അവളിലൂടെ നിറവേറി. പ്രത്യാശ അറ്റ ലോകത്തിന് പ്രതീക്ഷ നൽകുന്നവളായിട്ടാണ് പരിശുദ്ധ കന്യകമറിയത്തെ ഇവിടെ അവതരിപ്പിക്കുന്നത്.

www.malankaralibrary.com

# 3.5 നിധി വഹിക്കുന്ന കപ്പൽ

മറിയം വൻ പടവായ് സർവ്വം
നായകമാലുമിയേ
പേറി താലോലിച്ചേറ്റം ബഹുമാനിച്ചല്ലോ

***(ശ്ഹീമ്മോ-ശുബ്ഹോ, തിങ്കൾ സന്ധ്യ, പേജ്-48)***

പരിശദ്ധ മറിയം മാനവകുലത്തിന്റെ പ്രത്യാശയാണെന്ന ആശയം അവതരിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന പ്രതീകമാണ് നിധി വഹിക്കുന്ന കപ്പൽ. നിധിയുടെ പേടകം സമ്പന്നതയുടെ ഉറവിടമായ ദൈവത്തിന്റെ, ദരിദ്രരായ മനുഷ്യരോടുള്ള ബന്ധത്തെ സാധൂകരിക്കുന്നു. സഭാപിതാക്കന്മാർ ഈ പ്രതീകം വിവിധ രീതിയിൽ ഉപയോഗിച്ചിരിക്കുന്നു: 'നിധി നിറഞ്ഞ പേടകം', 'സമ്പന്നമായ പുതിയ പേടകം', 'നിധി പേറുന്ന പേടകം' തുടങ്ങിയ ആശയങ്ങൾ എല്ലാം ഒരേ യാഥാർത്ഥ്യത്തെ വിരൽ ചൂണ്ടുന്നു.

പരിശുദ്ധ മറിയത്തെയും എലിസബത്തിനെയും നിധിയുടെ പേടകങ്ങൾ എന്നാണ് വിളിക്കുന്നത്. കാരണം, അവർ മനുഷ്യരാശിക്ക് രക്ഷയുടെ സന്ദേശം പ്രസംഗിച്ചവരെ ലോകത്തിന് നൽകിയവരാണ്. ഇവിടെ സ്നാപക യോഹന്നാന്റെ ജീവിതം യേശുവിന്റെ ജീവിതത്തോട് ചേർത്ത് വയ്ക്കപ്പെടുന്നത് യോഹന്നാന്റെ അത്ഭുതകരമായ ജനനം കൊണ്ടല്ല, മറിച്ച്, യേശുക്രിസ്തുവിന് വഴിയൊരുക്കാനുള്ള അവന്റെ ദൗത്യം നിമിത്തമാണ്. മാർ യാക്കോബിന്റെ അഭിപ്രായത്തിൽ, സ്നാപക യോഹന്നാൻ മോശയുടെ നിയമപ്രകാരം പൂർണ്ണതയുള്ളവനായിരുന്നു. എന്നാൽ യേശുക്രിസ്തു നിയമത്തിനുമേൽ പൂർണ്ണത കൊണ്ടുവന്നു.

ഇസ്രായേലിന്റെ പാവപ്പെട്ട പുത്രിയായ മറിയം രാജാക്കന്മാരുടെ ഉടയവനെ ഒരു പേടകംപോലെ ഉദരത്തിൽ വഹിച്ചവളാണ്.

www.malankaralibrary.com

അതിനാൾ അവൾ നിധിയുടെ പേടകമാണ്. സെരൂഗിലെ മാർ യാക്കോബിന്റെ 'നിധിയുടെ പേടകം' എന്ന പ്രതീകത്തെ ഇപ്ര കാരം വെളിവാക്കുന്നു. "പാവപ്പെട്ടവളായ പുത്രി ദരിദ്രയായ ലോകത്തെ സമ്പന്നമാക്കാൻ രാജാക്കന്മാരുടെ കർത്താവിന്റെ അമ്മ യാകുകയും അതുവഴി ലോകം സമ്പന്നതയിൽ ജീവിക്കാൻ ഇട യാക്കുകയും ചെയ്തു. നിധിയുടെ ഈ പേടകം സ്വർഗ്ഗ പിതാവിന്റെ ഭവനത്തിൽ നിന്നും നിധിയും അനുഗ്രഹവും കരുതലും നമ്മുടെ ദരിദ്രമായ ഭൂമിയിൽ ചൊരിയുകയും ചെയ്തു".

**3.5.1 നിധിയുടെ പേടകം: ബൈബിൾ പശ്ചാത്തലത്തിൽ :** വി. ബൈബിളിൽ നിധിയുടെ പേടകത്തിന് വ്യക്തമായ പരാമർശ മില്ല. അതിനാൽ ഈ പ്രതീകം മനസ്സിലാക്കാൻ പേടകത്തെയും നിധിയെയും പ്രത്യേകം വിശകലനം ചെയ്യേണ്ടതുണ്ട്. പേടകം അഥവാ കപ്പൽ എന്ന വാക്കിന് കടലിലൂടെ പോകുന്ന വസ്തു എന്നതിലുപരി പ്രത്യേക അർത്ഥമില്ല. എന്നാൽ നിധി എന്ന പദം ബൈബിളിൽ വ്യത്യസ്ത അർത്ഥത്തിലാണ് ഉപയോഗിച്ചിരി ക്കുന്നത്. പഴയനിയമത്തിൽ, നിധിയെ എപ്പോഴും ശരിയായ മാർഗ ത്തിലൂടെയുള്ള സമ്പത്ത് നേട്ടത്തെയും, അത് പാവപ്പെട്ടവർക്ക് പങ്കു വയ്ക്കുന്നതിനെയും സൂചിപ്പിക്കുന്നു. പ്രഭാഷകൻ പറയുന്നു: "അത്യുന്നതന്റെ കൽപനകളനുസരിച്ചുവേണം ധനം നേടാൻ; അതു സ്വർഗ്ഗത്തേക്കാൾ ലാഭകരമാണ്. ദാനധർമ്മം ആയിരിക്കട്ടെ നിന്റെ നിക്ഷേപം; എല്ലാ തിന്മകളിലുംനിന്ന് അത് നിന്നെ രക്ഷിക്കും. ശത്രു വിനെതിരെ യുദ്ധം ചെയ്യാൻ ബലമേറിയ പരിചയെക്കാളും കനത്ത കുന്തത്തെക്കാളും അത് ഉപകരിക്കും" (പ്രഭാ.29:11–13).

ഏശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ നിധി എന്നാൽ ദൈവത്തോടുള്ള ഭക്തിയാണ്. "കർത്താവ് പുകഴ്ത്തപ്പെടുന്നു; അവി ടുന്ന് ഉന്നതത്തിൽ വസിക്കുന്നു. അവിടുന്ന് സീയോനെ നീതിയും ധർമ്മനിഷ്ഠയും കൊണ്ട് നിറയ്ക്കും. അവിടുന്നാണ് നിന്റെ ആയുസ്സിന്റെ ഉറപ്പ്. രക്ഷയുടെയും ജ്ഞാനത്തിന്റെയും അറിവി ന്റെയും സമൃദ്ധി അവിടുന്ന് തന്നെ. അവിടുന്ന് നൽകുന്ന സമ്പത്ത് ദൈവഭക്തിയാണ്" (ഏശ 33:5–6).

www.malankaralibrary.com

പുതിയ നിയമത്തിൽ, നിധി എന്നത് ഒരുവൻ പരിശ്രമിച്ച് കരസ്തമാക്കേണ്ട ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യത്തെ സൂചിപ്പിക്കുന്നു. “സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിക്കു തുല്യം. അത് കണ്ടെത്തുന്നവൻ അത് മറച്ചുവയ്ക്കുകയും സന്തോഷത്തോടെ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുകയും ചെയ്യുന്നു'' (മത്താ. 13:44). ഒരുവൻ ദൈവരാജ്യം ആഗ്രഹിക്കുന്നെങ്കിൽ ഭൂമിയിൽ നിക്ഷേപം കരുതിവയ്ക്കുകയില്ല. കാരണം, തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യും. അതിനാൽ സ്വർഗ്ഗത്തിൽ നിക്ഷേപം സൂക്ഷിച്ചുവയ്ക്കണം. അവിടെ തുരുമ്പും കീടങ്ങളും നശിപ്പിക്കുകയോ കള്ളന്മാർ മോഷ്ടിക്കുകയോ ചെയ്യില്ല. നിങ്ങളുടെ നിധി എവിടെയാണോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും (മത്താ. 6:19-21). യഥാർത്ഥ നിധി സ്വർഗ്ഗത്തിലാണ്. അത് സ്വർഗ്ഗമാണ്. “നിങ്ങൾ പൂർണ്ണരാകാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിങ്ങൾക്ക് നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക” (മത്താ. 19:21; മർക്കോ. 10:21).

നിധി എന്ന ബൈബിൾ ആശയത്തിന് രണ്ട് തലങ്ങളിൽ പ്രാധാന്യം അർഹിക്കുന്നു. ആദ്യത്തേത്, വസ്തുവകകൾ സമ്പാദിക്കുന്നതിനുള്ള ശരിയായ മാർഗമാണ്. രണ്ടാമത്തെ തലം, സമ്പത്ത് ആവശ്യക്കാരുമായി പങ്കിടുക എന്നതാണ്. ഈ തലത്തിൽ ഒരു ആത്മീയ സ്വഭാവമുണ്ട്; അത് നീതിമാന്റെ നിധിയായ കർത്താവിനോടുള്ള ഭയഭക്തി ബഹുമാനമാണ്.

## നിധിയുടെ പേടകം

ഈ പ്രതീകം പരിശുദ്ധ മറിയത്തിന്റെ ദൈവമാതൃത്വത്തെ സൂചിപ്പിക്കുന്നു. സ്വർഗ്ഗപിതാവ് തന്റെ നിധി അയച്ച പേടകമാണ് പരിശുദ്ധ മറിയം. അവൾ ക്രിസ്തുവിനെ നൽകിയതുവഴി ലോകം മുഴുവനിലും പ്രത്യാശ പകർന്നു.

www.malankaralibrary.com

# 3.6 മേഘം, രണ്ടാം സ്വർഗ്ഗം

ഭാഗ്യവതീ! മറിയാമേ, ഞാനെങ്ങനെ നിന്നെ
വിളിക്കണമീശാംബിക കന്യ...
വിളിക്കണമീശാംബിക കന്യ-തനു പൂണ്ടൊരു മേഘം, നീതിക്കതിരോൻ
പ്രഭവിതറും വിമലാകാശം....

***(ശ്ഹീമ്മോ-മെനർഓലം, ബുധൻ, സന്ധ്യാ, കോലോ, പേജ്-321)***

രണ്ടാം സ്വർഗ്ഗമതാമവളുദരേ നാഥൻ വാണു ഭൂവിന്നിരുളിനെ
നീക്കാനവളീന്നുദയം ചെയ്താൻ.

***(ശ്ഹീമ്മോ-ശുബ്ഹോ തിങ്കൾ രാത്രി പേജ്-60)***

മറിയത്തെ ദൈവത്തിന്റെ രക്ഷിക്കുന്ന കരത്തിന്റെ സാന്നിധ്യമായ 'മേഘം' എന്ന പ്രതീകത്തോട് ഉപമിക്കുന്നു. കാരണം ദൈവം അവളിൽ വസിക്കുന്നു. സീനായ് പർവതത്തിലെ മേഘം എന്നത് പഴയനിയമത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്. മേഘം അവരെ ദൈവസാന്നിദ്ധ്യത്തെക്കുറിച്ച് അനുസ്മരിപ്പിക്കുകയും അവർ ദൈവത്തെ ആരാധിക്കണമെന്ന ഓർമ്മിപ്പിക്കുകയും ചെയ്തു. "മേഘസ്തംഭം കൂടാരവാതിൽക്കൽ നിൽക്കുന്നതു കാണുമ്പോൾ ജനം എഴുന്നേറ്റ് ഓരോരുത്തനും സ്വന്തം കൂടാരത്തിന്റെ വാതിൽക്കൽ കുമ്പിട്ടാരാധിച്ചിരുന്നു" (പുറ.33:9-10). ബൈബിൾ വിശകലനത്തിൽ 'മേഘം' എന്ന പ്രതീകം ദൈവത്തിന്റെ മഹത്വത്തെയും അവന്റെ സംരക്ഷക ശക്തിയെയും അവന്റെ വെളിപ്പെടുത്തലിനെയും സൂചിപ്പിക്കുന്നു. മറിയത്തിലെ ദൈവത്തിന്റെ സാന്നിധ്യത്തെ പരാമർശിച്ചുകൊണ്ട് മറിയത്തെ 'മേഘം' എന്ന് വിളിക്കുന്നു. മേഘം കണ്ടപ്പോൾ ഇസ്രായേല്യർ ദൈവസാന്നിധ്യത്തെക്കുറിച്ച് ബോധവാന്മാരായി. ഇത് അവരെ പ്രാർത്ഥിക്കാൻ പ്രേരിപ്പിച്ചു. മറിയത്തിലെ ദൈവസാന്നിദ്ധ്യം കണ്ട് ദൈവത്തെ വിശുദ്ധ യൗസേഫ് ആരാധിക്കുന്നു.

ജോസഫ് അവളെ സ്നേഹിക്കുകയും അവളെ വണങ്ങുകയും അവളെ ബഹുമാനിക്കുകയും അവളെ സേവിക്കുകയും

www.malankaralibrary.com

ചെയ്തു. സീനായ് പർവതത്തിന് മുകളിലുള്ള മേഘം പോലെയാണ് അവൻ അവളെ പരിഗണിച്ചത്, കാരണം അവളുടെ ഉള്ളിൽ ദൈവ ശക്തി കുടികൊള്ളുന്നു. മറിയം എലിസബത്തിനെ സന്ദർശനത്തെ ക്കുറിച്ച് പറയുമ്പോൾ സഖറിയാ പുരോഹിതൻ 'വിറയ്ക്കുന്നു' എന്നാണ് പൗരാണിക ലേഖനങ്ങളിൽ സഭാപിതാക്കന്മാർ എടു ത്തുകാട്ടുന്നത്.

മേഘം കർത്താവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായതി നെക്കുറിച്ച് പരാമർശിക്കുന്നത് പുറ.40:35 ൽ ആണ് കാണുന്നതാണ്. പഴയനിയമത്തിൽ മേഘം ദൈവത്തിന്റെ സാന്നിധ്യം വെളിപ്പെടു ത്തുന്ന അടയാളമായിരുന്നു. കൂടാരം സ്ഥാപിച്ച ദിവസം തന്നെ ജനം അത് സാക്ഷ്യപ്പെടുത്തി (സംഖ്യ9:15). മറിയത്തിന്റെ ഗർഭ പാത്രത്തെ ദൈവസാന്നിധ്യത്തിന്റെ മേഘത്തോട് ഉപമിക്കാവുന്ന താണ്. 'നിന്റെ ഗർഭപാത്രം കൂടുതൽ ഗംഭീരമാണ്' എന്ന് പറഞ്ഞു കൊണ്ടാണ് താരതമ്യത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നത്. മേഘം എന്ന പ്രതീകം ദൈവത്തിന്റെ മഹത്വത്തെയും സംരക്ഷക സാന്നിധ്യത്തെയും വെളിപ്പെടുത്തലിനെയും സൂചിപ്പിക്കുന്നു.

"മറിയത്തിന്റെ മനസ്സ് സീനായ് പർവ്വതത്തിലെ മേഘം പോലെയാണ്. ഉയരങ്ങളുടെ കർത്താവ് അവിടെ വസിക്കുന്നു. അത് വലിയ അത്ഭുതമായിരുന്നു, കാരണം പർവ്വതം കുലുങ്ങി, എന്നാൽ മറിയത്തിന്റെ മനസ്സ് ഒട്ടും ഇളകിയില്ല".

കർത്താവ് അവളിൽ വസിക്കുന്നതിനാൽ അവൾ സീനായ് പർവ്വതത്തിന് മുകളിലുള്ള മേഘം പോലെയാണ്. മേഘത്തിന്റെ പ്രതീകം യഥാർത്ഥത്തിൽ മറിയത്തിൽ ദൈവസാന്നിദ്ധ്യം കൊണ്ടു വന്നു. മേഘം ഇസ്രായേല്യരെ കർത്താവിന്റെ മഹത്വത്തെക്കുറിച്ചും കർത്താവിന്റെ സംരക്ഷണ അടയാളത്തെക്കുറിച്ചും ദൈവത്തിന്റെ വെളിപ്പെടുത്തലിനെക്കുറിച്ചും ഓർമ്മിപ്പിച്ചു. ഇവയെല്ലാം യഥാർത്ഥ ത്തിൽ ഒരു മനുഷ്യ വ്യക്തിയിൽ, മറിയത്തിൽ കാണപ്പെടുന്നു. സഭാപിതാക്കന്മാർ മേഘത്തിന്റെ പ്രതീകത്തിലൂടെ മറിയത്തിന്റെ ദിവ്യമായ മാതൃത്വത്തെ മനോഹരമായി ചിത്രീകരിക്കുന്നു. സീനായ് പർവ്വതത്തിലെ മേഘത്തിന്റെ ചിഹ്നം മറിയത്തിന്റെ ദൈവിക മാതൃ ത്വത്തെക്കുറിച്ച് പറയുവാൻ ഉപയോഗിക്കുന്നു.

www.malankaralibrary.com

## 3.7 തിളങ്ങുന്ന കോട്ട അല്ലെങ്കിൽ കൊട്ടാരം

ദാവീദിൻ മകളാം കന്യാ മറിയാമ്മിനായിട്ടേകി
സുന്ദരനാമങ്ങൾ, ആദിമനീതിഷ്ഠർ
ഹസ്കീയേൽ: ബന്ധിത വാതിൽ;
ശ്ലേമോൻ ആവൃതതോട്ടം, മുദ്രിതമാമുറവ,
ദാവീദ് : ശോഭിത പട്ടണമെന്നായ്
***(ശ്ഹീമ്മോ-ശുബ്ഹോ ബുധൻ രാത്രി പേജ്-127)***

മറിയത്തിന്റെ ദിവ്യ മാതൃത്വത്തിന്റെ രഹസ്യം വിവരിക്കുന്ന മറ്റൊരു പ്രതീകമാണ് "തിളങ്ങുന്ന കോട്ട" അല്ലെങ്കിൽ "രാജാവ് താമസിച്ചിരുന്ന നീതിയുടെ കൊട്ടാരം". ഒരു രാജാവ് താമസിക്കുന്ന ഉറപ്പുള്ള കെട്ടിടമാണ് കോട്ട എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അതിൽ വസിക്കുന്ന രാജാവിന്റെ പ്രൗഢിയും പ്രശസ്തിയും കാരണം ഇത് ഒരു തിളങ്ങുന്ന കോട്ടയായി മാറുന്നു. മറിയം ഒരു തിളങ്ങുന്ന കോട്ടയാണെന്ന് പറയുന്നതെന്തുകൊണ്ടാണ്? കാരണം, ക്രിസ്തു എന്ന രാജാവ് മറിയത്തിൽ വസിച്ചിരുന്നു. ഇത് അവളെ ഒരു കോട്ടയാക്കി. മറിയത്തിന്റെ സൗന്ദര്യവും വിശുദ്ധീകരണവും മാത്രമല്ല, അവളിൽ വസിച്ച ദൈവപുത്രനാണ് അവളെ തിളങ്ങുന്ന കോട്ടയാക്കുന്നത്. രാജാക്കന്മാരുടെ രാജാവായ ദൈവപുത്രൻ മറിയത്തിൽ വസിച്ചിരുന്നതിനാൽ മറിയത്തെ തിളങ്ങുന്ന കോട്ട എന്ന് വിളിക്കുന്നു. പുരാതന രാജകീയ കോട്ടകൾ. അവയിൽ വസിച്ചിരുന്ന രാജാക്കന്മാർ കാരണം സന്ദർശകരെ ആകർഷിച്ചതുപോലെ, മറിയം എന്നെന്നേക്കുമായി ഒരു തിളങ്ങുന്ന കോട്ടയായിത്തീർന്നു, കൂടാതെ അവൾ ബഹുമാനിക്കപ്പെടാൻ യോഗ്യയുമാണ്. 'ശുദ്ധമായ കോട്ട' എന്ന പ്രയോഗം ദൈവം വസിച്ചിരുന്ന മറിയത്തിന്റെ ശുദ്ധമായ ശരീരത്തെ സൂചിപ്പിക്കുന്നു. അവളുടെ പരിശുദ്ധിയും ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ സഹകരിക്കുവാനുള്ള

www.malankaralibrary.com

സന്നദ്ധതയും അവളെ കർത്താവിന്റെ അമ്മയാകാൻ യോഗ്യയാക്കി. വിശുദ്ധ വസ്തുക്കളുടെയും പുണ്യങ്ങളുടെയും കോട്ടയും രഹസ്യങ്ങളുടെ തുറമുഖവും സമ്പത്ത് നിറഞ്ഞ പുതിയ കപ്പലുമായ നിനക്ക് സമാധാനം.

'വിശുദ്ധ വസ്തുക്കളുടെയും സദ്ഗുണങ്ങളുടെയും കോട്ട' എന്ന പ്രയോഗം വിനയവും നിർമ്മലവും ശുദ്ധിയും കളങ്കമില്ലാത്തതുമായ മറിയത്തെ സൂചിപ്പിക്കുന്നു. ദൈവപുത്രന്റെ അമ്മയാകുവാൻ മറിയം യോഗ്യയായി കണക്കാക്കപ്പെട്ടു. തിളങ്ങുന്ന കോട്ട അവളുടെ ബാഹ്യസൗന്ദര്യമല്ല, മറിച്ച് ദൈവത്തിന് പ്രസാദകരമായ അവളുടെ ആന്തരിക വിശുദ്ധിയായിരുന്നു. അവൾ നിർമ്മലയും ആത്മാവിൽ ശുദ്ധിയുള്ളവളുമാണെന്നും അവളിൽ വസിക്കാനാണ് ദൈവം ആഗ്രഹിച്ചതെന്നും ഇതിൽ നിന്നും മനസ്സിലാകും.. ഇതാണ് അവളെ ഒരു 'തിളങ്ങുന്ന കോട്ട' ആക്കിയത്. ദൈവപുത്രന്റെ അമ്മയാകുവാൻ സമ്മതം നൽകിയ മറിയത്തെ, കന്യകാത്വത്തിൽ തുടരാൻ അനുവദിച്ചതിലൂടെ ദൈവം അവളെ ആദരിക്കുകയാണ് ചെയ്തത്.

മറിയം ഒരു തിളങ്ങുന്ന കോട്ടയാണ്. അവൾ മാത്രമാണ് ദൈവപുത്രന് യോഗ്യയായ അമ്മ . മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ, ഈ തിളങ്ങുന്ന കൊട്ടാരത്തിൽ രാജാവിനെ കണ്ടിട്ടാണ് എലിസബത്തിന്റെ പുത്രൻ മറിയത്തിന്റെ മുന്നിൽ കുതിച്ചുചാടി നൃത്തം ചെയ്യാൻ തുടങ്ങിയത്.

ദൈവത്തെ തന്റെ ഉദരത്തിൽ വഹിക്കുമ്പോൾ തന്നിൽ ദൈവത്തിന്റെ സാന്നിധ്യം ഉള്ളതുകൊണ്ട് മറിയം പ്രകാശിക്കുന്നുണ്ടായിരുന്നു. ദൈവപുത്രൻ കൊട്ടാരത്തിൽ നിന്നിറങ്ങിയപ്പോൾ അതിന്റെ വാതിലുകൾ തുറന്നിട്ടില്ലാ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് മറിയത്തിന്റെ കന്യകാത്വത്തെയാണ്.

www.malankaralibrary.com

# 3.8 പുതിയ കിണർ

ദാവീദിൻ മകളാം കന്യാ മറിയാമ്മിനായിട്ടേകി
സുന്ദരനാമങ്ങൾ, ആദിമനീതിഷ്ഠർ
ഹസ്കീയേൽ: ബന്ധിത വാതിൽ;
ശ്ലേമോൻ ആവൃതതോട്ടം, മുദ്രിതമാമുറവ,
ദാവീദ് : ശോഭിത പട്ടണമെന്നായ്
***(ശ്ഹീമ്മോ-ശുബ്ഹോ ബുധൻ രാത്രി പേജ്-127)***

മറിയത്തിന്റെ ദിവ്യമായ മാതൃത്വത്തെ പ്രതിഫലിപ്പിക്കുന്ന, അവളുടെ രഹസ്യാത്മകതയെ അവതരിപ്പിക്കുന്നതിൽ സഭാപിതാക്കന്മാർ പുതിയ കിണറിന്റെ ചിത്രീകരണത്തെ ഉപയോഗപ്പെടുത്തുന്നു. ദാഹിക്കുന്നവനെ തൃപ്തിപ്പെടുത്തുന്ന കൃപയുടെ ജലത്തെ പിന്തുടരുന്ന അരുവിയാണ് അവൾ. ജീവജലത്തിന്റെ ഉറവിടം മറിയമാണ്. കൂടാതെ ദൈവിക കൃപയുടെ കാരണം ഉരുവിച്ച ഉറവിടവും അവളാണ്. മാത്രമല്ല, തളർന്നുപോകാതെ അവൾ ദാഹിക്കുന്ന ലോകത്തേക്ക് ഒഴുകുന്ന അരുവികൾ സൃഷ്ടിച്ചു.

## പുതിയ കിണർ : ബൈബിൾ പശ്ചാത്തലം

പഴയനിയമത്തിൽ, കിണർ ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തിന്റെയും അവന്റെ സാന്നിധ്യത്തിന്റെയും അനുഗ്രഹങ്ങളുടേയും പ്രതീകമാണ്. ദൈവത്തിന്റെ രക്ഷാകരമായ സ്നേഹത്തിന്റെ ഏറ്റവും നല്ല ഉദാഹരണം ഹാഗാറിന്റെ അനുഭവമാണ്. ഉപേക്ഷിക്കപ്പെട്ട് തനിച്ചായിരിക്കുമ്പോൾ, ഹാഗാറിന് അവളുടെ ജീവിതത്തിലെ ഏറ്റവും പ്രയാസകരമായ സമയമായിരുന്നുവെന്നും തുകൽ സഞ്ചിയിൽ അവൾ സംഭരിച്ച വെള്ളം തീർന്നെന്നും അവളുടെ കുട്ടി ദാഹം മൂലം മരിക്കാൻ പോകുകയാണെന്നും ഉല്പത്തി പുസ്തകം 21-ാം അദ്ധ്യായം നമ്മോട് പറയുന്നു. താങ്ങാനാവാത്ത ഈ വിഷമംമൂലം അവൾ മരണാസന്നമായ കുഞ്ഞിൽ

www.malankaralibrary.com

നിന്ന് മുഖം തിരിച്ചു. പക്ഷേ ദൈവം അവളെ കൈവിട്ടില്ല. ദൈവം ആ കുട്ടിയുടെ ശബ്ദം കേട്ടു. “അപ്പോൾ ദൈവം അവളുടെ കണ്ണുകൾ തുറന്നു, അവൾ ഒരു കിണർ കണ്ടു. അവൾ പോയി, ചർമ്മത്തിൽ വെള്ളം നിറച്ചു, കുട്ടിക്ക് കുടിക്കാൻ കൊടുത്തു” (ഉൽപ. 21:17–19).

ഭവനമില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയിൽ നിന്ന് ഭവനം നൽകിയും മരണത്തിൽ നിന്നും ജീവിതത്തിലേക്കും തിരികെ വിളിച്ച ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് ഹാഗാറിന്റെ അനുഭവം നമ്മോട് പറയുന്നു. പുതിയ നിയമത്തിൽ ഒരു സമാന്തര വചനമുണ്ട്. പിതാവിന്റെ ഭവനത്തിൽ നിന്ന് പോകുകയും പാപത്താൽ മരിക്കുകയും ചെയ്ത സമരിയാക്കാരിയായ സ്ത്രീയെ യേശു ജീവിതത്തിലേക്ക് തിരികെ കൊണ്ടുവന്നു. യാക്കോബിന്റെ കിണറ്റിന് സമീപമാണ് ഇത് സംഭവിച്ചത് (യോഹ. 4:16). ഹാഗാറിന്റെയും സമരിയാക്കാരിയായ സ്ത്രീയുടേയും രണ്ട് സന്ദർഭങ്ങളിലും, അവർ ദൈവത്തിന്റെ സ്നേഹം അനുഭവിക്കുന്നു.

പഴയ നിയമത്തിൽ കിണർ ഒരു പ്രധാന ചിത്രമാണ്. കിണർ ദൈവത്തിന്റെ അനുഗ്രഹത്തിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്നു. ഉൽപത്തി 26-ാം അദ്ധ്യായത്തിൽ കിണർ കുഴിക്കുന്നതിനെച്ചൊല്ലി ഇസഹാക്ക് ഫിലിസ്ത്യരുമായി പോരാടുന്നത് നാം കാണുന്നു. ഒടുവിൽ തർക്കം പരിഹരിക്കപ്പെടുകയും ഇസഹാക്ക് തനിക്കായി ഒരു കിണർ കുഴിക്കുകയും അത് ദൈവത്തിന്റെ അനുഗ്രഹമായി കണക്കാക്കുകയും ചെയ്തു. അവർ ഈ കിണറിനെ റെഹോബോത്ത് എന്ന് വിളിച്ചു. “ഇപ്പോൾ യജമാനൻ നമുക്ക് ഇടം ഒരുക്കിയിരിക്കുന്നു. നാം ദേശത്ത് സന്താനപുഷ്ടിയുള്ളവരാകും” (ഉൽപ. 26:22).

പഴയ നിയമത്തിൽ കിണറിനെക്കുറിച്ചുള്ള മറ്റൊരു പ്രധാന പരാമർശം യാക്കോബിന്റെ കിണർ ആണ്. നാം ഇത് ഉൽപത്തി പുസ്തകം 29-ാം അദ്ധ്യായത്തിൽ കാണുന്നു. “അവർ അവിടെ നോക്കിയപ്പോൾ വയലിൽ ഒരു കിണറും അതിനരികെ മൂന്ന് ആട്ടിൻകൂട്ടവും കിടക്കുന്നത് കണ്ടു. ആ കിണറിൽ നിന്നാണ്

www.malankaralibrary.com

അവ വെള്ളം കുടിച്ചിരുന്നത്. കിണറിന്റെ വായിലെ കല്ല് വലുതായിരുന്നു. ആട്ടിൻ കൂട്ടങ്ങളെല്ലാം ഒത്തുകൂടിയപ്പോൾ ഇടയന്മാർ കിണറിന്റെ വായിൽ നിന്ന് കല്ല് ഉരുട്ടി, ആടുകൾക്ക് വെള്ളം നൽകി, തിരികെ കല്ല് ഉരുട്ടി വയ്ക്കും" (ഉൽപ. 29:2-3). ഈ കിണറിന്റെ കരയിൽ വച്ചാണ് യാക്കോബ് റാഹേലിനെ കണ്ടുമുട്ടിയത്, അവൾ അവന്റെ വധുവായി. ഇത് ജീവജലമായ ക്രിസ്തുവിന്റെ പ്രതിരൂപമായി നിലനിൽക്കുന്നു. അതുപോലെ തന്നെ കർത്താവിന്റെ അടഞ്ഞ ശവകുടീരത്തിൽ, സഭ അവളുടെ മണവാളനെ കണ്ടുമുട്ടുന്നു. ജീവന്റെ ഉറവിടവും, ജീവജലവും അവൻതന്നെ. യോഹന്നാന്റെ സുവിശേഷം 20:1-ൽ മഗ്ദലന മറിയം കല്ലറയിൽ വന്നപ്പോൾ കല്ല് എടുത്ത് മാറ്റിയതായി അവൾ കണ്ടു. റാഹേൽ കിണറ്റിൻകരയിൽ വന്നപ്പോൾ യാക്കോബ് കല്ല് ഉരുട്ടി മാറ്റിയതുപോലെ മഗ്ദലന മറിയം വന്നപ്പോൾ ദൈവദൂതൻ കല്ല് ഉരുട്ടി മാറ്റി (മത്താ.28:2).

## പുതിയ കിണർ : ജീവജലത്തിന്റെ ഉറവിടം

ഹവ്വായും മറിയവും തമ്മിലുള്ള സാദൃശ്യം മാർ ജേക്കബ് വരച്ചുകാട്ടി. ഹവ്വാ മൂലം മനുഷ്യരാശിക്ക് ശാപം ഉണ്ടായതുപോലെ, മറിയത്തിലൂടെ മനുഷ്യരാശിക്ക് അനുഗ്രഹങ്ങൾ പെയ്തിറങ്ങി. ക്രിസ്തുവിനെ ലോകത്തിന് നൽകുകയും പുതിയ കിണർ എന്ന് വിളിക്കപ്പെടാൻ അവളെ യോഗ്യയാക്കുകയും ചെയ്യുക എന്നതാണ് ഇവിടെ മറിയത്തിന്റെ ദൗത്യം. "കൂദാശകളുടെ ഉറവിടമെന്ന നിലയിൽ മറിയം സഭയോട് യോജിക്കുന്നു. അതിൽ അവൾ തന്നെ ഈ കൂദാശകളുടെ ഉറവയായ ക്രിസ്തുവിനെ പ്രസവിച്ചു".

യോഹന്നാന്റെ സുവിശേഷത്തിൽ, ജീവജലത്തിന്റെ ഉറവയായി യേശു സ്വയം അവതരിപ്പിക്കുന്നു. മറിയത്തിന്റെ വിശ്വാസവും, ദൈവീക പദ്ധതിയോട് സഹകരിക്കാം എന്ന് വാഗ്ദാനം ചെയ്തതും ക്രിസ്തുവിനെ പ്രസവിക്കാനും ലോകത്തിന് നൽകാനും അവളെ പ്രാപ്തയാക്കുന്നു. ക്രിസ്തുവിനോടുള്ള ബന്ധത്തിൽ മാത്രമാണ് മറിയം പുതിയ കിണർ എന്ന പദവിയിൽ എത്തിയത്. എല്ലാ ക്രിസ്ത്യാനികൾക്കും മറിയം ഒരു ഉത്തമ മാതൃകയായി നിലകൊള്ളുന്നു.

www.malankaralibrary.com

## 3.9 ശക്തമായ നഗരം

മൂ-ശാനിബിയാൽ
സ്ഥാപിതപേടകമേ,
മറിയാമേ, സ്വസ്തി
ജീവജലത്തെയുൾക്കൊള്ളും
റൂഹയിൻ ആവരണം
നീ ഈശ്ശായി സുതനാം
ദാവീദ് പാടിയ ബലമേറും-പൂരി നീ
ഈശൻനിൻ-മടിയീന്നും വന്നാൻ.
***(ശ്ഹീമ്മോ-ശുബ്ഹോ ബുധൻ 6-ാം മണി പേജ്-149)***

വിശുദ്ധ ഗ്രന്ഥത്തെ അടിസ്ഥാനമാക്കി പരിശുദ്ധ ദൈവമാതാവിനെ 'ശക്തമായ നഗരം' എന്ന് വിശേഷിപ്പിച്ചിരിക്കുന്നു. ബൈബിളിൽ ഈ അടയാളം ദൈവത്തിന്റെ വാസസ്ഥലത്തെ സൂചിപ്പിക്കുന്നു. ദൈവവുമായി ഉടമ്പടിയിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളുമായുള്ള ദൈവത്തിന്റെ ബന്ധത്തിന്റെ ഒരു സാധാരണ പ്രതീകമാണ് ശക്തമായ നഗരം. നോഹയോടും അബ്രഹാമിനോടും ദൈവം ചെയ്ത ഉടമ്പടികളിൽ ഇത് പ്രകടമാണ്. മറിയം പറയുന്നു: "എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് പ്രകീർത്തിക്കും" (ലൂക്കാ 1:48). ദൈവത്തോടുള്ള അവളുടെ ക്രിയാത്മകമായ പ്രതികരണം നിമിത്തം മനുഷ്യരാശിയുടെ എല്ലാ പ്രതീക്ഷകളും അഭിലാഷങ്ങളും അവളിൽ പൂർത്തീകരിക്കപ്പെട്ടുവെന്ന് പ്രതിഫലിപ്പിക്കുന്നു. അതുപോലെ തന്നെ ഇസ്രായേൽ ജനത മുഴുവൻ അവളിൽ വ്യക്തിവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് പറയുവാൻ കഴിയും. അവളുടെ ദൈവം ന്യായവിധി നടത്തുന്ന രക്തരൂക്ഷിതമായ നഗരത്തെയല്ല അവളിലൂടെ പ്രതിഫലിപ്പിക്കുന്നത് (എസ. 2:1-3). മറിച്ച് ഭൂമിയുടെ മുഴുവൻ സന്തോഷമായ ദൈവത്തിന്റെ നഗരത്തെയാണ് (സങ്കീ. 98:2). കാനായിലും (യോഹ. 2:4) കാൽവരിയിലും സാക്ഷാത്കരിച്ച

www.malankaralibrary.com

സ്ത്രീയുടെ പങ്കിന്റെ അടിസ്ഥാനത്തിൽ മറിയത്തെ ശക്തമായ നഗരം എന്ന് വിളിക്കാൻ കഴിയും.

മറിയത്തെ സ്ത്രീയായി പരാമർശിക്കുന്ന നാല് പരാമർശങ്ങൾ ബൈബിളിൽ നിഴലിച്ചുനിൽക്കുന്നു. ഉൽപത്തി പുസ്തകത്തിൽ, മറിയത്തെ സ്ത്രീയായി പരാമർശിക്കുന്നുത് ഇപ്രകാരമാണ്, അവളുടെ മകൻ സർപ്പത്തിന്റെ തലയെ തകർക്കും (ഉൽപ.3:15). രണ്ടാമത്തെ പരാമർശം ദർശിക്കുക, കാനായിലെ വിവാഹവേളയിലാണ്. അവിടെ യേശു മറിയത്തെ അഭിസംബോധന ചെയ്യുക സ്ത്രീയെന്നാണ്. മൂന്നാമത്തേത് കാൽവരിയിലാണെന്ന് ബൈബിൾ പരാമർശിക്കുന്നു. യേശു തന്റെ അമ്മയുടെ നേരെ തിരിഞ്ഞ് "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്ന് പറയുന്നു (യോഹ. 19:26). നാലാമത്തെ പരാമർശം വെളിപാടിന്റെ പുസ്തകത്തിൽ മറിയത്തെ സ്ത്രീ എന്ന് വിളിച്ചുകൊണ്ടാണ് നൽകിയിരിക്കുന്നത്. യോഹന്നാൻ പറയുന്നു: സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ, അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം (വെളി.12:1). കാനായിലെ സംഭവം മാത്രമാണ് മറിയത്തെ നേരിട്ട് സൂചിപ്പിക്കുന്നതെന്ന് വിവക്ഷിക്കുന്നു. മറ്റെല്ലാ ഗുണവിശേഷങ്ങളും മറിയത്തിന് നൽകുന്നതാണ്, കാരണം അവയ്ക്ക് സന്ദർഭത്തിൽ ഉള്ള അർത്ഥം മാത്രമാണ്.

മറിയം ഗർഭിണിയാണെന്ന ജോസഫിന്റെ ആശയക്കുഴപ്പം ഇപ്രകാരം കാണാൻ സാധിക്കും. മറിയം ശുദ്ധയാണെന്നും അവൾക്ക് തന്നെ ഒറ്റിക്കൊടുക്കുവാൻ കഴിയില്ലെന്നും ജോസഫ് കരുതുന്നു. മറിയത്തിന്റെ പവിത്രതയെക്കുറിച്ചുള്ള അവന്റെ ബോധ്യം പ്രകടിപ്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്, ജോസഫ് പറഞ്ഞു: "നിങ്ങൾ ഇതുവരെ സത്യമായിരുന്നു. നിങ്ങളുടെ പവിത്രതയെക്കുറിച്ച് ഞാൻ ഈ ദിവസങ്ങളിലെല്ലാം നിങ്ങളുടെ സഹിഷ്ണതയെക്കാൾ നന്നായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഞാൻ ശ്രദ്ധിച്ചു, കാരണം നിങ്ങളുടെ പുണ്യത്തിൽ നിങ്ങൾ ശുദ്ധിയുള്ളവരായിരുന്നു, ഞാൻ വളരെയധികം സന്തോഷിച്ചു".

www.malankaralibrary.com

മറിയം കൊള്ളയടിക്കപ്പെടുന്ന ഒരു ഉറപ്പുള്ള നഗരം പോലെയായിരുന്നു. അത് അവളുടെ കന്യാത്വ സൗന്ദര്യത്തെ സൂചിപ്പിക്കുന്നു. മറിയത്തിന്റെ നിർമലതയെക്കുറിച്ച് ജോസഫിന് ബോധ്യപ്പെട്ടിരുന്നതിനാൽ ബലപ്രയോഗത്തിലൂടെ എന്തെങ്കിലും ലംഘനം നടത്താനുള്ള സാധ്യതയെക്കുറിച്ച് അദ്ദേഹം ചിന്തിച്ചതായി തോന്നുന്നില്ല. എന്നാൽ ചില തടവുകാർ കോട്ട തകർത്ത നഗരം പോലെ അതിനെ കണക്കാക്കിയതായി കാണുന്നു. മറിയത്തിന്റെ കന്യകാത്വത്തെക്കുറിച്ച് ജോസഫിന്റെ സംശയം പ്രകടിപ്പിക്കാൻ അപ്രകാരം ഒരു ചിന്ത കണക്കാക്കിലെടുത്തു 'ശക്തമായ നഗരം' എന്ന പ്രയോഗം ഉപയോഗിച്ചു. അവൾക്ക് മറ്റേതെങ്കിലും പുരുഷനുമായി ബന്ധമുണ്ടെന്ന് ജോസഫ് ചിന്തിച്ചിരിക്കാം. ഈ ആശയം പുറത്തുകൊണ്ടുവരാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകമാണ് "കോട്ട പൊളുച്ചുമാറ്റിയ ശക്തമായ നഗരം".

ഈ സന്ദർഭത്തിൽ പരിശുദ്ധി നശിച്ച ഒരു കന്യക, കോട്ട തകർന്ന ഒരു നഗരത്തിന് തുല്യമാണ്. മറിയത്തിന്റെ നിരപരാധിത്വം ക്രമേണ ബോധ്യപ്പെടുകയും അവളെ വിശ്വസ്തയായി അംഗീകരിക്കുകയും ചെയ്യുന്ന തരത്തിൽ മറിയത്തെ ശക്തമായ നഗരം എന്ന് അവതരിപ്പിച്ചിരിക്കുന്നു. നമ്മുടെ വീണ്ടെടുപ്പുകാരന്റെ ജനനത്തെക്കുറിച്ചുള്ള തന്റെ പ്രസംഗത്തിൽ അദ്ദേഹം ഇത് വിവരിച്ചു. "സംശയത്താൽ, നിങ്ങളുടെ സന്തതിയുടെ പേരിൽ നിങ്ങളെ പിരിച്ചുവിടാൻ ഞാൻ ആഗ്രഹിച്ചു. വാളുകൊണ്ടുപോലും ഞാൻ നിങ്ങളുടെ വിശുദ്ധിയെ ഉപേക്ഷിക്കുകയില്ല. കാരണം ഞാൻ നിങ്ങളെ ഒരു വിവാഹിതയായ സ്ത്രീയായിട്ടാണ് കരുതിയത്. വ്യഭിചാരത്തിൽ; ദൈവമേ നിങ്ങളിൽ നിന്ന് വളരെ അകലെയുള്ള ദാമ്പത്യബന്ധത്തിലേക്ക് ഞാൻ തിരിയുന്നത് തടയട്ടെ.

## ശക്തമായ നഗരം : ഉടമ്പടിയുടെ പ്രതീകം

ദൈവത്തിന്റെ നഗരത്തെ അത്യുന്നതന്റെ വിശുദ്ധ വാസസ്ഥലമായി വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നു. "ദൈവത്തിന്റെ നഗരത്തെ, അത്യുന്നതന്റെ വിശുദ്ധ നിവാസത്തെ, സന്തുഷ്ടമാക്കിക്കൊണ്ട് ഒഴുകുന്ന ഒരു നദിയുണ്ട്. ആ നഗരത്തിൽ ദൈവം വസിക്കുന്നു; അതിന് ഇളക്കം തട്ടുകയില്ല; അതിരാവിലെ ദൈവം

www.malankaralibrary.com

അതിനെ സഹായിക്കും" (സങ്കീ. 46:4-5). ഇസ്രായേലിനെ സംബന്ധിച്ചിടത്തോളം ഉറപ്പുള്ള നഗരം സുരക്ഷിതത്വത്തെ അർത്ഥമാക്കുന്നു. ഈ നഗരത്തെ സീയോൻ എന്നാണ് ഇസ്രായേൽ കരുതിയത്. ജെറമിയ പുസ്തകത്തിൽ മറ്റൊരു പരാമർശമുണ്ട്. ഇവിടെയിരെമ്യാവിലൂടെ ദൈവം തന്റെ ജനത്തെ ഒരു ഉറപ്പുള്ള നഗരമാക്കുന്നു. "ദേശത്തിന് മുഴുവനും യൂദായിലെ രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും ദേശവാസികൾക്കും എതിരെ അപ്രതിരോധ്യമായ നഗരവും ഇരുമ്പുതൂണും പിച്ചളമതിലും ആയി ഇന്നും നിന്നെ ഞാൻ ഉറപ്പിക്കും" (ജറെ. 1:18). കോട്ടയുള്ള നഗരം ജറുസലേമല്ല, മറിച്ച് ഇസ്രയേലാണ്. ഇസ്രായേൽ ഒരു ജനതയാണ് പഴയനിയമത്തിൽ. പല പ്രവശ്യം, ജറുസലേം നിവാസികൾ നഗരത്തിൽനിന്ന് പുറപ്പെടുകയും ബന്ധികളാക്കപ്പെടുകയും ചെയ്തു. പ്രവാസത്തിൽ നിന്ന് ജനം ജറുസലേമിലേക്ക് മടങ്ങുന്നു. ജറുസലേമിലേക്കുള്ള ജനങ്ങളുടെ മടങ്ങിവരവ് ദൈവത്തിലേക്കുള്ള മനുഷ്യരാശിയുടെ തിരിച്ചുവരവിനെ മുൻനിർത്തിയാണ്.

## ശക്തമായ നഗരം : ഉടമ്പടിയുടെ വിശ്വസ്തതയുടെ പ്രതീകം

ജറുസലേം ഇസ്രായേലിന്റെ ശക്തമായ നഗരമാണെന്ന് ബൈബിൾ വിശകലനത്തിൽ നാം കണ്ടു. ഇസ്രായേൽ ജനം അവിടെയാണ് ജീവിക്കാൻ ആഗ്രഹിച്ചത്. മറിയത്തെ കന്യകയായ ഇസ്രായേലിന്റെ സാക്ഷാത്കാരമായി കണക്കാക്കി. രണ്ട് കാരണങ്ങളാൽ മറിയത്തെ ശക്തമായ നഗരം എന്ന് വിളിക്കുന്നു. 1. അവൾ ദൈവപുത്രന് വാസസ്ഥലം നൽകി. 2. ജനങ്ങളുടെ പുനരുദ്ധാരണത്തിനായുള്ള അവന്റെ പദ്ധതിയിൽ അവൾ ദൈവവുമായി സഹകരിച്ചു.

www.malankaralibrary.com

# 3.10 അടഞ്ഞ വാതിൽ

ദാവീദിൻ മകളാം കന്യാ മറിയാമ്മിനായിട്ടേകി
ഹസ്കീയേൽ: ബന്ധിത വാതിൽ;
ശ്ലേമോൻ ആവൃതതോട്ടം, മുദ്രിതമാമുറവ,
ദാവീദ് : ശോഭിത പട്ടണമെന്നായ്
***(ശ്ഹീമ്മോ-ശുബ്ഹോ ബുധൻ രാത്രി പേജ്-127)***

പരിശുദ്ധ കന്യാമറിയത്തിന്റെ കന്യകാത്വത്തിന്റെ പ്രതീകമായി അടഞ്ഞവാതിൽ എന്ന എസെക്കിയേൽ ഉപയോഗിച്ചുകാണുന്നു. ഇതിലൂടെ അവൾ ദൈവപുത്രനാണ് ജന്മം നൽകിയതെന്നും ആയതിനാൽ പ്രസവത്തിലൂടെ അവളുടെ കന്യകാത്വത്തിന് യാതൊരു ഭംഗവും ഏറ്റിട്ടില്ല എന്ന് സഭാപിതാക്കന്മാർ തങ്ങളുടെ പഠനങ്ങളിൽ ചിത്രീകരിക്കുന്നു.

മറിയത്തിന്റെ കന്യകാത്വം ദൈവപുത്രന്റെ അവതാരവുമായി ആന്തരികമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാം പുനസ്ഥാപിക്കുവാനും പുതുക്കാനും, സൗഖ്യമാക്കുവാനുമാണ് അവൻ ഭൂമിയിലേക്ക് അവതരിച്ചത്. ഇതിന്റെ അടിസ്ഥാന തത്വമെന്നത് സ്വഭാവത്തിൽ പരിപൂർണ്ണനായ ഒരു വ്യക്തിക്ക് മറ്റുള്ളവയെ അപൂർണ്ണനാക്കാൻ സാധിക്കുകയില്ല എന്നതാണ്.

താമാറിന്റെ കഥയിലെ അടഞ്ഞവാതിൽ മറിയത്തിന്റെ കന്യകാത്വത്തിന്റെ പ്രതിരൂപമായി മാറുന്നു. കാരണം ഇവിടെ ഇത് അവളുടെ കന്യകാത്വത്തിന്റെ ബഹുമാനത്തിനായി മാറുന്നു. താമാറിലൂടെ നഷ്ടപ്പെട്ടതൊക്കെ മറിയത്തിലൂടെ പുനസ്ഥാപിക്കപ്പെട്ടു.

## അടഞ്ഞ വാതിൽ : ബൈബിൾ അടിസ്ഥാനത്തിൽ

പുറപ്പാട് 29:42-ൽ വാതിലിനെക്കുറിച്ചുള്ള പരാമർശം കാണുവാൻ സാധിക്കുന്നുണ്ട്. "ഇസ്രായേൽക്കാർ കൂടാരത്തിന്റെ വാതിൽക്കൽ അർപ്പിക്കേണ്ടിയിരുന്ന ഹോമയാഗത്തിന്റെ

www.malankaralibrary.com

പശ്ചാത്തലമാണ് ഇവിടെ വിവരിക്കുന്നത്. അടഞ്ഞ വാതിലിന്റെ പ്രതീകാത്മകത മനസ്സിലാക്കണമെങ്കിൽ കൂടാരവാതിലിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

മോശ അഹറോനോടും മക്കളോടും പറഞ്ഞു: "നിങ്ങൾ സമാഗമകൂടാരത്തിന്റെ പ്രവേശന കവാടത്തിന്റെ പുറത്ത് പോകരുത്. പോയാൽ നിങ്ങൾ മരിക്കും, കർത്താവിന്റെ അഭിഷേകതൈലം നിങ്ങളുടെ മേൽ ഉണ്ട്" (ലേവ്യർ 1:7). കൂടാരത്തിന്റെ വാതിൽ മനുഷ്യനുമായുള്ള ദൈവത്തിന്റെ ഒരു കൂടിക്കാഴ്ചയാണ്. "അവൻ വെളിയിൽ വന്നു. കർത്താവ് മേഘസ്തംഭത്തിൽ ഇറങ്ങിവന്നു സമാഗമകൂടാരവാതിൽക്കൽ നിന്നിട്ട് അഹറോനേയും മരിയാമിനെയും വിളിച്ചു. അവർ മുന്നോട്ടുചെന്നു" (സംഖ്യ. 12:5). കൂടാരത്തിന്റെ വാതിൽ ദൈവത്തിന്റെ സാന്നിദ്ധ്യത്തെ ഓർമ്മിപ്പിക്കുന്നു.

അടഞ്ഞ വാതിലിനെ പരാമർശിക്കുന്ന മറ്റൊരു പ്രധാന സംഭവം സാമുവേലിന്റെ രണ്ടാം പുസ്തകത്തിലാണ്. ഈ സംഭവത്തിൽ ദാവീദിന്റെ മകൻ അമ്നോൻ താമാറിനെ സ്നേഹിക്കുന്നു. സഹോദര സ്നേഹത്തിന്റെ മറവിൽ അവൻ അവളെ കടന്നുപിടിച്ചു. സഹോദരി എന്നോടൊപ്പം കിടക്കു എന്നു പറഞ്ഞു (2 സാമു. 13:11). ഇതൊരു തെറ്റായ പ്രവർത്തിയാണെന്ന് അവൾ അവനോട് പറഞ്ഞെങ്കിലും ഈ പ്രവർത്തി ചെയ്തതിനുശേഷം അവൻ അവളെ അത്യധികം വെറുത്തു" (2 സാമു. 13:15). അവൻ തന്റെ ദാസനോടു പറഞ്ഞു "ഇവളെ എന്റെ മുൻപിൽ നിന്നു പറുത്താക്കി വാതിലടയ്ക്കുക" (2 സാമു .13:17). ഭൃത്യൻ അവളെ പുറത്താക്കി വാതിലടച്ചു. ഇവിടെ താമാറിന് മുന്നിൽ അടഞ്ഞ വാതിൽ പാപത്തിന്റെയും, ദുരുപയോഗത്തിന്റെയും, തിരസ്കരണത്തിന്റെയും, വെറുപ്പിന്റെയും പ്രതീകമായി മാറുന്നു. താമർ പ്രവേശിച്ച അതേ വാതിൽ അവൾക്കെതിരെ അടഞ്ഞുകിടക്കുന്നു. മനുഷ്യന്റെ പാപത്തിന്റെ ഇരയായി മാറുന്നു. ഈ സംഭവത്തിലെ അടഞ്ഞ വാതിൽ വിരൽ ചൂണ്ടുന്നത് സഹജീവികൾക്കെതിരെ ഹൃദയം അടയ്ക്കുന്ന മനുഷ്യരോടുള്ള നല്ല ഇച്ഛയുടെ അനുഭവത്തിലേക്കാണ്.

www.malankaralibrary.com

അടഞ്ഞ വാതിലിനെക്കുറിച്ചുള്ള മൂന്നാമത്തെ പരാമർശം എസെക്കിയേലിന്റെ പുസ്തകത്തിലാണ്. "വിശുദ്ധമന്ദിരത്തിന്റെ പുറത്ത് കിഴക്കോട്ട് ദർശനമായി നിൽക്കുന്ന പടിപ്പുരയിലേക്ക് അവൻ എന്നെ തിരികെ കൊണ്ടുവന്നു. അത് അടച്ചിരുന്നു. കർത്താവ് എന്നോട് അരുളിചെയ്തു. ഈ പടിപ്പുര എപ്പോഴും അട ച്ചിരിക്കുന്നു. അത് തുറക്കപ്പെടുകയില്ല. ആരും അതിലൂടെ പ്രവേ ശിക്കുകയും ഇല്ല. എന്തെന്നാൽ ഇസ്രായേലിന്റെ ദൈവമായ കർത്താവ് അതിലൂടെ പ്രവേശിക്കുന്നു. അതുകൊണ്ട് അത് അട ഞ്ഞുകിടക്കുന്നു. കർത്താവിന്റെ സന്നിധിയിൽ അപ്പം ഭക്ഷിക്കാൻ രാജാവിനുമാത്രം അവിടെ ഇരിക്കാം. അവൻ പടിപ്പുരയുടെ പൂമു ഖത്തിന്റെ പാർശ്വകവാടത്തിലൂടെ പ്രവേശിക്കുകയും ആ വഴിയി ലൂടെ തന്നെ പുറത്തുപോവുകയും വേണം" (എസെ. 44:1-3).

പുതിയ നിയമത്തിൽ ക്രിസ്തു സ്വയം ഒരു വാതിലായി അവ തരിപ്പിക്കുന്നു. അവൻ പറയുന്നു "ഞാനാണ് വാതിൽ എന്നിലൂടെ പ്രവേശിക്കുന്നവൻ രക്ഷപ്രാപിക്കും" "അവൻ അകത്തുവരികയും പുറത്തുപോവുകയും മേച്ചിൽ സ്ഥലം കണ്ടെത്തുകയും ചെയ്യും" (യോഹ. 10:9).

അടഞ്ഞ വാതിൽ എന്നതിന്റെ ഏറ്റം ശ്രദ്ധേയമായ പരാ മർശം യോഹന്നാന്റെ പുസ്തകത്തിലെ പുനരുത്ഥാന വിവരണ ത്തിൽ നമുക്ക് കാണുവാൻ സാധിക്കും. "ആഴ്ചയുടെ ആദ്യദിവ സമായ അന്നു വൈകിട്ട് ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ചിരി ക്കെ, യേശു വന്ന് അവരുടെ മധ്യേ നിന്ന് അവരോട് പറഞ്ഞു നിങ്ങൾക്ക് സമാധാനം (യോഹ. 20:19).

## അടഞ്ഞ വാതിൽ : ശാശ്വത കന്യകാത്വത്തിന്റെ പ്രതീകം

പരിശുദ്ധ കന്യകാമറിയത്തിന്റെ കന്യകാത്വത്തിന്റെ മാഹാ ത്മ്യത, അല്ലെങ്കിൽ രഹസ്യം വിശദീകരിക്കുന്നത് അടഞ്ഞ വാതിൽ എന്ന പ്രതീകത്തിലൂടെയാണ്. രണ്ട് ദൈവശാസ്ത്ര ചിന്തകളാണ് ഇതിലൂടെ ലഭിക്കുന്നത്. ഒന്ന്, മറിയം നിത്യകന്യകയാണ്. ഇത് അവളുടെ പുത്രൻ ദൈവത്തിന്റെ പുത്രനാണെന്ന വസ്തുത

www.malankaralibrary.com

സൂചിപ്പിക്കുന്നു. കാരണം അവളുടെ പുത്രനെ പ്രസവിച്ചശേഷം അവളുടെ കന്യകാത്വം കേടുകൂടാതെ സംരക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ സാധിക്കൂ. അവന്റെ ജനനം ദൈവീകവും മാനുഷികവുമാണ്. അത് അന്വേഷിച്ചുപോകേണ്ടകാര്യമില്ല. കാരണം അവന്റെ അത്ഭുതങ്ങൾ പരിധിയില്ലാത്തതാണ്. എസെക്കിയേലിന്റെ പ്രവചനത്തിൽ (എസെ. 44:1–3) അടഞ്ഞവാതിൽ യേശുവിനെ പ്രസവിക്കുന്ന സമയത്തും അതിനുശേഷവും മറിയത്തിന്റെ കന്യകാത്വത്തെ ചിത്രീകരിക്കുന്നു.

രണ്ടാമതായി, മനുഷ്യരെ അവരുടെ പാപകരമായ അവസ്ഥകളിൽ നിന്ന് രക്ഷിക്കുന്ന ഒരു രഹസ്യമായാണ് മനുഷ്യാവതാരത്തെ ഇവിടെ അവതരിപ്പിക്കുന്നത്. പഴയനിയമത്തിൽ അടഞ്ഞ വാതിൽ മനുഷ്യന്റെ പാപപരിപൂർണമായ അവസ്ഥയായി പ്രതിനീതീകരിക്കുന്നു. എന്നാൽ താമാറിനായി അടഞ്ഞ വാതിൽ മറിയത്തിന്റെ കന്യകാത്വത്തിൽ മാറ്റി സ്ഥാപിക്കപ്പെടുന്നു. അവളുടെ കന്യകാത്വം മനുഷ്യാവതാരത്തിന്റെ രക്ഷാകരമായ ഫലങ്ങൾ പ്രതീക്ഷിച്ചിരിക്കുന്നു. മൂന്നാമതായി, അടഞ്ഞ വാതിലിൽ ശുദ്ധമായ പദാർത്ഥം എന്താണെന്ന് വരച്ചുകാട്ടുന്നു. “അടഞ്ഞ വാതിലിന്റെ പ്രതീകാത്മകതയിൽ മറിയത്തിന്റെ കന്യകാത്വത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും വ്യത്യസ്ത വശങ്ങൾ കൊണ്ടുവരുന്നു.”

www.malankaralibrary.com

## 3.11 ഉഴുതുമറിക്കപ്പെടാത്ത നിലം

വിതചെയ്യാ-തവളിൽ മുളച്ചാ ച്ചെടിയല്ലോ
സുതനാം മിശിഹാ ജാതികൾ പേർക്കവനശനവുമായ്
ശ്രേഷ്ഠമതാക്കിയവൻ തന്റെ ജനനീ സ്മരണയെ
സ്വർഗ്ഗമതിൽ ധരയിലുമൊരുപോലെ.
***(ശ്ഹീമ്മോ-ശുബ്ഹോ ബുധൻ രാത്രി പേജ്-127)***

അഭിവാദ്യം ചെയ്തോതിയിദം
വിത ചെയ്യാ വയലേ സ്വസ്തി

അതിർകാണാത്താഴമേ മോദി-
ക്കംബരമെത്തും സോപാനം

***(കുർബാനക്രമം, പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന പേജ്-251)***

പരിശുദ്ധ കന്യകമറിയത്തിന്റെ കന്യത്വത്തിന്റെ വലിയ രഹസ്യം വിവരിക്കുവാൻവേണ്ടി സൂചിപ്പിക്കുന്ന ഒരു പ്രതീകമാണ് ഉഴുതുമറിച്ച നിലം. ഈ പ്രതീകം വന്ധ്യതയുടേയും ഉത്പാദനക്ഷമതയുടേയും അവസ്ഥയെ സൂചിപ്പിക്കുന്നു. ഒരിക്കലും ഉഴുതുമറിച്ചിട്ടില്ലാത്തതും വിത്ത് പാകിയിട്ടില്ലാത്തതുമായ നിലം ഫലപുഷ്ഠിയില്ലായ്മയും തരിശായി കിടക്കുന്നതിനേയും സൂചിപ്പിക്കുന്നതാണ്. ദാമ്പത്യജീവിതം അവസാനിച്ചിട്ടും സന്താനഭാഗ്യമില്ലാത്ത വന്ധ്യതയുടെ ലക്ഷണമാണിത്. "എന്നാൽ ഒരുക്കപ്പെടാതെ ഒരുകറ്റ ജീവൻ നൽകിയ വയലെ, എല്ലാ സൃഷ്ടികളും നിന്നിൽ നിന്ന് പുറപ്പെട്ട ആ ജീവൻ കണ്ട് തൃപ്തിപ്പെട്ടു".

പരിശുദ്ധ അമ്മയുടെ ഗർഭധാരണം ഉഴുതുമറിക്കാത്ത നിലത്ത് നിന്നുള്ള വിളവിനോട് ഉപമിക്കുന്നു. കാരണം ഉഴുതുമറിക്കാത്ത ഭൂമിയിൽ നിന്ന് വിളവെടുക്കുന്നത് അത്ഭുതകരമാണ്. കന്യകയായ മറിയത്തിന് ഒരു കുഞ്ഞിനെ പ്രസവിക്കാൻ കഴിയില്ല.

www.malankaralibrary.com

എന്നാൽ അത്യുന്നതന്റെ ശക്തി അവളിൽ ആവസിച്ചപ്പോൾ അവൾ ഒരു കുഞ്ഞിനെ ഗർഭം ധരിക്കുന്നു. ഉഴുതുമറിക്കാത്ത ഭൂമി യുടെ പ്രതീകം മനുഷ്യന് അസാധ്യമായത് സാധ്യമാക്കുന്നു എന്ന തത്വം വെളിപ്പെടുത്തുന്നു. ഇതിന്റെ കാരണം ദൈവത്തിന്റെ കരു ണയും ഇടപെടലും സ്നേഹവും ആണ്.

മറിയത്തിന്റെ ഗർഭപാത്രത്തെ വിളിക്കുന്നത് വന്ദ്യഗർഭം എന്നാണ്. ആരുടെ ചെറുതും വന്ദ്യവുമായ ഗർഭപാത്രത്തിൽ സ്വർഗ്ഗം നിറഞ്ഞവനും മനുഷ്യനുവേണ്ടി ചെറുതായവനുമായമായ വലിയവൻ ഇറങ്ങിവസിച്ചുവോ അവൾ ഭാഗ്യവതിയാണ്. അതിനാൽ മറിയത്തിന്റെ ഗർഭപാത്രത്തെ വന്ധ്യഗർഭമെന്ന് വിളിച്ചതുവഴിയായി, വിവാഹജീവിതത്തിൽ ഇന്നുവരെ ഒന്നിച്ചിട്ടില്ലാത്തവളെ പഴയനി യമത്തിലെ വന്ധ്യ സ്ത്രീകളുടെ അതേ നിലവാരത്തിൽ നിർത്തി. വന്ധ്യമായ ഗർഭപാത്രം എന്ന ഈ പ്രയോഗത്തിലൂടെ അവളുടെ ഗർഭപാത്രത്തിലേക്ക് പുരുഷബീജം ലഭിക്കാത്ത, ഉത്പാദകക്ഷമ മല്ലാത്ത അവസ്ഥയെ സൂചിപ്പിക്കുന്നു.

## ഉഴുതുമറിക്കാത്തഭൂമി - ബൈബിൾ അർത്ഥം

ദൈവീകവെളിപാടിന്റെ ആദ്യ ഉദാഹരണം വന്ദ്യയായ സ്ത്രീയുടെ ഗർഭധാരണമാണ് (ഉത്പ. 11:30). ദൈവം അബ്രഹാ മിനെ അനുഗ്രഹിച്ചു. നിന്റെ സന്തതികൾ ആകാശത്തിലെ നക്ഷ ത്രങ്ങൾ പോലെ വർദ്ധിക്കും എന്ന് പറഞ്ഞു (ഉൽപ. 15:6). ഒരു മകൻ ജനിക്കാൻ അബ്രഹാം നൂറ് വർഷംവരെ കാത്തിരുന്നു. ദൈവം അബ്രഹാമിനോട് നിനക്ക് കുഞ്ഞ് ജനിക്കുമെന്ന് പറഞ്ഞ പ്പോൾ അബ്രഹാം ചോദിച്ചു, നൂറ് വയസ്സുള്ള മനുഷ്യന് കുഞ്ഞ് ജനിക്കുമോ? (ഉൽപ. 17:7) എന്നാൽ കർത്താവ് തന്റെ വാഗ്ദാനം സ്ഥിരീകരിച്ചു. നിശ്ചിതസമയത്ത് ഞാൻ നിങ്ങളുടെ അടുത്തേക്ക് മടങ്ങിവരും. വസന്തകാലത്ത് സാറായ്ക്ക് ഒരു പുത്രൻ ഉണ്ടാകും. (ഉൽപ. 18:14). ഇസഹാക്ക് ജനിച്ചപ്പോൾ സാറ പറയുന്നു: ദൈവം എന്നെ ചിരിപ്പിച്ചിരിക്കുന്നു. കേൾക്കുന്നവരെല്ലാം എന്നെ ഓർത്ത് ചിരിക്കും (ഉൽപ. 21:6).

www.malankaralibrary.com

ന്യായാധിപന്മാരുടെ പുസ്തകം 13-ാം അദ്ധ്യായം 1 മുതൽ 25 വരെയുള്ള വാക്യങ്ങളിൽ വന്ധ്യയായ മറ്റൊരു സ്ത്രീയെ കാണാൻ കഴിയും. കർത്താവിന്റെ ദൂതൻ ശിമയോന്റെ അമ്മയുടെ അടുക്കൽ പ്രത്യക്ഷനായി പറഞ്ഞു. നിങ്ങൾ വന്ധ്യയാണ്. കുട്ടികളില്ല എന്നാൽ നിങ്ങൾ ഗർഭംധരിച്ച് ഒരു മകനെ പ്രസവിക്കും (ന്യായ 13:3). അവസാന ഭാഗത്തിലേക്ക് കടന്നുവരുമ്പോൾ മനോവായുടെ ഭാര്യ ഒരു കുഞ്ഞിനെ പ്രസവിക്കുന്നതായി കാണാൻ കഴിയും. അവർ അവനെ സാംസൺ എന്ന് വിളിച്ചു.

ദൈവീക ഇടപെടലിൽ ഒരു കുഞ്ഞിന് ജന്മംനൽകുന്ന മറ്റൊരുസ്ത്രീ ഹന്നായാണ്. അവളുടെ വന്ധ്യത കാരണം മറ്റുള്ളവർ അവളെ കളിയാക്കുകയും. വിഷമം നിമിത്തം അവൾ ഏറെ കരഞ്ഞിരുന്നു. ഭക്ഷണം കഴിച്ചില്ല. തനിക്കൊരു കുഞ്ഞില്ലെന്ന വിഷമം നിമിത്തം കർത്താവിന്റെ മുൻപിൽ ഒരു കുഞ്ഞിനുവേണ്ടി കണ്ണുനീരോടെ അവൾ പ്രാർത്ഥിച്ചു. അവൾക്ക് ഒരാൺകുഞ്ഞ് ജനിച്ചു. അവൾ പറഞ്ഞു: അങ്ങ് അടിയന്റെ ദുരിതം കണ്ട് എന്നെ ഓർത്തു. എനിക്ക് ഒരു ആൺകുഞ്ഞിനെ നൽകി. ഞാനിതാ അവനെ അങ്ങേക്ക് സമർപ്പിക്കുന്നു. അവൾ അവന് സാമുവേൽ എന്ന് പേരിട്ടു (1 സാമു. 1:1-20).

പുതിയനിയമത്തിൽ വന്ദ്യയായ ഒരു സ്ത്രീയെ കാണാൻ സാധിക്കും. കർത്താവിന്റെ ദൂതൻ സഖറിയായ്ക്ക് പ്രത്യക്ഷപ്പെട്ട് പറഞ്ഞു: സഖറിയ ഭയപ്പെടേണ്ട, നിന്റെ ഭാര്യ എലിസബത്ത് ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യോഹന്നാൻ എന്ന് പേരിടണം.

എന്നാൽ മറിയത്തിന്റെ കാര്യത്തിൽ ഇത് വ്യത്യസ്തമാണ്. കാരണം മറിയം ഒരു കന്യകയാണ്. ഒരു കുഞ്ഞിനെ ഗർഭം ധരിക്കുക എന്നത് പൂർണ്ണമായും അസാധ്യമായ കാര്യമാണ്. ഇവിടെ ലൈംഗികബന്ധം ഇല്ലായിരുന്നു. അതിനാൽ ദൈവീക ഇടപെടൽ ഗർഭധാരണത്തിന് ആവശ്യമായിരുന്നു. മറിയത്തിന്റെ ഗർഭധാരണത്തിലെ ദൈവീക ഇടപെടൽ മറ്റ് സംഭവങ്ങളിൽ നിന്ന് തികച്ചും

www.malankaralibrary.com

വ്യത്യസ്തമായിരുന്നു. ലൂക്കോസിന്റെ സുവിശേഷത്തിൽ ഇപ്രകാരം കാണാൻ കഴിയും.

പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. അതിനാൽ ജനിക്കാനിരിക്കുന്ന ശിശു പരിശുദ്ധൻ. ദൈവപുത്രൻ എന്ന് വിളിക്കപ്പെടും (ലൂക്കാ 1:35).

വന്ധ്യയായ സ്ത്രീയുടെ ഗർഭധാരണവും പ്രവാചകൻമാരുടെ തിരഞ്ഞെടുപ്പും അസാധ്യമായത് സാധ്യമാക്കുന്ന ദൈവത്തിന്റെ അനന്തമായ കരുണയെ വെളിപ്പെടുത്തുന്നു.

## ഉഴുതു മറിക്കാത്ത ഭൂമി - കന്യകയുടെ ഗർഭധാരണത്തിന്റെ പ്രതീകം

ഉഴുതു മറിക്കാത്ത നിലം മറിയത്തിന്റെ കന്യത്വത്തെ കാണിക്കുന്നു. ഈ പ്രതീകം മറിയത്തിന്റെ ഗർഭധാരണത്തിലെ മാനുഷിക ഇടപെടലിന്റെയും ദൈവീക പ്രവർത്തനത്തിന്റെ അടയാളമായും കാണിക്കുന്നു. ഇത് ദൈവത്തിന്റെ സമ്പൂർണ്ണ ദാനമായി അവതരിപ്പിക്കുന്നു. ഇത് ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെ പ്രത്യേക സവിശേഷതകളെ സൂചിപ്പിക്കുന്നു. ദൈവം മനുഷ്യനെ തിരഞ്ഞെടുക്കുന്നത് അവന്റെ കഴിവുകൾ നോക്കാതെയാണ്. മോശ, ഏശയ്യാ, ജെറമിയ, ദാവീദ്, മറിയം ഇവരൊക്കെ ഉദാഹരണങ്ങൾ ആണ്. മറിയം ഇത് തിരിച്ചറിഞ്ഞ് ഇപ്രകാരം ഉദ്ഘോഷിക്കുന്നു. എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷകനായ ദൈവത്തിൽ സന്തോഷിക്കുന്നു. കാരണം അവൻ തന്റെ ദാസിയുടെ താഴ്മയെ പ്രീതിയോടെ നോക്കിയിരിക്കുന്നു. എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്ന് വളിക്കും (ലൂക്കാ 1:47). മറിയത്തിന്റെ നിത്യമായ കന്യത്വത്തെയും ദൈവമാതാവാകാൻ അവളെ യോഗ്യയാക്കിത്തീർത്ത അവളുടെ മാനവികതയെയും ഉയർത്തിക്കാട്ടുവാൻ ഉഴുതു മറിക്കാത്ത നിലത്തിന്റെ പ്രതീകാത്മത സഭാപിതാക്കന്മാർ മനസ്സിലാക്കി.

www.malankaralibrary.com

# 3.12 രാജകൊട്ടാരം

സ്വർണ്ണലംകൃതമവൾ വസനം ഹാ-ഉ-ഹാ
കാഴ്ചകളോടരചൻ സന്നിധി പൂകീടുമവൾ
അരചാലയമുൾപൂകുമവൾ ഹാ-ഉ-ഹാ
മക്കൾ നിനക്കുപിതാക്കൾ പകരം

***(ശ്ഹീമ്മോ-മെനഗാലം ബുധൻ പ്രഭാതം പേജ്-346)***

കൊട്ടാരത്തിന്റെ രൂപകം ഒരു രാജകീയ ചിത്രമാണ്. "രാജാവിന്റെ കൊട്ടാരമേ, മർത്യജീവികളേക്കാൾ വലിയ കവാടമുള്ള നീ ഭാഗ്യവതി. മഹത്വമുള്ള രാജാവ് നിന്നിൽ വസിച്ചു. അവന്റെ സ്നേഹം നിന്റെ സൗന്ദര്യത്തിന് ഒരു കോട്ടയാകട്ടെ" മാർ അപ്രേം മറിയത്തെ രാജകൊട്ടാരം എന്ന് വിളിക്കുന്നു. രാജാവായ ദൈവം അവളിൽ വസിച്ചു എന്നതാണ് കാരണം. രാജാവിന്റെ കൊട്ടാരത്തിന്റെ പ്രതിച്ഛായ മറിയത്തിന് അനുയോജ്യമാണ്, കാരണം ദൈവം അവളിൽ വസിച്ചു. രാജാക്കന്മാരെപ്പോലെ, അവൻ എന്നേക്കും ശക്തനാണ്. "അവൾ ഭാഗ്യവതിയാണ്. ആരുടെ ഹൃദയത്തിൽ നീ ആയിരുന്നുവോ ആ മനസ്സ് നിർമ്മലവും. രാജാവിന്റെ പുത്രാ, അവൾ നിന്റെ അടുക്കൽ ഒരു രാജകൊട്ടാരവും; പുരോഹിതനെ, നിന്റെ അടുക്കൽ ഒരു വിശുദ്ധ മന്ദിരവും ആയിരുന്നു".

## ബൈബിൾ പശ്ചാത്തലം

"ജറുസലേം കീഴടക്കിയ ദാവീദ് ആദ്യം അവനു ഒരു മനോഹരമായ കൊട്ടാരം ഉണ്ടാക്കി" (1 സാമു. 5:11). ദാവീദിന്റെ പേരിൽ പ്രസിദ്ധമായിരുന്ന കൊട്ടാരവും നഗരവും, രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ ഏഴാം അദ്ധ്യായത്തിൽ സോളമൻ പണിത കൊട്ടാരത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അദ്ദേഹം തന്റെ കൊട്ടാരം പണിയാൻ മുപ്പത് വർഷമെടുത്തു. എന്നത് ആ കൊട്ടാരത്തിന്റെ ഭംഗി

www.malankaralibrary.com

വിവരിക്കുന്നു. ഇത് പലരെയും ആകർഷിച്ചു. തന്മൂലം ഷേബ രാജ്ഞി കൊട്ടാരം സന്ദർശിക്കുകയും ചെയ്തു.

## മറിയം "രാജാവിന്റെ കൊട്ടാരം"

പുരാതന രാജകൊട്ടാരം സന്ദർശകരെ ആകർഷിക്കുന്നത് അവയിൽ വസിച്ചിരുന്ന രാജാക്കന്മാർ കാരണമാണ്. യേശുവിന്റെ സാന്നിദ്ധ്യം നിമിത്തം മറിയം രാജകൊട്ടാരമായി, അതിനാൽ അവൾ ബഹുമാനിക്കപ്പെടാൻ യോഗ്യയാണ്. കൊട്ടാരത്തിന്റെ ചിത്രങ്ങളുടെ പ്രൗഢി വളരെ ആകർഷകമാണ്. ദൈവം മനോഹരമായ പല കൊട്ടാരങ്ങളും ഉണ്ടാക്കി.

## ദൈവശാസ്ത്രപരമായ കാഴ്ചപ്പാട്

രാജകൊട്ടാരം മറിയത്തെ ജീവനുള്ള പ്രതീകമായി ചിത്രീ കരിക്കുന്നു. അതിൽ അവൾ തന്റെ ജീവിതത്തിലേക്ക് പൂർണ്ണഹൃദ യത്തോടെ സ്വാഗതം ചെയ്ത വ്യക്തിയെ പിതാവിന്റെ നിത്യപുത്ര നായി അവതരിപ്പിക്കുന്നു.

## തികഞ്ഞ ദൈവാലയം

വിശുദ്ധ അപ്രേം മറിയത്തെ ദൈവം വസിക്കുന്ന തികഞ്ഞ ദൈവാലയമായി ചിത്രീകരിക്കുന്നു. "ഉദരത്തിൽ വസിച്ചവൻ വാഴ്ത്തപ്പെട്ടവൻ, അവൻ അതിൽ വസിക്കുന്നതിന് തികഞ്ഞ ഒരു ക്ഷേത്രമുണ്ട്". ക്രിസ്തുവിന്റെ അമ്മയാകുമ്പോൾ, പഴയനിയമ ത്തിലെ സോളമന്റെ ആലയത്തിന്റെ മഹത്തായ ബഹുമതി മറിയത്തിന് ലഭിച്ചു. ദൈവം തന്നോടുകല്പിച്ചതുപോലെ സോള മൻ ആലയം പണിതു. അങ്ങനെ ദൈവം അതിൽ വാസമുറപ്പിച്ചു. ദൈവപുത്രൻ തന്നിൽ വസിക്കേണ്ടതിന് സ്വയം പരിശുദ്ധിയോടെ ജീവിക്കാൻ മറിയത്തെ പരിശുദ്ധാത്മാവ് പ്രാപ്തയാക്കി.

## ബൈബിൾ പശ്ചാത്തലം

സാക്ഷ്യകൂടാരം ദൈവത്തിന്റെ വാസസ്ഥലമായി വി. ഗ്രന്ഥം കാണിക്കുന്നു. വിശേഷിച്ചും ജറുസലേമിലെ ദൈവാലയം നിർമ്മി ച്ചപ്പോൾ അത് ഭൂമിയിലെ ഏറ്റവും വിശുദ്ധമായ സ്ഥലമായി കണക്കാക്കപ്പെടുന്നു. കാരണം അത് ദൈവം ജനങ്ങളോടൊപ്പം

www.malankaralibrary.com

വസിക്കുന്നതിനായി സോളമൻ ദൈവത്തിന്റേ കല്പനപ്രകാരം നിർമ്മിച്ചതാണ്. തന്റെ കൊട്ടാരത്തിന് സമീപം ദൈവത്തിന് ഒരു ആലയം പണിയാൻ ആലോചിച്ചത് ദാവീദാണ്. എന്നാൽ ദൈവത്തിന് ആലയം പണിയുന്നത് ദാവീദിന്റെ കടമയല്ലെന്നും എന്നാൽ അവന്റെ മകൻ സോളമൻ അവനുവേണ്ടി അത് പണിയുമെന്നും ദൈവം അവനോടുപറഞ്ഞു. പിന്നീട്, സോളമൻ ദൈവത്തിന് ആലയം പണിതു അവിടെ അവൻ ദൈവത്തെ ആരാധിച്ചു. ഈ ചെറിയ ദൈവാലയത്തിൽ സർവ്വശക്തൻ എങ്ങനെ വസിക്കുന്നു എന്ന് സോളമൻ അത്ഭുതപ്പെട്ടു. എന്നാൽ ദൈവം അതിൽ തന്റെ സാന്നിധ്യം വാഗ്ദാനം ചെയ്യുന്നു. "എന്റെ നാമം അവിടെ ഉണ്ടായിരിക്കും" (1 രാജാ. 8:29).

## മറിയം 'തികഞ്ഞ ദൈവാലയം'

ദൈവാലയത്തിലെ ദൈവ സാന്നിധ്യത്തിനെതിരെ സോളമൻ ആശ്ചര്യപ്പെടുന്നതുപോലെ, ദൈവത്തെ തന്റെ ഉദരത്തിൽ ഗർഭം ധരിക്കുമെന്ന് ദൂതന്റെ സന്ദേശത്തെക്കുറിച്ച് മറിയവും അത്ഭുതപ്പെടുന്നു. അവളിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യം ദൂതൻ വാഗ്ദാനം ചെയ്തു. ദൈവപുത്രൻ അവളിൽ വസിച്ചതു മുതൽ ആണ് മറിയം തികഞ്ഞ ദൈവാലയമായത്. പരിശുദ്ധാത്മാവ് മറിയത്തെ ജീവിപ്പിക്കുകയും അവളുടെ ജീവിതാവസാനംവരെ ദൈവത്തിന്റെ പദ്ധതി അനുമാനിക്കാൻ അവളെ പ്രാപ്തയാക്കുകയും ചെയ്തു. പുതിയനിയമ വിശകലനത്തിൽ ഓരോ ക്രിസ്ത്യാനിയും ദൈവത്തിന്റെ ആലയമാണ്, ദൈവം അവരിൽ വസിക്കുന്നു. എല്ലാ ക്രിസ്ത്യാനികൾക്കും ഒരു മാതൃക എന്ന നിലയിൽ അവൾ ദൈവത്താലും ദൈവിക കൃപയാലും ക്രിസ്തുവിൽ കെട്ടിപ്പടുക്കാൻ സ്വയം ദൈവാലയമായി മാറി.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

ദൈവപുത്രന്റെ അമ്മയായി അവൾ തിരഞ്ഞെടുക്കപ്പെട്ടതിന്റെ കാരണം മറിയത്തിന്റെ സൗന്ദര്യവും സദ്ഗുണപൂർണ്ണമായ ജീവിതവും ദൈവത്തിന് പ്രസാദകരമായിരുന്നു എന്നതാണ്.

www.malankaralibrary.com

# 3.13 മാനവികതയുടെ പ്രതീക്ഷയായ മറിയം

സർവ്വേശ്വരനുടെ പെററമ്മേ
കരുണക്കടലേ പരിശുദ്ധേ
താഴാഴ്മയുടെ മാതൃകയേ
പ്രാർത്ഥിക്കണമേ കൈവെടിയല്ലേ.
നിന്നേകസുതൻ സന്നിധിയിൽ
അർപ്പിക്കണമേ അടിയാരെ
കൃപയും വാഴ്വും നല്കണമേ
***(പരിശുദ്ധ ദൈവമാതാവിനൊടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന, കുർബാനാക്രമം, പേജ്-254)***

മരിയൻ പ്രതീകവുമായി ബന്ധപ്പെട്ട് ചിത്രീകരിച്ചിരിക്കുന്ന ശക്തമായ നഗരം, രണ്ടാം ഹവ്വാ, നിധികളുടെ കപ്പൽ, ഏലീഷായുടെ പുതിയ കുടം എന്നീ ചിഹ്നങ്ങളിൽ മനുഷ്യത്വം പ്രതീക്ഷിക്കുന്ന പൂർണ്ണത പരിശുദ്ധ മറിയത്തിൽ നമുക്ക് കാണാൻ സാധിക്കും. മറിയം മനുഷ്യരാശിയുടെ പ്രത്യാശയുടെ പ്രതീകമാണ്. മാനവികതയെ അതിന്റെ യഥാർത്ഥ അവസ്ഥയിലെക്ക് പുനഃസ്ഥാപിക്കുന്നത് മറിയത്തിന്റെ ജീവിതത്തിൽ സാക്ഷാത്കരിക്കപ്പെട്ടതായി സെരൂഗിലെ മാർ യാക്കോബ് തന്റെ പ്രസംഗങ്ങളിൽ എടുത്തുകാട്ടുന്നു. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ ക്രിസ്തുവിന് ജന്മം നൽകുന്നതിൽ മറിയം വഹിച്ച സുപ്രധാന പങ്കിനെക്കുറിച്ച് പുതിയനിയമം സൂചന നൽകുന്നു. ക്രിസ്തുവിന്റെ ജനനം മനുഷ്യരാശിയുടെ വീണ്ടെടുപ്പിനെ അടയാളപ്പെടുത്തുന്നുവെന്നും ഈ വീണ്ടെടുപ്പ് പദ്ധതിയിൽ മറിയം സഹകരിച്ചുവെന്നും ദൈവാലയത്തിലെ ശിമയോന്റെയും അന്നയുടെയും സാക്ഷ്യങ്ങൾ നമ്മെ അറിയിക്കുന്നു. ശിമയോൻ മറിയത്തിന്റെ ദിവ്യ ശിശുവിനെ

www.malankaralibrary.com

കൈകളിൽ എടുത്തുകൊണ്ട് പറഞ്ഞു: സർവ്വ ജനത്തിനുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞു. അത് വിജാതിയർക്ക് വെളിപ്പെടും. അത് അവിടുത്തെ ജനമായ ഇസ്രായേലിന്റെ മഹത്വത്തിനു വേണ്ടിയുള്ള പ്രകാശമായിരുന്നു (ലൂക്കാ 2:30–32). അതുപോലെത്തന്നെ പ്രവാചകിയായ അന്നയും, മറിയത്തിന്റെ കുഞ്ഞിനെ തുണിയിൽ പൊതിഞ്ഞിരിക്കുന്നത് കണ്ട പ്പോൾ ഇപ്രകാരം ഉദ്ഘോഷിച്ചു. “ജറുസലേമിന്റെ വീണ്ടെടുപ്പ് അന്വേഷിക്കുന്ന എല്ലാവരോടും വീണ്ടെടുപ്പിന്റെ രഹസ്യം പ്രഖ്യാപിക്കുന്നു (ലൂക്കാ 2:3–8). രണ്ടിടത്തും ആകർഷണത്തിന്റെ കേന്ദ്രം മറിയത്തേക്കാളുപരി ക്രിസ്തുവാണ്. എന്നാൽ ദൈവീക പദ്ധതിയോടുള്ള മറിയത്തിന്റെ മനോഭാവവും പ്രതികരണവും സഹകരണവുമാണ് മാനവികതയുടെ വീണ്ടെടുപ്പിന് വഴിയൊരു ക്കിയത്.

## മറിയത്തെ മാനവികതയുടെ പ്രത്യാശയായി വിശേഷി പ്പിക്കുന്ന പ്രതീകങ്ങളുടെ ബൈബിൾ പശ്ചാത്തലം

മറിയം മനുഷ്യരാശിയുടെ പ്രത്യാശയുടെ പ്രതീകമാണ്. മാന വികതയുടെ യഥാർത്ഥ അവസ്ഥയിലേക്കുള്ള പുനഃസ്ഥാപനം മറിയത്തിന്റെ ജീവിതത്തിൽ സാക്ഷാത്ക്കരിക്കപ്പെട്ടതായി സഭാപി താക്കന്മാർ തങ്ങളുടെ ലേഖനങ്ങളിൽ എടുത്തുകാട്ടുന്നു. മനുഷ്യ രാശിയുടെ പ്രത്യാശയായി മറിയത്തെ പരാമർശിക്കാൻ ഉപയോ ഗിച്ച പ്രതീകങ്ങൾ ശക്തമായ നഗരം, രണ്ടാം ഹവ്വ, നിധിയുടെ കപ്പൽ എന്നിവയാണ്.

## മാനവികതയുടെ പുനഃസ്ഥാപനത്തിന്റെ പ്രതീകം

മാനവികതയുടെ പുനഃസ്ഥാപനത്തിന്റെ കാര്യത്തിൽ മറിയം മനുഷ്യരാശിക്ക് പ്രത്യാശ നൽകുന്നു. ദൈവീക ഹിതത്തോടുള്ള സഹവർത്തിത്വത്തിലൂടെ മറിയം മനുഷ്യരാശിക്ക് ഒരു പുതിയ തുടക്കം കൊണ്ടുവന്നു. രണ്ടാം ഹവ്വായുടെ പ്രതീകാത്മകത, മറിയം പാപത്തിന്റെ പ്രതിബന്ധത്തെ എങ്ങനെ മറികടക്കുന്നുവെന്നും

www.malankaralibrary.com

മാനവികതയെ അതിന്റെ യഥാർത്ഥ അന്തഃസിലേക്കും വിശുദ്ധിയിലേക്കും പുനഃസ്ഥാപിച്ചത് എങ്ങനെയെന്നും വ്യക്തമാകുന്നു. പുനഃസ്ഥാപന പ്രക്രിയയിൽ രണ്ട് പ്രധാന നിമിഷങ്ങളുണ്ട്. ഒന്നാമതായി സർപ്പവുമായുള്ള ഹവ്വായുടെ സംഭാഷണം, പുതിയനിയമത്തിൽ ഗബ്രിയേൽ മാലാഖയോടുള്ള മറിയത്തിന്റെ സമ്മതത്തിലൂടെ മാനവരാശിയെ വീണ്ടെടുക്കുന്നതിൽ കലാശിക്കുന്നു.

രണ്ടാമത്തേത് പേരെഴുതിച്ചേർക്കുന്ന നിമിഷമാണ്. ബേത്ലഹേമിലെ പേരെഴുതി ചേർക്കൽ, ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യമായ ഏദനിലേക്കുള്ള മനുഷ്യരാശിയുടെ തിരിച്ചുവരവിന്റെ തുടക്കമായി.

യൗസേപ്പിന്റെയും മറിയത്തിന്റെയും ബേത്ലഹേമിലേക്കുള്ള മടക്കം മനുഷ്യത്വത്തിന്റെ തിരിച്ചുവരവിന്റെ പ്രതീകമാണ്. മാനവികതയുടെ പുനഃസ്ഥാപനത്തിന്റെ പ്രതീകമായിരുന്നു മറിയത്തിന്റെ ബേത്ലഹേം യാത്ര. സഭാപിതാക്കന്മാർ പറയുന്നു ഹവ്വായുടെ നിന്ദ നീക്കം ചെയ്തുകൊണ്ട് മറിയം ഒരു സ്ത്രീയെ അതിന്റെ പ്രാകൃതമായ അവസ്ഥയിലേക്ക് തിരിച്ചുകൊണ്ടുവന്നു.

www.malankaralibrary.com

## 3.14 രണ്ടാം ഹവ്വ

ആദത്തിൻ പാപം പോക്കി
ട്ടേദനിലവനെ ഏററീടാൻ
താതാത്മജ വചനം നരനായ്
തീരാൻ റൂഹാ തെരഞ്ഞെടുത്ത
നിർമ്മല കന്യകയേ സ്വസ്തി
രണ്ടാം ഹവ്വായേ സ്വസ്തി

*(പരി. ദൈവമാതാവിനോടുള്ള മാദ്ധ്യസ്ഥ പ്രാർത്ഥന- കുർബാനക്രമം, പേജ് : 255)*

കന്യകമറിയാം
ദൈവത്തിൻ ജനനീ
സ്ത്രീകളിലതിധന്യ
പാപമെഴാതെ പിറന്നവൾ താൻ
ഹവ്വാതന്നുടെ ശാപത്തെ
നീക്കിയ രണ്ടാം ഹവ്വാതൻ

*(റാസാ ഗാനങ്ങൾ - പരി. ദൈവമാതാവിന്റെ പെരുന്നാളുകളിൽ - വി. കുർബാനാക്രമം, പേജ് : 263)*

പരിശുദ്ധ മറിയത്തെ ആദിമാതാവായ ഹവ്വായുമായി സഭാ പിതാക്കന്മാർ താരതമ്യപ്പെടുത്തുന്നു. അതിനാൽ സഭാ പിതാക്ക ന്മാരുടെ പാരമ്പര്യമനുസരിച്ച് മറിയത്തെ “രണ്ടാം ഹവ്വ-ന്യൂ ഈവ്” എന്ന് വിശേഷിപ്പിക്കുന്നു. ഉൽപത്തിയുടെ പുസ്തകം 3:13-16 ൽ ഹവ്വായെ പാപത്തിന്റെ ഉത്ഭവമായി ചിത്രീകരിച്ചിരിക്കുന്നു. ഹവ്വാ യുടെ പേര് പരാമർശിക്കാതെയാണ് പ്രഭാഷകന്റെ പുസ്തകത്തിൽ ഈ വസ്തുത പരാമർശിച്ചിരിക്കുന്നത് “ഒരു സ്ത്രീയിൽ നിന്നാണ് പാപത്തിന്റെ ആരംഭം. അവൾ കാരണം നാമെല്ലാം മരിക്കുന്നു”.

www.malankaralibrary.com

അതിനാൽ, ഹവ്വായ്ക്ക് പകരം അനുസരണയുള്ളതും വിശ്വസ്ത യുമായ ഒരു സ്ത്രീയായി മറിയം വ്യാഖ്യാനിക്കപ്പെടുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ, ആദാമിനെ ക്രിസ്തുവുമായി താരതമ്യപ്പെടു ത്തുന്നത് ആദ്യകാല പിതാക്കന്മാരെ സ്വാധീനിച്ചിട്ടുണ്ട്. സഭാപി താക്കന്മാരായ ജസ്റ്റിനും ഐറേനിയോസുമാണ് ഹവ്വാ-മറിയം സമാ ന്തരവാദം വികസിപ്പിച്ചെടുത്തത്. വി. ജസ്റ്റിന്റെ രചനകളിലാണ് മറി യത്തെ പുതിയ ഹവ്വായായി ആദ്യമായി ചിത്രീകരിച്ചിരിക്കുന്നത്. ഐറേനിയോസ് തന്റെ എഴുത്തുകളിൽ രണ്ട് കാര്യങ്ങളാണ് പരാ മർശിച്ചിരിക്കുന്നത്. ഒന്നാമതായി ക്രിസ്തു ആദാമിന്റെ പാപങ്ങൾ തിരുത്തി. രണ്ടാമതായി കന്യകയായ മറിയം ഹവ്വായുടെ അഭിഭാ ഷകയായി. തനിക്കു മാത്രമല്ല, മനുഷ്യരാശിയുടെ മുഴുവൻ രക്ഷകയുടെ കാരണക്കാരിയായി ഐറേനിയോസ് മറിയത്തെ ചിത്രീകരിച്ചു.

മാർ യാക്കോബിന്റെ പ്രസംഗത്തിലും ഈ ഹവ്വാ-മറിയം സമാന്തരത്വം നമുക്ക് കാണുവാൻ സാധിക്കും. ക്രിസ്തു മറിയ ത്തിൽ നിന്ന് ഉത്ഭവിച്ചതിനാലാണ് 'രണ്ടാം ഹവ്വാ' എന്ന പദവി മറിയത്തിന് നൽകിയിരിക്കുന്നത്. മറിയത്തിന്റെ സന്ദർശനത്തെക്കു റിച്ചു ഇപ്രകാരമാണ് പ്രസ്താവിക്കുന്നത് 'മാതൃത്വത്തിന്റെ മുഴുവൻ ക്രമവും എന്നിൽ സന്തോഷിക്കും. ഞാൻ വഹിച്ച ഫലം അവരുടെ സന്തതികളിൽ നിന്ന് മരണത്തെ തടയുന്നു'. മറിയത്തിന്റെ മനോ ഭാവം സ്വാർത്ഥമല്ല, മറിച്ച് പങ്കിടലാണ്. മറിയത്തിന്റെ ജീവിതത്തിന്റെ ചാലകശക്തി സ്നേഹവും സേവനവുമായിരുന്നു. അത് എലിസ ബത്തിനെ അവൾ സന്ദർശിക്കുന്നതിലൂടെ വ്യക്തമാണ്. ക്രിയാ ത്മകമായ പ്രതികരണത്തിലൂടെ മനുഷ്യവ്യക്തിയുടെ നിരുത്തര വാദിത്വപരമായ മനോഭാവത്തെ അവൾ അട്ടിമറിച്ചു. പാമ്പിനെ ശ്രവിച്ച് ദൈവത്തെപ്പോലെയാകാൻ ഹവ്വാ ആഗ്രഹിച്ചപ്പോൾ അവൾ സ്വന്തം സുഖത്തെയും സന്തോഷത്തെയുംകുറിച്ച് മാത്രം ചിന്തിച്ചു. തന്റെ കല്പനകൾ ലംഘിച്ചതിനുശേഷം ഹവ്വാ എന്താണ് ചെയ്ത തെന്ന് ദൈവം ചോദിച്ചപ്പോൾ അവളുടെ ഉത്തരം ഇപ്രകാരമായി

www.malankaralibrary.com

രുന്നു. "സർപ്പം എന്നെ ചതിച്ചു, ഞാൻ തിന്നു" (ഉൽപ. 3:13). ഉത്തരവാദിത്വമുള്ള ഒരു തീരുമാനം എടുക്കാൻ ഹവ്വായ്ക്ക് കഴിഞ്ഞില്ല എന്നാണ് ഇത് അർത്ഥമാക്കുന്നത്. എന്നാൽ മറിയത്തിന്റെ കാര്യത്തിൽ, അവൾ ഉത്തരവാദിത്തമുള്ള ഒരു തീരുമാനമെടുത്തു, ഞാൻ കർത്താവിന്റെ ദാസിയാണ് എന്ന് അവൾ സ്വയം പറഞ്ഞു. ദൈവപുത്രന്റെ ജനനത്തിൽ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പ്രവർത്തിക്കാൻ സമ്മതം നൽകി. മറിയം മനുഷ്യരാശിക്ക് പ്രത്യാശ നൽകി (ലൂക്കാ 1:30-37). മാലാഖയോടുള്ള മറിയത്തിന്റെ പ്രതികരണം മനുഷ്യരാശി മുഴുവനെയും രക്ഷയിലേക്ക് നയിച്ചു. ദൈവത്തിന്റെ കല്പന അനുസരിക്കാതെയും സർപ്പത്തിന്റെ വചനം അംഗീകരിക്കുന്നതിലും ഹവ്വായുടെ പ്രേരണ ദൈവത്തെപ്പോലെ ആകുക എന്നതായിരുന്നു. എന്നാൽ മറിയത്തിന്റെ സമീപനം വ്യത്യസ്തമായിരുന്നു. "അങ്ങയുടെ വചനം പോലെ എന്നിൽ ഭവിക്കട്ടെ " (ലൂക്കാ. 1:38) എന്ന ദൈവിക പദ്ധതിയിൽ നയിക്കപ്പെടാൻ അവൾ സ്വയം അനുവദിച്ചു. സ്വന്തം താൽപര്യവും സന്തോഷവും അന്വേഷിക്കുന്നതിനുപകരം, മറിയം ഈ ഉത്തരവാദിത്വം ഏറ്റെടുത്തു. അത് എല്ലാ സൃഷ്ടിയുടെയും രക്ഷയ്ക്കും കാരണമായി.

കന്യകയെക്കുറിച്ചുള്ള പ്രബോധനത്തിൽ മറിയത്തിന്റെ തീരുമാനം മനുഷ്യരാശിക്ക് എങ്ങനെ പ്രയോജനകരമായിത്തീർന്നുവെന്ന് പറയുന്നത് ഇപ്രകാരമാണ് "ഹവ്വാ തന്റെ പ്രവൃത്തികളിൽ അപലപിക്കപ്പെട്ടതുപോലെ, മറിയം മഹത്വമുള്ളവളായിരുന്നു,1

## രണ്ടാമത്തെ ഹവ്വാ: ഒരു ബൈബിൾ വിശകലനം

ബൈബിളിൽ രണ്ടാം ഹവ്വായെക്കുറിച്ച് വ്യക്തമായ പരാമർശമില്ല. എന്നിരുന്നാലും, ഹവ്വായെക്കുറിച്ച് നമുക്ക് അഞ്ച് പരാമർശങ്ങളുണ്ട് (ഉൽപ. 3:20; 4:1; ജോബ് 8:6; തിമോത്തി 2:13). വിശുദ്ധ പൗലോസ് ശ്ലീഹാ കോറിന്തോസ്സുകാർക്കുള്ള രണ്ടാമത്തെ ലേഖനത്തിൽ, വിശ്വാസികളെ ക്രിസ്തുവിനോടുള്ള ഭക്തിയിൽ നിന്ന് അകന്നുപോകരുതെന്ന് ഉദ്ബോധിപ്പിക്കുന്നത് ഇങ്ങനെയാണ്.

www.malankaralibrary.com

"എന്നാൽ സർപ്പം തന്റെ കൗശലത്താൽ ഹവ്വായെ ചതിച്ചതുപോലെ നിങ്ങളുടെ ചിന്തകളും ക്രിസ്തുവിനോടുള്ള ആത്മാർത്ഥവും നിർമ്മലവുമായ ഭക്തിയിൽ നിന്ന് വഴിതെറ്റിപ്പോകുമെന്ന് ഞാൻ ഭയപ്പെടുന്നു (2 കോറിന്തോസ് 11:3). വിശുദ്ധ ഗ്രന്ഥം പറയുന്നത് ഹവ്വാ സർപ്പത്തിന്റെ കുതന്ത്രത്താൽ വഞ്ചിക്കപ്പെട്ടുവെന്നാണ്. ഇതിൽ നിന്നാണ് രണ്ടാം നൂറ്റാണ്ടിൽ സഭാപിതാക്കന്മാർ "രണ്ടാം ഹവ്വാ" എന്ന ആശയം വികസിപ്പിച്ചെടുത്തു.

"മൂന്നാം ദിവസം, ഗലീലിയിലെ കാനായിൽ ഒരു വിവാഹ വിരുന്നു നടന്നു. യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവും ശിഷ്യന്മാരും വിരുന്നിന് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ വീഞ്ഞ് തീർന്നുപോയപ്പോൾ യേശുവിന്റെ അമ്മ അവനോട് പറഞ്ഞു: അവർക്ക് വീഞ്ഞില്ല. യേശു അവളോട് പറഞ്ഞു:സ്ത്രീ യേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയി ട്ടില്ല. അവന്റെ അമ്മ പരിചാരകരോട് പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതുപോലെ ചെയ്യുവിൻ...." (യോഹ. 2:1-11). ഇവിടെ യേശു തന്റെ അമ്മയെ സ്ത്രീ എന്ന് അഭിസംബോധന ചെയ്യുന്നു. "സ്വർഗ്ഗ ത്തിൽ വലിയ ഒരു അടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാ ക്കിയ ഒരു സ്ത്രീ അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾകൊണ്ടുള്ള കിരീടം. അവൾ ഗർഭിണിയായി രുന്നു. പ്രസവവേദനയാൽ അവൾ നിലവിളിച്ചു. പ്രസവ ക്ലേശ ത്താൽ അവൾ ഞെരുങ്ങി......." (വെളി. 12). നാം നേരത്തെ കണ്ടതു പോലെ സ്ത്രീ എന്ന അഭിസംബോധന ഇവിടെയും കാണാം. യോഹന്നാൻ മറിയത്തെ രണ്ടാമത്തെ ഹവ്വയായിട്ടാണ് ചിത്രീകരി ക്കുന്നതെങ്കിൽ, സ്ത്രീയെന്ന സംബോധനയുടെ അർത്ഥത്തിൽ ഉപരി വ്യക്തമാകും. വെളിപാട് 12-ാം അധ്യായത്തിലെന്നപോലെ യോഹന്നാൻ 1, 2 അധ്യായങ്ങളിലും ഉൽപത്തി പുസ്തകത്തിലെ പ്രഥമ അധ്യായങ്ങളിലെ പ്രതിധ്വനി മുഴങ്ങി കേൾക്കാം. ഉൽപത്തി 3:16 ലും വെളിപാട് 12:2 ലും വിവരിച്ചിട്ടുള്ള പ്രസവവേദനയെ യോഹ ന്നാന്റെ സുവിശേഷം 19-ാം അധ്യായത്തിൽവിവരിച്ചിരിക്കുന്ന

www.malankaralibrary.com

യേശുവിന്റെ മരണത്തോടും മഹത്തീകരണത്തോടും ബന്ധപ്പെടുത്തി കാണാവുന്നതാണ്. യോഹന്നാന്റെ സുവിശേഷം 2:1–11 വരെയുള്ള വാക്യങ്ങളിൽ മറിയം ശിഷ്യന്മാരുമായി ബന്ധപ്പെട്ട് കാണുന്നു. ശിഷ്യന്മാരുടെ വിളി പൂർണ്ണമാകുന്ന സന്ദർഭത്തിലാണ്, അവർ യേശുവിന്റെ മഹത്വം ദർശിച്ച് അവിടുന്നിൽ വിശ്വസിക്കുന്ന അവസരത്തിലാണ് മറിയത്തിന്റെ ഇടപെടൽ. ഉൽപത്തി പുസ്തകം 3-ാം അധ്യായത്തിൽ വിവരിക്കുന്ന സ്ത്രീയുടെ അതേ ദൗത്യം തന്നെയാണ് യോഹന്നാൻ 2:1–11 ൽ വിവരിച്ചിരിക്കുന്ന സ്ത്രീയുടെയും ദൗത്യം; പുതിയ ഹവ്വായാണ് ഈ സ്ത്രീ.

മറിയം പുതിയ ഹവ്വായാണെന്നതിനെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പറയുന്നു: "മരണം ലോകത്തിൽ തേർവാഴ്ച നടത്തുന്നതിന് ഒരു സ്ത്രീ സഹകരിച്ചതുപോലെ ജീവന്റെ പുനപ്രാപ്തിയിൽ ഒരു സ്ത്രീ സഹകരിക്കുക എന്നത് ഉചിതമായിരുന്നതുകൊണ്ട്, മനുഷ്യാവതാരത്തിനു മുമ്പുതന്നെ തിരഞ്ഞെടുക്കപ്പെട്ടിരുന്ന ഈ മാതാവിന്റെ സമ്മതം നേടാൻ കാരുണ്യവാനായ ദൈവം, തിരുമനസ്സായി''. മറിയത്തെ "പുതിയ ഹവ്വ" എന്നു വിളിക്കുന്ന പതിവ് ആദിമശതകങ്ങളിൽ തന്നെ ഉണ്ടായിരുന്നു. അപ്പോസ്തോലിക കാലഘട്ടത്തിലും അനന്തര നൂറ്റാണ്ടുകളിലും ജീവിച്ചിരുന്ന സഭാപിതാക്കന്മാർ മറിയത്തിന് "പുതിയ ഹവ്വാ" എന്ന സ്ഥാനപ്പേര് സ്ഥിരമായി നൽകുകയുണ്ടായി. ദൈവം സംവിധാനം ചെയ്ത പരിത്രാണ പദ്ധതിയിൽ അവൾക്കുള്ള അതുല്യസ്ഥാനവും, മറ്റുപല മരിയൻ വിശ്വാസ സത്യങ്ങളും ഈ നാമത്തിന്റെ അർത്ഥഗാംഭീര്യത്തെ സൂചിപ്പിക്കുന്നു.

ഈ ദൃശ്യനാമങ്ങൾ ക്രിസ്തുവിനെ സൂചിപ്പിക്കുന്നതിന് പൗലോസ് ശ്ലീഹാ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. കോറിന്ത്യർക്ക് എഴുതിയ ലേഖനത്തിൽ ശ്ലീഹാ പ്രസ്താവിക്കുന്നു. 'ആദി മനുഷ്യനായ ആദാമിനെ ദൈവം ജീവിക്കുന്ന ആത്മാവാക്കി. അവസാനത്തെ ആദം ജീവിക്കുന്ന ആത്മാവായി' (1കോറി. 15:45). ഇതനുസരിച്ച്, ക്രിസ്തു പുതിയ ആദം ആണ്. 'പുതിയ ഹവ്വായെ കുറി

www.malankaralibrary.com

ച്ചുള്ള ആശയം ആദിമ സഭയിലെ പിതാക്കന്മാർക്ക് ലഭിച്ചത് ശ്ലീഹന്മാരുടെ വാഴ്മൊഴിയാലുള്ള പ്രബോധനങ്ങളിലൂടെയും, വിശുദ്ധ പൗലോസിന്റെ ലേഖനങ്ങളിലുള്ള സ്പഷ്ടമായ സൂചനകളിലൂടെയോ ആയിരിക്കാം.

പഴയ ആദത്തേക്കാൾ ശ്രേഷ്ഠനായ ഒരു പുതിയ ആദം-ക്രിസ്തു എന്ന ആശയം ഉള്ളപ്പോൾ, പഴയ ഹവ്വായേക്കാൾ ശ്രേഷ്ഠമായ ഒരു പുതിയ ഹവ്വാ-കന്യകമറിയം എന്ന ആശയം സ്വഭാവികമായി രൂപം കൊള്ളുന്നു. കാരണം വിശുദ്ധ പൗലോസ് പറയുന്നതുപോലെ പരിത്രാണം അതിസമൃദ്ധമായ രീതിയിലാണ് സംഭവിച്ചത്. "പാപം വർദ്ധിച്ചിടത്ത് അതിലുപരി ദൈവകൃപയും അതിസമൃദ്ധമായി വർദ്ധിച്ചു" (റോമ. 5:20).

ഹവ്വായും മറിയവും തമ്മിലുള്ള അന്തരവും സഭാപിതാക്കന്മാർ പലപ്പോഴും ചർച്ചാവിഷയം ആക്കിയിട്ടുണ്ട്. ആദ്യത്തെ ഹവ്വായ്ക്ക് വേണ്ടി ദൈവം വലിയ പദ്ധതികൾ സംവിധാനം ചെയ്തു. എന്നാൽ അവ സാക്ഷാത്കരിക്കപ്പെടുന്നതിന് അവൾ പ്രതിബന്ധമുണ്ടാക്കി. അവൾ ദൈവകല്പന ലംഘിച്ചു. ഹവ്വാ സൃഷ്ടിച്ച ഈ പ്രതിബന്ധം നീക്കുന്നതിന് ഒരു മാർഗം ദൈവം കണ്ടു. ഹവ്വായിൽ സാക്ഷാത്കരിക്കപ്പെടുവാൻ ദൈവം ഉദ്ദേശിച്ചതും, അതിലധികവും മറിയത്തിൽ നിറവേറ്റുക എന്നതായിരുന്നു ആ മാർഗ്ഗം.

പഴയ ഹവ്വായും പുതിയ ഹവ്വായും തമ്മിലുള്ള സാദൃശ്യങ്ങളും ശ്രദ്ധാർഹമാണ്. ആത്മാവിൽ പാപത്തിന്റെ യാതൊരു മാലിന്യവും ഇല്ലാതെ നിർമ്മലമായിട്ടാണ് ആദ്യത്തെ ഹവ്വായെ ദൈവം സൃഷ്ടിച്ചത്. അവൾ അമലോത്ഭവ ആയിരന്നു. മറിയവും സ്വമാതാവിന്റെ ഉദരത്തിൽ നിർമ്മലയായി ഉത്ഭവിച്ചു ആദ്യത്തെ ഹവ്വാ പൂർണ്ണ അർത്ഥത്തിൽ "ജീവനുള്ളവരുടെയെല്ലാം മാതാവ്" (ഉൽപ. 3:20) ആകണമെന്ന് ദൈവം നിശ്ചയിച്ചു. കാരണം, ആദത്തോടൊന്നിച്ച് അവൾ മനുഷ്യരാശിക്കു മുഴുവൻ ശാരീരിക ജീവൻ പകർന്നു കൊടുക്കേണ്ടവളായിരുന്നു. പുതിയ ഹവ്വായായ മറിയം അമലോ

www.malankaralibrary.com

ത്ഭവയാണെന്ന സത്യം 9-ാം പീയൂസ് മാർപാപ്പാ 1854-ൽ നിർണ്ണയിച്ച് പ്രഖ്യാപിച്ചു. മറിയത്തിന്റെ ഉത്ഭവനൈർമല്യം സ്പഷ്ടമാക്കുന്നതിനാണ് പിതാക്കന്മാർ ഹവ്വായേയും മറിയത്തേയും താരതമ്യപ്പെടുത്തിയതെന്ന് മാർപാപ്പ തന്റെ പ്രഖ്യാപനത്തിൽ വിശദമാക്കി. തൊണ്ണൂറ്റി ആറ് വർഷങ്ങൾക്കുശേഷം 12-ാം പീയൂസ് മാർപാപ്പ പ്രഖ്യാപിക്കുകയുണ്ടായി "പുതിയ ഹവ്വ ശരീരത്തോടും ആത്മാവോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന്. മറിയം പുതിയ ഹവ്വാ എന്ന സഭാപിതാക്കന്മാരുടെ ആശയം സ്വർഗ്ഗാരോപണത്തിനുള്ള തെളിവുകളിലൊന്നായി മാർപാപ്പ പ്രസ്തുത പ്രഖ്യാപനത്തിൽ ഉന്നയിക്കുകയും ചെയ്യുന്നു.

മറിയത്തെ ഹവ്വായോടു സാദൃശ്യപ്പെടുത്തിയ അതിപ്രാചീന ഗ്രന്ഥകാരിൽ ഒരാളാണ് രക്ഷസാക്ഷിയായ വിശുദ്ധ ജസ്റ്റിൻ. അദ്ദേഹം ട്രീഫോ (Trypho) യുമായുള്ള സംഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "സർപ്പം വഴി അനുസരണരാഹിത്യം ഏതുവിധം ആരംഭിച്ചോ അതേ വിധത്തിൽ തന്നെ അതുപരിഹരിക്കുന്നതിന് ക്രിസ്തു കന്യകയിൽ നിന്ന് മനുഷ്യനായി" ഹവ്വായുടെ അനുസരണമില്ലായ്മയ്ക്കും മറിയത്തിന്റെ അനുസരണവും തമ്മിലുള്ള അന്തരം വിശുദ്ധ ജസ്റ്റിൻ ചൂണ്ടി കാണിക്കുകയാണ്. അദ്ദേഹം തുടരുന്നു:"എന്തെന്നാൽ പഴയ ഹവ്വാ പാമ്പിൽ നിന്ന് വചനത്തെ ഗർഭം ധരിച്ച് അനുസരണമില്ലായ്മയേയും മരണത്തേയും പ്രസവിച്ചു. മറിയമാകട്ടെ തന്നിൽ കർത്താവിന്റെ അരൂപി ആഗതമാകുമെന്ന് ദൈവദൂതൻ അറിയിച്ചപ്പോൾ പ്രതിവചിച്ചു: "നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ". ജസ്റ്റിന്റെ ഈ പരിചിന്തനത്തിൽ മറിയം പുതിയ ഹവ്വാ മാത്രമല്ല. ആദത്തിന്റെയും ഹവ്വായുടെയും അനുസരണമില്ലായ്മ ഏതുവിധത്തിൽ ആരംഭിച്ചോ അതേ വിധത്തിൽ അത് ഇല്ലാതാക്കുക എന്നത് ദൈവത്തിന്റെ പദ്ധതിയിൽ ഉൾപെട്ടതായി അദ്ദേഹം ദർശിക്കുന്നു.

നമ്മുടെ ആദിമാതാപിതാക്കന്മാരുടെ വീഴ്ചയിൽ രണ്ടുപേർക്ക് പങ്കുണ്ടായി. മനുഷ്യവർഗത്തിന്റെ യഥാർത്ഥ തലവനായ

www.malankaralibrary.com

ആദമായിരുന്നു ഒരാൾ. ആദം മാത്രമേ പാപത്തിൽ നിപതിച്ചിരുന്നുള്ളൂ എങ്കിലും മനുഷ്യവർഗ്ഗം ഉത്ഭവപാപത്തിൽ നിപതിക്കുമായിരുന്നു. ഹവ്വാ മനുഷ്യവർഗത്തിന്റെ തലയായിരുന്നില്ല. അവൾ മാത്രമേ പാപത്തിൽ നിപതിച്ചിരുന്നുള്ളൂ, എങ്കിൽ അത് നമുക്ക് ഒരു ദുർമാതൃക മാത്രമായേ അവശേഷിക്കുമായിരുന്നുള്ളൂ. നാം ഉത്ഭവപാപത്തിൽ വീഴുകയില്ലായിരുന്നു. പക്ഷേ ആദ്യപാപം രണ്ടു പേർ കൂടിചേർന്ന് നടത്തിയ കൃത്യമായിരുന്നു എന്നതാണ് വാസ്തവം. വ്യത്യസ്തനിലയിലാണെങ്കിലും ആദവും ഹവ്വായും അതിൽ പങ്കുചേർന്നു. ആദത്തിന് മാത്രമേ നമ്മെ നശിപ്പിക്കുവാൻ കഴിയുമായിരുന്നുള്ളൂ. എങ്കിലും ഹവ്വായും അവൾക്കു കഴിവതുചെയ്തു. അത് അപ്രധാനമായിരുന്നെങ്കിലും അവൾ സ്വന്തം നിലയിൽ ആ വീഴ്ചയിൽ പങ്കാളിയായി. മനുഷ്യന്റെ അധഃപതനത്തിൽ ഹവ്വാ നേരിട്ട് പങ്കാളി ആയതുപോലെ മനുഷ്യവർഗത്തിന്റെ പരിത്രാണത്തിൽ പുതിയ ഹവ്വയായ  മറിയം നേരിട്ട് പങ്കാളിയായി എന്നതാണ് സത്യം.

രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന സഭാപിതാവായ വിശുദ്ധ ഇരനേവൂസിന്റെ വാക്കുകൾക്കും സവിശേഷമായ പ്രാധാന്യമുണ്ട്. ഇദ്ദേഹത്തിന്റെ പല കൃതികളിലും മറിയത്തെ ഹവ്വായോട് താരതമ്യപ്പെടുത്തിയിട്ടുണ്ട്. പാഷണ്ഡതയ്ക്കെതിരായി അദ്ദേഹം രചിച്ച ഗ്രന്ഥത്തിലാണ് ഈ താരതമ്യപഠനം മുഖ്യമായും കാണുന്നത്. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "അനുസരണരാഹിത്യം മൂലം ഹവ്വാ തനിക്കും മനുഷ്യവർഗ്ഗത്തിനും ഏത് രീതിയിൽ മരണത്തിന് കാരണമായോ, അതേ രീതിയിൽ അനുസരിച്ചുകൊണ്ട് മറിയം തനിക്കും മനുഷ്യവർഗം മുഴുവനും രക്ഷയ്ക്ക് കാരണമായി. കൂടുതൽ സ്പഷ്ടമായി അദ്ദേഹം തുടരുന്നു:"ഒരു കെട്ട് അഴിക്കണമെങ്കിൽ കെട്ടിയക്രമത്തിൽ തന്നെ തിരിച്ച് അഴിച്ചേ പറ്റൂ. കെട്ടഴിക്കുമ്പോൾ ഒടുവിൽ കെട്ടിയത് ആദ്യം അഴിക്കണം, അപ്പോൾ ഒടുവിലത്തേത് ആദ്യത്തേതിനെ സ്വതന്ത്രമാക്കുന്നു. ഇതുപോലെ മറിയത്തിന്റെ അനുസരണംവഴി ഹവ്വായുടെ അനുസരണമില്ലായ്മ

www.malankaralibrary.com

യാകുന്ന കെട്ട് അഴിക്കപ്പെട്ടു. ഈ ഉപമയിലൂടെ വിശുദ്ധ ഇരണേവൂസ് നമ്മെ പഠിപ്പിക്കുന്നത് ഹവ്വാ വരുത്തിവച്ച അനർത്ഥം മറിയം ഒരു വിശുദ്ധ പ്രക്രിയയിലൂടെ പരിഹരിച്ചു എന്നതാണ്. ജന്മപാപം ചെയ്യുന്നതിന് ഹവ്വാ സഹകരിച്ചത് പരോക്ഷമായോ അപൂർണ്ണമായോ മാത്രമായിരുന്നില്ല. ആ പാപപ്രവൃത്തിയിൽത്തന്നെ അവൾ കേവലം പ്രത്യക്ഷമായ ഭാഗഭാഗിത്വം നൽകി. ഹവ്വാ കെട്ടിയ ജന്മപാപകെട്ട് അഴിക്കുന്ന ഉദ്യമത്തിൽ അതായത്, പരിത്രാണകർമ്മത്തിൽ മറിയം യഥാർത്ഥത്തിൽ സഹകരിച്ചു എന്ന് സാരം. ഈ സഹകരണം വളരെ വ്യക്തമായി കാൽവരിയിലാണ് നാം ദർശിക്കുക.

ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിശുദ്ധ തെർത്തുല്യനിലൂടെ നമുക്ക് ഇതെ ആശയം ലഭിക്കുന്നു. "ക്രിസ്തുവിന്റെ ശരീരം" എന്ന തന്റെ ഗ്രന്ഥത്തിൽ മറിയത്തേയും ഹവ്വായേയും അദ്ദേഹം താരതമ്യ വിവേചനം ചെയ്യുന്നു. അധഃപതനവും ഉദ്ധാരണവും തമ്മിലുള്ള സാധർമ്മ്യം അദ്ദേഹം ഇപ്രകാരം നിർദ്ധാരണം ചെയ്യുന്നു. "ആദ്യമുണ്ടായ നഷ്ടത്തെ വെല്ലുന്ന രീതിയിൽ ദൈവം തന്റെ ഛായയും സാദൃശ്യവും വീണ്ടെടുത്തു...." ഹവ്വാ ഒരു കന്യകയായിയരുന്നപ്പോൾ മരണത്തിനു മൂലകാരണമായ ഒരു വചനം അവളിൽ ഇഴഞ്ഞിറങ്ങി. ഇതിനു സമാനമായി ജീവനെ ഉൽപാദിപ്പിച്ച ദൈവവചനം ഒരു കന്യകയിലേക്ക് സംവഹിക്കപ്പെടേണ്ടിയിരുന്നു. ഒരു വർഗം (സ്ത്രീ) മൂലം മനുഷ്യവംശം രക്ഷയിലേക്ക് സമുദ്ധരിക്കപ്പെടേണ്ടതിനാണ് ഇങ്ങനെ സംഭവിച്ചത്. "വെല്ലുന്ന രീതിയിൽ" എന്ന പ്രയോഗത്തിന്റെ സാരം ഏതുമാർഗം വഴി അധഃപതനം സംഭവിച്ചുവോ അതിനെ ജയിക്കുന്ന മാർഗം ഉപയോഗിക്കുവാൻ ദൈവം തിരുമനസ്സായി എന്നത്രേ. രണ്ടുപേർക്കു പങ്കുള്ള ഒരു സംയുക്ത പ്രവർത്തനമായിരുന്നു അധഃപതനകാരണം. വീണ്ടെടുപ്പിലും രണ്ടുപേരുടെ സംയുക്ത പ്രവർത്തനം നടന്നു എന്ന് സൂചന. മറ്റുപല സഭാപിതാക്കന്മാരും സമർത്ഥിക്കുന്നു. "ഹവ്വാ അനുസരണക്കേടുവഴി ബന്ധിച്ചത് മറിയം അനുസരണത്താൽ

www.malankaralibrary.com

അഴിച്ചു". കന്യകയായ ഹവ്വാ അവിശ്വാസം കൊണ്ട് ബന്ധിച്ചത് കന്യകയായ മറിയം വിശ്വാസത്താൽ അഴിച്ചു". ഹവ്വായുമായി താരതമ്യപ്പെടുത്തിക്കൊണ്ട് മറിയത്തെപ്പറ്റി വിശുദ്ധ അപ്രേം ഇപ്രകാരം പറയുന്നു: "മരണം ഹവ്വാ വഴിയും, ജീവൻ മറിയം വഴിയും." ഇതേ ആശയം സഭാപിതാക്കന്മാർ പലരും പറയുന്നത് കാണാൻ കഴിയും. മലങ്കര കത്തോലിക്കാ സഭയുടെ മാർ ഈവാനിയോസ് പിതാവ് ഇപ്രകാരം പറയുന്നു: "വിശുദ്ധ മാതാവ് രണ്ടാമത്തെ ഹവ്വായാകുന്നു. ഒന്നാമത്തെ ഹവ്വാ അനുസരണക്കേടിനാൽ പാപത്തിന് അടിമപ്പെട്ടു. എന്നാൽ രണ്ടാമത്തെ ഹവ്വായോ പൂർണ്ണ അനുസരണത്താൽ വീണ്ടെടുപ്പിന് വഴി തെളിച്ചു. ഒന്നാമത്തെ ഹവ്വാ ദുരാഗ്രഹം നിമിത്തം പാപം ചെയ്ത് നാശവും അനിഷ്ഠവും മനുഷ്യവർഗ്ഗത്തിൻമേൽ വരുത്തിവച്ചു. രണ്ടാമത്തെ ഹവ്വായോ കന്യാവ്രതത്തിൽ രക്ഷിതാവിന്റെ മാതാവായി തീർന്നതിനാൽ മനുഷ്യവർഗത്തിന്റെ രക്ഷയും വീണ്ടെടുപ്പും ആ മാതാവത്രേ". ഇതിൽ നിന്നെല്ലാം വിശുദ്ധ മറിയത്തെ രണ്ടാം ഹവ്വാ എന്ന് സംബോധന ചെയ്തത് യുക്തമാണെന്ന് ബോധ്യമാകുന്നു. ഉൽപ. 3:15-ൽ പറയുന്ന പ്രവചനം മറിയത്തിലൂടെ നിവൃത്തിയായി എന്ന് മനസ്സിലാക്കുന്നതിനും ഇതിനാൽ സാധിക്കും.

www.malankaralibrary.com

# 4

# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മരിയൻ ദർശനങ്ങൾ

**ആമുഖം**

സുദീർഘമായ സഭാ ചരിത്രം പരിശോധിച്ചാൽ ഈ കേരള മണ്ണിൽ വേരുന്നിയ പരിശുദ്ധ കന്യകാ മറിയത്തോടുള്ള ഭക്തിയും, ആദരവും മാർത്തോമ ശ്ലീഹായുടെ മഹത്തായ പൈതൃകം തന്നെയാണെന്ന് സംശയമെന്യേ ഓരോ ക്രൈസ്തവനും പറയാം. 1653–ലെ കൂനൻകുരിശ് സത്യത്തോടനുബന്ധിച്ചു മാർത്തോമ മക്കൾ രണ്ടായി പിരിഞ്ഞു – പഴയകൂറ്റും, പുത്തൻകൂറ്റും. പുത്തൻ കൂറ്റിലെ യാക്കോബായ ഓർത്തഡോക്സ് സഭാ വിഭാഗം കത്തോലിക്കാ സഭയിലേക്ക് പൂനരൈക്യപ്പെട്ട മലങ്കര മക്കൾ പരിശുദ്ധ ദൈവ മാതാവിനോടുള്ള അടിയുറച്ച വിശ്വാസത്തിലും, പ്രാർത്ഥനയിലും നിലയുറച്ചിരിക്കുന്നതായി നാം കാണുന്നു.

മംഗളവാർത്ത മുതൽ കാൽവരി വരെ ദൈവഹിതത്തിനു തന്നെത്തന്നെ സമർപ്പിച്ചു. രക്ഷാകര കർമത്തിൽ പരിപൂർണമായി പങ്കുചേർന്നുകൊണ്ട് പരി. മറിയം സഭയുടേയും, നമ്മളോരോരു ത്തരുടെയും ആദ്ധ്യാത്മിക അമ്മയായി. പുനരൈക്യപ്പെട്ട മലങ്കര മക്കളായ നമ്മുടെ ഉള്ളിൽ സ്വർഗ്ഗീയ അമ്മയോടുള്ള അതിതീക്ഷ്ണ മായ ഭക്തിയും, ആദരവും ഉടലെടുക്കുന്നതിന് തന്റെ ശ്രേഷ്ഠ ജീവിതമാതൃകയിലും, പ്രാബോധനങ്ങളിലും അങ്ങേയറ്റം പരിശ്രമി ച്ചിട്ടുള്ള ആചാര്യ ശേഷ്ഠനായിരുന്നു മാർ ഈവാനിയോസ് തിരുമേനി.

www.malankaralibrary.com

സഭയുടെ നവോത്ഥാനത്തിനു ദൈവം പ്രത്യേകമാംവിധം തെരഞ്ഞെടുത്ത ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തികച്ചും ഒരു മരിയ ഭക്തനായിരുന്നു. ആ പുണ്യപിതാവിന്റെ പാതകളെ പിൻചെന്ന ഓരോ മലങ്കര മക്കളുടെയും പരി. അമ്മയോടുള്ള വിശ്വാസം അടിയുറച്ചതും, വ്യതിചലിക്കാത്തതുമാണ്. സർവ്വാദരണീയനായ മാർ ഈവാനിയോസ് പിതാവിന്റെ സംഭവബഹുലമായ ജീവിതത്തിലെ അനിവാര്യ നിമിഷങ്ങളൊക്കെയും കന്യകമറിയത്തിന്റെ തിരുനാളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ ആധ്യാത്മികതയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ് ഒരു മരിയ ഭക്തി എന്ന് "മാർ ഈവാനിയോസ് തിരുമേനിയുടെ ആദ്ധ്യാത്മിക ജീവിതം" (The Spiritual Life of Mar Ivanios) എന്ന ഗ്രന്ഥത്തിൽ പല ഉദ്ധരമണികളും നിരത്തി ഗ്രന്ഥകാരൻ ചൂണ്ടികാണിക്കുന്നുണ്ട്.

ആരേയും ആകർഷിക്കുകയും, വിസ്മയിപ്പിക്കുകയും ചെയ്യുന്ന വശ്യതയാണ് മാർ ഈവനിയോസ് പിതാവിന്റെ ജീവിതത്തിലെ "മരിയൻ ദർശനങ്ങൾ".

**4.1 പുണ്യപിതാവിന്റെ മരിയൻ ഭക്തിയിലേക്കുള്ള ചുവടുവയ്പ്പിന്റെ ഉറവിടങ്ങൾ :** ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ ജീവിത്തിലേക്ക് മിഴികൾ പായിക്കുമ്പോൾ അദ്ദേഹത്തിന് വാഴ്ത്തപ്പെട്ട കന്യകാമറിയത്തിനോടുള്ള അനന്തമായ സ്നേഹവും, ഭക്തിയും, ആരാധനയും നിറഞ്ഞു നിൽക്കുന്നതായി കാണുവാൻ സാധിക്കും. പരി. മാതാവിനോടുള്ള ഈ ഗുരു ശ്രേഷ്ഠന്റെ ഭക്തി അതിരുകളില്ലാത്ത സ്വർഗീയ കൃപകളും നേടിയിരുന്നു.

ജീവിതാന്ത്യത്തോളം ദൈവമാതൃ ഭക്തനായി ജീവിച്ച മാർ ഈവാനിയോസ് ജനിച്ചത്, പരി കന്യകാമറിയത്തിന്റെ പിറവിത്തിരുന്നാളിലും, ശെമ്മാശപട്ടം സ്വീകരിച്ചത് ദൈവമാതാവിന്റെ പുകഴ്ച്ചയുടെ ദിനവും, വൈദിക പദവിയിലേക്കുയർത്തപ്പെട്ടത് കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുന്നാളിലും, ചരമമടഞ്ഞത്

www.malankaralibrary.com

പരി. കർമ്മലമാതാവിന്റെ തിരുന്നാളിന്റെ തലേരാത്രിയിലുമായി രുന്നു എന്നുള്ളത് ആശ്ചര്യാവഹമാണ്.

പൗരോഹിത്യ ജീവിതത്തിനിടയിൽ തന്റെ പ്രബോധനങ്ങളിലൂടെ ദൈവമാതാവിന്റെ ഉന്നതമായ ഗുണങ്ങളുടെ അനുകരണം ആത്മീയ രൂപീകരണത്തിനുമാത്രമല്ല മനുഷ്യരാശിയുടെ ഭൗതിക പുരോഗതികൾക്കും ഉതകുന്ന പ്രധാന ഘടകമാണെന്ന് ആ ആചാര്യശ്രേഷ്ഠൻ പഠിപ്പിച്ചു. വാഴ്ത്തപ്പെട്ട കന്യകമറിയത്തോടുള്ള തന്റെ ഭക്തിയുടെ അടയാളമായി അദ്ദേഹം മലങ്കര മക്കളുടെ പ്രത്യേക രക്ഷാധികരിയായി പരി. മറിയത്തെ നിയമിച്ചു. ഇതിലൂടെ തന്റെ ആത്മീയ പുത്രന്മാർക്ക് പരിശുദ്ധ മേരി മാതാവിന്റെ ജീവിത മാതൃക ഏറ്റവും നിഷ്ഠയോടെ നിർദ്ദേശിച്ചുകൊടുത്തു. ആ ശ്രേഷ്ഠ ഗുരുവിന്റെ ആഗ്രഹംപോലെ അവർ വിശ്വസ്തതയോടെ പരി. ദൈവമാതാവിനെ അനുഗമിച്ചു.

മലങ്കര സഭ മാതൃഭക്തിക്ക് വളരെയധികം പ്രാധാന്യം നൽകുന്നു. പരി. ദൈവമാതാവിനോടുള്ള ഭക്തി എല്ലാ പ്രാർത്ഥനകളിലും, വിവിധ കൂദാശാനുഷ്ടനങ്ങളിലും പ്രകടമാണ്. പരി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, കുക്കിലിയോൻ എന്നിവ മലങ്കര സഭയുടെ പ്രത്യേകമായ സവിശേഷതകളാണ്. വി. കുർബാനയുടെ അവസരങ്ങളിലും, സന്ധ്യാപ്രാർത്ഥനകളുടെ അവസരങ്ങളിലും ഇത് നടത്തിവരുന്നു. കൂടാതെ എല്ലാ ദിവസവും പരി. അമ്മ മാതാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾക്കുപുറമേ മാർ ഈവാനിയോസ് പിതാവും, അനുയായികളും എല്ലാ ബുധനാഴ്ചകളിലും സ്വർഗ്ഗീയ അമ്മയോടുള്ള ബഹുമാനാർത്ഥം ഉപവസിക്കുകയും ഭക്തിപുരസ്സരം പ്രാർത്ഥിക്കുകയും ചെയ്തു കൊണ്ട് നോമ്പാചരിച്ചിരുന്നു.

മാർ ഈവാനിയോസ് 'The Liturgical Year' എന്ന പുസ്തകത്തിൽ സഭയിൽ പരി. ദൈവമാതാവിനെ പ്രത്യേകമാം വിധം അനുസ്മരിക്കുകയും ആദരിക്കുകയും ചെയ്യുന്ന 5 തിരുനാളുകളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. പരി. കന്യകാമറിയത്തിന്റെ ജനനപെരുന്നാൾ (Sep.8), മാതാവിന്റെ പുകഴ്ച്ചയുടെ തിരുനാൾ

www.malankaralibrary.com

(Dec. 26), സ്വർഗ്ഗാരോഹണ പെരുന്നാൾ (ആഗസ്റ്റ് 15), വിത്തുകളെ പ്രതിയുള്ള പരി. ദൈവമാതാവിന്റെ തിരുനാൾ (ജനുവരി 15), കതിരുകളെ പ്രതിയുള്ള പരി. ദൈവമാതാവിന്റെ തിരുന്നാൾ (മേയ് 15), മുതലായ വയാണവ.

മാർ ഈവാനിയോസ് പിതാവിന്റെ നിതാന്ത പരിശ്രമത്താൽ പരി. മാറിയത്തിന്റെ പേരിൽ നിരവധി പള്ളികൾ സ്ഥാപിച്ചു. അദ്ദേഹം സ്ഥാപിച്ച പള്ളികളിൽ ഏറിയപങ്കും പരി. ദൈവമാതാവിന്റെ നാമത്തിലാണ്. ഇവയെല്ലാം ഈ കർമ്മയോഗിക്ക് പരി. അമ്മ മാതാവിനോടുള്ള തീക്ഷണമായ മാതൃഭക്തി പ്രകടമാക്കുന്നു. ദൈവമാതാവായ കന്യകാമറിയത്തിലേക്ക് അദ്ദേഹത്തെ നയിക്കുവാൻ സ്വാധീനിക്കുന്ന പല ഘടകങ്ങളും ഉണ്ടായിരുന്നു. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

**4.1.1 അമ്മ :** കുടുംബമാണ് ആദ്യ വിദ്യാലയം, അമ്മയാണ് ആദ്യ ഗുരു എന്നത് എത്രയോ സത്യവത്താണ്. മനുഷ്യ ജീവിതത്തിൽ ഒരുവന്റെ ആത്മീയജീവിതം ആരംഭിക്കുന്നത് അവന്റെ കുടുംബത്തിലൂടെയാണ്. ശൈശവത്തിൽ തന്നെ ഓരോരുത്തരുടെ ഉള്ളിലും തീക്ഷ്ണതയേറിയ വിശ്വാസത്തിൽ ആദ്യവിത്ത് പാകിയത് മിക്കവരുടെയും അമ്മമാർ തന്നെയായിരിക്കും. മാർ ഈവാനിയോസ് പിതാവിന്റെ ശ്രേഷ്ഠതയേറിയ ജീവിതം പരിശോധിക്കുമ്പോൾ അദ്ദേഹത്തിന്റെ ജനനം തന്നെ പരി. ദൈവമാതാവിന്റെ പ്രത്യേക മാദ്ധ്യസ്ഥം വഴിയായിരുന്നു. അതായത് അമ്മയും ശിശുവും തമ്മിലുള്ള പൊക്കിൾക്കൊടി ബന്ധംപോലെതന്നെ അറുത്തു മാറ്റുവാനാവാത്തവിധം ഒരു ദൈവീക പദ്ധതിയുടെ കാണാചരടിനാൽ പരി. ദൈവമാതാവും, ഗീവർഗീസ് എന്ന ആ കുഞ്ഞു പൈതലും അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതും മുമ്പുതന്നെ ഒരു ആത്മീയ ബന്ധത്തിന് തുടക്കം കുറച്ചിരുന്നിരിക്കണം.

1882 സെപ്റ്റംബർ 21-തീയതി മാവേലിക്കര പണിക്കരു വീട്ടിൽ തോമ്മാ പണിക്കരുടെയും അന്നാമ്മയുടെയും മകനായി ഗീവർഗ്ഗീസ് ജനിച്ചു. മാതൃകുടുംബത്തിൽ പുരുഷ സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ ഒരു ആൺ പൈതലിനെ ലഭിക്കുന്നതിനായി

www.malankaralibrary.com

ദൈവഭക്തയായ അന്നാമ്മ കണ്ണുനീരോടെ പ്രാർത്ഥിച്ചു. പരി. കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം ഇതിനുവേണ്ടി അവൾ അപേക്ഷിക്കുകയും ഗർഭസ്ഥനായ ശിശുവിനെ ദൈവമാതാവിനായി പ്രതിഷ്ഠിക്കുകയും ചെയ്തു. ആ കണ്ണുനീരിനു മറുപടിയെന്നവണ്ണം ദൈവമാതാവിന്റെ ജനനപ്പെരുന്നാളിൽതന്നെ ഒരു ആൺ പൈതലിനെതന്നെ ദൈവകൃപയാൽ ലഭിച്ചു.

പൗരോഹിത്യത്തിലേക്കുള്ള ഗീവർഗ്ഗീസിന്റെ വിളിയിലും പരി. കന്യാകമാതാവിന്റെ ഇടപെടലും സ്വമാതാവിന്റെ പ്രാർത്ഥനയും ഉണ്ടായിരുന്നു. അൾത്താരയിൽ ശുശ്രൂഷ ചെയ്യുവാൻ മാർ ഈവാനിയോസ് അത്യധികം ആഗ്രഹിച്ചു. ഇതിൽ അദ്ദേഹത്തിന്റെ അമ്മ വളരെയധികം സന്തോഷം പ്രകടിപ്പിച്ചുവെങ്കിലും, പിതാവ് അതിനെ എതിർത്തു. അന്നാമ്മയുടെ നിരന്തര പ്രാർത്ഥനയാൽ ഒടുവിൽ ആ പിതാവ് തന്റെ പ്രിയപ്പെട്ട മകന്റെ ഇംഗിതത്തിന് സമ്മതം മൂളുകയും ചെയ്തു. സമർത്ഥനും, വിദ്യാഗുണസമ്പന്നനുമായ യുവ ഗിവർഗ്ഗിസ് മറിയത്തിൽ കന്യകാത്വത്തിന്റെ പൂർണതയും, രക്ഷണീയ കർമ്മത്തിൽ പങ്കാളിയായി ലോകരക്ഷകനെ ഉദരത്തിൽ വഹിച്ച നിത്യകന്യകയുടെ സർവ്വഗുണങ്ങളെയും കൂടുതൽ ആഴത്തിൽ മനസിലാക്കുവാൻ സദാപരിശ്രമിച്ചു. ചെറുപ്പത്തിൽ തന്നെ സ്വർഗ്ഗീയ അമ്മയോടുള്ള തീവ്രഭക്തിയാൽ ഗീവർഗ്ഗീസ് ദൈവത്തോട് നിത്യകന്യക പ്രതിജ്ഞ ചെയ്തു. നിത്യബ്രഹ്മചര്യ ജീവിതത്തിലേക്ക് സ്വയം ബന്ധസ്ഥനായി, വിവാഹജീവിതന്തസ്സിലേക്ക് പ്രവേശിക്കാതെ പുരോഹിതനായി അഭിഷിക്തനാകുവാൻ അദ്ദേഹം താൽപര്യപ്പെട്ടു. അത് അദ്ദേഹത്തിന്റെ അമ്മയും ആഗ്രഹിച്ചിരുന്നു.

ഓരോ ക്രിസ്ത്യൻ കുടുംബത്തിന്റെയും ആത്മീയ വളർച്ചയെ പരിപോഷിപ്പിക്കുന്നതിൽ അതിപ്രധാനമായിരുന്നു സാധാരണക്കാർക്കായുള്ള മണിക്കൂറുകളുടെ പ്രാർത്ഥന, മക്കളുടെ കൂട്ടയ്മയിൽ ആരാധനാ പ്രാർത്ഥനകൾ നിർബ്ബന്ധപൂർവ്വം നിറവേറ്റാൻ അമ്മമാർ വളരെ ഉത്സുകരായിരുന്നു. പരി. ദൈവമാതാവിനെ സ്തുതിച്ചുകൊണ്ടുള്ള പ്രാർത്ഥനയും ആരാധനാപ്രാർത്ഥനയിൽ ഉൾപ്പെടുന്നു. അതിന ർത്ഥം ഗീവർഗ്ഗീസിന്റെ ബാല്യത്തിൽ

www.malankaralibrary.com

പരി. കന്യകാമാതാവിനെ അഭിസംബോധന ചെയ്യുന്ന പ്രാർത്ഥനയാൽ ഒരു ദിവസം തന്നെ പലതവണ ആ കുടുംബം ഏറ്റു ചൊല്ലുന്നതു വഴിയായി ആ ബാലന്റെ കർണ്ണങ്ങളിൽ അവ എത്രമേൽ ആഴത്തിൽ പതിഞ്ഞി രിക്കണം. ഗീവർഗ്ഗീസിനെയും കൂട്ടി ദൈവിക ശുശ്രൂഷകളിൽ പങ്കെടുക്കുന്നതിന് പതിവായി ആ അമ്മ പള്ളിയിലേക്ക് കൂട്ടി കൊണ്ടുപോകുമായിരുന്നു, പരി. കന്യകാമറിയം ബാലനായ ഈശോയെ പതിവായി തങ്ങളുടെ സിനഗോഗിലേക്കു കൂട്ടികൊണ്ടു പോയത് അനുസ്മരിപ്പിക്കുംവിധം (ലൂക്കാ 2:14, 4:16).

പ്രായം ഏറുംതോറും മാർ ഈവാനിയോസിന് പരി. കന്യകാമറിയത്തോടുണ്ടായിരുന്ന ഭക്തിക്ക് ആഴം വർദ്ധിച്ചു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ധ്യാനങ്ങളിൽ മറിയാമിന്റെ വ്യകുലങ്ങളെപറ്റി ചിന്തിക്കുമായിരുന്നു. അതോടൊപ്പം യേശു വിന്റെ പീഡാസഹനങ്ങൾ അവയുടെ വിവിധ തലങ്ങളിൽ യേശുവിനെ അനുഗമിക്കുകയും അമ്മയോടുകൂടി അവളുടെ പുത്രന്റെ നഷ്ടത്തിൽ കരയുകയും ചെയ്യുമായിരുന്നു.

**4.1.2 ദൈവാലയം :** തന്റെ ദേവാലയത്തിൽ നടത്തുന്ന ആത്മീയ ശുശ്രൂഷ കളിലെ യുവാവായ ഗീവർഗ്ഗീസിന്റെ സ്ഥിരവും തീക്ഷ്ണവുമായ പങ്കാളിത്തം അദ്ദേഹത്തിന്റെ കുടുബത്തിലെ അത്മിയ അന്തിരീക്ഷ ത്തിൽനിന്നും സഭാസ്നേഹത്തിൽ നിന്നും വികസിപ്പിച്ചെടുത്തതുമായ മരിയൻ ഭക്തിയെ അലംകൃതമാക്കുന്നു. ദിവ്യകാരുണ്യ ആരാധനാക്രമത്തിന്റെ പൊതുവായ തുടക്കം മറിയത്തിന്റെ സഹസ്മരണയുടെ അടിസ്ഥാനത്തിലാണ് ക്രമീകരി ച്ചിരിക്കുന്നത്. പള്ളിയിൽ എല്ലാ ആരാധനാവർഷവും ആഘോഷ പൂർവം കൊണ്ടാടുന്ന വിവിധ മരിയൻ പെരുന്നാളുകൾ യുവ ഗീവർഗ്ഗീസിന് കൂടുതൽ സന്തോഷത്തിന്റെയും മരിയൻ വാത്സല്യ ത്തിന്റെയും അവസരങ്ങളായിരുന്നു. പ്രായോഗികമായി പറഞ്ഞാൽ പരി. മറിയത്തെ സവിശേഷമാംവിധം അനുസ്മരിക്കാത്ത ഒരു ആരാധനാ വിരുന്നുമില്ല. മരിയൻ പെരുന്നാളുകളും, അനുസ്മരണ വും വിശ്വാസികൾക്ക് പ്രസക്തമായ ബൈബിൾ ഭാഗങ്ങളും മരിയൻ

www.malankaralibrary.com

വ്യാഖ്യാനം കേൾക്കുവാനും, മനസിലാക്കുവാനുമുള്ള അവസരങ്ങ ളായിരുന്നു.

തന്റെ സഭയിലെ ഉന്നത വിദ്യാസമ്പന്നനായ വൈദികനെന്ന നിലയിൽ മാർ ഈവാനിയോസ് മരിയൻ ദൈവശാസ്ത്രം പൂർണ്ണ മായും ഉൾക്കൊണ്ടിരുന്നു. പരി. ദൈവമാതാവിനെ ആദരിക്കാൻ മലങ്കര സഭ എല്ലാസമയത്തും മുൻനിരയിൽ ഉണ്ടായിരുന്നു. മലങ്കര സഭ സഭയുടെയും വിശുദ്ധരുടെയും കൂട്ടയ്മയിൽ സ്വർഗ്ഗീയ അമ്മയെ അനുസ്മരിക്കുന്നു.

**4.1.3 വേദഗ്രന്ഥം :** മലങ്കര പള്ളിയിലെ അൽമായർക്കുള്ള വൈകുന്നേരങ്ങളിലെയും പ്രഭാതത്തിലെയും ആരാധനാ ക്രമത്തിനു തൊട്ടുമുൻപ് ഏതാനും ക്രിസ്ത്യൻ സ്തുതിഗീതങ്ങളും ബൈബിളിൽ നിന്നുള്ള വായനകളും ഉണ്ടായിരുന്നു. ബൈബിൾ വായന നടത്താത്ത ഒരു കുടുംബത്തെ നമ്മുക്ക് സങ്കൽപ്പിക്കാൻ പോലും കഴിയുകയില്ലാ യിരുന്നു. ഗീവർഗ്ഗീസ് എന്ന മാർ ഈവാനി യോസ് ആ കുടുബ ത്തിലെ മൂത്ത മകനായിരുന്നതിനാൽ, യുവാവായ ഗീവർഗ്ഗീസ് ആയിരുന്നു പ്രധാനിയായി ബൈബിൾ വായന നടത്തിയിരുന്നത്. കൂടാതെ ബൈബിൾ വായന നടത്തു ന്നതിനായി അദ്ദേഹത്തിന്റെ വിശ്വാസികളെ അത്രധികം പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു.

വി. ഗ്രന്ഥത്തിന്റെ ശ്രദ്ധയേറിയ വായനക്കാരനും വാഴ്ത്തപ്പെട്ട മറിയത്തിന്റെ ഉറ്റ സ്നേഹിതനുമായ ഗീവർഗ്ഗീസ് തിരുവെഴുത്തുകാരന്മാരിലൂടെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയ കാര്യങ്ങൾ, പ്രധാനമായും മറിയത്തെക്കുറിച്ചുള്ള പുതിയ നിയമത്തിലെ അരുളപ്പാടുകൾ അതീവ ജാഗ്രതയോടെ വീക്ഷിച്ചു. മാർ ഈവാനിയോസ് പറയുന്നു "ലോകചരിത്രത്തിലെ ഏറ്റവും ചലനാത്മകവും, ശക്തികേന്ദ്രവുമായ വ്യക്തിയാണ് മേരി. കൃപയുടെ പുതിയ ലോകത്തിന്റെ ആദ്യപടിയിൽ പങ്കെടുക്കുവാൻ ദൈവം അവളെ അനുവദിച്ചു. അവൾ കന്യകാത്വം തിരഞ്ഞെടുത്തു. അവൾ ക്രിസ്തുവിനോട് ആദ്യത്തെ അത്ഭുതം ചെയ്യുവാൻ അവശ്യപ്പെട്ടു. കുരിശിനുകീഴിലുള്ള ആദ്യത്തെ ആളായിരുന്നു

www.malankaralibrary.com

അവൾ. മാർ ഈവാനിയോസ് പിതാവിന്റെ ഈ വാക്കുകൾ കാണിക്കുന്നത് ബൈബിളിൽ, വിശിഷ്യാ പരി. ദൈവമാതവിന്റെ പുതിയ നിയമചിത്രത്തിൽ നല്ല ആഴമായ പ്രാവിണ്യം ഉണ്ടായിരുന്നു എന്നാണ്. വി. ഗ്രന്ഥത്തിലെ കഥകളുടെ അഗാധമായ ജ്ഞാനം പരി. കന്യാമറിയത്തിനോടുള്ള തന്റെ പുത്രസ്നേഹത്തെ സാധൂകരിക്കുവാനും വർദ്ധിപ്പിക്കുവാനും പാവനചരിതനായ മാർ ഈവാനിയോസ് പിതാവിനെ അത്രമേൽ സഹായിച്ചിരുന്നു.

പരി. കന്യാമാതാവിനെക്കുറിച്ചുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ദർശനം വേദപുസ്തകത്തിൽ അധിഷ്ഠിതവും, പാരമ്പര്യത്തിൽ അടിയുറച്ചതും വിശ്വാസത്താൽ ഉജ്ജ്വലവുമാണ്.

## 4.2 പാവനചരിതൻ മാർ ഈവാനിയോസിന്റെ ധ്യാനചിന്തകളിലെ മരിയൻ അഭിവാദ്യങ്ങൾ

ആചാര്യശ്രേഷ്ഠനായ മാർ ഈവാനിയോസ് പരി. കന്യകാമറിയത്തിന്റെ ഭക്തനും, മരിയൻ ഭക്തിയുടെ തീക്ഷണമായ അപ്പോസ്തോലനുമായിരിന്നു. ഒരു മരിയൻ ഭക്തനാകുവാൻ അദ്ദേഹത്തെ സ്വാധീനിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് നാം കണ്ടുകഴിഞ്ഞു. മരിയൻ ഭക്തരും, മരിയൻ സംഘടനകളും അദ്ദേഹത്തെ ഏറ്റെടുത്തു. ഒട്ടാവയിലെ മരിയൻ കോൺഗ്രസ്സിൽ അദ്ദേഹം പങ്കെടുത്തത്, മലങ്കര സഭയിലെ ലീജിയൺ ഓഫ് മേരി എന്ന സംഘടനയുടെ രൂപീകരണം, പരി. ദൈവമാതാവിൻറെ അമോലോത്ഭവത്തെക്കുറിച്ച് മാർപ്പാപ്പക്കു അദ്ദേഹം എഴുതിയ കത്ത് തുടങ്ങിയ മാതാവിനോടുള്ള അദ്ദേഹത്തിന്റെ അഗാധമായ ഭക്തിയിലേക്ക് വിരൽ ചൂണ്ടുന്നു. എല്ലാറ്റിനും ഉപരിയായി പരി. അമ്മയെ അഭിവാദ്യം ചെയ്യുന്നതിനായി മാർ ഈവാനിയോസ് തിരുമേനിക്ക് സ്വന്തമായി തന്നെ ആശംസാവാക്കുകൾ ഉണ്ടായിരുന്നു. ഈ വിശേഷണങ്ങളൊക്കെയും നമ്മുടെ മേരിമാതവുമായുള്ള അദ്ദേഹത്തിന്റെ പുത്രബന്ധം എടുത്തു കാട്ടുന്നു.

**4.2.1 ദൈവമാതാവ് (Mother of God) :** "ദൈവമാതാവ്" എന്ന പദം മാർ ഈവാനിയോസ് പിതാവിനെ വളരെയധികം പ്രിയപ്പെട്ടതാണ്. തന്റെ ഒട്ടുമിക്ക രചനകളിലും പ്രബോധനങ്ങളിലും പരി. മേരിമാതാവിനെ "ദൈവമാതാവ്" എന്ന് ആശംസിക്കുവാൻ

www.malankaralibrary.com

അദ്ദേഹം ശ്രദ്ധാ പൂർണ്ണനായിരുന്നു. തന്റെ സഭാവത്സരം എന്ന പുസ്തകത്തിൽ അദ്ദേഹം "ദൈവമാതാവ്" എന്ന ശീർഷകം വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട്. ഈ പുസ്തകത്തിലെ തന്നെ പതിനഞ്ച് അദ്ധ്യായത്തിൽ അഞ്ച് പ്രാവശ്യം "ദൈവമാതാവ്" എന്ന് പരി. കന്യകാ മാതാവിനെ അദ്ദേഹം അഭിസംബോധന ചെയ്യുന്നു.

പീയൂസ് XII മാർപാപ്പായ്ക്ക് പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണത്തെ സംബന്ധിച്ച് എഴുതിയ കത്തിൽ അദ്ദേഹം മാതാവിന്റെ വിവിധ വസ്തുതകളെ വിശദമാക്കുന്നു. ഈ കത്തിൽ അദ്ദേഹം വ്യക്തമാക്കുന്നത് മാർ ഈവാനിയോസ് പിതാവും അദ്ദേഹത്തിന്റെ വൈദീകനും പരി. മേരിമാതാവിന്റെ ശരീരിക മരണത്തിനുശേഷം, പരി. ദൈവമാതാവ് ഉടലോടെയും, അത്മവോടെയും സ്വർഗ്ഗത്തിലേക്ക് കരേറ്റപ്പെട്ടു എന്ന് വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുവെന്നതാണ്.

പരി. കന്യകാമറിയത്തിന്റെ ശാരീരിക സ്വർഗ്ഗാരോഹണം സഭ ഔദ്യോഗികമായി പ്രഖ്യാപിക്കാൻ അദ്ദേഹം മർപാപ്പയോടു ശക്തമായി ശുപാർശ ചെയ്തു. മാർത്തോമ്മാ നസ്രാണികളെയും, സീറോ മലങ്കരക്കാരെയും, സീറോ മലബാറുകരെയും സംബന്ധിച്ചു ഇത്തരത്തിൽ ഒരു പ്രഖ്യാപനം, അവർ സവിശേഷമാംവിധം ആരാധിക്കുന്ന പരി. കന്യകാമറിയത്തിനോടുള്ള അവരുടെ പുത്രഭക്തിക്ക് പുതിയ ഒരു ഉണർവ് നൽകുമെന്ന് മാർ ഈവാനിയോസ് വിശ്വസിച്ചു. മലങ്കര യാക്കോബായ സുറിയാനിസഭയിലെ പ്രാർത്ഥനാപുസ്തകത്തിൽ നിന്ന് മറിയത്തെ ദൈവമാതാവ് എന്ന് വിളിക്കുന്ന ഭാഗങ്ങൾ അദ്ദേഹം ഈ കത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. "കന്യകാത്വം ദൈവത്തിന്റെ മഹത്തായ ധനമാണ്" അതിനെ സംരക്ഷിക്കുവാൻ സന്യാസി തീക്ഷണതയോടെ പ്രാർത്ഥിക്കുകയും, അത് മനസ്സിലേറ്റുകയും ചെയ്യണം. ഇതിനായി പരി. ദൈവമാതാവിന്റെ പ്രത്യേക മദ്ധ്യസ്ഥം തേടുന്നത് അത്യുത്തമമാണ്. മറിയത്തെ "ദൈവമാതാവ്" എന്ന് വിളിക്കുന്നത്സഭയുടെ പാരമ്പര്യമാണെന്ന് മാർ ഈവാനിയോസ് തിരുമേനി അഭിപ്രായപ്പെടുന്നു.

www.malankaralibrary.com

**4.2.2 നിത്യ കന്യക :** ഗുരുശ്രേഷ്ഠനായ മാർ ഈവാനിയോസ് പരി. മറിയത്തിന്റെ നിത്യ കന്യകാത്വത്തിൽ വിശ്വസിക്കുകയും തന്റെ രചനകളി ലൂടെയും പ്രബോധനങ്ങളിലൂടെയും ഈ ശ്രേഷ്ഠപദവി പ്രചരിപ്പി ക്കുകയും ചെയ്തു.

'ധ്യാനകുസുമങ്ങൾ' എന്ന പുസ്തകത്തിൽ അദ്ദേഹം മറിയത്തെ പരി. കന്യക എന്നാണ് അഭിസംബോധന ചെയ്യുന്നത്. അദ്ദേഹത്തിൻറെ പ്രാർത്ഥനകളിൽ അമ്മ മറിയത്തെ "ഭൂമിയിൽ" വളർന്ന കന്യകാത്വത്തിന്റെ മധുരം നിറഞ്ഞ ചെടിയും, വാഴ്ത്തപ്പെട്ട മധുര സുഗന്ധമുള്ള ചെടിയായും ഉപമിക്കുന്നു. മറിയം എന്ന വാഴ്ത്തപ്പെട്ട കന്യകയായ മണ്ണിൽ നിന്ന് മുളപൊട്ടിയ ഈശോ മിശിഹായുടെ കന്യകാത്വത്താൽ നിറഞ്ഞ നറുമണമുള്ള മൈലാഞ്ചി ചെടിയായ ആ അമ്മയെ എനിക്കു നൽകു" എന്ന് അദ്ദേഹം പ്രാർത്ഥിക്കുന്നു.

തന്റെ 'സന്യാസജീവിത സഹായി' എന്ന പുസ്തകത്തിൽ പരി. കന്യകമറിയം, ദൈവമാതാവിന്റെയും അപ്പോസ്തോലന്മാരു ടെയും, സകല മഹത്വമുള്ള വിശുദ്ധരുടെയും മാതൃക അനുകരിക്കു വാൻ അദ്ദേഹം സന്യാസിമാരെ ഉപദേശിക്കുന്നത്.

'വി. കുമ്പസാരം' എന്ന ബുക്കിൽ അദ്ദേഹം മാറിയത്തോട് ഇപ്രകാരം പ്രാർത്ഥിക്കുന്നു; 'ഓ, പരിശുദ്ധ കന്യകാമറിയമേ, എൻറെ രക്ഷകനായ ഈശോയുടെ അമ്മേ: ഞാൻ മാനസാന്തര പ്പെടുന്നതിൽ നീ വളെരെ ആഹ്ലാദഭരിതയാണല്ലോ, എനിക്കു വേണ്ടി കർത്താവിനോട് പ്രാർത്ഥിക്കണമേ'.

'വി. കുർബാന ഒരു ധ്യാന പഠനം' എന്ന തന്റെ പുസ്തക ത്തിൽ അദ്ദേഹം പരി. കന്യകാമറിയത്തെക്കുറിച്ച് ഒരു മുഴുവൻ അദ്ധ്യായം എഴുതുകയും അവളെ അനുകരിക്കുവാൻ നമ്മെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. "കർത്താവായ യേശുവി നോടുള്ള പരിശുദ്ധ കന്യകാമറിയത്തിന്റെ സ്നേഹം എത്ര ആഴമേറിയും തീക്ഷ്ണതയുള്ളതുമായിരുന്നു" എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

www.malankaralibrary.com

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കത്തോലിക്കാസഭ പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണ പ്രഖ്യാപനത്തെക്കുറിച്ച് ചിന്തിക്കുന്നതിന് മുമ്പുതന്നെ, കേരളത്തിലെ സുറിയാനി സഭക്ക് മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുന്ന പാരമ്പര്യമുണ്ടായിരുന്നു. മലങ്കരയിലെയും, സിറിയയിലേയും യാക്കോബായ സഭ പരി. കന്യകയുടെ ശൂനോയോ തിരുനാൾ ആഘോഷിക്കുന്നു. August 15 സ്വർഗ്ഗാരോഹണ തിരുനാളിന് ഒരുക്കമായി 'പതിനഞ്ച് നോമ്പ്' എന്ന പേരിൽ ഉപവാസം നടത്തുന്നു.

**4.2.3 രണ്ടാം സ്വർഗ്ഗം (Second Heaven) :** 'രണ്ടാം സ്വർഗ്ഗം' എന്ന മേരിയുടെ പ്രതീകാത്മക പദപ്രയോഗം മറിയത്തിന്റെ മാതൃത്വത്തെ സുചിപ്പിക്കുന്നു. ഇത് തികച്ചും ഒരു പൗരസ്ത്യ ആശയം മാർ ഈവാനിയോസിന്റെ രചനകളിൽ വളരെ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. പരി. മറിയത്തെ രണ്ടാം സ്വർഗ്ഗം എന്ന് മാ ർ ഈവാനിയോസ് വിളിക്കുന്ന ചില സന്ദർഭങ്ങളുണ്ട്. അവയിൽ ഏറ്റവും പ്രധാനം അദ്ദേഹം കാനഡയിൽ നടത്തിയ പ്രസംഗമാണ്. രണ്ടാം സ്വർഗ്ഗം എന്നറിയപ്പെടുന്ന പരി. കന്യകാമറിയത്തോടുള്ള തന്റെ ഭക്തിയാണ്, കാനഡയിലെ മരിയൻ കോൺഗ്രസ്സിൽ പങ്കെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന് അദ്ദേഹം പറയുന്നു. അവിടെ നടത്തിയ പ്രസംഗത്തിൽ പരി. കന്യകാമറിയത്തെ രണ്ടാം സ്വർഗ്ഗമായി അവതരിപ്പിക്കുവാൻ അദ്ദേഹം പ്രത്യേക താൽപ്പര്യം കാണിച്ചു. മരിയൻ കോൺഗ്രസ്സിൽ പങ്കെടുക്കുവാനുള്ള ഒട്ടാവ ആർച്ച് ബിഷപ്പിന്റെ ക്ഷണം അദ്ദേഹം സ്വീകരിച്ചത് തനിക്ക് പരി. കന്യകാമറിയത്തോടുള്ള ആദരവും, ഭക്തിയും കൊണ്ടാണെന്നു അഭിമാനപുരസ്സരം അദ്ദേഹം അവിടെ പറഞ്ഞു. കാനഡയിലെ കാത്തോലിക്കരുടെ ഈ രണ്ടാം സ്വർഗ്ഗ ത്തോടുള്ള വിശ്വാസംതന്നെ വളെരെയധികം പ്രചോദിപ്പിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു.

**4.2.4 രണ്ടാം ഹവ്വ (Second Eve) :** പൗരസ്ത്യ സഭകളിലെ ഏറ്റവും പ്രധാനപ്പെട്ട മരിയൻ വിശേഷണങ്ങളിലൊന്നാണ് 'രണ്ടാം ഹവ്വ'. പൗരസ്ത്യ സഭാപിതാ ക്കൻമ്മാർ ആദ്യ സ്ത്രീയായ ഹവ്വായ്ക്കും ദൈവമാതാവായ പരി. മറിയത്തിനും ഇടയിൽ ഒരു സമാന്തരത്വം ഉണ്ടായിരുന്നു. ആദ്യ സ്ത്രി അവളുടെ അനുസരണ

www.malankaralibrary.com

ക്കേടിലൂടെ മാനവരാശിക്ക്മരണം വിധിച്ചപ്പോൾ രണ്ടാം ഹവ്വായായ മറിയം ദൈവവചനത്തോടുള്ള അനുസരണത്തിലൂടെ മാനവരാശിക്ക് ജീവൻ നൽകി. മാർ ഈവാനിയോസും ഇതേ രീതിയിൽ ചിന്തിക്കുന്നു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഏദൻ തോട്ടത്തിലെ ആദ്യത്തെ ഹവ്വാ പാപത്തിലൂടെ ദൈവവുമായുള്ള ബന്ധം അറുത്തു മാറ്റിയാപ്പോൾ പരി. കന്യകാമറിയം തന്റെ കന്യാകത്വത്തിൽ ദൈവമാതാവായി നമ്മെ വീണ്ടും ദൈവം തമ്പുരാനുമായി കൂട്ടിചേർത്തു.

പാപം ചെയ്ത് ഇടർച്ച വരുത്തി ആദ്യ ഹവ്വാ മനുഷ്യരാശി യുടെ മേൽ ദുരിതവും, കഷ്ടപ്പാടും വാഗ്ദാനം ചെയ്തു. തന്റെ കന്യകാത്വം കാത്തുസുക്ഷിച്ചുകൊണ്ട് രണ്ടാമത്തെ ഹവ്വാ ദൈവ മാതാവായി, അതുവഴി മനുഷ്യകുലത്തിന് രക്ഷയും, വീണ്ടെടുപ്പും നൽകി.

**4.2.5 പുനരൈക്യത്തിന്റെ മാതാവ് :** കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടാനുള്ള മനോഭാവം മാർ ഈവാനിയോസിന്റെ മനസ്സിൽ ശക്തമായിരുന്നു. ഇതിനായി ആ ധീരസേനാനി അഹോരാത്രം യത്നിച്ചു. തല്ഫല മായി 1930 ൽ ആ യോഗിവര്യൻ ലക്ഷ്യം പ്രാപിക്കുകയും ചെയ്തു.

പരി. കന്യക ഏറ്റവും നല്ല മാദ്ധ്യസ്ഥയായി സദാ മാർ ഈവാനിയോസിന്റെ ഉള്ളിൽ നിറഞ്ഞുനിന്നു. കലാപരമായ വാസന അദ്ദേഹത്തിൽ കുടികൊണ്ടിരുന്നതിനാൽ പൗരസ്ത്യ സഭകൾക്ക് പൊതുവിൽ പ്രതിമകളോടുള്ള മുൻവിധി കണക്കി ലെടുക്കാതെ പരി. ദൈവമാതാവിന്റെ ഏറ്റവും മനോഹരമായ ഒരു ശിൽപം വാങ്ങുകയും, അത് തന്റെയൊരു താത്കാലിക ഭവനത്തിനു സമീപം ഒരു കുന്നിൽ സ്ഥാപിക്കുകയും ചെയ്തു. പട്ടത്ത് അതിമെത്രാസന അരമനയുടെ (ഇന്ന് Pattom Catholicate Centre) ക്യാമ്പസിൽ ആ ശില്പം പ്രതിഷ്ഠിച്ചിരിക്കുന്നു. എല്ലാ ബുധനഴ്ച കളിലും വി. ജപമാലയും, രാത്രി പ്രാർത്ഥനകളും പരി. കന്യകാ മറിയത്തിന്റെ ഈ ശില്പത്തിനുമുൻപിൽ നടത്തിയിരുന്നു. “തന്റെ മരണശേഷവും സ്വർഗ്ഗതിലുരുന്നു പുനരൈക്യപ്രസ്ഥാനത്തിനായി

www.malankaralibrary.com

പ്രവർത്തിക്കുമെന്ന്" അദ്ദേഹം പറഞ്ഞിരുന്നു. അത് ഇന്നും സ്വർഗ്ഗത്തിലിരുന്നു ആ ഗുരുശ്രേഷ്ഠൻ നിറവേറ്റുന്നുണ്ടാവണം.

**4.2.6 തമ്പുരാനെപെറ്റ അമ്മച്ചി :** മാർ ഈവാനിയോസ് തിരുമേനി പുരാതന മരിയൻ ഭക്തിയെ ആന്തരീകവൽക്കരിക്കുകയും, വ്യക്തിപരമാക്കുകയും, പ്രായത്തിലും, ജ്ഞാനത്തിലുമുള്ള വളർച്ചയ്ക്ക് അനുസൃതമായി അതിനെ വളർത്തിയെടുക്കുകയും ചെയ്ത് "തമ്പുരാനെ പെറ്റ അമ്മച്ചി" എന്ന് വിളിച്ചിരുന്നു. പരി. മേരി മാതാവിനോടുള്ള അദ്ദേഹത്തിന്റെ പുത്രവാത്സല്യം നമ്മുക്ക് ഏറ്റവും അധികം ആദര വോടുകൂടിയെ നോക്കികാണുവാൻ സാധിക്കുകയുള്ളൂ. അദ്ദേഹത്തിന്റെ ഏറ്റവും പ്രായമേറിയ മരിയൻ അഭിസംബോധനകളിൽ ഒന്നായിരുന്നു "തമ്പുരാനെ പെറ്റ അമ്മച്ചി".

തന്റെ താൽക്കാലിക വസതിയുടെ മുമ്പിൽ സ്ഥാപിച്ചിരുന്ന പരി. അമ്മയുടെ ശില്പത്തിനുമുമ്പിൽ അദ്ദേഹം പതിവായി "ഓ, ഞങ്ങളുടെ കർത്താവിന്റെ അമ്മേ (തമ്പുരാനെ പെറ്റ അമ്മച്ചി) എന്ന് അഭിസംബോധന ചെയ്ത് പ്രാർത്ഥിക്കുകയും, അത് ചെയ്യുവാൻ സെമിനാരിക്കാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. സൈന്യങ്ങളുടെ രാഞ്ജിയായ സ്വർഗ്ഗീയ അമ്മയെ വെളിപ്പെടുത്തുവാൻ "തമ്പുരാൻ പെറ്റ അമ്മച്ചി" എന്ന വിശേണമാണ് മാർ ഈവാനിയോസ് പിതാവ് തെരഞ്ഞെടുത്തത്. ബൈബിൾ പണ്ഡിതൻമ്മാരും, പ്രശസ്ത എഴുത്തുകാരും സ്വർഗ്ഗത്തെ ദൈവത്തിന്റെ ഭവനം എന്ന് നിർവചിക്കുന്നു. അങ്ങനെയെങ്കിൽ കർത്താവിനെ പ്രസവിച്ച അമ്മയുടെ ഹൃദയമാണ് സ്വർഗ്ഗം.

ഗുരുശ്രേഷ്ഠൻ മാർ ഈവാനിയോസ് തന്റെ അതുല്യമായ പുത്ര സ്നേഹത്താൽ സ്വർഗ്ഗീയ അമ്മയെ "കന്യാസ്ത്രീ അമ്മച്ചി" എന്നും "തമ്പുരാനെ പെറ്റ അമ്മച്ചി" എന്നും വിശേഷിപ്പിച്ചു.

### 4.3 ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മരിയ ഭക്തിയും, ധ്യനചിന്തകളും

ശ്രേഷ്ഠാചാര്യൻ മാർ ഈവാനിയോസിന്റെ വൈദീക ജീവിതത്തിൽ പ്രബോധനങ്ങളിലൂടെയും, പ്രഭാഷണങ്ങളി

www.malankaralibrary.com

ലൂടെയും മറിയാമിന്റെ ശക്തിയേറിയ മാദ്ധ്യസ്ഥം, പാപികളെ സ്വീകരിക്കുന്നതിൽ അമ്മയ്ക്കുള്ള ഔദാര്യം, ഓരോരുവന്റെയും മരണസമയത്തു സ്വർഗ്ഗീയ അമ്മ നൽകുന്ന മാതൃനിർവ്വിശേഷമായ സഹായം ഇവയെക്കുറിച്ച് വിശ്വാസികളിൽ അദ്ദേഹം വേണ്ടത്ര അറിവ് പകർന്നിരുന്നു.

പരി. കന്യകാമറിയമിനോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ ഭക്തിയും, സ്നേഹവും പ്രകടമാക്കുന്ന ഒരു ചെറിയ ഗ്രന്ഥം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുന്നതിനു മുമ്പ് അദ്ദേഹം രചിച്ചിരുന്നു. എട്ടു ധ്യാനങ്ങൾ, എട്ടു നോമ്പു ദിവസങ്ങളിലേക്കായി ക്രമീകരിചിട്ടുള്ളവയാണ് ആ ഗ്രന്ഥം.

വേദപുസ്തകത്തിൽ അധിഷ്ഠിതമായ ആശയങ്ങളും, പാരമ്പര്യത്തിൽനിന്നുള്ള പിതാക്കന്മാരുടെ ഉത്കൃഷ്ടമായ പ്രബോധനങ്ങളും, സ്വചിന്തയിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ള അദ്ധ്യാത്മിക നുറുങ്ങുകളും കൂട്ടിയിണക്കിയ അദ്ദേഹത്തിന്റെ ധ്യാനചിന്തകളുടെ ഉള്ളടക്കം ഇപ്രകാരമാണ്:

**4.3.1 നമ്മുടെ രക്ഷിതാവിൻറെ അമ്മ – വി. കന്യക മാർത്ത മറിയം :** ശുദ്ധിമാന്മാരുടെ രാജ്ഞി എന്നു പറയത്തക്കവണ്ണം എല്ലാ മനുഷ്യരെയുംകാൾ അതി പരിശുദ്ധിയുള്ളവൾ ആയിരുന്നു ഈ വി. കന്യക. ഏറ്റവും നിർമ്മലയായി ജീവിച്ചവളും, എത്രയും പരിശുദ്ധമായും നിത്യമായും കന്യകാവ്രതം പാലിചിട്ടുള്ളവളുമാണ് ഈ കന്യക. ഈ വിശുദ്ധ സ്ത്രിയുടെ സർവ്വോൽകൃഷ്ടവും, നിത്യവുമായ ലക്ഷണം നിർമ്മലമായ കന്യാത്വമായിരുന്നുവെന്ന് അദ്ദേഹം ആഴമായി വിശ്വസിച്ചിരുന്നു.

ഈ വിശുദ്ധ സ്ത്രീ 'മാർത്തമറിയം' എന്ന് വിളിക്കപ്പെടുന്നു. "മാർത്തമറിയം എന്നാൽ 'സ്വാമിനി മറിയം' എന്നാണ് അർത്ഥമാക്കുന്നത്. ഈ ശുദ്ധിമതിയെ മർത്തമറിയം എന്ന് വിശുദ്ധ സഭ വിളിക്കുന്നത് എന്തുകൊണ്ടെന്ന് അദ്ദേഹം വിവരിക്കുന്നുണ്ട്. കർത്താവായ ദൈവം തന്റെ സകല സൃഷ്ടികളെക്കാളും അധികം സ്നേഹിച്ചിട്ടുള്ളവളാണ് മറിയം. മനുഷ്യനായി അവതരിക്കുവാൻ

www.malankaralibrary.com

സർവേശ്വരൻ തിരുവിഷ്ടമായപ്പോൾ മാതാവായിരിക്കുവാനുള്ള പരിശുദ്ധി വി. കന്യാമറിയത്തിലുണ്ടെന്നാണ് ദൈവം കണ്ടത്. ദൈവം ഇവളിൽ നിന്നു ജന്മമെടുത്തു മനുഷ്യനായി അവതരിച്ചു. സർവ്വലോക രക്ഷകനായ ദൈവം ഒൻപതുമാസം ഈ കന്യകയുടെ ഗർഭത്തിൽ ശിശുവായി പാർത്തു. അപ്രകാരവും, ശരീരപ്രകാരവും ഇവളോട് അടുത്തിട്ടുള്ളതുപോലെ ദൈവം ആരോട് അടുത്തിട്ടുണ്ടെന്നു അദ്ദേഹം ആരായുന്നു. മർത്തേ (സ്വാമിനി) എന്നതു ബഹുമാനപുരസ്സരം കുഞ്ഞുങ്ങൾ മാതാവിനെ വിളിച്ചിരുന്ന പേരായിരുന്നു. 'അമ്മേ, അമ്മച്ചി, മർത്തേ' എന്നിങ്ങനെ നമ്മുടെ കർത്താവ് വിളിച്ചിട്ടുള്ള ആ വിശുദ്ധ മാതാവിനെ അപ്രകാരം തന്നെ അഭിസംബോധന ചെയ്യുന്നതു ബഹുമാനിക്കുവാൻ മാർ ഈവാനിയോസ് പിതാവും താല്പര്യപ്പെട്ടു.

**4.3.2 ഉദയകാല നക്ഷത്രം :** സൂര്യോദയത്തിനു അല്പം മുമ്പ് കിഴക്ക് ഒരു നക്ഷത്രം ഉദിച്ചിട്ടുള്ളതായി കാണാം. ഇതിനു 'ഉദയ നക്ഷത്രം' 'പെരുമീൻ' എന്ന് പറയുന്നു. നീതിസൂര്യനായ യേശുമിശിഹായിക്കുമുമ്പേ ഉദിച്ച പെരുമീൻ വി. മറിയമാണ്. ഇങ്ങനെ സംഭവിക്കുമെന്നു ദീർഘദർശി മുൻകൂട്ടി പ്രവചനം നടത്തിയിരുന്നു. യൊവാക്കിം, ഹന്നയും മുഖാന്തരം ദൈവം പ്രപഞ്ചമണ്ഡലത്തിൽ ഉദിച്ച പെരുമീൻ ഈ വിശുദ്ധ കന്യകയായിരുന്നു. മറിയം ഗർഭത്തിൽ വച്ചുതന്നെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളായിരുന്നു. ജനനം മുതൽ തന്നെയവൾ ദൈവത്തിന്റെ വാത്സല്യഭാജനമായിരുന്നു. ദൈവം മുൻകൂട്ടി ദൈവമാതാവിനെ ശുദ്ധിമതിയായും നിത്യകന്യകയായും ഒരുക്കി. ഇവൾ കന്യകമാരുടെ കൂട്ടത്തിൽ കന്യകയും, പാപം തീണ്ടിയിട്ടില്ലാത്തവളുമാണ്. ദൈവം എഴുന്നള്ളി വസിക്കുന്നതിന് ഒരു കൊട്ടാരം തെരഞ്ഞെടുത്തു. രാജകൊട്ടാരം! അതിനെ സജ്ജമാക്കി സർവ്വ സൃഷ്ടികളിൽ നിന്നും അവിടുത്തേക്ക് വിശുദ്ധ ആലയമായിരിക്കാൻ നിർമ്മല കന്യകയായ വാഴ്ത്തപ്പെട്ട മരിയാമിനെ തെരഞ്ഞെടുത്തു. ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു. 'ഹേ! മറിയമേ! സകലത്തിന്റെയും ഉടയവനായ ദൈവം പാർക്കുന്ന രണ്ടാമത്തെ സ്വർഗ്ഗം നീയാകുന്നു' എന്ന ഒരു വിശുദ്ധ പിതാവ് പറഞ്ഞിരിക്കുന്നത് മാർ ഈവാനിയോസ് ഇവിടെ അനുസ്മരിക്കുന്നു.

www.malankaralibrary.com

**4.3.3 രണ്ടാമത്തെ ഹവ്വാ :** വിശുദ്ധ മാതാവ് രണ്ടാമത്തെ ഹവ്വായാണ്. ഒന്നാമത്തെ ഹവ്വാ അനുസരണക്കേടിനാൽ പാപത്തിനും അടിമപ്പെട്ടു. രണ്ടാമത്തെ ഹവ്വാ ആകട്ടെ ദൈവത്തോടുള്ള അനുസരണയാൽ വീണ്ടെടുപ്പിന് വഴിതെളിച്ചു.

സ്വർഗ്ഗത്തിൽ വലിയ ഒരടയാളം കാണപ്പെട്ടു. സൂര്യനെ ഉടയടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കിടയിൽ ചന്ദ്രൻ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം (വെളി 12:1). അവൾ ഒരാൺകുട്ടിയെ പ്രസവിച്ചു, സകല ജനപദങ്ങളെയും ഇരുമ്പു ദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണ് അവൻ (വെളി 12: 5), ആൺകുട്ടിയെ പ്രസവിച്ച സ്ത്രിയെ അന്വേഷിച്ച് സർപ്പം പുറപ്പെട്ടു (വെളി 12:13), സർപ്പം സ്ത്രീയുടെ നേരെ കോപിച്ചു (വെളി 12:17). സർപ്പം എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് സത്താനെക്കുറിച്ചാണ്. വി. മറിയം എത്രമാത്രം കഷ്ടതയും ദുരിതങ്ങളും സഹിച്ചു എന്ന് ഈ വി. ഗ്രന്ഥഭാഗം സൂചിപ്പിക്കുന്നു.

ഇതോടൊപ്പം വി. ഗ്രന്ഥത്തിലെ ഉത്പത്തി പുസ്തകം 3-ാം അദ്ധ്യായം 1 മുതൽ 6 വരെയുള്ള വാക്യങ്ങളും താരതമ്യപ്പെടുത്തി നോക്കിയാൽ ഒരു സ്ത്രി, ഒരു പുരുഷൻ, ഒരു സർപ്പം എന്നിങ്ങനെ മൂന്ന് വ്യക്തികൾ ഈ രണ്ടു ബൈബിൾ ഭാഗങ്ങളിലും കാണുവാൻ സാധിക്കും. ഉത്പത്തി പുസ്തകത്തിൽ മനുഷ്യന്റെ വീഴ്ചയെപ്പറ്റിയും, വെളിപാടു പുസ്തകത്തിൽ മനുഷ്യൻ വീണ്ടെടുപ്പിനെപ്പറ്റിയുമാണ് വിവരിച്ചിരിക്കുന്നതെന്ന് മാർ ഈവാനിയോസ് പിതാവിന്റെ ധ്യാനചിന്തകളിൽ വെളിപ്പെട്ടിരുന്നു.

**4.3.4 വി. മാതാവ് - ഉത്തമമാതൃക :** ലോകത്തിന്റെ കിരീടമായിരിക്കുന്ന പരി. മറിയത്തിന്റെ കന്യാവ്രതത്തെയും, നിർമ്മലതയെയും മാർ ഈവാനിയോസ് പിതാവ് ഇവിടെ ധ്യാനചിന്തയ്ക്കായി തിരഞ്ഞെടുത്തിരിക്കുന്നു. ദൈവതേജസ്സിനാൽ ശോഭിക്കുന്ന പരി. മറിയം അവളുടെ കന്യാവ്രതം എത്ര അനുഗ്രഹിക്കപ്പെട്ടതാകുന്നു. പാപത്തിൽ വീഴാതെയും അശുദ്ധിയിൽ മലിനപ്പെടാതെയും സൂക്ഷിച്ചുകൊണ്ട് ദിനംപ്രതി ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിതം നയിച്ച പരി. അമ്മയാണ്

www.malankaralibrary.com

മറിയം, മാലാഖമാരെക്കാൾ അധികം നിർമ്മലയും വിശുദ്ധയുമായ ആ കന്യകയിൽ എഴുന്നള്ളി വസിക്കുവാൻ ദൈവത്തിന തിരുവിഷ്ടം തോന്നണമെങ്കിൽ ആ ശരീരം എത്ര പരിശുദ്ധ മായിരുന്നിരിക്കണം.

**4.3.5 ഇതാ ഞാൻ കർത്താവിന്റെ ദാസി :** 'ഇതാ ഞാൻ കർത്തവിന്റെ ദാസി, നിന്റെ വചനം എന്നിൽ നിറവേറട്ടെ' ഈ വചനങ്ങൾ ഉച്ചരിച്ച കന്യകാമറിയാമിൽ പരിശുദ്ധാത്മാവിന്റെ ശക്തി ആവസിച്ചു. വചനമായ ദൈവം അവളിൽ ഉരുവായി. വിശുദ്ധ കന്യക ദൈവമാതാവായിത്തിർന്നു. അവൾ ഏറ്റവും ശുദ്ധമുള്ള കന്യകാമാതാവാണ്. ദൈവം മനുഷ്യനായി തീരും എന്നതല്ലാ, ഇവ ദൈവത്തിന്റെ മാതാവായി ഭവിക്കും എന്നതുമല്ല, കന്യാവ്രതത്തിനു ഭംഗംവരാതെ ഗർഭം ധരിക്കുമെന്ന മാലാഖയുടെ അറിയിപ്പ് എന്തൊരത്ഭുതമാണ്. ഇത് വിശ്വസിക്കുവാൻ ആർക്കാണ് സാധിക്കുക.

**4.3.6 ദൈവമാതാവ് :** തിരുസഭ: വി. കന്യകാമറിയാമിനെ ദൈവമാതാവ് എന്ന് അഭിസംബോധനം ചെയ്യുന്നു. ദൈവത്തെ വഹിച്ചവൾ, ദൈവത്തെ പ്രസവിച്ചവൾ, ദൈവമാതാവ്, ഈ പദപ്രയോഗങ്ങളെല്ലാം തന്നെ വിശുദ്ധ മാതാവിനു പരിശുദ്ധ റൂഹായാൽ ലഭിച്ചിരിക്കുന്ന നാമങ്ങളാണ്. യേശു മിശിഹായുടെ അമ്മ ആയിരിക്കുക എന്നു ള്ളത് എത്ര വലിയ പദവിയാണ്. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും. (മത്താ 5:8) പരി. മറിയം ഹൃദയശുദ്ധി ഉള്ളവളായിരുന്നു. അവൾ തുടരെ ദൈവത്തെ കണ്ടുകൊണ്ടു ജീവിച്ചു.

**4.3.7 വിശുദ്ധ കുടുംബം :** ഒരു മാതാവിന്റെ ധർമ്മം സ്വന്തം സുഖവും ആശ്വാസവും ഉപേക്ഷിച്ചു കുടുംബത്തിലുള്ളവർക്കു വേണ്ടി ശുശ്രൂഷ ചെയ്യുന്നതാണ്. നല്ല മാതാവിൽ സ്നേഹത്തിനല്ല ത്യാഗത്തിനു മാത്രമേ സ്ഥാനമുള്ളൂ. നല്ല മാതാവ് ദൈവത്തെ സ്നേഹിക്കുന്നു. സ്നേഹം നിമിത്തം മറ്റുള്ളവർക്കുവേണ്ടികൂടി കഷ്ടപ്പെടുന്നു. അവൾ സ്വയം പ്രശംസിക്കുകയോ, നിഗളിക്കുകയോ, മടിച്ചിരിക്കുകയോ, അയൽക്കാരുമായി വ്യർത്ഥസംസാരത്തിൽ

www.malankaralibrary.com

സമയം ചിലവിടുകയോ, ദൈവത്തെ മറന്നു ലോകകാര്യങ്ങളിൽ മനസ്സു വയ്ക്കുകയില്ല. നല്ല മാതാവ് തന്റെ കുഞ്ഞുങ്ങൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു എന്ന് പരി. മറിയത്തിൽ നിന്നു മനസ്സിലാക്കിയ കർത്താവിന് നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ കൊടുക്കുന്നു' (യോഹ 10:11) എന്ന് പറയുവാനും, ആ തത്വത്തിന് അനുസൃതമായി പ്രവർത്തിക്കുവാനും പ്രയാസ മില്ലയിരുന്നു.

മറിയം ജനിക്കുന്നതിന് മുൻപ്തന്നെ മാതാപിതാക്കൾ കുഞ്ഞിനെ ദൈവത്തിന് നേർച്ച കൊടുത്തു. ചെറുപ്പത്തിൽ അവർ മരണമടഞ്ഞതിനാൽ കുഞ്ഞിനെ ദേവാലയത്തിൽ ഏൽപ്പിക്കു കയും അവിടെ അവൾ വളരുകയും ചെയ്തു. പന്ത്രണ്ടാം വയസ്സു വരെയും ദേവാലയത്തിലെ കാഴ്ച അപ്പങ്ങൾ കൊണ്ട് ഈ വിശുദ്ധ ബാലിക വളർന്നുവന്നു എന്ന് സുറിയാനി ഗ്രന്ഥങ്ങൾ സാക്ഷ്യ പ്പെടുത്തുന്നു. നോമ്പു നമസ്കാരം, ദൈവസ്നേഹം, ആതുര സംരക്ഷണം ആദിയായ സൽപ്രവർത്തികൾ ചെയ്തുകൊണ്ട് ദേവാലയത്തിൽ വ്രതമനുഷ്ഠിച്ച വിധവകൾ ഈ ബാലികയെ ദൈവഭക്തിയിലും, വിശുദ്ധിയിലും വളർത്തി. വൃദ്ധയായ ഹന്നാ ഈ കൂട്ടത്തിൽ ഒരാളായിരുന്നു (ലൂക്ക 2:30,37) ഈ കന്യക അകമെയും പുറമെയും കന്യകാവ്രതനിഷ്ഠകൾ കൃത്യമായി പാലിച്ചു. പരി. കന്യകമരിയാമിനെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിട്ടുള്ള മാർ ഈവാനിയോസ് പിതാവിന്റെ 8 ധ്യന ചിന്തകൾ, ആശയങ്ങൾ അതിമനോഹരങ്ങളാണ്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിനുമുമ്പ് 1928-ലാണ് ഈ ചെറുഗ്രന്ഥം രചിച്ചതെന്ന് കരുതപ്പെടുന്നു.

## 4.4 ആചാര്യശ്രേഷ്ഠൻ മാർ ഈവാനിയോസിന്റെ ധ്യന ചിന്തകളിൽ

ഈശോയുടെ സാന്നിധ്യം പരി. അമ്മയുടെ ജീവിതത്തിൽ മാർ ഈവാനിയോസിന്റെ മറിയത്തെക്കുറിച്ചുള്ള വിവിധ ദർശനങ്ങളെ നാം വീക്ഷിച്ചുകഴിഞ്ഞുവാല്ലോ. ഇതിലൂടെ മാർ ഈവാനിയോസ് പിതാവിന്റെ മാതാവിനോടുള്ള അഗാധമായ സ്നേഹവും, വാത്സല്യവും, ഭക്തിയും എത്രത്തോളമായിരുന്നു

www.malankaralibrary.com

വെന്നു നമ്മുക്ക് മനസ്സിലാക്കുവാൻ സഹായകമായി. ഈ ഗുരുശ്രേഷ്ഠൻ മറിയത്തിലൂടെ ഈശോയിലേക്ക് ഉറ്റുനോക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസിന്റെ അഭിപ്രായത്തിൽ മറിയത്തിനു തന്റെ പുത്രനോടുള്ള സ്നേഹം അത്യധികം ആഴ മേറിയതും, തീക്ഷ്ണതയുള്ളതുമായിരുന്നു. അദ്ദേഹത്തിന്റെ ധ്യാനചിന്തകളിൽ ഈശോ മിശിഹാ അവളുടെ ജീവിതത്തിലെ ഏക ചിന്തയും, ഏക പ്രതീക്ഷയും, ഏക സാന്നിധ്യവുമായിരുന്നു.

**4.4.1 ഏക വിചാരം (The Sole Thought) :** പരി. ദൈവമാതാ വിന്റെ ഏകചിന്ത യേശുക്രിസ്തുവിനെ ക്കുറിച്ചായിരുന്നു. നല്ല വിചിന്തനങ്ങളിലൂടെയേ നല്ല പ്രവർത്തി കൾ ചെയ്യുവാൻ കഴിയുകയുള്ളൂ. ദൈവീക ചിന്തകൾ നമ്മുടെ പ്രവർത്തനങ്ങളെ ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ ഹൃദയത്തോടുചേർന്ന് നിന്നാൽ മാത്രമേ ഈ ദൈവീക ചിന്തകൾ നമ്മുടെ പ്രവർത്തനങ്ങളെ ശുദ്ധീകരിക്കുകയുള്ളൂ. ദൈവത്തിന്റെ ഹൃദയത്തോടുചേർന്നു നിന്നാൽ മാത്രമേ ഈ ദൈവീകചിന്ത സാധ്യമാകുകയുള്ളൂ. യേശുവിനെക്കുറിച്ചുള്ള ചിന്തയിൽ മറിയം ഈ പ്രപഞ്ചത്തെയും, പ്രപഞ്ചസൃഷ്ടികളെയും മുഴുവൻ മറന്നുവെന്ന് പറയപ്പെടുന്നു.

**4.4.2 ഏക ശരണം (The Sole Hope) :** മാർ ഈവാനിയോസിന്റെ വീക്ഷണത്തിൽ മറിയത്തിന്റെ ഏക പ്രതീക്ഷ കർത്താവായ യേശുവായിരുന്നു. 'ബെത്ലെഹേമിലെ കാലിത്തൊഴുത്തിൽ ഉറങ്ങുന്ന ഉണ്ണിയേശുവിനെ നോക്കിനിൽക്കുന്ന മറിയം തണുപ്പകറ്റാൻ തീയില്ലാതെ പുൽത്തൊട്ടിയിൽ കിടക്കുന്ന ഉണ്ണി ഈശോയെ നിമിഷങ്ങൾക്കകം നിശബ്ദമായും, ഏറെ ഉത്സാഹ പൂർവ്വവും കത്തുസൂക്ഷിക്കുമ്പോൾ, ആ ഇടുങ്ങിയ കാലിത്തൊ ഴുത്ത് ചക്രവർത്തിമാരുടെ സുവർണ്ണ കൊട്ടാരങ്ങളെ ക്കാൾ കൂടുതൽ സന്തോഷവും സുരക്ഷിതത്വവും അവൾക്ക് പ്രധാനം ചെയ്തു. കാരണം അവളുടെ ഏക പ്രത്യാശ, കർത്താവായ ഈശോ അവളോടൊപ്പം അവിടെയാണുണ്ടായിരുന്നത്' എന്ന അദ്ദേഹം എഴുതിയിട്ടുണ്ട്. ആത്മാവിനെ മലിനമാക്കുന്ന ചിന്തകളെ നിയന്ത്രിക്കുവാനും പരി. കന്യകമറിയത്തിനെപ്പോലെ കർത്താവായ

www.malankaralibrary.com

ദൈവത്തെ ജീവിതത്തിൽ ഏക പ്രതീക്ഷയായി സ്ഥാപിക്കുവാനും കഴിയണമേയെന്നുള്ള മാർ ഈവാനിയോ പിതാവിന്റെ പ്രാർത്ഥനകൾ എത്ര ശ്രേഷ്ഠമാണ്. പരി. ദൈവമാതവിനെപ്പോലെ കർത്താവായ യേശുക്രിസ്തുവിൽ ഏക പ്രത്യാശയർപ്പിക്കുവാൻ നമ്മിൽ ആദ്യം ഉത്ഭവിക്കേണ്ടത് കർത്താവായ യേശുക്രിസ്തുവിലുള്ള ആഴമായ വിശ്വാസമാണ്. ഈ സത്യവിശ്വാസം നാം നമ്മുടെ വിശ്വാസപ്രമാണത്തിൽ ഏറ്റു പറയുന്നു – 'ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ദൈവശരണത്തിൽ പരി. കന്യാമറിയത്തോളം മാതൃക മറ്റൊന്നിലുമില്ല' എന്ന് മാർ ഈവാനിയോസ് തിരുമേനി ഉറപ്പിച്ചു പറയുന്നു.

**4.4.3 ഏക സാന്നിധ്യം (The Sole Presence) :** കർത്താവായ യേശു ക്രിസ്തുവിന്റെ സാന്നിദ്ധ്യത്താൽ പരി. മാറിയത്തിന്റെ ശരീരം അനുഭവിച്ചതായി പറയപ്പെടുന്നു. കർത്താവായ യേശു കൂടെയുള്ളതിനാൽ അവളുടെ കഷ്ടത നിറഞ്ഞ വർഷങ്ങൾ നിമിഷങ്ങളായി മാത്രം ആ അമ്മയ്ക്ക് തോന്നി. ഈശോയുടെ പരീക്ഷണങ്ങളിൽ അപ്പോസ്തോലന്മാരിലധികം പരി. മറിയം ധൈര്യവതിയും, വാത്സല്യനിധിയും ആയിരുന്നു. കാരണം അവൾ കർത്താവായ ഈശോയുടെ ഏറ്റവും ചാരെ ആയിരുന്നു. വി. കുർബാനയിലൂടെ അൾത്താരയിൽ വസിക്കുവാൻ മനുഷ്യനായി പിറവിയെടുത്ത യേശുക്രിസ്തുവിന്റെ സാന്നിധ്യം ഒന്നു മാത്രമാണ്. ഹൃദയം പിളർന്ന അവസ്ഥകളിലും ജീവിതം മുറുകെ പിടിക്കുവാൻ അവളെ സഹായിച്ചത് വി. കുർബനയാൽ ക്രിസ്തുവിന്റെ സാന്നിധ്യം നിമിത്തം അവൾ ഈ ലോകത്തിലെ നിസ്സംഗതകളും, ദുഃഖങ്ങളും മറന്നു. കർത്താവിന്റെ സാന്നിധ്യം എപ്പോഴും നമ്മെയും രൂപാന്തരപ്പെടുത്തുന്നു. നിൻ ജീവിതത്തിൽ നീയൊരു മാറ്റത്തിനു ആഗ്രഹിക്കുന്നുവെങ്കിൽ നിനക്കായ് മനുഷ്യനായി പിറന്ന് ക്രൂശേറി, ഉത്ഥാനം ചെയ്തു, നിന്റെ ഉള്ളിൽ വസിക്കുവാനായി നിനക്കു മുമ്പിൽ ഒരു അപ്പത്തോളം ചെറുതായ ആ വലിയ കൃപയുടെ സാന്നിധ്യത്തിലേക്ക് നീയും പരി. അമ്മ മാതാവിനെ പോലെ കടന്നുചെല്ലണം.

www.malankaralibrary.com

## 4.4 പരി. കന്യാമാതാവും, ദിവ്യബലിയും

ആചാര്യശ്രേഷ്ഠൻ മാർ ഈവാനിയോസ് പരി. ദൈവമാതാവിന് നൽകിയിരിക്കുന്ന അഭിസംബോധനകൾ പരി. അമ്മ തിരുസഭയുടെ മാതൃകയാണെന്ന് വ്യക്തമാക്കാന്നു. ദിവ്യബലിയോടുള്ള ബന്ധത്തിൽ അനുകരിക്കപ്പെടെണ്ടവളാണ് പരി. മറിയം എന്ന് അദ്ദേഹം പറയുന്നു. പരി. കന്യാമാതാവിന്റെ കുറ്റമറ്റതും, നിഷ്കളങ്കവുമായ ജീവിതം നമ്മുക്കെല്ലാവർക്കും ഒരു മാതൃകയാണെന്ന് പൂണ്യവാനായ മാർ ഈവാനിയോസ് ചൂണ്ടിക്കാണിക്കുകയും അദ്ദേഹത്തിന്റെ ധ്യാനചിന്തകളിൽ അവൾ ദൈവഹിതത്തിന് തന്നെത്തന്നെ സ്വയം സമർപ്പിച്ചവളും, രക്ഷാകര പദ്ധതിയിൽ സഹകരിച്ചവളുമാകുന്നു. ദൈവത്തെയും അവന്റെ സ്നേഹത്തെയും മനുഷ്യരിലേക്ക് എത്തിക്കുക്കയും, സ്വർഗ്ഗ ജീവിത സൗഭാഗ്യത്തിലേക്കുള്ളവഴി കാണുകയും ചെയ്തു എന്നതാണ് പരി. കന്യകാമറിയം മാതൃകയാകുന്നു എന്നതിലൂടെ അർത്ഥമാക്കുന്നത്.

'വി. കുർബാന ഒരു ധ്യനാപഠനം' എന്ന പുസ്തകത്തിൽ ദിവ്യബലിയോടുള്ള ബന്ധപ്പെട്ട 31 ധ്യാനങ്ങളുണ്ട്. ഇതിൽ 31–മത്തെ പ്രമേയം, അവളുടെ ജീവിതത്തിലെ എല്ലാ കഷ്ടതകളുടെയും ഇടയിലുള്ള കർത്താവായ യേശുവിന്റെ സാന്നിധ്യത്തിന്റെ സന്തോഷമാണ്. ഭൗമിക ജീവിതത്തിൽ യേശുവുമായുള്ള അവളുടെ സഹവാസത്തെക്കുറിച്ചും, അവൻ ലോകത്തോട് വിട പറഞ്ഞതിനു ശേഷം അവനുമായുള്ള അവളുടെ സഹവാസത്തെക്കുറിച്ചും, ചിന്തിക്കുന്നു. വി. കുർബാനയിലും താനും, ഈശോയും, പരി. മറിയവുമായുള്ള ബന്ധം ആഴപ്പെടുന്നു എന്ന് മാർ ഈവാനിയോസ് പിതാവ് പറയുന്നു.

ബേത്ലഹേമിലും, നസ്രേതതിലും, ഈജിപ്തിലും നടന്ന സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ പരി. മറിയത്തിന് അവിടമെല്ലാം ഇഷ്ടമായിരുന്നു, എന്നാൽ വി. കുർബാനയിൽ കർത്താവായ യേശു വസിക്കുന്ന പള്ളിയോ, ചാപ്പലോ അവൾക്ക് മറ്റ് സ്ഥലങ്ങളെക്കാൾ പ്രിയമേറിയതായിരുന്നു. ദിനംതോറും,

www.malankaralibrary.com

മണിക്കൂറുകൾ, മണിക്കുറുകളോളം അവൾ വി. കുർബാനയ്ക്ക് മുമ്പിൽ മുട്ടുകുത്ത വി. കുർബാനയിലെ കർത്താവായ യേശുവിന്റെ തിരുസാന്നിധ്യത്താൽ അവൾ ഈ ലോകത്തിലെ നിസ്സംഗതകളും, ദുഃഖങ്ങളും മറന്നു. തന്റെ ഐഹിക ജീവിതം ചുരുക്കി കൂദാശ യുടെ തിരശീല നീക്കി തന്റെ പുത്രനെ മുഖാമുഖം കാണുന്ന തിനുള്ള ആഗ്രഹം അവളുടെ ഹൃദയത്തിൽ സദാ നിറഞ്ഞു നിന്നു വെന്നു അദ്ദേഹം പറയുന്നു.

വി. കുർബനയായ് അൾത്താരയിൽ വസിക്കുന്ന ഈശോ യുടെ സാന്നിധ്യം ആണ് ഇടറുന്ന ജീവ വഴികളിൽ മറിയത്തിനു കൂട്ടായത്. വി. കുർബാനയിലെ കർത്താവിന്റെ തിരുസന്നിധ്യം തൊട്ടറിഞ്ഞ് ദൈവവുമായുള്ള കൂട്ടായ്മയിൽ പ്രവേശിക്കുന്ന പരി. കന്യകാമറിയത്തെ മാതൃകയക്കുന്നതിനായി ഏതാനും നിമിഷ ങ്ങൾ ചിലവഴിക്കുന്നതിനും മനസ്സിനെ പാകപ്പെടുത്തുന്നതിനു മായി ഏവരെയും ക്ഷണിച്ചുകൊണ്ട് മാർ ഈവാനിയോസ് പിതാവ് തന്റെ പുസ്തകത്തിലെ ഈ അദ്ധ്യായം അവസാനിപ്പിക്കുന്നു.

### 4.5 വ്യാകുലമാതാവിനോടുള്ള മാർ ഈവാനിയോസിന്റെ അഭേദ്യമായ ബന്ധം

തന്റെ ധ്യാനങ്ങളിൽ യേശു ക്രിസ്തുവിന്റെ പീഡാസഹന ങ്ങളുടെ വിവിധ ഘട്ടങ്ങളിലൂടെയും അവളുടെ പ്രിയപുത്രന്റെ നഷ്ടത്തിൽ അവളോടൊപ്പം വിലപിക്കുന്നതിനും തന്റെ ധ്യാനവിഷയത്തിൽതന്നെ പിന്തുടരുന്ന മാതാവിന്റെ വ്യകുലങ്ങളെ ചിന്താവിഷയമാക്കുന്നതിലും മാർ ഈനിയോസ് ഒരിക്കൽപോലും പരാജിതനായില്ല. മാർഗരറ്റ് ഗിബൺസ് എന്ന ഐറിഷ് വനിത മാർ ഈവാനിയോസിനെക്കുറിച്ചെഴുതിയ ഗ്രന്ഥത്തെ അദ്ദേഹത്തിന്റെ മരണാന്തര ചടങ്ങുകളെക്കുറിച്ച് എഴുതിയ അദ്ധ്യായം ആരംഭിക്കുന്നത്, ഈ ആചാര്യ ശ്രേഷ്ഠന്റെ മരിയ ഭക്തിയെ വിവരി ച്ചുകൊണ്ടാണ്, 'വ്യാകുലമാതാ'വിനോടുള്ള പ്രാർത്ഥനയായിരുന്നു അദ്ദേഹത്തിന്റെ അവസാനത്തെ ബോധപൂർവ്വമായ പ്രാർത്ഥന ആദ്യകാലങ്ങളിൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് വളരെയധിക്കും ക്ലേശങ്ങൾ നേരിടേണ്ടി വന്നു. എങ്കിലും തുടർന്നങ്ങോട്ടുള്ള

www.malankaralibrary.com

സഭയുടെ വളർ ച്ചയ്ക്കും ഉന്നമനത്തിനും, പ്രവർത്തനങ്ങൾക്കും ദൈവകൃപ സമൃദ്ധമായി ഉണ്ടായിരുന്നു. പുനരൈക്യശില്പിയായ ധീര സേനാനിയായ ആ ഗുരുശ്രേഷ്ഠനോടൊപ്പം പരി. മറിയം ദൃഢത യുള്ളതൂണായി നിലകൊണ്ടിരുന്നു. സഭയുടെ ഭാവിയെക്കുറിച്ചോ, വളർച്ചയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഉദ്യമങ്ങളെല്ലാം വിജയം കൈവരിച്ചത് നമ്മുടെ വ്യാകുലമാതാവി നോടുള്ള ശക്തിയേറിയ മദ്ധ്യസ്ഥത്തിന്റെ ഫലം ആയിരുന്നുവെന്ന് നമ്മുക്ക് നിസ്സംശയം പറയാം. തന്റെ ജീവിതത്തിന്റെ അവസാന നാളുകളിലും, പരി. മറിയത്തിന്റെ വ്യാകുലങ്ങളെപ്പറ്റി അദ്ദേഹം ധ്യാനനിരതനായി. തന്റെ എളിയ ജീവിതം പരി. ദൈവമാതാ വിനോടുള്ള മാതൃ ഭക്തിയിൽ ചേർത്തുവച്ച് ആ പുണ്യപിതാവ് പരി. കന്യകാ മറിയത്തോടും കോടാനുകോടി മാലാഖവൃന്ദങ്ങ ളോടുമൊപ്പം കർതൃസന്നിധിയിൽ ചേർക്കപ്പെട്ടിരുന്നു.

**ഉപസംഹാരം**

കർതൃപ്രേരണയാൽ പുനരൈക്യപ്രസ്ഥാനത്തിന് രൂപകൽപന നൽകിയ ധീരസേനാനിയും, കർമ്മ കുശലനും, ശ്രേഷ്ഠാചാര്യനുമായ മാർ ഈവാനിയോസ് തിരുമേനി തികഞ്ഞ ഒരു മരിയ ഭക്തനായിരുന്നുവെന്നും, അദ്ദേഹത്തിന്റെ മരിയൻ വീക്ഷങ്ങളിലൂടെയും, ദർശനങ്ങളിലൂടെയും ധ്യാനനിരതരായി നാമും ഇപ്പോൾ ഒരിക്കൽ കൂടി സഞ്ചാരിച്ചു കഴിഞ്ഞിരിക്കുന്നു വല്ലോ.

പുണ്യപിതാവിന്റെ കർമ്മമേഖലകളിലോക്കെയും നൂറുമേനി വിളവു ലഭിച്ചിരിക്കുന്നതിന്റെ മൂലകാരണം അന്വേഷിച്ചിറങ്ങിയാൽ ഇതു വായിക്കുന്ന നിങ്ങളും ഞാനും ചെന്നണയുക. പരി. കന്യകാമറിയത്തിന്റെ തിരുസവിധേ തന്നെ യായിരിക്കും. മാർ ഈവാനിയോസ് പിതാവ് തന്റെ എല്ലാ കാര്യ ങ്ങളിലും പരി. മറിയത്തിന്റെ മാദ്ധ്യസ്ഥം യാചിക്കുകയും, ഏതു വിഷമസന്ധിയിലും അവളുടെ സഹായം തേടുകയും ചെയ്യുമായി രുന്നു. പരി. ദൈവമാതാവിന് അസാദ്ധ്യമായതു ഒന്നുമില്ല എന്ന് അദ്ദേഹം ചിന്തിക്കുകയും, ആഴമായി വിശ്വസിക്കുകയും

www.malankaralibrary.com

ചെയ്തിരുന്നു. നിങ്ങളോരോരുത്തരുടെയും ജീവിതഭാരങ്ങളിലും, വേദനകളിലും പരി. മറിയത്തെ ജീവിതത്തോടു ചേർത്തു നിർത്തി അവളോടുള്ള ഭക്തിയിലും, ആദരവിലും അമ്മ മേരിയുടെ മാതൃ സ്നേഹം രുചിച്ചറിയുവാൻ പുണ്യപിതാവ് മാർ ഈവാനിയോ സിന്റെ മരിയ ദർശനവും, ജീവിതവും ഏവർക്കും പ്രചോദനമായി തീരട്ടെ, ഒപ്പം പൈതൃക വിശ്വാസസത്യങ്ങളിൽ നിന്ന് വ്യതിചലിക്കുവാനുള്ള പൈശാചിക പ്രലോഭനങ്ങളിൽ ഈ ശ്രേഷ്ഠതാപസൻ നിങ്ങളിലും, എളിയവനായ ഈ എന്നിലും ഒരു ഉജ്ജ്വല ദീപ്തിയായി എന്നെന്നും നിലകൊള്ളട്ടെ.

www.malankaralibrary.com

# 5
# മരിയൻ ക്വിസ്

1. മറിയം എന്ന വാക്കിന്റെ അർത്ഥം ?
   രാജകുമാരി
2. കൊന്ത എന്ന പദം ഏത് ഭാഷയിൽ നിന്നുള്ളതാണ് ?
   പോർച്ചുഗീസ്
3. റോസറി എന്ന വാക്കിന്റെ അർത്ഥം ?
   റോസാപൂക്കളുടെ തോട്ടം
4. ലുത്തിനിയ എന്ന വാക്കിന്റെ അർത്ഥം ?
   ആവർത്തിച്ച് ഉറപ്പായി ചൊല്ലുന്ന പ്രാർത്ഥന
5. ജപമാല ഭക്തി പ്രചരിപ്പിച്ച വിശുദ്ധൻ ?
   വി. ഡൊമിനിക്
6. പരി. കന്യകാ മറിയത്തിന്റെ മധ്യസ്ഥതയിൽ ആദ്യത്തെ അത്ഭുതം നടന്നത് എവിടെ ?
   കാനായിലെ കല്യാണ വിരുന്നിൽ
7. സ്വർഗ്ഗവാതിൽ എന്ന് മറിയത്തെ വിശേഷിപ്പിച്ചത് ആര് ?
   മാർ അപ്രേം
8. പരിശുദ്ധാത്മാവിന്റെ മണവാട്ടി എന്ന് മറിയത്തെ വിശേഷിപ്പിച്ചത് ആര് ?
   വിശുദ്ധ ഫ്രാൻസിസ് അസീസി
9. ലോകത്തിലെ ഏറ്റവും വലിയ മരിയൻ കേന്ദ്രം ?
   ലൂർദ്
10. യേശുവിന്റെ മൃതദേഹം മാതാവിന്റെ മടിയിൽ കിടത്തിയിരിക്കുന്ന പ്രസിദ്ധമായ മാർബിൾ ശിൽപത്തിന്റെ രൂപം കൊത്തിയെടുത്ത വ്യക്തി ആര് ?
    മൈക്കിൾ ആഞ്ചലോ

www.malankaralibrary.com

11. പരി. കന്യകാ മറിയത്തെ ആദ്യമായി കർത്താവിന്റെ അമ്മ എന്ന് അഭിസംബോധന ചെയ്തത് ആര് ?

    എലിസബത്ത്

12. പരി. കന്യകാ മറിയം സഭയുടെ മാതാവാണെന്ന് ആദ്യമായി പഠിപ്പിച്ച വിശുദ്ധൻ ആര് ?

    വി. ആൽബർട്ട്

13. മത്തായി സുവിശേഷകൻ മറിയത്തെ എന്ത് പേരാണ് വിളിക്കുന്നത് ?

    ക്രിസ്തുവിന്റെ അമ്മ

14. പേര് പറയാതെ യേശുവിന്റെ അമ്മ എന്ന് പറയുന്ന സുവിശേഷകൻ ആര് ?

    വി. യോഹന്നാൻ

15. പരി. അമ്മയുടെ മരണം സംഭവിച്ച സ്ഥലത്ത് ഇന്ന് കാണുന്ന ദേവാലയതിന്റെ പേര് ?

    നിദ്രയുടെ പള്ളി

16. ജപമാലയെക്കുറിച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച അപ്പോസ്തോലിക ലേഖനത്തിന്റെ പേര് ?

    കന്യകാ മറിയത്തിന്റ ജപമാല

17. ജോൺപോൾ രണ്ടാമൻ മാർപാപ്പ ജപമാലയിൽ കൂട്ടിച്ചേർത്ത രഹസ്യത്തിന്റെ പേര് ?

    പ്രകാശത്തിന്റ രഹസ്യം

18. മാതാവിന്റെ ലുത്തിനിയ രചിച്ചത് ആര് ?

    വി. ലോറൻസ് ബാൻസിസി

19. ഞാൻ ജപമാല രാജ്ഞിയാകുന്നു എന്ന് മാതാവ് വെളിപ്പെടുത്തിയത് എവിടെ വെച്ച് ?

    ഫാത്തിമയിൽ വെച്ച്

20. പരി. മറിയത്തിന്റ സമർപ്പണതിരുന്നാൾ സഭ ആഘോഷിക്കുന്നത് എന്ന് ?

    നവംബർ 21

21. മംഗളവാർത്ത തിരുന്നാൾ എന്ന് ?

    മാർച്ച് 25

22. പരി. അമ്മയുടെ ഛായചിത്രം ആദ്യം വരച്ചത് ആര് ?

    വി. ലൂക്കാ

www.malankaralibrary.com

23. ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ച ജപമാല വർഷം എന്ന് മുതൽ എന്ന് വരെ ആയിരുന്നു ?

    2002 ഒക്ടോബർ 16 മുതൽ 2003 ഒക്ടോബർ 16 വരെ

24. പരി. കന്യകാമറിയത്തിന്റെ ജനനതിരുന്നാളിന് ഒരുക്കമായി ആചരിക്കുന്ന നോമ്പ് ഏത്?

    എട്ടുനോമ്പ്

25. മറിയത്തിന്റെ ദൈവമാതൃത്വത്തെ ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ചത് എവിടെ നടന്ന സാർവത്രിക സുന്നഹദോസിൽ വെച്ചാണ്?

    എഫേസോസിൽ

26. ഒക്ടോബർ മാസം ജപമാല മാസമായി പ്രഖ്യാപിച്ചത് ആര്?

    പതിമൂന്നാം ലെയോ മാർപാപ്പ

27. പരി. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസ സത്യമായി പ്രഖ്യാപിച്ച ആര് ?

    പന്ത്രണ്ടാം പീയൂസ് മാർപാപ്പ

28 ജപമാലയുടെ പാപ്പ എന്നറിയപ്പെട്ടത് ആര് ?

    ലെയോ പതിമൂന്നാമൻ മാർപാപ്പാ

29. പരി. മറിയം ക്രിസ്തുവിനോട് യോജിച്ചു ലോകത്തെ രക്ഷിച്ചു എന്ന് പറഞ്ഞ മാർപ്പാപ്പ ആര് ?

    ബെനഡിക്റ്റ് പതിനഞ്ചാമൻ

30. മാതാവിന്റെ ഏഴു വ്യാകുലങ്ങൾ

    1. ഒരു വാൾ നിന്റെ ഹൃദയത്തെ ഭേദിക്കും എന്നുള്ള ശീമയോന്റെ പ്രവചനം (ലൂക്കാ 2:35).
    2. ഉണ്ണി യേശുവിനെയും വഹിച്ചുകൊണ്ട് ഈജിപ്തിലേയ്ക്ക് നടത്തിയ പാലായനം (മത്താ. 2:14).
    3. പന്ത്രണ്ട് വയസ്സുള്ളപ്പോൾ ഈശോയെ ദേവാലയത്തിൽ കാണാതെ അന്വേഷിച്ചു നടക്കുന്ന മാതാവ് (ലൂക്ക 2:45).
    4. ഗാഗുൽത്തായിലേക്ക് ഈശോ കുരിശും വഹിച്ചുകൊണ്ട് പോകുന്ന കാഴ്ച (സഭയിലെ പാരമ്പര്യം).
    5. ഗാഗുൽത്താ മലയിൽ കുരിശിന്മേൽ ആത്മബലിയർപ്പിക്കുന്ന ഈശോയുടെ സമീപം മാതാവ് നിൽക്കുന്നത് (മത്താ. 27:26).

www.malankaralibrary.com

6. ഈശോയുടെ മൃതശരീരം കുരിശിൽ നിന്നിറക്കി മാതാവിന്റെ മടിയിൽ കിടത്തുന്നത് (സഭയിലെ പാരമ്പര്യം).
7. ഈശോയുടെ മൃതസംസ്കാരം (സഭയിലെ പാരമ്പര്യം).

31. ആരാണ് മാതാവിന്റെ ഏഴ് വ്യാകുല തിരുനാൾ നിശ്ചയിച്ചത്?
 1913-ൽ പയസ് 10-ാമൻ മാർപാപ്പ വ്യാകുല മാതാവിന്റെ തിരുനാൾ സെപ്റ്റംബർ 15 ആയി നിശ്ചയിച്ചു.

32. സഭ ഔദ്യോഗികമായി അംഗീകരിച്ച മരിയൻ പ്രത്യക്ഷീകരണങ്ങൾ ഏവ?

- ഏ.ഡി. 1206 ൽ ഫ്രാൻസിലെ പോവില്ലോയിൽ വൈദികനായ ഡൊമിനിക്ക് ഗുസ്മാന്.
- ഏ.ഡി. 1247 ൽ കെന്റ് - ബ്രിട്ടണിൽ വി. സൈമൺ സ്റ്റോക്കിന്.
- ഏ.ഡി. 1531 ൽ മെക്സിക്കോയിൽ അമേരിക്കൻ ആദിവാസി വിഭാഗമായ നഹുവ ഗോത്രത്തിലെ ജോണ്
- ഏ.ഡി 1830 ൽ ഫ്രാൻസിൽ കാതറിൻ ലബൊറെയ്ക്ക്. ഏ.ഡി. 1846 ൽ ഫ്രാൻസിലെ ലാസലേറ്റിൽ ഇടയരായ മലെനിക്കും, മാക്സിമിനും.
- എ.ഡി. 1858 ൽ ഫ്രാൻസിലെ ലൂർദ്ദിൽ ബർണ്ണദീത്ത എന്ന പെൺകുട്ടിക്ക് (പതിനെട്ട് പ്രാവശ്യം).
- ഏ.ഡി. 1917 ൽ പോർട്ടുഗലിലെ ഫാത്തിമായിൽ ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നീ മൂന്നുകുട്ടികൾക്ക്.
- ഏ.ഡി. 1932 ൽ ബൽജിയത്തെ ബ്യൂറാംഗിൽ അഞ്ചു പേർക്ക് പ്രത്യക്ഷീകരണം.
- ഏ.ഡി. 1933 ൽ ബൽജിയത്തെ ബ എന്ന ഗ്രാമ ത്തിൽ ഒരു പെൺകുട്ടിക്ക് പ്രത്യക്ഷപ്പെട്ടു. തുടർന്ന് ബൽജിയത്ത് പല സ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ടു.
- ഏ.ഡി. 1937 ൽ ജർമ്മനിയിലെ ഹീഡ്-ഇം-എംസ്ലാന്റ് എന്ന സ്ഥലത്ത് പ്രത്യക്ഷപ്പെട്ടു
- ഏ.ഡി. 1938 ൽ ജർമ്മനിയിലെ വാൻഗൻ എന്ന സ്ഥലത്ത് ഒരു സ്ത്രീക്ക് പ്രത്യക്ഷപ്പെട്ടു.
- ഏ.ഡി. 1945 ൽ ഹോളണ്ടിൽ ഒരു സ്ത്രീക്ക് പ്രത്യക്ഷപ്പെട്ടു. (സർവ്വദേശങ്ങളുടെയും നാഥ)
- ഏ.ഡി. 1947 ൽ ഇറ്റലിയിലെ ഫൊന്താനേ എന്ന സ്ഥലത്ത് പ്രത്യക്ഷപ്പെട്ടു.

www.malankaralibrary.com

- ഏ.ഡി. 1955 ൽ തെക്കെ ആഫ്രിക്കയിലെ നെഗോമിലെ "അത്യുന്നതന്റെ കൂടാരമായ മറിയം' എന്ന പ്രത്യക്ഷീക
- 1956-2000 അമേരിക്കൻ ഐക്യനാടുകളിൽ ഉണ്ടായ പത്യക്ഷീകരണങ്ങൾ. (ഔവർ ലേഡി ഓഫ് അമേരിക്ക)
- 1961 ൽ സ്പെയിനിലെ ഗരബന്ദാളിൽ.
- 1973 ലെ ജപ്പാനിലെ അക്കത്തയിലെ പ്രത്യക്ഷീകരണം

33. പ്രധാനപ്പെട്ട മരിയൻ തിരുനാളുകൾ

| | | |
|---|---|---|
| ജനുവരി 01 | - | ദൈവ മാതൃത്വതിരുനാൾ. |
| ജനുവരി 15 | - | വിത്തുകളെപ്രതിയുള്ള ദൈമാതാവിന്റെ തിരുനാൾ |
| ജനുവരി 23 | - | മറിയത്തിന്റെ വിവാഹ തിരുനാൾ. |
| ഫെബ്രുവരി 02 | - | മറിയത്തിന്റെ ശുദ്ധീകരണ തിരുനാൾ. |
| ഫെബ്രുവരി 11 | - | ലൂർദ്ദുമാതാവ്. |
| മാർച്ച് 25 | - | മംഗളവാർത്ത തിരുനാൾ. |
| മെയ് 13 | - | ഫാത്തിമ മാതാവ്. |
| മെയ് 13 | - | പരിശുദ്ധ കുർബ്ബാനയുടെ മാതാവ്. |
| മെയ് 15 | - | കതിരുകളെ പ്രതിയുള്ള ദൈവമാതാവിന്റെ തിരുനാൾ |
| മെയ് 24 | - | ക്രിസ്ത്യാനികളുടെ സഹായം. |
| മെയ് 31 | - | പരിശുദ്ധ കന്യക എലിസബത്തിനെ സന്ദർശിക്കുന്നു. |
| ജൂൺ 27 | - | നിത്യസഹായ മാതാവിന്റെ തിരുനാൾ. |
| ജൂൺ 28 | - | മറിയത്തിന്റെ വിമല ഹൃദയതിരുനാൾ. |
| ജൂലൈ 02 | - | സന്ദർശന തിരുനാൾ. |
| ജൂലൈ 13 | - | റോസാമിസ്റ്റിക്കാ മാതാവ്. |
| ജൂലൈ 16 | - | കർമ്മല മാതാവിന്റെ തിരുനാൾ. |
| ആഗസ്റ്റ് 02 | - | മാലാഖമാരുടെ രാജ്ഞി. |
| ആഗസ്റ്റ് 02 | - | മഞ്ഞുമാതാവിന്റെ തിരുനാൾ. |
| ആഗസ്റ്റ് 13 | - | പാപികളുടെ സങ്കേതം. |

www.malankaralibrary.com

ആഗസ്റ്റ് 15 - പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണം
ആഗസ്റ്റ് 22 - മറിയത്തിന്റെ രാജ്ഞിത്വ തിരുനാൾ.
ആഗസ്റ്റ് 28 - ആശ്വാസത്തിന്റെ മാതാവ്.
സെപ്റ്റംബർ 03 - നല്ല ഇടയന്റെ മാതാവ്. മറിയത്തിന്റെ ജനന തിരുനാൾ.
സെപ്റ്റംബർ 08 - മറിയത്തിന്റെ ജനനത്തിരുനാൾ.
സെപ്റ്റംബർ 12 - മറിയത്തിന്റെ തിരുനാമ തിരുനാൾ.
സെപ്റ്റംബർ 15 - വ്യാകുല മാതാവിന്റെ തിരുനാൾ.
സെപ്റ്റംബർ 24 - വിമോചനത്തിന്റെ മാതാവ്.
ഒക്ടോബർ 07 - ജപമാല രാജ്ഞിയുടെ തിരുനാൾ
ഒക്ടോബർ 16 - വിശുദ്ധിയുടെ മാതാവ്.
നവംബർ 27 - കാശു രൂപമാതാവ്.
നവംബർ 21 - മാതാവിനെ ദൈവാലയത്തിൽ സമർപ്പിക്കുന്നു.
ഡിസംബർ 08 - പരിശുദ്ധ കന്യകാ മറിയത്തിന്റെ അമലോത്ഭവം
ഡിസംബർ 10 - ലൊറെറ്റ മാതാവ്.
ഡിസംബർ 18 - ഗ്വാഡലൂപ്പ മാതാവ്.
ഡിസംബർ 18 - മാതാവിന്റെ പ്രതീക്ഷാ തിരുനാൾ
ഡിസംബർ 26 - പരി. മാതാവിന്റെ പുകഴ്ചയുടെ തിരുനാൾ

34. വാസുലായ്ക്ക് ഈശോ വെളിപ്പെടുത്തിയതും എഴുതിവയ്ക്കാൻ പറഞ്ഞതുമായ ദൈവമാതാവിനെക്കുറിച്ചുള്ള ഭാഗം -

 "എന്റെ അമ്മയെ പരിത്യജിക്കുന്നവരെ ഞാൻ ആഹ്വാനം ചെയ്യുന്നു. ചെവി തുറന്ന് കേൾക്കുക. എന്റെ അമ്മ സ്വർഗ്ഗത്തിൽ ദൈവമാതാവ് എന്നറിയപ്പെടുന്നു' (ദൈവത്തിലുള്ള യഥാർത്ഥ ജീവിതം vol.3)

35. അമലോത്ഭവത്തിരുനാൾ പാശ്ചാത്യ സഭകളിൽ ആരംഭിച്ച വിശുദ്ധൻ-

 വിശുദ്ധ ആൻസലം

36. അമലോത്ഭവത്തെക്കുറിച്ചു ആദ്യപ്രബന്ധം എഴുതിയ സന്യാസി-

 കാന്റർബറിയിലെ എഡ്മർ

37. 4-7 നൂറ്റാണ്ടുകളിൽ അമലോത്ഭവത്തെക്കുറിച്ച് സാക്ഷ്യം നൽകിയവർ -

 മാർ എഫ്രേം, വി. അഗസ്റ്റിൻ, വി. അംബ്രോസ്

www.malankaralibrary.com

38. പരി. കന്യകയുടെ അമലോത്ഭവത്തിന്റെ വേദപാരംഗതൻ എന്നറിയപ്പെടുന്നത് -

വാഴ്ത്തപ്പെട്ട ഡൺസ് സ്കോട്ട്സ്

39. മറിയത്തിന്റെ അമലോത്ഭവസരം സ്വീകരിച്ച് അംഗീകരിക്കുന്നവരെ അനുകൂലിച്ച് സോളിച്ചിത്തുഡോ എന്ന പാലിക ലേഖനം പ്രസിദ്ധീകരിച്ച പാപ്പ -

അലക്സാണ്ടർ ഏഴാമൻ (1661 ഡിസംബർ 8-ന്)

40. അമലോത്ഭവ തിരുനാൾ സാർവ്വത്രികസഭയിൽ ആഘോഷി ക്കുവാൻ നിശ്ചയിച്ച മാർപാപ്പ -

ക്ലമന്റ് പതിനൊന്നാമൻ (1708 ൽ)

41. ലുത്തിനിയായിൽ അമലോത്ഭവ രാജ്ഞി' എന്ന വാക്യം കൂട്ടിച്ചേർത്ത മാർപാപ്പ-

ഗ്രിഗറി പതിനാറാമൻ (1846 സെപ്റ്റംബർ 13)

42. അമലോത്സഭക്തി പ്രോത്സാഹിപ്പിക്കുവാൻ 1856-ൽ വി. ഡൊമിനിക് സാവിയോ സ്ഥാപിച്ച സംഘടന -

അമലോത്ഭവത്തിന്റെ സൊഡാലിറ്റി

43. അമലോത്ഭവ വിശ്വാസസത്യത്തെക്കുറിച്ചും പീയൂസ് പാപ്പ പുറപ്പെടുവിച്ച വിശ്വലേഖനത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് വി. പത്താം പീയൂസ് പാപ്പാ പുറപ്പെടുവിച്ച ചാക്രിക ലേഖനം -

'ആദ് ദിയെം ഇല്ല്' (1907 ഫെബ്രുവരി 2-ന്)

44. അമലോത്ഭവ വിാസസത്യ പ്രഖ്യാപനത്തിന്റെ ശതാബ്ദി അനുസ്മരണമായി പന്ത്രണ്ടാം പീയൂസ് പാപ്പ പുറപ്പെടുവിച്ച ചാക്രികലേഖനം -

ഫുൾജെൻസ് കൊറോണ് (1983 സെപ്റ്റംബർ, 18-ന്)

45. വെളിപാടിന്റെ പുസ്തകത്തിലെ 12-ാം അദ്ധ്യായത്തിലെ സ്ത്രീ രൂപവും ഉത്പത്തി 3:15-ലെ സർപ്പത്തിന്റെ തല തകർക്കുന്ന സ്ത്രീയും മറിയത്തിന്റെ പ്രതിരൂപമായി സാദൃശ്യപ്പെടുത്തുന്ന തിനു കാരണം -

അമലോത്ഭവ ജനനത്തിലൂടെ പാപത്തെ തോല്പിക്കുന്ന മറിയത്തിന്റെ പ്രതിരൂപമായി ഈ ഭാഗം വ്യാഖ്യാനിക്കപ്പെടു ന്നതുകൊണ്ട്.

www.malankaralibrary.com

46. കൃപനിറഞ്ഞവളെ സ്വസ്തി! എന്ന ഗബ്രിയേൽ ദൂതന്റെ അഭിസംബോധന പരി. കന്യകയുടെ അമലോത്ഭവത്തെ സൂചിപ്പിക്കുന്നതാണെന്നു പ്രസ്താവിച്ച് പ്രൊട്ടസ്റ്റന്റ് നേതാവ് -

    മാർട്ടിൻ ലൂഥർ

47. മറിയം 'നിത്യകന്യക' എന്ന പദം ആദ്യമായി ഉപയോഗിച്ചത് -

    വി. അത്തനാസിയോസ്

48. പരിശുദ്ധ മറിയം നിർമ്മലയായ കന്യകയാണെന്ന് പറയുകയും പഠിപ്പിക്കുകയും എഴുതുകയും ചെയ്ത ആദിമ സഭയിലെ പിതാക്കന്മാർ -

    അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസ്, ഏഥൻസിലെ അരിസ്റ്റഡസ്, വി. അത്തനേഷ്യസ്, വി. ഹിപ്പോളറ്റസ്, ഒരിജിൻ, വി. മാർ എഫ്രേം, വി. ജസ്റ്റിൻ എന്നിവർ

49. മറിയം നിത്യകന്യകയാണെന്ന വിശ്വാസത്തെ ഔദ്യോഗികമായി പഠിപ്പിച്ചത് -

    553-ൽ നടന്ന രണ്ടാം കോൺസ്റ്റന്റ്നോപ്പിൽ സൂനഹദോസ്

50. വി. യൗസേപ്പിനെ സഭയുടെ പിതാവായി പ്രഖ്യാപിച്ചത്. -

    1889-08, ലെയോ 13-ാമൻ മാർപാപ്പ

51. വി. യൗസേപ്പിനെ തിരുക്കുടുംബത്തിന്റെ കാവൽക്കാരനായി പ്രഖ്യാപിച്ചത് -

    1920-ൽ 15-ാം ബെനഡിക്ട് മാർപാപ്പ

52. വി. യൗസേപ്പിന്റെ സഹോദരനായ ക്ലെയോപ്പായുടെ മക്കളിൽ അപ്പസ്തോല സംഘത്തിൽ ഉൾപ്പെട്ടിരുന്നവർ -

    ശിമയോൻ, ചെറിയ യാക്കോബ്, യൂദാ തദേവൂസ്

53. പരിശുദ്ധ അമ്മയുടെ മരണത്തെക്കുറിച്ച് സഭയുടെ ആദ്യകാലത്ത് പറഞ്ഞിരുന്നത് -

    മറിയത്തിന്റെ നിദ്ര, സ്വർഗ്ഗയാത്ര, കടന്നുപോക്ക്, ഗൃഹാഗമനം

54. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണത്തിന് തെളിവായി വി. ജോൺ ഡെമിഷിൻ ഉദ്ധരിക്കുന്ന ചരിത്രം -

    എവുന്തിമായിക് ചരിത്രം

www.malankaralibrary.com

55. മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി പ്രഖ്യാപിച്ചത് -

1950 നവംബർ 1-ാം തീയതി 12-ാം പീയൂസ് മാർപാപ്പ.

56. പരിശുദ്ധ മറിയത്തിനു സംസിദ്ധമായ വരങ്ങളിൽ വച്ച് ഏറ്റവും ശ്രേഷ്ഠമായത് -

ദൈവമാതൃത്വം

57. ക്രൈസ്തവ ചിന്തയിൽ മറിയത്തിന്റെ ദൈവമാതൃത്വത്തെക്കുറിച്ചുള്ള വിശ്വാസം രൂപം കൊണ്ടത് -

ഒന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ

58. മറിയത്തെ ദൈവമാതാവ്' എന്ന് ആദ്യമായി വിളിച്ച സഭാധികാരി

റോമിലെ മെത്രാനായിരുന്ന ഹിപ്പോളിറ്റസ് (170-235)

59. ദൈവമാതാവ് എന്ന പദപ്രയോഗം സഭയിൽ പൂർണ്ണമായും അംഗീകരിക്കപ്പെട്ടത് -

വി അത്തനാസിയോസിന്റെ കാലം മുതൽ (295-373)

60. മറിയത്തിന്റെ ദൈവമാതൃത്വം ഒരു വിശ്വാസസത്യമായി സഭ പ്രഖ്യാപിച്ച് -

431-ലെ എഫേസോസ് സാർവ്വത്രിക സുന്നഹദോസിൽ വച്ച്

61. യോഹന്നാന്റെ സുവിശേഷത്തിൽ മറിയം കടന്നുവരുന്ന രണ്ടുഭാഗങ്ങളായ കാനായിലെ വിവാഹവിരുന്നിലും കുരിശിൻ ചുവട്ടിലും യേശു തന്റെ അമ്മയെ അഭിസംബോധന ചെയ്യുന്ന 'സ്ത്രീ' എന്ന ശബ്ദം വെളിപ്പെടുത്തുന്നത് എന്ത്? -

രക്ഷ ആവശ്യമുള്ള സമൂഹത്തിന്റെ പ്രതിനിധിയാണ് മറിയം എന്ന്.

62. മറിയത്തിന്റെ മാധ്യസ്ഥശക്തി കാനായിലെ കല്യാണവിരുന്നിൽ വ്യക്തമാകുന്നത് -

"അവൻ നിങ്ങളോടു പറയുന്നത് നിങ്ങൾ ചെയ്യുവിൻ" എന്ന മാതാവിന്റെ വാക്കും തുടർന്നുള്ള യേശുവിന്റെ വാക്കും പ്രവൃത്തിയും.

63. പുതിയ നിയമത്തിൽ 'മറിയം' എന്ന പേരിൽ കാണുന്ന ഏഴു സ്ത്രീകൾ -

ഈശോയുടെ അമ്മയായ മറിയം (മത്താ. 1:18), മഗ്ദലന

www.malankaralibrary.com

മറിയം (യോഹ. 20:11), ലാസിന്റെ സഹോദരി മറിയം (ലൂക്കാ 10:39), യാക്കോബിന്റെയും ജോസഫിന്റെയും അമ്മയായ മറിയം (മത്താ. 27:56), ക്ലയോപ്പാസിന്റെ ഭാര്യയായ മറിയം (യോഹ 19:25), മർക്കോസിന്റെ മാതാവായ മറിയം (അപ്പ. 12:12). അപ്പസ്തോല നായ പൗലോസ് കണ്ടുമുട്ടിയ മറിയം (റോമാ 16:6).

64. വെളിപാട് പുസ്തകത്തിലെ മറിയത്തിന്റെ ചിത്രത്തിന്റെ സവിശേഷത -

സൂര്യനെ ഉടയാടയും, ചന്ദ്രനെ പാദപീഠവുമാക്കി 12 നക്ഷത്ര ങ്ങൾകൊണ്ടുള്ള കിരീടം ധരിച്ച സ്ത്രീ

65. ക്രിസ്തീയ കലകളിൽ ചിരപ്രതിഷ്ഠ നേടിയിട്ടുള്ള കന്യകാമറിയ ത്തിന്റെ ചിത്രം രൂപപ്പെടുത്തപ്പെട്ടത് ഏത് പുസ്തകത്തിൽ -

വെളിപാട് പുസ്തകത്തിൽ

66. മരിയഭക്തി ആദ്യനൂറ്റാണ്ടിൽ സഭയിൽ ഉടലെടുത്തുവെന്നതിന്റെ തെളിവ് -

അപ്പോക്രിഫൽ ഗ്രന്ഥമായ യാക്കോബിന്റെ സുവിശേഷ ത്തിലെ പ്രതിപാദ്യങ്ങൾ.

67. ദൈവമാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്. ഗോവണി വഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ കയറിപ്പോകുവാനാണ് എന്നു പ്രസ്താവിച്ചത് -

വി. അംബ്രോസ്

68. പരി. കന്യകാമറിയത്തെ ഉഷകാലനക്ഷത്രം എന്ന് ആദ്യമായി വിശേഷിപ്പിച്ച വിശുദ്ധൻ -

വി. പീറ്റർ ഡാമിയൻ

69. കപ്പൽ സഞ്ചാരികൾക്ക് ദിശകാണിക്കുന്ന കടലിലെ പ്രകാശ ഗോപുരം പോലെയാണ് ക്രൈസ്തവർക്ക് ഈ ലോക ജീവിത മാകുന്ന തീർത്ഥാടനത്തിൽ പരിശുദ്ധ അമ്മ' എന്നുപറഞ്ഞത് -

വി. തോമസ് അക്വിനാസ്

70. "നിങ്ങൾ മറിയത്തെ, കൃപനിറഞ്ഞവളേ" എന്നുവിളിക്കുമ്പോൾ അനുഗ്രഹങ്ങൾ വാരിവിതറി അവൾ മറുപടി നൽകുന്നു എന്നു പറഞ്ഞത് -

സിയെന്നായിലെ വി. ബർണ്ണാർഡിൻ

www.malankaralibrary.com

71. 'പഴം വേണ്ടവർ വൃക്ഷത്തെ സമീപിക്കുന്നു. യേശുവിനെ വേണ്ടവർ മറിയത്തെയും, മറിയത്തെ കണ്ടെത്തുന്നവർ യേശുവിനെ ദർശിക്കുന്നു' എന്നുപറഞ്ഞത് –

വി. അൽഫോൻസ് ലിഗോരി

72. "ക്രിസ്തു സൂര്യനാണ് എങ്കിൽ മറിയം പ്രകാശമാണ്. ക്രിസ്തു മൂത്താണെങ്കിൽ മറിയം കിരീടമാണ്. ക്രിസ്തു പുഷ്പമാണെങ്കിൽ മറിയം തായ്ത്തണ്ടാണ്" ഇപ്രകാരം പറഞ്ഞത് –

വി. ഹെസക്കിയാസ്

73. ദൈവമാതൃത്വത്തിനെതിരായ നെസ്തോറിയനിസം എന്ന അബദ്ധസിദ്ധാന്തം എന്താണ് ?

യേശുവിൽ ദൈവ ആളും മനുഷ്യ ആളും ഉണ്ടെന്നും കന്യകാമറിയം മനുഷ്യനായ യേശുവിന്റെ അമ്മ മാത്രമാണെന്നും ദൈവമായ യേശുവിന്റെ അമ്മയല്ലെന്നുമുള്ള പ്രബോധനമാണ് നെസ്തോറിയനിസം ഈ അബദ്ധസിദ്ധാന്തം പ്രചരിപ്പിച്ചത് കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാപ്പോലീത്തയായ നെസ്തോറിയ സായിരുന്നു. അതിനാൽ ഇതിനെ 'നെസ്തോറിയനിസം' എന്നു വിളിക്കുന്നു.

74. പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള സവിശേഷ പഠനവുമായി ബന്ധപ്പെട്ട ദൈവശാസ്ത്ര ശാഖ.

മരിയൻ ശാസ്ത്രം അഥവാ മരിയോളജി

75. സ്ത്രീ സംജ്ഞകളിൽ ഏറ്റം ഉൽകൃഷ്ടമായ 'മറിയം' എന്ന വാക്കിന്റെ അർത്ഥം –

സ്ത്രീ, രാജകുമാരി, നാഥ, സമുദ്രതാരം, സൗന്ദര്യം, പരിപൂർണ്ണ എന്നിവ

76. ഹെബ്രായ ഭാഷയിൽ മിറിയം എന്നും ഗ്രീക്കിൽ മറിയം എന്നും വിളിക്കുന്ന പദത്തിന്റെ ഇംഗ്ലീഷ് രൂപം

മേരി

77. ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കപ്പെടണം എന്ന കല്പന പുറപ്പെടുവിച്ച റോമൻ ഭരണാധികാരി –

അഗസ്റ്റസ് സീസർ

www.malankaralibrary.com

78. വി. യൗസേപ്പിനെ സാർവ്വത്രിക സഭയുടെ മദ്ധ്യസ്ഥൻ ആയി പ്രഖ്യാപിച്ചത് -

1870 ഡിസംബർ 8-ന്, 8-ാം പീയൂസ് മാർപാപ്പ

79. നെസ്തോറിയനിസത്തിനെ എതിർത്തുകൊണ്ടുള്ള എഫേസോസ് സൂനഹദോസിന്റെ ദൈവമാതൃത്വത്തെക്കുറി ച്ചുള്ള നിർവ്വചനം -

''എമ്മാനുവേൽ യഥാർത്ഥത്തിൽ ദൈവമാണെന്നും തൽക്കാരണത്താൽ പരിശുദ്ധ കന്യക യഥാർത്ഥത്തിൽ ദൈവത്തിന്റെ അമ്മയാണെന്നും വിശ്വസിച്ച് ഏറ്റുപറയാത്തവൻ തിരസ്കൃതനാകട്ടെ,

80. മറിയത്തിന്റെ ദൈവമാതൃത്വത്തെപ്പറ്റി എഫേസോസ് സൂനഹദോസ് നൽകിയ നിർവ്വചനം ആവർത്തിച്ചിട്ടുള്ള സൂനഹദോസുകൾ -

കാൽസിഡോൺ (451), രണ്ടാം കോൺസ്റ്റാന്റിനോപ്പിൾ (553), മൂന്നാം കോൺസ്റ്റാന്റിനോപ്പിൾ (680), മൂന്നാം ലാറ്ററൻ (1179) രണ്ടാം വത്തിക്കാൻ (1962-1965).

81. പരിശുദ്ധ മറിയത്തെ ദൈവമാതാവായി അംഗീകരിക്കാത്തവർ ദൈവത്തിൽനിന്നും വേർപെട്ടവരാണ് എന്നു പറഞ്ഞത് -

ഗ്രിഗറി നിസ്യാൻസൻ

82. ദൈവമാതൃത്വത്തെ തെളിയിക്കുന്ന വിശുദ്ധഗ്രന്ഥഭാഗങ്ങൾ -

ഏശയ്യ 7:14, മിക്ക 5:2, മത്താ. 1:16, 1:20, 12:46, 13:55, ലൂക്കാ 1:35, 1:49, 2:6, ഗലാ. 4:4.

83. ദൈവമാതൃത്വത്തെക്കുറിച്ച് മാർട്ടിൻ ലൂഥർ പറയുന്നത് -

മറിയം യഥാർത്ഥത്തിൽ മനുഷ്യകുലത്തിന്റെ മാതാവ് എന്നു മാത്രമല്ല വിളിക്കപ്പെടേണ്ടത്, മറിച്ച് ദൈവമാതാവ് എന്നു കൂടിയാണ്. മറിയം സത്യദൈവത്തിന്റെ മാതാവാണെന്നതിൽ സംശയത്തിനിടയില്ല.

84. മറിയത്തിന്റെ ദൈവമാതൃത്വത്തിനു സുഗ്രഹവും സാരഗർഭവുമായ വ്യാഖ്യാനം നൽകിയത് -

വി. തോമസ് അക്വിനാസ് (1225-1274)

85. മാതാവ് ദൈവമാതൃത്വത്തെപ്പറ്റി പറയുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഡിക്രി -

ജനതകളുടെ പ്രകാശം - 8-ാം അദ്ധ്യായം

www.malankaralibrary.com

86. മാതാവിന്റെ കന്യകാത്വത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പോൾ ആറാമൻ മാർപ്പാപ്പയുടെ തിരുവെഴുത്ത് -

മരിയഭക്തി

87. മറിയത്തിന്റെ നിത്യകന്യകാത്വം എന്നതുകൊണ്ട് അർത്ഥ മാക്കുന്നത് എന്താണ് -

കന്യകയായിരിക്കേ പുരുഷസമ്പർക്കം കൂടാതെ തന്നെ ദൈവസുതനെ ഗർഭംധരിക്കുകയും പ്രസവിക്കുകയും അതിനു ശേഷം കന്യാത്വത്തിന് ഭംഗം വരാതെ ജീവിക്കുകയും ചെയ്തതിനെയാണ് മറിയത്തിന്റെ നിത്യകന്യാത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മറിയം ദൈവത്തിന്റെ വചനം സദാ പാലിച്ചു കൊണ്ട് നിത്യകന്യകയായി ജീവിച്ചു.

88. സ്വർഗ്ഗാരോപണം എന്നതിന്റെ അർത്ഥം -

Ad se Sumere എന്ന ലത്തീൻ വാക്കിൽ നിന്നാണ് Assump tion എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്, തന്നിലേയ്ക്ക് തന്നെ സ്വീകരിക്കുക. മുകളിലേയ്ക്ക് എടുക്കുക എന്നാണ് ഈ പദത്തിന്റെ അർത്ഥം. മാതാവ് ദൈവശക്തിയാൽ ആത്മശരീരങ്ങളോടുകൂടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നതാണ് ദൈവ ശാസ്ത്രപരമായ അർത്ഥം.

89. പിതാവായ ദൈവത്തിന്റെ ഓമൽക്കുമാരിയും പുത്രനായ ദൈവത്തിന്റെ മാതാവും പരിശുദ്ധാത്മാവിന്റെ മണവാട്ടിയുമായ പരി. കന്യകയുടെ തിരുശരീരം മറ്റു മനുഷ്യരുടേതുപോലെ കൃമികൾക്ക് ആഹാരമായിത്തീരുക ദൈവമാതൃത്വത്തിന് യോജിച്ചതല്ല എന്നുപറഞ്ഞ വിശുദ്ധൻ -

വി. അഗസ്തീനോസ്

90. ആഗസ്റ്റ് മാസം മുഴുവൻ മാതാവിന് പ്രതിഷ്ഠിച്ച് നൊവേന, ഉപവാസം, നോമ്പ് ഇവയിലൂടെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന സഭാവിഭാഗം

ഗ്രീക്ക് സഭ

91. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിന്റെ അടിസ്ഥാനത് എന്താണ്?

അമ്മയുടെ ദൈവമാതൃത്വവും രക്ഷാകരകർമ്മത്തിലുള്ള സഹകരണവും.

92. മറിയത്തിന്റെ മാദ്ധ്യസ്ഥ്യത്തിലുള്ള ആദ്യത്തെ അത്ഭുതം -

കാനായിലെ കല്യാണവിരുന്നിൽ വച്ചു നടന്നത് (യോഹ.2:1-11)

www.malankaralibrary.com

93. പരിശുദ്ധ അമ്മയുടെ സാർവ്വത്രിക മാദ്ധ്യസ്ഥ്യത്തെക്കുറിച്ച് സ്പഷ്ടമായ പ്രസ്താവനകൾ നടത്തിയ മാർപാപ്പമാർ –

ഒൻപതാം പിയൂസ്, ലിയോ 13–ാമൻ, പത്താം പീയൂസ്, ബെനഡിക്ട് 15–ാമൻ, പന്ത്രണ്ടാം പീയൂസ് എന്നിവർ

94. പരിശുദ്ധ കന്യകയെ മനുഷ്യവംശത്തിന്റെ സാർവ്വത്രിക മധ്യസ്ഥ യായി ആദ്യമായി സംബോധന ചെയ്തത് –

മാർ അപ്രേം

95. മറിയത്തിനു 'സഹരക്ഷക' എന്ന നാമധേയം ആദ്യമായി ഉപയോഗിച്ച് മാർപാപ്പ –

11–ാം പീയൂസ് പാപ്പ

96. മറിയത്തിന്റെ വിശ്വാസത്തെ രക്ഷാകര ചരിത്രത്തിൽ ആരുടെ വിശ്വാസത്തോട് ഉപമിക്കാം –

അബ്രാഹത്തിന്റെ വിശ്വാസത്തോട്

97. "രക്ഷാകര പദ്ധതിയിൽ രക്ഷകന്റെ അമ്മയ്ക്ക് പ്രത്യേകമായ ഒരു സ്ഥാനമുണ്ട്" എന്ന വാക്യത്തോടെ മറിയത്തിന്റെ ജനനത്തിന്റെ രണ്ടായിരമാണ്ടിനോടനുബന്ധിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ 1987–ൽ പ്രസിദ്ധീകരിച്ച ചാക്രികലേഖനം –

രക്ഷകന്റെ അമ്മ (Redemptoris Mater)

98. പരി. കന്യക പരിത്രാണകർമ്മത്തിൽ ഈശോയുടെ സഹപ്രവർ ത്തകയാണ് എന്നു പ്രസ്താവിച്ച സഭാപിതാവ് –

വി. ജോൺ ഡെമിഷ്യൻ

99. സ്ത്രീവഴി മരണവും സ്ത്രീ വഴി ജീവനും, അതായത് ഹവ്വാവഴി നാശവും മറിയം വഴി രക്ഷയും ഉണ്ടായി എന്നു പ്രസ്താവിച്ചതാര് –

വി. അഗസ്റ്റിൻ

100. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിൽ പരി കന്യകയെയും ദൈവസൂതനെയും ഒരുമിച്ചു കാണുന്ന വിശുദ്ധൻ –

വി. ബെർണാർദ്

101. പഴയനിയമത്തിൽ മറിയം സഹരക്ഷക' എന്ന നിലയിലുള്ള ഏതാനും പ്രതീകങ്ങൾ –

നോഹയുടെ പെട്ടകം, മഴവില്ല്, വാഗ്ദാനപേടകം

www.malankaralibrary.com

102. സഭൈക്യശ്രമങ്ങളെ തളർത്തുമെന്ന കാരണത്താൽ 1997-ൽ ലോകപ്രശസ്ത ദൈവശാസ്തജ്ഞന്മാർ സമർപ്പിച്ചറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശ്വാസസത്യങ്ങളായി പ്രഖ്യാപിക്കാതിരുന്ന മരിയൻ നിർവ്വചനങ്ങൾ -

മറിയത്തിന്റെ മാധ്യസ്ഥ്യം, സഹരക്ഷക, വരപ്രസാദമധ്യസ്ഥ

103. 'തിരുസഭയുടെ മാതാവ്' എന്ന് മറിയത്തെ വിശേഷിപ്പിച്ചതാര് -

പോൾ ആറാമൻ മാർപാപ്പ (1964 നവംബർ 21-ന്)

104. മറിയം സഭയുടെ പ്രതീകമാണെന്നു പറഞ്ഞ ആദ്യത്തെ സഭാപിതാവ് -

വി. അംബ്രോസ്

105. സഭയെ മറിയത്തിൽ നിന്നും, മറിയത്തെ സഭയിൽ നിന്നും വേർതിരിക്കാനാവില്ല എന്ന് വി. അംബ്രോസ് പറയുവാനുള്ള കാരണം-

മറിയത്തിന്റെ ഉദരത്തിലാണ് ക്രിസ്തുവിന്റെ ഭൗതിക ശരീരത്തോടൊപ്പം മൗതികശരീരവും രൂപം കൊണ്ടത്. കുരിശിൽ കിടന്നുകൊണ്ട് മറിയത്തോടും യോഹന്നാനോടും പറഞ്ഞ വാക്കുകൾ സഭയോടും വിശ്വസികളോടും പറഞ്ഞ വാക്കുകളായി പരിഗണിക്കാ മെന്നതിനാലാണ് വി. അംബ്രോസ് ഇപ്രകാരം പറഞ്ഞത്.

106. മറിയം സഭയുടെ മാതാവാണെന്ന് ആദ്യമായി പഠിപ്പിച്ച വിശുദ്ധൻ -

വി. ആൽബർട്ട്

107. പരി കന്യകാമറിയത്തിന് സഭയിൽ നൽകപ്പെടുന്ന വണക്കത്തിന് നൽകുന്ന ദൈവശാസ്ത്രനാമം -

കൂൾത്തൂസ് ഹൈപ്പർ ദൂളിയ

108. മറിയത്തെ സഭയുടെ പ്രതീകമായി ചിത്രീകരിച്ച സുനഹദോസ് -

രണ്ടാം വത്തിക്കാൻ സുനഹദോസ്

109. മറിയവും സഭയും തമ്മിലുള്ള ഗാഢമായ ബന്ധം എടുത്തു പറയുന്ന രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ പ്രമാണരേഖ -

ജനതകളുടെ പ്രകാശം

110. പരിശുദ്ധ കന്യകാമറിയം ദൈവത്തിന് ഏറ്റവും പ്രീതിയുള്ള വ്യക്തിയാണെന്ന് സൂചിപ്പിക്കുന്ന ബൈബിൾ ഭാഗം -

സുഭാഷിതങ്ങൾ 8:35

www.malankaralibrary.com

111. പരിശുദ്ധ മറിയത്തെക്കുറിച്ച് പ്രതിപാദിക്കുന്ന പഴയനിയമ പ്രവാചകർ -

ഏശയ്യ, ജറമിയ, മിക്ക

112. ഉത്തമഗീതത്തിന് ആദ്യമായി മരിയൻ വ്യാഖ്യാനം നൽകിയ വ്യക്തി -

റോബർട്ട് ഡ്യൂസി

113. ഉത്തമഗീതത്തിൽ മറിയത്തെ വിളിക്കുന്ന പേരുകൾ -

താഴ്‌വരയിലെ ലില്ലി, മുദ്രിതമായ ഉറവ, ഉദ്യാനാരുവി, ദന്തഗോപുരം

114. മറിയത്തിന്റെ സ്തോത്രഗീതത്തിന് തുല്യമായി പഴയനിയമത്തിലുള്ള സ്തോത്രഗീതം -

ഹന്നായുടെ സ്തോത്രഗീതം (1 സാമു. 2:1-10)

115. 'മറിയത്തിന്റെ സൗന്ദര്യം ആന്തരികമാകുന്നു' എന്ന് വെളിപ്പെടുത്തുന്ന ബൈബിൾ ഭാഗങ്ങൾ -

"രാജപുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു" (സങ്കീ. 45:11) "എന്റെ പ്രിയേ നീ മുഴുവൻ സുന്ദരിയാകുന്നു. നിന്നിൽ പാപക്കറയില്ല". (ഉത്തമഗീതം 4:7)

116. ഈശോയുടെ അമ്മയായ മറിയം ദാവീദ് ഗോത്രജയാണെന്ന് കാണിക്കുന്ന ബൈബിൾ ഭാഗം -

ഏശയ്യ 7:13

117. മത്തായി സുവിശേഷകൻ മറിയത്തെ വിളിക്കുന്നത് -

ക്രിസ്തുവിന്റെ അമ്മ

118. ലൂക്കാ സുവിശേഷകൻ മറിയത്തെ വിളിക്കുന്നത് -

കർത്താവിന്റെ അമ്മ

119. പേരു പറയാതെ യേശുവിന്റെ അമ്മ എന്നുമാത്രം പറയുന്ന സുവിശേഷകൻ -

യോഹന്നാൻ

120. അമ്മയുടെ പേര് ആദ്യം രേഖപ്പെടുത്തിയ സുവിശേഷകൻ -

മർക്കോസ്

www.malankaralibrary.com

121. മറിയത്തിന്റെ വിശദമായ ചിത്രം തരുന്ന സുവിശേഷകൻ -

ലൂക്കാ

122. ഈശോയുടെ ജനനത്തിലെന്നപോലെ സഭയുടെ ജനനത്തിലും മറിയത്തിന് പങ്കുണ്ടെന്ന് സൂചിപ്പിക്കുന്ന സുവിശേഷകൻ -

ലൂക്കാ

123. മറിയത്തിന്റെ സ്തോത്രഗീതം ആരുടെ പ്രശംസാവചനങ്ങൾക്കുള്ള മറുപടിയാണ്?

ഇളയമ്മയായ എലിസബത്തിന്റെ

124. പരി. മറിയത്തെക്കുറിച്ച് ചാക്രികലേഖനങ്ങൾ എഴുതിയ പ്രധാന മാർപാപ്പാമാർ ആരൊക്കെ? -

ഒൻപതാം പീയൂസ്, ലെയോ 13-ാമൻ, പത്താം പീയൂസ്, ബെനഡിക്ട് 15-ൻ, 12-ാം പീയൂസ്, ജോൺ 23-ാമൻ, പോൾ ആറാമൻ, ജോൺപോൾ 2-ാമൻ.

125. തിന്മയുടെ സാഗരത്തിൽ നീന്തിത്തുടിക്കുന്ന ലോകത്തിന് പ്രത്യാശയുടെ മഴവില്ലാണ് മറിയം എന്നു പറഞ്ഞത് -

വി. പത്താം പീയൂസ്

126. മനുഷ്യവർഗ്ഗത്തിന്റെ സഹമദ്ധ്യസ്ഥ എന്ന് പരി. കന്യകയെ വിശേഷിപ്പിച്ച മാർപാപ്പ -

മഹാനായ വി. ഗ്രിഗറി

127. പരി. കന്യകമറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ച മാർപാപ്പ -

ഒൻപതാം പീയൂസ്

128. മറിയത്തെ ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവ് എന്ന് സംബോധന ചെയ്ത മാർപാപ്പ -

ലെയോ പതിമൂന്നാമൻ

129. ജപമാല കൈയിലേന്തി ഇതാ കണ്ടാലും വത്തിക്കാനിലെ ഏറ്റവും വലിയ സമ്പത്ത് എന്ന് പറഞ്ഞ മാർപാപ്പ -

പതിനൊന്നാം പീയൂസ്

130. മറിയത്തിന്റെ വിമലഹൃദയത്തിന് ലോകത്തെ മുഴുവൻ ആദ്യമായി പ്രതിഷ്ഠിച്ച മാർപാപ്പ -

പന്ത്രണ്ടാം പീയൂസ്

www.malankaralibrary.com

131. "To be Christian is to be Marian" എന്നഭിപ്രായപ്പെട്ട മാർപാപ്പ -

പോൾ ആറാമൻ

132. 'മുള്ളുകളുടെ ഇടയിലെ ലില്ലി', 'സർവ്വാംഗസുന്ദരി', 'യാതൊരു കുറവുമില്ലാത്തവൾ', 'നന്മനിറഞ്ഞവൾ', 'സർപ്പത്തിന്റെ തല തകർത്തവൾ' തുടങ്ങിയ വേദപുസ്തകപരാമർശങ്ങൾ കണക്കിലെടുത്ത് മരിയഭക്തനായ വി. അൽഫോൻസ് ലിഗോരി രചിച്ച ഗ്രന്ഥം -

മരിയ മഹത്വങ്ങൾ

133. അമലോത്ഭവ മാതാവിന്റെ ചിത്രം വരച്ചതാര് -

ബർത്തലോമെ മുറില്ലോ

134. നിത്യസഹായമാതാവിന്റെ ചിത്രം വരച്ചതാര്? -

വി. ലൂക്ക

135. 'പാപപങ്കിലമായ മനുഷ്യവംശത്തിന്റെ ഏക അഭിമാനമേ എന്ന് പരി. അമ്മയേ വിശേഷിപ്പിച്ചത് -

വില്യം വേഡ്സ്വർത്ത്

136. കാവ്യസൗന്ദര്യം നിറഞ്ഞുതുളുമ്പുന്ന ഏറ്റവും മനോജ്ഞമായ പുഷ്പമെന്ന് പരി. കന്യകയെ വിശേഷിപ്പിച്ച കവി -

ഷെല്ലി

137. പരി. അമ്മയുടെ മരണം സംഭവിച്ച സ്ഥലത്ത് ഇന്നു കാണുന്ന ദൈവാലയത്തിന്റെ പേര് -

നിദ്രയുടെ പള്ളി

138. ജപമാലയെക്കുറിച്ചുമാത്രം ഒൻപത് ചാക്രികലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും ജപമാലയുടെ മാർപാപ്പ എന്നറിയപ്പെടുകയും ചെയ്ത മാർപാപ്പ -

ലെയോ പതിമൂന്നാമൻ മാർപാപ്പ

139. കുടുംബക്കാൻ നമസ്കാരത്തിന്റെ സ്ഥാപകൻ ആര്?-

ഫാ. പാട്രിക് പെയ്റ്റൺ

140. ഫാ. പാട്രിക് പെയ്റ്റൺ ഉയർത്തിയ മുദ്രാവാക്യം -

'ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നിൽക്കുന്നു."

141. ജപമാല പ്രാർത്ഥനയുടെ പ്രേഷിതനായ ഫാദർ പാട്രിക് പെയിറ്റണും സഹപ്രവർത്തകരും ചേർന്ന് ബോംബെ നഗരത്തിൽ "റോസറി ക്രൂസേഡ് സംഘടിപ്പിച്ചത് എന്ന്?

1955 - ൽ

www.malankaralibrary.com

142. ലോകത്തിൽ എല്ലാവർക്കും സ്വീകാര്യമായ ഏക പ്രാർത്ഥന എന്നും എല്ലാവർക്കും ഇഷ്ടപ്പെട്ട പ്രാർത്ഥനയെന്നും ജപമാലയെ വിശേഷിപ്പിച്ച മാർപ്പാപ്പ -

വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ

143. കന്യകാമറിയത്തിന്റെ ജപമാല' എന്ന അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിച്ച മാർപാപ്പ -

വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ

144. പ്രകാശത്തിന്റെ രഹസ്യങ്ങൾ കൂടി ജപമാലയിൽ ഉൾപ്പെടുത്തിയ മാർപാപ്പ -

വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ

145. സ്വർഗ്ഗാരോപിതയായ രാജ്ഞി എന്ന് ലുത്തിനിയായിൽ ചേർത്ത താര്?

പന്ത്രണ്ടാം പീയൂസ് മാർപാപ്പ

146. മാതാവിന്റെ രാജ്ഞിപദത്തിന് സൂചന നൽകുന്ന വി. ഗ്രന്ഥഭാഗം -

ഉൽപത്തി 3:15; ലൂക്കാ 1:31-33

147. ഒക്ടോബർ 7 ജപമാല രാജ്ഞിയുടെ തിരുനാളായി സഭ ആഘോഷിച്ചുതുടങ്ങിയത് എന്നുമുതൽ -

16-ാം നൂറ്റാണ്ടിൽ പിയൂസ് 5-ാമന്റെ കാലത്തിൽ

148. ലൂർദിലെ അത്ഭുതം കണ്ട് നിരീശ്വരവാദത്തിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന നോബൽ സമ്മാന ജേതാവായ ശാസ്ത്രജ്ഞൻ-

ഡോ. അലക്സിസ് കാരൽ

149. ഏത് വർഷമാണ് ഫ്രാൻസിസ് മാർപാപ്പ പരി. കന്യകമറിയത്തിന്റെ ലുത്തിനിയയിൽ പുതുതായി അപേക്ഷകൾ കൂട്ടിച്ചേർത്തത് -

2020, ജൂൺ 20,

150. ഫ്രാൻസിസ് മാർപാപ്പ പരി. കന്യകമറിയത്തിന്റെ ലുത്തിനിയയിൽ പുതുതായി കൂട്ടിച്ചേർത്ത് അപേക്ഷകൾ ഏതൊക്കെ -

കരുണയുടെ മാതാവേ, പ്രത്യാശയുടെ മാതാവേ, അഭയാർത്ഥികളുടെ ആശ്വാസമേ.

www.malankaralibrary.com

# ഗ്രന്ഥ സൂചിക


1. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *വിശുദ്ധ കുർബാന തക്സ*, 2007.
2. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *ഹാശാ ആഴ്ചയില പ്രുമിയോൻ, സെദാ,* 2013.
3. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *പെരുന്നാളുകൾ,* 2018,
4. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *തൂക്കാസാ,* 2014
5. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *വി. കുർബാനക്രമം,* 2019,
6. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *കൂദാശകൾ,* 2019.
7. മലങ്കര സുറിയാനി കത്തോലിക്കാ സഭ, *ശ്ഹീമ്മോ നമസ്ക്കാരം,* 2014.
8. ഇഞ്ചക്കലോടി, റ്റി., *ആർച്ചുബിഷപ്പ് മാർ ഈവാനിയോസ്,* സോഫിയ ബുക്സ് പബ്ലിക്കേഷൻ, കോഴിക്കോട്, 2015.
9. ഇല്ലിക്കമുറി, സി., *ഇതാ നിന്റെ അമ്മ,* കോഴിക്കോട്: പാവനാത്മാ പബ്ലിക്കേഷൻസ്, 2018.
10. കൊച്ചുതറ, റ്റി. & ടോം ജോസ് (eds.)., *വിശ്വാസതീർത്ഥാടനം മറിയത്തോടുകൂടെ,* കൊച്ചി: പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ, 1989.
11. കൊച്ചുപറമ്പിൽ, ജെ., *മരിയൻ ജീവിതശൈലി,* ചങ്ങനാശ്ശേരി: മരിയൻ വത്സര പ്രസിദ്ധീകരണം, 1987.
12. കൊച്ചുപറമ്പിൽ, ജെ., *മറിയവും പരി. കുർബാനയും സഭാ പാരമ്പര്യങ്ങളിൽ,* ചങ്ങനാശ്ശേരി: സെന്റ് ജോസഫ്സ് പ്രസ്സ്, 2006.
13. കിളിയനാനിക്കൽ, ജെ., *സ്വർഗ്ഗത്തിലെ വലിയ അടയാളം,* കോഴിക്കോട്: സോഫിയ ബുക്ക്സ്, 2019.
14. ഞായല്ലൂർ ജെ., *മരിയൻ ദർശനം മാർത്തോമ്മാ മുതൽ ഇന്നുവരെ,* കോട്ടയം: ബഥനി പബ്ലിക്കേഷൻ,1990.

www.malankaralibrary.com

15. പുതിയകുന്നേൽ, റ്റി., *മരിയശാസ്ത്രം,* എറണാകുളം: വിൻസെൻഷ്യൻ പബ്ലിഷിങ് ബ്യൂറോ, 1964.

16. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ, *വിശുദ്ധ കുർബാന ഒരു ധ്യാനപഠനം,* കോട്ടയം: ബഥനി പബ്ലിക്കേഷൻസ്, 2013.

17. മണലപ്പുഴവിള, എ., *മറിയം രക്ഷയുടെ മാതാവ്,* തിരുവനന്തപുരം: കാർമ്മൽ പബ്ലിക്കേഷൻസ്, 1976.

18. നാലുപറയിൽ, ജെ., *മാതൃതീർത്ഥങ്ങളിൽ,* കോട്ടയം: എമ്മാവൂസ് പബ്ലിക്കേഷൻസ്, 2003.

19. റാണി, എം., *ദൈവജനനിയോടൊത്ത്,* കോട്ടയം: ബഥനി സിസ്റ്റേഴ്സ് ജനറലേറ്റ്, 2004.

20. വെള്ളിയാൻ, ജെ., (ed.) *മരിയൻ ശബ്ദധാര,* ബാംഗ്ലൂർ: മാർ മാക്കിൽ ഗുരുകുലം, 2004.

21. Maniyattu, P., *East Syriac Theology: An Introduction,* Satna : Ephrem Publications, 2005.

22. Podippara, P., *Mariology of The East,* Kottayam: OIRS, 1995.

23 Puthuparambil, J., *Mariological Thought of Mar Jacob of Serugh,* Kottayam: Moran Etho Series - SEERI, 2005.

24. Thykkottathil, S., *The Mother of God in the Syriac Tradition,* Kottayam: SEERI, 2010.

25. Valyavilayil, A., *The Theological Visions of Mar Ivanios,* Pune: Bethany Vedavijnana Peeth, 2004.